# മുഹമ്മദ് നബി ( സ) അവസാനത്തെ പ്രവാചകൻ ( അഹ്മദിയ്യാ ലിഖിതങ്ങളിൽനിന്ന്)

അബ്ദുർറഹ്മാൻ
പുതിയവളപ്പ്.

# Muhammad(sa)
# the Last Messenger
# (From the writings of Ahmadiyyat)

Abdurrahman Puthiyavalapp.

Published as an E-book.
As edited on 02/10/2014.
Hard Copies Published
By
Islamic Awareness Forum.
Peace to All, Clash with None.
From Superstitions to Realities.

മുഹമ്മദ് നബി( സ)യുടെ പ്രവാചകത്വം നിസ്സാരകാര്യമല്ല. അല്ലാഹുവിന്റെ ഏകത്വം പോലെ മഹനീയമാണത്. അല്ലാഹുവിന് പങ്കുകാർ ആരും ഇല്ലാത്തതുപോലെ മുഹമ്മദ് നബിയുടെ പ്രവാചകത്വത്തിലും പങ്കുകാർ ആരുമില്ല. അത് കാലപരിധിയിൽ മാത്രമല്ല അവസാനത്തേത്, ഔന്നത്യത്തിലും നിത്യതയിലും ഏകത്വത്തിലും തനിമയിലും പൂർണ്ണതയിലും അവസാനത്തേതാണ്. ആ സ്ഥാനം പ്രാപിക്കുക എന്നത് മാത്രമല്ല അസാധ്യം, ആ സ്ഥാനത്തിന്റെ മഹിമ എന്താണെന്ന് ഉൾക്കൊള്ളുന്നത് പോലും അസാധ്യമാണ്.

"സത്യമതം ഇസ്‌ലാമാണെന്നും സത്യ പ്രവാചകൻ, നേതാവും, ഇമാമും, നിരക്ഷരനും വിശ്വസ്തനും ആയ മുസ്തഫ ആണെന്നും അല്ലാഹു എനിക്കു വെളിപ്പെടുത്തി തന്നിരിക്കയാണ്. നമ്മുടെ രക്ഷിതാവായ അല്ലാഹു മാത്രം ആരാധനയ്ക്ക് അർഹനും ഏകനും ആയിരിക്കുന്നതുപോലെ, നമ്മുടെ പ്രവാചകൻ മാത്രം പിന്തുടരുവാൻ അർഹനും ഏകനും ആകുന്നു. അദ്ദേഹത്തിനുശേഷം നബിയില്ല. അദ്ദേഹത്തോടൊപ്പം പങ്കുകാരുമില്ല. അദ്ദേഹം ഖാതമുന്നബിയ്യീൻ (അന്ത്യപ്രവാചകൻ) ആകുന്നു."
(Minan-ur-Rahman, Ruhani Khaza'in, vol. 9, page 164 by Mirza Ghulam Ahmad (as) ).

"നമ്മുടെ യജമാനനായ റസൂലിനു ശേഷം (സ) ആരെങ്കിലും ഞാൻ ഒരു നബിയും റസൂലും ആണെന്ന് അതിന്റെ യഥാർത്ഥ വിവക്ഷയിൽ അവകാശപ്പെടുകയാണെങ്കിൽ അതൊരു കള്ളവും ഖുർആനെ ഉപേക്ഷിക്കലും ശരീഅത്തിനെ നിഷേധിക്കലും ആണ്, അങ്ങനെയുള്ളവൻ കാഫിറും വലിയ കള്ളനുമാകുന്നു."
(Anjame Atham Page 27-RK11-27
by Mirza Ghulam Ahmad (as)).

# ഉള്ളടക്കം


| | |
|---|---|
| 01. പ്രവാചകത്വ പരിസമാപ്തി | 13 |
| 02. ഖാതം എന്ന പദത്തിന്റെ അർത്ഥം | 20 |
| 03. എന്താണ് ദൈവിക ഖിലാഫത്ത്? | 22 |
| 04. പ്രവാചകാഗമനം വിശുദ്ധ ഖുർആനിൽ | 28 |
| 05. സൂറാ ഫാതിഹായിലെ പ്രാർത്ഥന | 30 |
| 06. സൂറാ ജുമുഅയിലെ ഒരു വാക്യം | 32 |
| 07. റസൂൽമാർ വിശുദ്ധ ഖുർആനിൽ | 36 |
| 08. പ്രവാചകന്മാരോട് വാങ്ങിയ കരാർ | 38 |
| 09. ഉമ്മത്തിയും നബിയും എന്നാൽ മുഹദ്ദസ് | 40 |
| 10. ഹദീസ് ഗ്രന്ഥങ്ങളിലെ നബിയുല്ലാഹ് | 42 |
| 11. ആയിഷ സിദ്ധീഖായുടെ ( റ.അ.) ഹദീസ് | 45 |
| 12. റസൂൽ എന്ന പദം ഭാഷാ പ്രയോഗത്തിൽ | 47 |
| 13. മുജദ്ദിദുമാർ നബിയും, റസൂലും | 49 |
| 14. പ്രതിച്ഛായാ പ്രവാചകത്വം | 51 |
| 15. യഥാർത്ഥ പ്രവാചകത്വത്തിന്റെ നിഷേധം | 55 |
| 16. യഥാർത്ഥ പ്രവാചക വിശ്വാസം കുഫ്ർ | 57 |
| 17. വാഗ്ദത്ത മസീഹ് തന്റെ വാദം തിരുത്തിയോ? | 62 |
| 18. വാഗ്ദത്ത മസീഹ് വലിയുല്ലാഹ് | 65 |
| 19. മുഹമ്മദ് നബി( സ) ദൈവതുല്യൻ | 69 |
| 20. വലിമാർക്കും ദൈവതുല്യനാകാം | 71 |
| 21. ശരീഅത്തില്ലാതെയുള്ള പ്രവാചകത്വം | 72 |
| 22. തെറ്റിദ്ധരിപ്പിക്കുന്ന ചില കുതർക്കങ്ങൾ | 76 |
| 23. ഹിദായത്ത് നല്കുന്നവൻ അല്ലാഹു | 90 |
| 24. വിശുദ്ധ ഖുർആനിലെ അഹ്മദ് | 95 |
| 25. ഭീഷണിയുടെ സ്വരങ്ങൾ | 98 |
| 26. മുസ്‌ലിഹ് മഊദ് എന്ന വ്യാജവാദം. | 103 |
| അനുബന്ധം | |
| 27. അഹ്മദിയ്യത്തിലെ മുജദ്ദിദ് പ്രസ്ഥാനങ്ങൾ | 108 |

# ഒററ നോട്ടത്തിൽ

പ്രവാചക പരമ്പരയാണ് അവസാനിച്ചിരിക്കുന്നത്, പ്രവാചകാനുഗ്രഹങ്ങളല്ല. മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വത്തിൽ എല്ലാ അനുഗ്രഹങ്ങളും അടങ്ങിയിരിക്കുന്നു. അത് നിത്യമാണ്, അവസാനനാൾ വരെ അത് നിലനിൽക്കുന്നു. ചിലർ ചോദിക്കാറുണ്ട്, പ്രവാചകത്വം ഒരു അനുഗ്രഹമല്ലേ, അതെങ്ങനെയാണ് അവസാനിക്കുകയെന്ന്. അതിനുള്ള ഉത്തരമാണിത്, മുമ്പ് ലഭിച്ചിരുന്ന എല്ലാ അനുഗ്രഹങ്ങളും ഇനി മുഹമ്മദിനെ (സ) പിന്തുടരുന്നതു വഴി മാത്രമേ ലഭിക്കുകയുള്ളൂ. ദൈവികവെളിപാടുകൾ ലഭിച്ച് പ്രവാചക പദവിയിലെത്തുന്ന മുജദ്ദിദുമാർ പോലും ഇവരിൽ ഉൾപ്പെടുന്നു. പ്രവാചക പരമ്പര അവസാനിച്ചതു കാരണം പ്രവാചകനാണെന്ന സ്ഥാനപ്പേര് ഇനി ആർക്കും ലഭിക്കുകയില്ല. എന്നാൽ പ്രവാചകാനുഗ്രഹമാകുന്ന ദൈവിക വെളിപാടുകളും ദൈവനിയോഗങ്ങളും തുടർന്നുകൊണ്ടിരിക്കും. അവർ ഇസ്‌ലാമിൽ വലിമാരായും, മുഹദ്ദസുമാരായും, മുജദ്ദിദു മാരായും, മുഹമ്മദ് നബി(സ)യുടെ ദാസന്മാരായും, മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വത്തെ പ്രതിഫലിപ്പിക്കുന്നതുകൊണ്ട് ഉപമാരൂപത്തിൽ പ്രതിച്ഛായാ പ്രവാചകന്മാരായും അറിയപ്പെടും. എന്നാൽ അവർ ആരുംതന്നെ യഥാർത്ഥത്തിലുള്ള പ്രവാചകന്മാരായി എണ്ണപ്പെടുകയില്ല.

# മുഖവുര

ഒരു സത്യവിശ്വാസി എപ്പോഴും നല്ല കർമ്മങ്ങൾ ചെയ്യുന്നത് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുവാനാണ്. അവന് ഈ ലോകത്ത് ആരോടും തന്നെ വിദ്വേഷമോ പകയോ ഇല്ല. മറ്റുള്ളവർ അവനെക്കുറിച്ച് എന്തുവിചാരിക്കുമെന്നും അവനെതിരായി എന്തു പ്രവർത്തിക്കുമെന്നും എന്നതിനെ അവൻ ഗൗനിക്കാറില്ല. അവന്റെ യഥാർത്ഥ ലക്ഷ്യം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുക എന്നതാണ്. അവനെ ബാധിക്കുന്നതൊക്കെ അവൻ ക്ഷമയോടുകൂടി കൈകാര്യം ചെയ്തുകൊണ്ട് മുന്നോട്ട് ഗമിക്കുകയും അതോടൊപ്പം വിജ്ഞാനം കരസ്ഥമാക്കാനുള്ള അവന്റെ ത്വര തുടർന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു. അങ്ങനെ നാം കണ്ടെത്തുന്ന സത്യങ്ങൾ എപ്പോഴും നമ്മുടെ വിശ്വാസത്തെ ശരിവെക്കുന്നതായിരിക്കണമെന്നില്ല. മാത്രമല്ല, അത് ചിലപ്പോൾ കൈയ്പേറിയതും വേദനാജനകവുമായിരിക്കും. എന്നാൽ സത്യം കണ്ടെത്തിയാൽ ഒരു വിശ്വാസിക്ക് മറ്റുള്ളവരെ ഭയപ്പെട്ടുകൊണ്ട് അത് മറച്ചുവെക്കാൻ സാധിക്കുകയില്ല, അത് തുറന്നു പ്രഖ്യാപിക്കേണ്ടിവരും. അല്ലെങ്കിൽ ഒരു സത്യവിശ്വാസി അല്ലാഹുവിന്റെ മുമ്പിൽ കുറ്റക്കാരനായിത്തീരുന്നതാണ്. സത്യം മറച്ചുവെക്കുകയാണെങ്കിൽ അത് അല്ലാഹുവിനുപകരം ജനങ്ങളെ ഭയപ്പെടലായിരിക്കും. അതൊരു സത്യവിശ്വാസിക്ക് ചേർന്ന കാര്യമല്ല. ഞാനീ ലിഖിതങ്ങൾ ഒരു പ്രാർത്ഥന മുഖേന ആരംഭിക്കുകയാണ്, ഇത് വായിക്കുന്നവർക്ക് ഇതിലുള്ള സത്യം മനസ്സിലാക്കാനുള്ള സൗഭാഗ്യം നല്കുകയും അല്ലാഹു എല്ലാവരേയും സത്യപാതയിലേക്ക് നയിക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ.

ഈ ലോകത്ത് രണ്ടുതരം ജനങ്ങളാണുള്ളത്. ഭൗതികമായ സുഖലോലുപതയ്ക്ക് പിറകെ ഓടുന്നവരും ആത്മീയതയ്ക്ക് പിറകെ ഓടുന്നവരും. മിക്ക മതാനുയായികളും അവരവരുടെ പുരോഹിതന്മാർ പറയുന്നത് കണ്ണുമടച്ച് വിശ്വസിക്കുന്നവരാണ്. മിക്കവരും അവർ പറയുന്നത് ശരിയാണോ, തെറ്റാണോ എന്ന് മൂലഗ്രന്ഥങ്ങളുമായി തട്ടിച്ചു നോക്കാറില്ല. മതപുരോഹിതന്മാരെ സത്യവാന്മാരായി മനസ്സിലാക്കുകയും അവർ പറയുന്നത് വിശ്വസിച്ച് ജീവിക്കുകയും ചെയ്യുന്നു.

അങ്ങനെ ക്രിസ്തുമത വിശ്വാസികൾ അവരുടെ പുരോഹിതന്മാർ പറയുന്നതനുസരിച്ച് യേശുക്രിസ്തു ദൈവപുത്രനാണെന്ന് വിശ്വസിക്കുന്നു. ഹിന്ദുക്കൾ ശ്രീകൃഷ്ണനെ ദൈവത്തിന്റെ അവതാരമായി വിശ്വസിക്കുന്നു. മുസ്‌ലിംകൾ ഈസാ നബി(അ) ഇപ്പോഴും ആകാശത്ത് ജീവിക്കുന്നതായും അവിടെ നിന്ന് ഇറങ്ങിവരുമെന്നും വിശ്വസിക്കുന്നു. അതുപോലെ ഒരു വിഭാഗം അഹ്മദികൾ, മിർസാ മഹ്മൂദ് അഹ്മദിനെ പിന്തുടരുന്നവർ (മഹ്മൂദികൾ) ഹസ്രത്ത് മിർസാ ഗുലാം അഹ്മദിനെ യഥാർത്ഥത്തിലുള്ള പ്രവാചകനായി വിശ്വസിക്കുന്നു. എന്നാൽ അദ്ദേഹം അവകാശപ്പെട്ടത് ദൈവിക വെളിപാടുകൾ മാത്രമായിരുന്നു. അദ്ദേഹം ദൈവനിയോഗിതനായതുകൊണ്ട്

ലഭിച്ച ദൈവിക വെളിപാടുകളുടെ ആധിക്യം കാരണം അതിനെ ഉപമാരൂപത്തിൽ പ്രതിച്ഛായാ പ്രവാചകത്വമെന്ന് വിളിക്കുകയും എന്നാൽ അത് യഥാർത്ഥ പ്രവാചകത്വമല്ലെന്ന് ആവർത്തിച്ചാവർത്തിച്ച് പറയുകയും ചെയ്തിരിക്കയാണ്. എന്നാൽ മഹ്മൂദികൾ അദ്ദേഹത്തെ യഥാർത്ഥ പ്രവാചകനായി ചിത്രീകരിച്ച് ജനങ്ങളെ വഴി തെറ്റിച്ചുകൊണ്ടിരിക്കയാണ്.

മുകളിൽ കൊടുത്ത ഉദാഹരണങ്ങളിൽനിന്ന് പുരോഹിതന്മാർ പറയുന്നത് അതിന്റെ മുഖവിലയ്ക്ക് എടുക്കരുതെന്നും, മൂല ഗ്രന്ഥവുമായി താരതമ്യ പഠനം നടത്തിയാൽ മത്രമേ യാഥാർത്ഥ്യം തിരിച്ചറിയാൻ സാധിക്കുകയുള്ളുവെന്നും വ്യക്തമാണ്. പക്ഷേ അതിനു വളരെയധികം ത്യാഗങ്ങളും കഠിനാദ്ധ്വാനവും ആവശ്യമാണ്. അങ്ങനെ സത്യം മനസ്സിലായിക്കഴിഞ്ഞാൽ അതു തുറന്നു പറയാൻ പ്രത്യേകമായ ഒരു ധൈര്യവും ആവശ്യമാണ്. ഇത് എല്ലാവരെക്കൊണ്ടും സാധിക്കുന്ന കാര്യമല്ല. സ്ഥാപിതമായിക്കഴിഞ്ഞ ഒരു മതപ്രസ്ഥാനത്തിന്റെ അടിസ്ഥാന വിസ്വാസത്തെ തെറ്റായി ചൂണ്ടിക്കാണിക്കുമ്പോൾ സ്വന്തം സമൂഹവും ബന്ധുക്കളും സ്നേഹിതന്മാരും സ്വാഭാവികമായും ശത്രുക്കളായിത്തീരും. അതിനാൽ ഇങ്ങനെയുള്ള ത്യാഗങ്ങൾ ദൈവത്തിനുവേണ്ടി എല്ലാം അർപ്പിക്കുന്നവർക്കു മാത്രമേ ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ.

എന്നാൽ സത്യത്തെ ഇഷ്ടപ്പെടാത്തവരും, വ്യക്തിപൂജയും വ്യക്തിതാല്പര്യവും ഇഷ്ടപ്പെടുന്നവരും സത്യം തുറന്നു പറയുന്നവരെ വഴിതെറ്റിയവരായും ശാപത്തിന്നിരയായവരായും ഒക്കെയാണ് മനസ്സിലാക്കാറ്. ഇത് പണ്ടുപണ്ടേ നടന്നുവരുന്ന ഒരു പ്രക്രിയയാണ്. എന്നാൽ സത്യത്തെ സ്നേഹിക്കുന്നവർ ഇവരുടെ ജല്പനങ്ങളെയൊന്നും കാര്യമായി എടുക്കാറില്ല. കാരണം അവർക്കു ലഭിച്ച തെളിവുകളിലും അതുമുഖേനെ കണ്ടെത്തിയ സത്യത്തിലും അവർ ആനന്ദം കണ്ടെത്തുന്നവരാണ്.

മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വം നിസ്സാരകാര്യമല്ല. അല്ലാഹുവിന്റെ ഏകത്വം പോലെ മഹനീയമാണത്. അല്ലാഹുവിന് പങ്കുകാർ ആരും ഇല്ലാത്തതുപോലെ മുഹമ്മദ് നബിയുടെ പ്രവാചകത്വത്തിലും പങ്കുകാർ ആരുമില്ല. അത് കാലപരിധിയിൽ മത്രമല്ല അവസാനത്തേത്, ഔന്നത്യത്തിലും നിത്യതയിലും ഏകത്വത്തിലും തനിമയിലും പൂർണ്ണതയിലും അവസാനത്തേതാണ്. ആ സ്ഥാനം പ്രാപിക്കുക എന്നത് മത്രമല്ല അസാദ്ധ്യം, ആ സ്ഥാനത്തിന്റെ മഹിമ എന്താണെന്ന് ഉൾക്കൊള്ളുന്നത് പോലും അസാദ്ധ്യമാണ്.

സത്യമതം ഇസ്‌ലാമാണെന്നും സത്യ പ്രവാചകൻ, നേതാവും, ഇമാമും, നിരക്ഷരനും വിശ്വസ്ഥനും ആയ മുസ്തഫ ആണെന്നും അല്ലാഹു എനിക്കു വെളിപ്പെടുത്തി തന്നിരിക്കയാണ്. നമ്മുടെ രക്ഷിതാവായ അല്ലാഹു മാത്രം ആരാധനയ്ക്ക് അർഹനും ഏകനും ആയിരിക്കുന്നതുപോലെ, നമ്മുടെ പ്രവാചകൻ മാത്രം പിന്തുടരുവാൻ അർഹനും ഏകനും ആകുന്നു. അദ്ദേഹത്തിനുശേഷം നബിയില്ല. അദ്ദേഹത്തോടൊപ്പം പങ്കുകാരു

മില്ല. അദ്ദേഹം ഖാതമുന്നബിയ്യീൻ (അന്ത്യപ്രവാചകൻ) ആകുന്നു." (Minan-ur-Rahman, Ruhani Khaza'in, vol. 9, page 164).

നമ്മുടെ യജമാനനായ റസൂലിനു ശേഷം (സ) ആരെങ്കിലും ഞാൻ ഒരു നബിയും റസൂലും ആണെന്ന് അതിന്റെ യഥാർത്ഥ വിവക്ഷയിൽ അവകാശപ്പെടുകയാണെങ്കിൽ അതൊരു കള്ളവും ഖുർആനെ ഉപേക്ഷിക്കലും ശരീഅത്തിനെ നിഷേധിക്കലും ആണ്, അങ്ങനെയുള്ളവൻ കാഫിറും വലിയ കള്ളനുമാകുന്നു. (Anjame Atham Page 27-RK11-27).

പ്രവാചക പരമ്പരയാണ് അവസാനിച്ചിരിക്കുന്നത്, പ്രവാചകാനുഗ്രഹങ്ങളല്ല. മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വത്തിൽ എല്ലാ അനുഗ്രഹങ്ങളും അടങ്ങിയിരിക്കുന്നു. അത് നിത്യമാണ്, അവസാനനാൾ വരെ അത് നിലനിൽക്കുന്നു. ചിലർ ചോദിക്കാറുണ്ട്, പ്രവാചകത്വം ഒരു അനുഗ്രഹമല്ലേ, അതെങ്ങനെയാണ് അവസാനിക്കുകയെന്ന്. അതിനുള്ള ഉത്തരമാണിത്, മുമ്പ് ലഭിച്ചിരുന്ന എല്ലാ അനുഗ്രഹങ്ങളും ഇനി മുഹമ്മദിനെ(സ) പിന്തുടരുന്നതു വഴി മാത്രമേ ലഭിക്കുകയുള്ളൂ. ദൈവികവെളിപാടുകൾ ലഭിച്ച് പ്രവാചക പദവിയിലെത്തുന്ന മുജദ്ദിദുമാർ പോലും ഇവരിൽ ഉൾപ്പെടുന്നു. പ്രവാചക പരമ്പര അവസാനിച്ചതു കാരണം പ്രവാചകനാണെന്ന സ്ഥാനപ്പേര് ഇനി ആർക്കും ലഭിക്കുകയില്ല. എന്നാൽ പ്രവാചകാനുഗ്രഹമാകുന്ന ദൈവിക വെളിപാടുകളും ദൈവനിയോഗങ്ങളും തുടർന്നുകൊണ്ടിരിക്കും. അവർ ഇസ്‌ലാമിൽ വലിമാരായും, മുഹദ്ദസുമാരായും, മുജദ്ദിദുമാരായും, മുഹമ്മദ് നബി(സ)യുടെ ദാസന്മാരായും, മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വത്തെ പ്രതിഫലിപ്പിക്കുന്നതു കൊണ്ട് ഉപമാരൂപത്തിൽ പ്രതിച്ഛായാ പ്രവാചകന്മാരായും അറിയപ്പെടും. എന്നാൽ അവർ ആരുംതന്നെ യഥാർത്ഥത്തിലുള്ള പ്രവാചകന്മാരായി എണ്ണപ്പെടുകയില്ല.

സത്യവാദവും അസത്യവാദവും വേർതിരിച്ച് അറിയാനുള്ള മാർഗം, സത്യവാദത്തിന് അവതരിപ്പിക്കാൻ ധാരാളം തെളിവുകളുണ്ടായിരിക്കും എന്നതാണ്, അസത്യവാദികൾക്ക് ആ തെളിവുകളെ ഖണ്ഡിക്കാനുള്ള മറുതെളിവുകൾ ഉണ്ടായിരിക്കുന്നതല്ല. അവസാനം അവർ സത്യത്തെ അമർച്ച ചെയ്യുവാൻ ശക്തി ഉപയോഗിക്കും. അങ്ങനെ ശക്തി ഉപയോഗിക്കുന്നവർ തങ്ങൾ അസത്യവാദികളാണെന്ന് സ്വയം തെളിയിക്കുകയാണ് ചെയ്യുന്നത്. മഹ്മൂദികളും ഈ കാര്യത്തിൽ ഒട്ടും പിറകിലല്ല. അവരും മറ്റുള്ളവരെപ്പോലെ സത്യത്തിന്നെതിരെ ശക്തി ഉപയോഗിക്കുന്നു. ജമാഅത്തിൽനിന്നും പുറത്താക്കുന്നു. ഇന്ന വ്യക്തിയുമായി സംവാദത്തിലേർപ്പെടരുതെന്ന് മറ്റുള്ളവർക്ക് താക്കീത് നല്കുന്നു. ലംഘിക്കുന്നവരെ ജമാഅത്തിൽനിന്ന് പുറത്താക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു. അങ്ങനെ വ്യക്തികളുടെ മൗലികാവകാശമായ അഭിപ്രായ സ്വാതന്ത്ര്യത്തെ ഹനിച്ചു കളയുകയും ചെയ്യുന്നു.

തെരഞ്ഞെടുക്കപ്പെടുന്ന അഹ്മദിയ്യാ ഖിലാഫത്ത് അവസാനനാൾ വരെ നിലനില്ക്കുമെന്ന പൊള്ളയായ വാദം ഉന്നയിക്കപ്പെടാറുണ്ട്. അസത്യത്തിലധിഷ്ഠിതമായ ഒരു പ്രസ്ഥാനവും തന്നെ ദീർഘനാൾ നിലനില്ക്കാറില്ല.

തെറ്റുകൾ ഏറ്റു പറഞ്ഞ് സത്യത്തിലേക്ക് തിരിച്ചു വരികയാണെങ്കിൽ ഒരു പക്ഷേ ദീർഘനാൾ നിലനിന്നെന്നു വരാം.

ജീവിതം അവസാനിക്കുന്നതിനു മുമ്പായി സത്യം മനസ്സിലാക്കാൻ അവസരം ഒരുക്കിത്തന്ന അല്ലാഹുവിന് ആദ്യമായി നന്ദി അർപ്പിക്കുന്നു. അതിനു ശേഷം ഈ ഗ്രന്ഥം മലയാളത്തിൽ പ്രസിദ്ധീകരിച്ചു കാണാൻ ആഗ്രഹിച്ച സുഹൃത്തുക്കൾക്കും, ഈ ഗ്രന്ഥാം ശ്രദ്ധാപൂർവ്വം വായിച്ച് അച്ചടി തെറ്റുകൾ കാണിച്ചു തന്ന അബ്ദുൽ ശാകിർ സാഹിബിനും കൃതജ്ഞത രേഖപ്പെടുത്തുന്നു. എല്ലാവർക്കും ഉന്നതനായ അല്ലാഹു മനം നിറയെ പ്രതിഫലം നൽകുമാറാകട്ടെ.

ഈ ഗ്രന്ഥം അഹ്മദിയ്യത്തിനോ അഹ്മദിയ്യാ ഖിലാഫത്തിനോ എതിരായിട്ടുള്ളതല്ല. പക്ഷേ, അവരുടെ തെറ്റായ വിശ്വാസങ്ങൾക്കും ചെയ്തികൾക്കും എതിരെയുള്ളതാണ്. അനർഹമായ പരിപാവനത്വം നേടിയെടുക്കാനായി, സ്വന്തം കുടുംബാംഗങ്ങൾ ഭൂരിപക്ഷമുള്ള ഏതാനും പേർ ചേർന്ന് ജനാധിപത്യവിരുദ്ധമായ നിലയിൽ തെരഞ്ഞെടുക്കുന്ന ഖലീഫയെ ജമാഅത്തിന്റെ മുഴുവൻ ഖലീഫയാണെന്നും മുസ്‌ലിംകളുടെ മുഴുവൻ ഖലീഫയാണെന്നും ദൈവനിയോഗിതനായ ഖലീഫയാണെന്നും ഉള്ള കള്ളം പറഞ്ഞ് സാധാരണ അഹ്മദികളേയും മുസ്‌ലിം സഹോദരന്മാരേയും തെറ്റിദ്ധരിപ്പിക്കുകയാണ് ചെയ്യുന്നത്. ഈ ദിവ്യത്വം കാരണമായി ഖലീഫയുടെ എല്ലാ തെറ്റായ നടപടികളെയും സാധാരണ അഹ്മദികൾ ദൈവത്തിന്റെതായി കണക്കാക്കുന്നു. ശബ്ദമുയർത്തിയാൽ ജമാഅത്തിൽനിന്ന് പുറത്താക്കുമെന്ന ഭീഷണി നിലനില്ക്കുന്നതിനാൽ പ്രതികരിക്കാതെ എല്ലാവരും മൗനം പാലിക്കുന്നു. പൂച്ചക്കാര് മണികെട്ടും എന്ന പ്രതിസന്ധിയാണിവിടെ നിലനില്ക്കുന്നത്. ഇങ്ങനെയുള്ള ഇവരുടെ വഞ്ചനാത്മകമായ പ്രവർത്തനങ്ങളെ ഓരോന്നായി തുറന്നു കാട്ടുകയും അതിനെതിരെ സമൂഹത്തിൽ ഉണർവ്വ് സൃഷ്ടിക്കുകയും ചെയ്യുകയാണ് ഈ കൃതിയുടെ ലക്ഷ്യം. സത്യത്തെ അവസാനം അല്ലാഹു വിജയിപ്പിക്കുമെന്ന ഉറപ്പോടുകൂടി, വിജയിപ്പിക്കുമാറാകട്ടെ എന്ന പ്രാർത്ഥനയോടുകൂടി ഈ കൃതി ജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

മസീഹ് മൗഊദ് (അ) എഴുതിയ ഗ്രന്ഥങ്ങളുടെ സമാഹാരത്തെ Roohani Khazain (റൂഹാനി ഖസായിൻ അഥവാ ആത്മീയ ഖജനാവുകൾ) എന്ന പേരിൽ അറിയപ്പെടുന്നു. RK12:131 എന്നത് റൂഹാനി ഖസായിൻ, വാല്യം 12, പേജ് 131–നെ സൂചിപ്പിക്കുന്നു.

അബ്ദുർറഹ്മാൻ പുതിയവളപ്പ്
31/7/2014.

www.therealholyquran.com
email webmaster@therealquran.com
darussalam2@gmail.com

# മുഹമ്മദ് നബി (സ) അവസാനത്തെ പ്രവാചകൻ (അഹ്മദിയ്യാ ലിഖിതങ്ങളിൽനിന്ന്)

## പത്ത് ലക്ഷം രൂപ സമ്മാനം

ഈ ഗ്രന്ഥത്തിൽ ഇരുപത്തിയാറാമത്തെ അദ്ധ്യായത്തിൽ വിവരച്ച മുസ്ലിഹ് മൗഊദിനെ സംബന്ധിച്ച വെളിപാടുകളെ തെറ്റാണെന്ന് തെളിയിക്കുന്ന ആദ്യത്തെ വ്യക്തിക്ക് പത്ത് ലക്ഷം രൂപ സമ്മാനമായി ലഭിക്കുന്നതാണെന്ന് സവിനയം അറിയിച്ചുകൊള്ളുന്നു.

# 1. പ്രവാചകത്വ പരിസമാപ്തി
# (മസീഹ് മൗഊദിന്റെ (അ) വ്യാഖ്യാനം)

അഹ്മദിയ്യാ ജമാഅത്തിന്റെ ഖാദിയാനി (മഹ്മൂദി) വിഭാഗം മസീഹ് മഊദിനെ (അ) (മിർസാ ഗുലാം അഹ്മദിനെ) ഒരു യഥാർത്ഥ പ്രവാചകനായി അവതരിപ്പിക്കുകയും, അദ്ദേഹത്തിന്റെ പേരുപോലും കേട്ടിട്ടില്ലാത്ത മറ്റു മുസ്ലിംകളെ കാഫിറുകളായി പ്രഖ്യാപിക്കുകയും ചെയ്യുന്നു. എന്നാൽ മസീഹ് മഊദ്(അ) പ്രവാചകപരിസമാപ്തിയെക്കുറിച്ച് എന്താണ് പറയുന്നതെന്ന് മനസ്സിലാക്കുന്നത് വളരെ കൗതുകകരമായിരിക്കും.

میرے پر یہی کھولا گیا ہے کہ حقیقی نبوت کے دروازے خاتم النبیین ﷺ کے بعد بکلی بند ہیں۔اب نہ کوئی جدید نبی حقیقی معنوں کے روسے آسکتا ہے اور نہ کوئی قدیم نبی۔

യഥാർഥ പ്രവാചകത്വത്തിന്റെ വാതിൽ 'ഖാതമുന്നബിയ്യീനോടുകൂടി(സ)' എന്നെന്നേക്കുമായി അടഞ്ഞിരിക്കയാണെന്നും ഇനി ഒരു പുതിയ പ്രവാചകനോ അല്ലെങ്കിൽ ഒരു പഴയ പ്രവചകനോ യഥാർഥ വിവക്ഷയിൽ വരില്ലയെന്നും എനിക്ക് വെളിപ്പെടുത്തിത്തന്നിരിക്കയാണ്.
(Siraj-e-Muneer Page 3- RK12-Page 5).

ഇനി ഒരു പ്രവാചകനും അതിന്റെ യഥാർഥ വിവക്ഷയിൽ വരില്ല എന്നതിനു മുകളിൽ കൊടുത്ത തെളിവുതന്നെ ധാരാളമാണ്. വേറെ തെളിവുകളുടെയൊന്നും ആവശ്യമില്ല. ഇത് മസീഹ് മഊദിന്റെ(അ) അഭിപ്രായ പ്രകടനമല്ല. അല്ലാഹു അദ്ദേഹത്തിനു വെളിപ്പെടുത്തിക്കൊടുത്ത കാര്യമാണ്. എന്നാലും ഈ ഗ്രന്ഥത്തിൽ തെളിവുകൾക്കു മീതെ തെളിവുകൾ ഉദ്ധരിക്കുന്നതാണ്, മസീഹ് മഊദിനെ യഥാർഥ പ്രവാചകനായി അവതരിപ്പിക്കുന്നവരുടെ വായ അടപ്പിക്കുവാനായി. മസീഹ് മഊദ്(അ) പറഞ്ഞ പ്രകാരം അങ്ങനെയുള്ള ആൾക്കാർ ശപിക്കപ്പെട്ടവരാണ്, അവർക്കെതിരായി മറ്റു വാചക പ്രയോഗങ്ങളുടെയൊന്നും ആവശ്യമില്ല.

وما عنى الله من نبوّتى الأكثرة المكالمة والمخاطبة و لعنة الله علٰى من أراد فوق ذالك،

എന്റെ നുബുവ്വത്ത് കൊണ്ട് അല്ലാഹു ഉദ്ദേശിക്കുന്നത് അവൻ എന്നോട് തുടർച്ചയായി സംസാരിക്കുന്നു എന്നതുമാത്രമാണ്. അതിനപ്പുറം ആരെങ്കിലും ഉദ്ദേശിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ ശാപം അവരിൽ ഉണ്ടാവട്ടെ. (Haqiqat-ul Wahy Page 64. (Roohani Khazain V22 Page 689)

യഥാർത്ഥ വിജ്ഞാനമാണ് നമ്മെ അന്ധവിശ്വാസത്തിൽനിന്നും, പാപത്തിൽനിന്നും ശിർക്കിൽനിന്നും രക്ഷപ്പെടുത്തുക. അറിവിന്റെ അഭിവൃദ്ധിക്കായി

ദുആ ചെയ്യാൻ വിശുദ്ധ ഖുർആനിൽ കല്പിക്കപ്പെട്ടിരിക്കുന്നു. അറിവ് ഒരു സത്യവിശ്വാസിയുടെ കളഞ്ഞുപോയ സമ്പത്താണെന്നും അതെവിടെ കണ്ടാലും കണ്ടെടുക്കണമെന്നും ഹദീസിലും വന്നിരിക്കുന്നു. വിശുദ്ധ ഖുർആനിൽ അവതരിച്ച ആദ്യത്തെ വാക്കു തന്നെ ദൈവനാമത്തിൽ വായിക്കുകയെന്നതാണ്.

റസൂൽ(സ)യുടെ കാലഘട്ടം മുതൽ മുസ്ലിം സമൂഹത്തിന്റെ ഏകാഭിപ്രായമായിരുന്നു, റസൂൽ(സ) അവസാനത്തെ പ്രവാചകനാണെന്ന്. എനിക്കു ശേഷം ഒരു വിധത്തിലുള്ള പ്രവാചകത്വവുമില്ല എന്ന തഫ്സീറാണ് നബി(സ) ഖാത്തമുന്നബിയ്യീൻ എന്ന വാക്കിനു നൽകിയിരിക്കുന്നത്. മസീഹ് മഊദ്(അ) കൊടുത്ത തഫ്സീറും ഇതുതന്നെയാണ്.

مَّا كَانَ مُحَمَّدٌ أَبَآ أَحَدٍ مِّن رِّجَالِكُمْ وَلَٰكِن رَّسُولَ ٱللَّهِ وَخَاتَمَ ٱلنَّبِيِّۦنَ.

33:41. മുഹമ്മദ് നിങ്ങളുടെ പുരുഷൻമാരിൽ ഒരാളുടെയും പിതാവല്ല. പക്ഷെ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകൻമാരിൽ അവസാനത്തെ ആളുമാകുന്നു .

മസീഹ് മഊദ് (അ) ഈ ആയത്തിനു കൊടുത്ത വ്യാഖ്യാനം ഇങ്ങനെയാണ്:

" محمد صلی اللہ علیہ وسلم تم میں سے کسی مرد کا باپ نہیں ہے مگر وہ رسول اللہ ہے اور ختم کرنے والا ہے نبیوں کا۔ یہ آیت بھی صاف دلالت کر رہی ہے کہ بعد ہمارے نبی صلی اللہ علیہ وسلم کے کوئی رسول دنیا میں نہیں آئے گا"

(ازالہ اوہام: ۶۱۴، روحانی خزائن جلد ۳: ۴۳۱)

മുഹമ്മദ് (സ) നിങ്ങളിൽ ഒരാളുടെയും പിതാവല്ല. പക്ഷെ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും നബിമാരെ അവസാനിപ്പിക്കുന്ന ആളുമാകുന്നു. ഈ ആയത്ത് വളരെ വ്യക്തമായിത്തന്നെ തെളിയിക്കുകയാണ് നമ്മുടെ നബി(സ)ക്കു ശേഷം ഒരു റസൂലും തന്നെ ഈ ലോകത്ത് വരില്ലായെന്ന്.
(Izale Auham 614, Roohani Khazain Vol3:431)

اور ختم نبوت آپ پر نہ صرف زمانہ کے تاخّر کی وجہ سے ہوا بلکہ اس وجہ سے بھی کہ تمام کمالات نبوت آپ پر ختم ہو گئے۔

നുബുവ്വത്ത് അദ്ദേഹത്തിൽ അവസാനിച്ചത് കാലദൈർഘ്യം കൊണ്ടു മാത്രമല്ല, നുബുവ്വത്തിന്റെ എല്ലാവിധ ശ്രേഷ്ഠതകളും അദ്ദേഹത്തിൽ പൂർത്തിയായതുകൊണ്ടുമാണ്. (*Lecture Sialkot*, RK20- P 207)

اس لئے اس نبوت پر تمام نبوتوں کا خاتمہ ہے اور ہونا چاہئے تھا کیونکہ جس چیز کے لئے ایک آغاز ہے اس کے لئے ایک انجام بھی ہے

ആയതിനാൽ ഈ നുബുവ്വത്തിൽ മറ്റെല്ലാ നുബുവ്വത്തുകളും അവസാനിച്ചിരിക്കുന്നു. വേണ്ടതും അതായിരുന്നു. കാരണം ഏതൊരു വസ്തുവിന് ആരംഭമുണ്ടോ അതിനൊരു അവസാനവും ഉണ്ട്. (AlWasiyat RK 20:P311).

لیکن بار بار کہتا ہوں کہ ان الہامات میں جو لفظ مرسل یا رسول یا نبی کا میری نسبت آیا ہے۔ وہ اپنے حقیقی معنوں پر مستعمل نہیں ہے۔ اور اصل حقیقت جس کی میں علی روس الاشہاد گواہی دیتا ہوں یہی ہے جو ہمارے نبی ﷺ خاتم الانبیاء ہیں۔ اور آپ ﷺ کے بعد کوئی نبی نہیں آئے گا نہ کوئی پرانا اور نہ کوئی نیا۔

എന്നാൽ ഞാൻ വീണ്ടും വീണ്ടും പറയുകയാണ്, ഈ വെളിപാടുകളിൽ വന്ന നബി, റസൂൽ എന്നീ പദങ്ങൾ അതിന്റെ യഥാർത്ഥ അർത്ഥത്തിലുള്ളതല്ല. ഞാൻ ഏറ്റവും ഉന്നതമായ നിലയിൽ സാക്ഷ്യപ്പെടുത്തിക്കൊണ്ട് ഈന്നിപ്പറയുന്ന സത്യമെന്തെന്നാൽ നമ്മുടെ നബി(സ) ഖാതമുൽ അമ്പിയാ ആകുന്നു. അദ്ദേഹത്തിനുശേഷം (സ) ഒരു നബിയും വരില്ല, പഴയതും വരില്ല, പുതിയതും വരില്ല. (Anjame Atham Pae 27, footnote Roohani Khazain 11-P.27).

یونکہ وہ خدا کے اس قول کے مخالف ہے کہ مَّا كَانَ مُحَمَّدٌ أَبَآ أَحَدٍ مِّن رِّجَالِكُمْ وَلَٰكِن رَّسُولَ ٱللَّهِ وَخَاتَمَ ٱلنَّبِيِّـۧنَ (یعنی محمد ﷺ تمہارے مردوں میں سے کسی کے باپ نہیں۔ ہاں وہ اللہ کے رسول ہر نبیوں کے ختم کرنے والے ہیں)۔ کیا تو نہیں جانتا کہ فضل اور رحم کرنے والے رب نے ہمارے نبی ﷺ کا نام بغیر کسی استثناء کے خاتم الانبیاء رکھا اور آنحضرت ﷺ نے لا نبی بعدی سے طالبوں کے لئے بیان واضع سے اس کی تفسیر کی ہے کہ میرے بعد کوئی نبی نہیں اگر ہم آپ ﷺ کے بعد کسی نبی کے ظہور کو جائز قرار دیں تو ہم وحی نبوت کا دروازہ کے بند ہونے کے بعد اس کا کھلنا جائز قرار دیں گے جو بلبدایت باطل ہے جیسا کہ مسلمانوں پر مخفی نہیں اور ہمارے رسول ﷺ کے بعد کوئی نبی کیسے آسکتا ہے جبکہ آپکی وفات کے بعد وحی منقطع ہو گئی ہے اور اللہ نے آپ ﷺ کے ذریعہ نبیوں کا سلسلہ ختم کر دیا۔

വീണ്ടും ഒരു പ്രവാചകൻ വരികയെന്നത് അല്ലാഹു വെളിപ്പെടുത്തിയ, മുഹമ്മദ് (സ) നിങ്ങളിൽ ഒരാളുടെയും പിതാവല്ല. പക്ഷെ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും നബിമാരെ അവസാണിപ്പിക്കുന്ന ആളുമാകുന്നു, എന്ന വചനത്തിന് എതിരാണ്. അല്ലാഹു യാതൊരുവിധ പഴുതുകളുമില്ലാതെ നബി (സ) തിരുമേനിയെ അവസാനത്തെ പ്രവാചകനാണെന്ന് പറഞ്ഞതും, നബി(സ) തിരുമേനി എനിക്കു ശേഷം നബിയേയില്ല എന്ന് തഫ്സീർ നല്കിയതും നിങ്ങൾക്ക് അറിയില്ലേ? നമ്മുടെ നബി(സ)ക്കു ശേഷം ഒരു പ്രവാചകന്റെ ആഗമനം നാം അനുവദിക്കുകയാണെങ്കിൽ അടഞ്ഞു കഴിഞ്ഞ പ്രവാചകത്വ വെളിപാടുകൾ വീണ്ടും തുറക്കുകയായിരിക്കും ചെയ്യുന്നത്. എന്നാൽ ഇങ്ങനെ സംഭവിക്കുകയില്ലയെന്നത് സത്യാന്വേഷികളായ

മുസ്ലിംകൾക്ക് അറിയാത്ത കാര്യമല്ല. നമ്മുടെ നബി(സ)യുടെ മരണ ശേഷം പ്രവാചകത്വ വെളിപാടുകൾ അവസാനിക്കുകയും അല്ലാഹു പ്രവാചകത്വം അവസാനിപ്പിക്കുകയും ചെയ്തതിനാൽ ഒരു പ്രവാചകൻ വീണ്ടും എങ്ങിനെയാണ് പ്രത്യക്ഷപ്പെടുക? (Hamamat al-Bushraa p. 20).

**و اوحی الیّ ان الدّین هو الاسلام و ان الرسول هو المصطفی السید الامام رسول اُمّی امین. فکما ان ربنا احد یستحق العبادة وحده فکذالك رسولنا المطاع واحد لا نبی بعده ولا شریك معه وانه خاتم النبیین.**

സത്യമതം ഇസ്ലാമാണെന്നും സത്യ പ്രവാചകൻ, നേതാവും, ഇമാമും, നിരക്ഷരനും വിശ്വസ്തനും ആയ മുസ്തഫ ആണെന്നും അല്ലാഹു എനിക്കു വെളിപ്പെടുത്തി തന്നിരിക്കയാണ്. നമ്മുടെ രക്ഷിതാവായ അല്ലാഹു മാത്രം ആരാധനയ്ക്ക് അർഹനും ഏകനും ആയിരിക്കുന്നതുപോലെ, നമ്മുടെ പ്രവാചകൻ മാത്രം പിന്തുടരുവാൻ അർഹനും ഏകനും ആകുന്നു. അദ്ദേഹത്തിനുശേഷം നബിയില്ല. അദ്ദേഹത്തോടൊപ്പം പങ്കുകാരുമില്ല. അദ്ദേഹം ഖാതമുന്നബിയ്യീൻ (അന്ത്യപ്രവാചകൻ) ആകുന്നു." (Minan-ur-Rahman, Ruhani Khaza'in, vol. 9, page 164).

ഇവിടെ കൊടുത്ത ഉദ്ധരണികളിൽ ചിലത് മസീഹ് മഊദിന്റെ ആദ്യകാല ഗ്രന്ഥങ്ങളിൽനിന്നും മറ്റു ചിലത് വിയോഗത്തിന് തൊട്ടുമുമ്പുള്ള ഗ്രന്ഥങ്ങളിൽ നിന്നുമാണ്. മരണം വരെ അദ്ദേഹം റസൂൽ(സ) അവസാന പ്രവാചകനാണ് എന്ന വിഷയത്തിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല എന്ന് ഈ ഉദ്ധരണികൾ തെളിയിക്കുന്നു. വേറൊന്നുകൂടി മനസ്സിലാക്കാനുള്ളത് മിനറുർറഹ്മാനിലെ ഉദ്ധരണി, അദ്ദേഹത്തിന്റെ സ്വന്തം അഭിപ്രായമല്ല, അല്ലാഹു അദ്ദേഹത്തിനു വെളിപ്പെടുത്തി കൊടുത്ത കാര്യമാണ് എന്നതാണ്. അല്ലാഹു അറിയിച്ചുകൊടുത്ത ഒരുകാര്യം പിന്നീടെങ്ങനെയാണ് മാറ്റിപ്പറയാൻ സാധിക്കുക?

റസൂൽ(സ) താൻ അവസാനത്തെ പ്രവാചകനാണെന്ന് യാതൊരുവിധ സംശയത്തിനും ഇടയില്ലാത്ത വിധം ആവർത്തിച്ച് പറഞ്ഞത് വളരെയധികം നിവേദനങ്ങളിൽ വന്നിരിക്കുന്നു. അവയിൽ ചിലത് താഴെ കൊടുക്കുന്നു.

**(1) قَالَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّم " كَانَتْ بَنُو اِسْرَائِيْلَ تَسُوْسُهُمُ الاَنْبِيَاءُ كُلَّمَا هَلَكَ نَبِيٌّ خَلَفَهُ نَبِيٌّ وَانَّهُ لاَ نَبِيَّ بَعْدِىْ وَسَيَكُونُ خُلَفَاءُ"**

1. നബി(സ) അരുൾ ചെയ്തു ഇസ്രായീൽ സമൂഹത്തെ പ്രാവാചക്ന്മാരായിരുന്നു നയിച്ചിരുന്നത്. ഒരു പ്രവാചകന്റെ വിയോഗ ശേഷം വേറൊരു

പ്രവാചകൻ പിന്തുടർന്നു വന്നു. എന്നാൽ എനിക്കു ശേഷം നബിയേയില്ല. ഖലീഫമാരായിരിക്കും ഉണ്ടാവുക. (Bukhari: Kitab-ul-Anbiya)

(2) قَالَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّم " اِنَّ مَثَلَ الاَنْبِيَاءِ مِنْ قَبْلِيْ كَمَثَلِ رَجُلٍ بَنِى بَيْتًا فَاَحْسَنَه وَاَجْمَلَه اِلاَّ مَوْضِعَ لَبِنَةٍ مِنْ زَاوِيَةٍ وَجَعَل النَّاسُ يَطُوْفُوْنَ بِه وَ يَعْجَبُوْنَ لَه وَيَقُوْلُوْنَ هَلاَّ وُضِعَتْ هذِهِ اللَّبِنَةُ فَاَنَا اللَّبِنَةُ وَاَنَا خَاتَمُ النَّبِيِّينَ"

2. നബി(സ) പറഞ്ഞു: മുമ്പുള്ള പ്രവാചകന്മാരെ അപേക്ഷിച്ച് എന്റെ സ്ഥാനം ഈ ഉപമയിൽനിന്നും മനസ്സിലാക്കാവുന്നതാണ്: ഒരാൾ വലിയൊരു ഭവനം നിർമ്മിക്കുകയും അതിനെ നല്ലനിലയിൽ അലങ്കരിക്കുകയും ചെയ്തു. പക്ഷേ ഒരു മൂലയിൽ ഒരു ഇഷ്ടികയ്ക്കുള്ള സ്ഥലം ഒഴിച്ചുവെക്കുകയും ചെയ്തു. ആളുകൾ ആ കെട്ടിടത്തിനു ചുറ്റും നടക്കുകയും അതിന്റെ ഭംഗിയെ പുകഴ്ത്തുകയും ചെയ്തുകൊണ്ട് പറഞ്ഞു, ഈ മൂലയിൽ എന്തുകൊണ്ട് ഒരു ഇഷ്ടിക വെച്ചില്ല? ഞാനാണ് ആ ഇഷ്ടിക, ഞാൻ പ്രവാചകന്മാരിൽ അവസാനത്തെയാളാണ്.(Bukhari: Kitab-ul-Manaqib).

(3) اِنَّ رَسُوْلَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّم قَالَ " فَضِّلْتُ عَلَى الاَنْبِيَاءِ بِستٍّ اُعْطِيْتُ جَوَامِعَ الْكَلِمَ وَ نُصِرْتُ بِا ا لرُّعْبِ وَاُ حِلَّتْ لِىَ الْغَنَائِمُ وَجُعِلَتْ لِىَ الاَرْضُ مَسْجِدًا وَطَهُوْرًا وَاُرْسِلْتُ اِلَى الْخَلْقِ كَافَّةً وَ خُتِمَ بِىَ النَّبِيُّوْنَ"

റസൂൽ(സ) പറഞ്ഞു: മറ്റു പ്രവാചകന്മാരെ അപേക്ഷിച്ച് എനിക്ക് ആറു കാര്യങ്ങളിൽ മേന്മ നൽകപ്പെട്ടിരിക്കുന്നു. 1. എനിക്ക് വാഗ്മിത്വം നല്കി. 2. എന്നെക്കുറിച്ച് ഭയം ഉളവാക്കി. 3. യുദ്ധ മുതലുകൾ എനിക്ക് അനുവദനീയമാക്കി. 4. ഭൂതലം മുഴുവനും എനിക്കുവേണ്ടി ആരാധനാലയമാക്കി. 5. ലോകജനതയ്ക്ക് എന്നെ പ്രവാചകനാക്കി നിയമിച്ചു. 6. പ്രവാചകത്വം എന്നോടുകൂടി അവസാനിക്കപ്പെട്ടു. (Muslim)

(4) قَالَ رَسُوْلُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّم " اِنَّ الرِّسَالَةَ وَالنُّبُوَّةَ قَدِ انْقَطَعَتْ فَلاَ رَسُوْلَ بَعْدِىْ وَلاَ نَبِيَّ"

4. റസൂൽ(സ) പറഞ്ഞു: റിസാലത്തും നുബുവ്വത്തും എന്നോടുകൂടി വിച്ഛേദിക്കപ്പെട്ടിരിക്കുന്നു. എനിക്കു ശേഷം ഒരു റസൂലുമില്ല, ഒരു നബിയുമില്ല, (Tirmidhi).

(5) قَالَ رَسُوْلُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ " اَنَا مُحَمَّدٌ وَاَنَا اَحْمَدُ وَاَنَا الْمَاحِى الَّذِىْ يُمْحى بِىَ الْكُفْرُ وَاَنَا الْحَاشِرُ الَّذِىْ يُحْشَرُالنَّاسُ عَلى' عَقِبِىْ وَاَنَا الْعَاقِبُ الَّذِىْ لَيْسَ بَعْدَه نَبِى"

5. റസൂൽ(സ) പറഞ്ഞു: ഞാൻ മുഹമ്മദാണ്, ഞാൻ അഹ്മദാണ്. ഞാൻ നീക്കം ചെയ്യുന്നവനാണ്. എന്നിലൂടെ അവിശ്വാസം നീക്കം ചെയ്യപ്പെടുന്നു. ഞാൻ ഒരുമിച്ചു കൂട്ടുന്നവനാണ്, എന്റെ പിറകിലായിരിക്കും പുനരുത്ഥാന നാൾ ജനങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുക. ഞാൻ അന്ത്യനാണ്, എനിക്കുശേഷം വേറെ പ്രവാചകനില്ല. (Muslim).

(6) قَالَ رَسُوْلُ اللهُ صَلَّى اللهُ عَلَيْهِ وَسَلَّم " اِنَّ اللهَ لَمْ يَبْعَثْ نَبِيًّا اِلاَّ حَذَرَ اُمَّتَهُ الدَّجَّالَ وَاَنَا اخِرُ الاَنْبِيَاءِ وَاَنْتُمْ اخِرُ الاُمَمِ وَهُوَ الْخَارِجُ فِيْكُمْ لاَ مَحَالَةَ"

6. റസൂൽ(സ) പറഞ്ഞു: ദജ്ജാലിനെക്കുറിച്ച് മുന്നറിയിപ്പ് നല്കാതെ അല്ലാഹു ഒരു പ്രവാചകനെയും നിയോഗിച്ചിട്ടില്ല. ഞാൻ അവസാനത്തെ പ്രവാചകനും നിങ്ങൾ അവസാനത്തെ സമുദായവുമാകുന്നു. അതിനാൽ അവൻ തീർച്ചയായും നിങ്ങളിൽ പ്രത്യക്ഷപ്പെടുന്നതാണ്. (Ibn Majah)

**(7)** عَنْ عَبْدِ الرَّحْمنِ بْنِ جُبَيْرٍ قَالَ سَمِعْتُ عَبْدَ اللهِ بْنَ عَمْروبْنِ الْعَاصِ يَقُوْلَ خَرَجَ عَلَيْنَا رَسُوْلُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّم يَوْمًا كَا لْمُوَدِّعِ فَقَالَ اَنَا مُحَمَّدُ النَّبِيُّ الاُمِّيُّ ثَلاَثًا وَلاَ نَبِيَّ بَعْدِىْ

അബ്ദുർ റഹ്മാൻ ബിൻ ജുബൈർ പറയുന്നു. അബ്ദുല്ലാ ബിൻ അമ്ർ ബിൻ ആസ് പറഞ്ഞതായി ഞാൻ കേട്ടു. ഒരു ദിവസം റസൂൽ(സ) വിട വാങ്ങുന്ന നിലയിൽ ഞങ്ങളിൽ പ്രത്യക്ഷപ്പെടുകയും എന്നിട്ട് മൂന്നു തവണ പറയുകയും ചെയ്തു: ഞാൻ നിരക്ഷരരുടെ പ്രവാചകനാണ്, എനിക്കു ശേഷം നബിയേയില്ല. (Musnad Ahmad).

**(8)** قَالَ رَسُوْلُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّم " لاَ نُبُوَّةَ بَعْدِىْ اِلاَّ الْمُبَشِّرَاتُ" قِيْلَ وَمَا الْمُبَشِّرَاتُ يَا رَسُوْلَ اللهِ, قَالَ الرُّؤْيَا الْحَسَنَةُ اَوْ قَالَ الرُّؤْيَا الصَّالِحَةُ

8. നബി(സ) അരുൾ ചെയ്തു. എനിക്കു ശേഷം 'മുബശ്ശിറാത്ത്' അല്ലാതെ വേറൊരു വിധത്തിലുള്ള നുബുവ്വത്തുമില്ല. അല്ലാഹുവിന്റെ ദൂതരെ എന്താണ് മുബശ്ശിറാത്ത് എന്ന് ചോദിച്ചപ്പോൾ പറഞ്ഞു, അത് നല്ല സ്വപ്നമാണ് അല്ലെങ്കിൽ അത് ശരിയായ സ്വപ്നമാണ്. (Abu Daud).

**(9)** قَالَ رَسُوْلُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ "لَوْ كَانَ بَعْدِىْ نَبِيّ لَكَانَ عُمَرَ بْنَ الْخَطّابِ"

9. റസൂൽ(സ) പറഞ്ഞു: എനിക്കു ശേഷം പ്രവാചകൻ ഉണ്ടാകുമായിരുന്നെങ്കിൽ അത് ഉമർ ബിൻ അൽഖത്താബ് ആയേനെ. (Tirmidhi).

(10) قَالَ رَسُوْلُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّم لِعَلِيٍّ اَنْتَ مِنِّىْ بِمَنْزِلَةِ هَارُوْنَ مِنْ مُوْسى اِلاَّ اَنَّهُ لاَ نَبِيَّ بَعْدِىْ

10. റസൂൽ(സ) അലി(റ)യോട് പറഞ്ഞു: എനിക്കു ശേഷം നബിയില്ല എന്നതൊഴിച്ചാൽ നീ(താങ്കൾ) എനിക്ക് മൂസാനബിയുടെ ഹാറൂനിനെ പോലെയാണ്. (Muslim).

**(11)** عَن ثَوْبَانَ قَالَ رَسُوْلُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ ...وَإِنَّه سَيَكُوْنُ فِيْ أُمَّتِيْ كَذَّابُوْنَ ثَلاَثُونَ كُلُّهُمْ يَزْعُمُ اَنَّه نَبِي وَاَنَا خَاتَمُ النَّبِيِّينَ لاَ نَبِيَّ بَعْدِىْ"

11. ഥൗബാൻ നിവേദനം ചെയ്യുന്നു, റസൂൽ(സ) പറഞ്ഞു: എനിക്കു ശേഷം 30 കള്ള പ്രവാചകന്മാർ പ്രത്യക്ഷപ്പെട്ടുകൊണ്ട് ഓരോരുത്തരും ഞാൻ പ്രവാചകനാണെന്ന് അവകാശപ്പെടുന്നതാണ്. എന്നാൽ ഞാൻ ഖാത്ത മുന്നബിയ്യീനാണ്, എനിക്കുശേഷം നബിയേയില്ല. (Abu Daud).

**(12)** قَالَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّم " لَقَد كَانَ فِيْمَنْ كَانَ قَبْلَكُمْ مِنْ بَنِيْ اِسْرَائِيْلَ رِجَال يُكَلَّمُوْنَ مِنْ غَيْرِ اَنْ يَكُوْنُوْا اَنْبِيَاءَ فَاِنْ يَكُنْ مِنْ اُمَّتِيْ اَحَد لَكَانَ عُمَرَ"

നബി(സ) അരുൾ ചെയ്തു. നിങ്ങൾക്കു മുമ്പു ഇസ്രായീൽ ഗോത്രത്തിൽ അല്ലാഹുവിന്റെ വെളിപാടുകൾ ലഭിച്ചിരുന്ന വ്യക്തികൾ ഉണ്ടായിരുന്നു. അവർ പ്രവാചകന്മാർ ആയിരുന്നില്ല. എന്റെ അനുയായികളിൽ അങ്ങനെ യുള്ള ഒരാൾ ഉണ്ടെങ്കിൽ അത് ഉമർ ആകുന്നു. (Bukhari, Kitab al-Manaqib).

**(13)** قَالَ رَسُوْلُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّم "لاَ نَبِيَّ بَعْدِىْ وَلاَ اُمَّةَ بَعْدَ اُمَّتِيْ"

13. റസൂൽ(സ) പറഞ്ഞു: എനിക്കു ശേഷം നബിയേയില്ല, എന്റെ സമുദായ ത്തിനു ശേഷം വേറൊരു സമുദായവുമില്ല. (Baihaqi).

**(14)** قَالَ رَسُوْلُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّم " فَاِنِّيْ اخِرُ الاَنْبِيَاءِ وَاِنَّ مَسْجِدِىْ اخِرُ الْمَسَاجِدِ"

14. റസൂൽ(സ) പറഞ്ഞു: ഞാൻ പ്രവാചകന്മാരിൽ അവസാനത്തെയാ ളാണ്. എന്റെ പള്ളി അവസാനത്തെ പള്ളിയുമാണ്. (Muslim: Kitab ul Hajj).

**(15)**عَنْ عِرْبَاضِ بْنِ سَارِيَةَ اَنَّ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّم قَالَ اَنَا خَاتَمُ النَّبِيِّيْنَ وَاِنَّ ادَمَ فِيْ طِيْنَةٍ

15. ഇർബാസ് ബിൻ സാരിയ്യ നിവേദനം ചെയ്യുന്നു, റസൂൽ(സ) പറഞ്ഞു: ആദം ഉത്ഭവിക്കുന്നതിനു മുമ്പേ തന്നെ ഞാൻ അവസാനത്തെ പ്രവാചക നായിരുന്നു. (Mustadrak of Hakim).

മുകളിൽ കൊടുത്ത ഉദ്ധരണികളിൽനിന്നും ഒരു കാര്യം വ്യക്തമാണ്. റസൂ ൽ(സ)ക്കുശേഷം ആരും തന്നെ പ്രാവാചകനായി വരാൻ പോകുന്നില്ല. വിശുദ്ധ ഖുർആനും നബിവചനങ്ങളും വാഗ്ദത്ത മസീഹും ഇതു തന്നെ യാണ് പഠിപ്പിക്കുന്നത്.

*********

## 2. ഖാതം എന്ന പദത്തിന്റെ അർത്ഥം

ഖാതം എന്ന വാക്ക് മസീഹ് മഊദ് ഏതൊക്കെ രീതിയിലാണ് ഉപയോഗിച്ചതെന്ന് നോക്കാം.

1. ഖാതമുൽ ഔലാദ്: അന്ത്യ ജാതൻ.

اور میں بھی توام پیدا ہوا۔ پہلے لڑکی پیدا ہوئی بعدہ میں۔ اور بااین ہمہ میں اپنے والد کیلئے خاتم الولد تھا۔ میرے بعد کوئی بچہ پیدا نہیں ....

ഞാൻ ഇരട്ട ജാതനാണ്. ആദ്യത്തേത് പെൺകുട്ടിയായിരുന്നു, പിന്നെ ഞാൻ. ഞാൻ എന്റെ പിതാവിന്റെ അവസാനത്തെ പുത്രനാകുന്നു. എനിക്കു ശേഷം വേറെ കുട്ടി ജനിച്ചിട്ടില്ല. (Braheen Ahmadiyya part 5, Roohani Khazain, vol. 21 P. 113).

2. ഖാതമുൽ അമ്പിയാ: അവസാനത്തെ പ്രവാചകൻ.

خدا تعالیٰ کی پہلی کتابوں میں بعض پیشگوئیاں اسی پیشگوئی کے ہم معنی حضرت عیسیٰ علیہ السلام کی نسبت ہیں جن میں لکھا ہے کہ یہودی ان کو قبول نہیں کریں گے۔ جیسا کہ انجیل میں بھی انہیں پیشگوئیوں کے حوالہ سے لکھا ہے کہ جس پتھر کو معماروں نے رد کیا وہی کونہ کا سرا ہوا۔ یعنی اسرائیلی نبیوں کا خاتم الانبیاء ہوا ............

ഈസാനബി(അ)യെക്കുറിച്ച് ഇങ്ങനെ ഇൻജീലിൽ എഴുതിയിരിക്കുന്നു, ആൾക്കാർ തള്ളിക്കളഞ്ഞ കല്ലുതന്നെ മൂലക്കല്ലായിത്തീർന്നിരിക്കുന്നു. അതായത് ഇസ്രായീൽ നബിമാരുടെ അവസാനത്തെ പ്രവാചകനായിത്തീർന്നിരിക്കുന്നു. (Braheen Ahmadiyya part 5, Roohani Khazain vol.21 p.267)

3. ഖാതമുൽഖുലഫാ: അവസാനത്തെ ഖലീഫാ.

کیونکہ میں روحانیت کی رو سے اسلام میں خاتم الخلفاء ہوں جیسا کہ مسیح ابن مریم اسرائیلی سلسلہ لے لئے خاتم الخلفاء تھا

മസീഹ് ഇബ്നു മർയം ഇസ്രായീൽ പരമ്പരയിലെ ഖാതമുൽ ഖുലഫാ ആയിരുന്നതുപോലെ ആദ്ധ്യാത്മിക രീതിയിൽ ഞാൻ ഇസ്ലാമിൽ ഖാത്തമുൽഖുലഫാ ആകുന്നു. (Kishtee-e-Nooh, Roohani Khazain vol.19 p.17).

## 4. ഖാതമുൽ ഔലിയാ: വലിമാരിൽ അന്ത്യൻ

**وانی علی مقام الختم من الولایة** اور میں ولایت کے سلسلہ کو ختم کرنے والا ہوں۔ **کما کان سیدی المصطفی علی مقام الختم من النبوة** جیسا کہ ہمارے سید آنحضرت صلی اللہ علیہ وسلم نبوت کے سلسلہ کو ختم کرنے والے تھے۔اور وہ خاتم الانبیاء ہیں اور میں خاتم الاولیا۔ **لاولی بعدی الّا الذی ھو منی** میرے بعد کوئی ولی نہیں مگر وہ جو مجھ سے ہوگا **وعلی عھدی** میرے عہد پر ہوگا۔

ഞാൻ വിലായത്തിന്റെ അവസാനത്തെ (ഏറ്റവും ഉന്നതമായ) സ്ഥാനത്താകുന്നു. ഞാൻ വിലായത്ത് പരമ്പരയെ അവസാനിപ്പിക്കുന്ന ആളുമാകുന്നു. റസൂൽ തിരുമേനി(സ) പ്രാവചക പരമ്പരയെ അവസാനിപ്പിച്ചതുപോലെ. അദ്ദേഹം ഖാതമുൽ അമ്പിയാ ആകുന്നു, ഞാൻ ഖാതമുൽ ഔലിയാ ആകുന്നു. എനിക്കുശേഷം എന്നെ പിന്തുടർന്നു കൊണ്ടല്ലാതെ ഒരു വലിയും ഉണ്ടാവുകയില്ല. (Khutba Ilhamiyya, p. 35).

മുകളിൽ കൊടുത്ത ഉദാഹരണങ്ങളിൽനിന്നും വ്യക്തമാകുന്ന കാര്യം ഖാത്തം എന്ന പദത്തിന്റെ പ്രാഥമികാർത്ഥം അവസാനത്തേത് എന്നതു തന്നെയാണ്. ഏറ്റവും ഉന്നത സ്ഥാനത്തുള്ളത് എന്ന അർഥവും ഉണ്ട്. ഖാത്തം എന്ന പദം ഏതർത്ഥത്തിലാണ് അല്ലാഹു ഉപയോഗിച്ചിരിക്കുന്നതെന്ന് വ്യാഖ്യാനിക്കാൻ അർഹതയുള്ളതു അത് അവതരിച്ചു കിട്ടിയ പ്രവാചകനാണ്, അല്ലാതെ മറ്റുള്ളവർക്കല്ല. റസൂൽ(സ) യാതൊരു പഴുതുമില്ലാത്ത രീതിയിൽ ഖാതമിന് അർത്ഥം കൊടുത്തത് അവസാനത്തേത് എന്നാണ്. മസീഹ് മഊദ്(അ) അത് സത്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു. പിന്നീട് ആരെങ്കിലും വന്ന് അത് വേറൊരു രീതിയിൽ വ്യാഖ്യാനിക്കുകയാണെങ്കിൽ അയാൾ റസൂൽ(സ)യെ കവച്ചുവെക്കുന്ന വ്യക്തിയും സ്വാർത്ഥ താല്പര്യക്കാരനുമാകുന്നു. മസീഹ് മഊദ്(അ) ഖാതമുൽ ഔലിയാ എന്ന് അവകാശപ്പെടുകയും അദ്ദേഹത്തെ പിന്തുടർന്നുകൊണ്ട് വീണ്ടും വലിമാർ വരാൻ പോകുന്നുവെന്നുമാണ് പറഞ്ഞത്. ഭാവി അറിയുന്നത് അല്ലാഹു മാത്രമാണ്. അല്ലാഹു അറിയിച്ചുകൊടുത്ത രീതിയിൽ ഓരോരുത്തരും അതിനെ വ്യാഖ്യാനിക്കുന്നു. മസീഹ് മഊദ്(അ) ഖാതമുൽ ഔലിയാ എന്നു പറഞ്ഞതിൽനിന്നും അദ്ദേഹം വലിയാണ്, നബിയല്ല എന്ന് വ്യക്തമാകുന്നതാണ്. ഖാതമിന്റെ ഈ രണ്ടു വ്യാഖ്യാനവും ശരിക്കു മനസ്സിലാക്കേണ്ടതാണ്. റസൂലുല്ലാഹ് കാലത്തിലും ഔന്നത്യത്തിലും അവസാനത്തേതാണ്, മസീഹ് മഊദ് (അ) ഔന്നത്യത്തിൽ മാത്രം വലിമാരിൽ അവസാനത്തേതാണ്, കാലത്തിലല്ല.

*************

## 3. എന്താണ് ദൈവിക ഖിലാഫത്ത്?

ദൈവിക ഖിലാഫത്ത് തിരഞ്ഞെടുക്കപ്പെടുന്ന ഒന്നല്ല. അത് അല്ലാഹു നേരിട്ട് നിയോഗിക്കുന്നതാകുന്നു. മുജദ്ദിദുമാരും അതുപോലെ അല്ലാഹുവിന്റെ വലിമാരും ഈ ഗണത്തിൽപ്പെടുന്നു. ഒരു പ്രവാചകന്റെയോ അല്ലെങ്കിൽ അല്ലാഹുവിന്റെ ഖലീഫയുടെയൊ വിയോഗശേഷം ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന ഖിലാഫത്തിനു ഒരു കാലശേഷം മൂല്യശോഷണം സംഭവിക്കുകയും പിന്നീടത് ഏകാധിപത്യത്തിലേക്കും വിശ്വാസവൈകല്യങ്ങളിലേക്കും വ്യതിചലിക്കുകയും ചെയ്യുന്നു.

മുൻവിവരിച്ച പതിനഞ്ചോളം ഹദീസുകളിൽനിന്നും ഒരു കാര്യം വ്യക്തമാണ്, പ്രവാചകത്വം അവസാനിച്ചിരിക്കുന്നു. മുഹമ്മദ് നബിക്കുശേഷം ഒരുവിധത്തിലുള്ള പ്രവാചകത്വവും അവശേഷിക്കുന്നില്ല. എന്നാൽ പ്രവാചകത്വത്തിന്റെ ഏതോ ഒരു ഭാഗം അവശേഷിക്കുന്നുണ്ട്. അതെന്താണ്? അത് താഴെ വിവരിക്കുന്ന ഹദീസുകളിൽനിന്നും വ്യക്തമാകുന്നതാണ്.

قَالَ رَسُوْلُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّم " لاَ نُبُوَّةَ بَعْدِىْ اِلاَّ الْمُبَشِّرَاتُ" قِيْلَ وَمَا الْمُبَشِّرَاتُ يَا رَسُوْلَ اللهِ , قَالَ الرُّؤْيَا الْحَسَنَةُ اَوْ قَالَ الرُّؤْيَا الصَّالِحَةُ

നബി(സ) അരുൾ ചെയ്തു. എനിക്കു ശേഷം 'മുബശ്ശിറാത്ത്' അല്ലാതെ വേറൊരു വിധത്തിലുള്ള നുബുവ്വത്തുമില്ല. അല്ലാഹുവിന്റെ ദൂതരെ എന്താണ് മുബശ്ശിറാത്ത് എന്ന് ചോദിച്ചപ്പോൾ പറഞ്ഞു, അത് നല്ല സ്വപ്നമാണ് അല്ലെങ്കിൽ അത് ശരിയായ സ്വപ്നമാണ്. (Abu Daud, Vol. 2, page 316).

قَالَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّم " لَقَد كَانَ فِيْمَنْ كَانَ قَبْلَكُمْ مِنْ بَنِىْ اِسْرَائِيْلَ رِجَال يُكَلَّمُوْنَ مِنْ غَيْرِ اَنْ يَكُوْنُوْا اَنْبِيَاءَ فَاِنْ يَكُنْ مِنْ اُمَّتِىْ اَحَد لَكَانَ عُمَرَ"

നബി(സ) അരുൾ ചെയ്തു. നിങ്ങൾക്കു മുമ്പു ഇസ്രായീൽ ഗോത്രത്തിൽ അല്ലാഹുവിന്റെ വെളിപാടുകൾ ലഭിച്ചിരുന്ന വ്യക്തികൾ ഉണ്ടായിരുന്നു. അവർ പ്രവാചകന്മാർ ആയിരുന്നില്ല. എന്റെ അനുയായികളിൽ അങ്ങനെയുള്ള ഒരാൾ ഉണ്ടെങ്കിൽ അത് ഉമർ ആകുന്നു. (Bukhari, Kitab al-Manaqib).

അപ്പോൾ പ്രവാചകത്വത്തിൽനിന്ന് മുബശ്ശിറാത്തും (നല്ല സ്വപ്നങ്ങളും) മുഹദ്ദസിയത്തും (പ്രവാചകത്വമില്ലാതെയുള്ള വെളിപാടുകളും) മാത്രം അവശേഷിച്ചിരിക്കുന്നു.

മസീഹ് മഊദ് (അ) തന്റെ വാദത്തെക്കുറിച്ച് ഇതു തന്നെയാണ് പറഞ്ഞിരിക്കുന്നത്.

جس حالت میں ابتدا سے میری نیت میں جس کو اللہ تعالیٰ جلشانہ خوب جانتا ہے اس لفظ نبی سے مراد نبوت حقیقی نہیں ہے بلکہ صرف محدث مراد ہے جس کے معنے آنحضرت ﷺ نے مکلم مراد لئے ہیں یعنی محدثوں کی نسبت فرمایا **عن ابی ھریرۃ رضی اللہ تعالی عنہ قال قال النبی ﷺ قد کان فیمن قبلکم من بنی اسراءیل رجال یکلمون من غیر عن یکونو انبیاء فان یك فی امتی منھا احد فعمر** صحیح بخاری جلد اول صفحہ 521 پارہ 14 باب مناقب عمر رض۔

തുടക്കം മുതൽക്കേ എന്താണ് എന്റെ ഉദ്ദേശ്യമെന്ന് അല്ലാഹു നന്നായി അറിയുന്നു. നബിയെന്ന പദം ഉപയോഗിച്ചിരിക്കുന്നത് യഥാർത്ഥത്തിലുള്ള പ്രവാചകത്വം കാണിക്കുവാനല്ല. മുഹദ്ദസ് ആണെന്നു കാണിക്കുവാനാണ്. അല്ലാഹു സംസാരിക്കുന്നവരെ എടുത്തു കാണിക്കുവാനായി നബി തിരുമേനി (സ) ഉപയോഗിച്ചിരിക്കുന്നത് ഈ പദമാണ്. നബിതിരുമേനി (സ) പറഞ്ഞതായി ഇങ്ങനെ നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. നിങ്ങൾക്കു മുമ്പു ഇസ്രായീൽ ഗോത്രത്തിൽ അല്ലാഹുവിന്റെ വെളിപാടുകൾ ലഭിച്ചിരുന്ന വ്യക്തികൾ ഉണ്ടായിരുന്നു. അവർ പ്രവാചകന്മാർ ആയിരുന്നില്ല. എന്റെ അനുയായികളിൽ അങ്ങനെയുള്ള ഒരാൾ ഉണ്ടെങ്കിൽ അത് ഉമർ ആകുന്നു. (Bukhari, vol. I, p. 521 part 14, ch. Managib'Umar)." (Majmua Ishtiharat Vol1, Page 97).

**وإن رسولنا خاتم النبيين، وعليه انقطعت سلسلة المرسلين. فليس حقّ أحدٍ أَن يدّعی النبوّة بعد رسولنا المصطفٰی علی الطريقة المستقلّة، وما بقی بعده اِلأكثرة المكالمة، وهو بشرط الاتّباع لا بغير متابعة خير البريّة.**

തീർച്ചയായും നമ്മുടെ പ്രവാചകൻ അവസാനത്തെ പ്രവാചകനാകുന്നു. അദ്ദേഹത്തോടു കൂടി പ്രവാചകത്വ പരമ്പര അവസാനിച്ചിരിക്കുന്നു. ഇനി ആർക്കും തന്നെ സ്വതന്ത്രമായ നിലയിൽ പ്രവാചകത്വം അവകാശപ്പെടാനാവുകയില്ല. അദ്ദേഹത്തിനുശേഷം തുടർച്ചയായുള്ള ദൈവിക വെളിപാടുകൾ അല്ലാതെ മറ്റൊന്നും അവശേഷിക്കുന്നില്ല. അതു തന്നെയും സൃഷ്ടിശ്രേഷ്ഠന്റെ അനുയായി ആയിക്കൊണ്ടല്ലാതെ. (Haqeeqatul Wahy, Roohani Khazain Vol. 22, Page 689.)

ആയതിനാൽ ഈ നുബുവ്വത്തിൽ മറ്റെല്ലാ നുബുവ്വത്തുകളും അവസാനിച്ചിരിക്കുന്നു. വേണ്ടതും അതായിരുന്നു. കാരണം ഏതൊരു വസ്തുവിന് ആരംഭമുണ്ടോ അതിനൊരു അവസാനവും ഉണ്ട്. (അൽവസിയ്യത്ത് പേജ് 17).

നബിതിരുമേനി(സ)ക്കു ശേഷം ഇനി പ്രവാചകന്മാർ വരികയില്ലെങ്കിൽ പിന്നെയാരാണ് വരിക? അത് താഴെ പറയുന്ന വാക്യത്തിൽനിന്നും വ്യക്തമാണ്.

وَعَدَ ٱللَّهُ ٱلَّذِينَ آمَنُواْ مِنْكُمْ وَعَمِلُواْ ٱلصَّالِحَاتِ لَيَسْتَخْلِفَنَّهُمْ فِي ٱلْأَرْضِ كَمَا ٱسْتَخْلَفَ ٱلَّذِينَ مِن قَبْلِهِمْ وَلَيُمَكِّنَنَّ لَهُمْ دِينَهُمُ ٱلَّذِى ٱرْتَضَىٰ لَهُمْ وَلَيُبَدِّلَنَّهُمْ مِّن بَعْدِ خَوْفِهِمْ أَمْناً يَعْبُدُونَنِي لاَ يُشْرِكُونَ بِي شَيْئاً وَمَن كَفَرَ بَعْدَ ذٰلِكَ فَأُوْلَٰئِكَ هُمُ ٱلْفَاسِقُونَ.

നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു, അവരുടെ മുൻ ഗാമികളിൽ ഖലീഫമാരെ നിയോഗിച്ചതുപോലെ തീർച്ചയായും ഭൂമിയിൽ അവൻ അവരിലും ഖലീഫമാരെ നിയോഗിക്കുകയും, അവർക്ക് അവൻ തൃപ്തിപ്പെട്ട് കൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുകയും, അവരുടെ ഭയപ്പാടിനുശേഷം അവർക്ക് നിർഭയത്വം നൽകുകയും ചെയ്യുന്നതാണെന്ന്. എന്നെയായിരിക്കും അവർ ആരാധിക്കുന്നത്. എന്നോട് യാതൊന്നും അവർ പങ്കുചേർക്കുക യില്ല. അതിനുശേഷം ആരെങ്കിലും നന്ദികേട് കാണിക്കുന്ന പക്ഷം അവർ തന്നെയാകുന്നു ധിക്കാരികൾ. (വിശുദ്ധ ഖുർആൻ 24:56)

ഹദീസിലും ഇതുതന്നെയാണ് വ്യക്തമാക്കിയിരിക്കുന്നത്.

قَالَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّم " كَانَتْ بَنُو اِسْرَائِيْلَ تَسُوْسُهُمُ الاَنْبِيَاءُ كُلَّمَا هَلَكَ نَبِيٌّ خَلَفَهُ نَبِيٌّ وَاَنَّهْ لاَ نَبِيَّ بَعْدِىْ وَسَيَكُونُ خُلَفَاءُ"

നബി(സ) അരുൾ ചെയ്തു ഇസ്രായീൽ സമൂഹത്തെ പ്രവാചകന്മാരായി രുന്നു നയിച്ചിരുന്നത്. ഒരു പ്രവാചകന്റെ വിയോഗ ശേഷം വേറൊരു പ്രവാ ചകൻ പിന്തുടർന്നു വന്നു. എന്നാൽ എനിക്കു ശേഷം നബിയേയില്ല. ഖലീഫമാരായിരിക്കും ഉണ്ടാവുക. (Bukhari: Kitab-ul-Anbiya)

അങ്ങനെയാകുമ്പോൾ നബി(സ)യുടെ അനുയായികളിൽ ഖലീഫമാരായി രിക്കും ഉണ്ടാവുക. മസീഹ് മഊദ്(അ) എന്താണ് അവകാശപ്പെടുന്നത്? ഖലീഫയാണെന്നോ പ്രവാചകനാണെന്നോ?

سورۃ نور میں آیت استخلاف کو غور سے پڑھ کر دیکھ لو۔ میں بھی اسی وعدہ کے موافق آیا ہوں اور اس واسطے موعود کہلاتا ہوں۔

സൂറത്തുന്നൂറിലെ ആയത്തുൽ ഇസ്തിഖ്‌ലാഫ് വായിക്കുക. ഞാനും വന്നിരിക്കുന്നത് ഈ ആയത്തിൽ പറഞ്ഞ വാഗ്ദാനമനുസരിച്ചാണ്. അതു കൊണ്ടാണ് ഞാൻ വാഗ്ദത്ത (മസീഹ്) എന്ന് വിളിക്കപ്പെടുന്നത്. (ദേഹവിയോഗത്തിനു ആറുദിവസം മുമ്പുള്ള പ്രഭാഷണം.)
(Malfoozat, Volume v/v Page 666, Speech at Lahore on 17th May 1908, six days before his demise).

ഖിലാഫത്ത് രണ്ട് രീതിയിലാണ്. അതിലൊന്ന് അല്ലാഹു നേരിട്ട് നിയോഗിക്കുന്നതാണ്. ആദം (അ) മുതലുള്ള പ്രവാചകന്മാർ, മുസ്ലിം സമൂഹത്തിലെ മുജദ്ദിദുമാർ മുതലായവർ. അവരാണ് യഥാർത്ഥത്തിലുള്ള അല്ലാഹുവിന്റെ ഖലീഫമാർ. ഒരു ദൈവനിയോഗിതന്റെ മരണ ശേഷം ജനങ്ങൾ തിരഞ്ഞെടുക്കുന്ന ഖലീഫമാരാണ് രണ്ടാമത്തേത്. ഇവർ ദൈവ നിയോഗിതരല്ല. ദൈവ നിയോഗിതന്റെ പ്രതിനിധിയായി വരുന്നവരാണ്. എന്നാൽ അല്ലാഹു സ്വയം വീണ്ടും തന്റെ  ഖലീഫയെ നിയോഗിക്കുന്നതോടുകൂടി ഇവരുടെ പ്രസക്തി നഷ്ടപ്പെടുന്നു. ആയത്തുൽ ഇസ്തിഖ്ലാഫിൽ പറഞ്ഞത് അല്ലാഹു നേരിട്ട് നിയോഗിക്കുന്ന ഖലീഫമാരെക്കുറിച്ചാണ്. ജനങ്ങൾ തിരഞ്ഞെടുക്കുന്ന ഖലീഫമാരെക്കുറിച്ചല്ല. ദൈവനിയോഗിത ഖലീഫമാർക്ക് അല്ലാഹുവിൽ നിന്ന് നേരിട്ട് നിർദ്ദേശങ്ങൾ ലഭിക്കുന്നു.  ജനങ്ങൾ തിരഞ്ഞടുക്കുന്ന ഖലീഫമാർ ഒരു കാലഘട്ടത്തിനുശേഷം ഏകാധിപതികളായിത്തീരുന്നു. ഉദാഹരണമായി ഖിലാഫത്തുർറാഷിദ അഞ്ചാം ഖിലാഫത്തോടുകൂടി ഏകാധിപത്യത്തിലേക്ക് നീങ്ങി. അഹ്മദിയ്യാ ഖിലാഫത്ത് രണ്ടാം ഖിലാഫത്തോടുകൂടി ഏകാധിപത്യത്തിലേക്ക് നീങ്ങി.

ഇങ്ങനെ സംഭവിക്കുന്ന കറകൾ നീക്കുവാനായി അല്ലാഹു സ്വയം വീണ്ടും തന്റെ  ഖലീഫയെ നിയോഗിക്കുന്നതാണ്.

اور جب تک کوئی خدا سے رُوح القدس پا کر کھڑا نہ ہو سب میرے بعد مل کر کام کرو۔

അല്ലാഹു ദൈവിക വെളിപാടുകൾ നല്കി ഒരാളെ നിയോഗിക്കുന്നതുവരെ നിങ്ങളെല്ലാവരും എനിക്കു ശേഷം ഒത്തൊരുമിച്ച് പ്രവർത്തിക്കുക. (Al-Wasiyyat Urdu Page 11, Islam International Publications Limited, 2004, available online)

ഈ നിർദ്ദേശത്തിൽനിന്നും അഹ്മദിയ്യാ ഖിലാഫത്ത് ദൈവിക ഖിലാഫത്തല്ലെന്ന കാര്യം വ്യക്തമാണ്. അല്ലാഹു തന്റെ ഖലീഫമാരെ നിയോഗിക്കുന്നത് ഓരോ നൂറ്റാണ്ട് ഇടവിട്ടാണ്. ഈ രണ്ടു കാലഘട്ടത്തിനിടയിലുള്ള വിടവ് നികത്തുവാനായാണ് ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന ഖലീഫമാർ നിലവിൽ വരുന്നത്. അല്ലാഹു തന്റെ  ഖലീഫയെ നിയോഗിക്കുന്നതോടുകൂടി ഇവരുടെ പ്രസക്തി നഷ്ടപ്പെടുന്നു. അല്ലാഹു നിയോഗിച്ച ഖലീഫയെ സ്വീകരിക്കുകയെന്നത് ഇവരുടെകൂടി ബാധ്യതയായിത്തീരുന്നു.

اس مسیح کو بھی یاد رکھو جو اس عاجز کی ذریت میں سے ہے جس کا نام ابن مریم بھی رکھا گیا ہے کیونکہ اس عاجز کو براہین میں مریم کے نام سے بھی پکارا ہے۔

ഈ വിനീതന്റെ അനുചരന്മാരിൽനിന്ന്  (വരാനിരിക്കുന്ന) ആ മസീഹിനെയും  ഓർത്തു കൊള്ളുക. അദ്ദേഹത്തിനു ഇബ്നുമർയം എന്നും പേരു വെച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഈ വിനീതനെ ബറാഹീനെ അഹ്മദിയ്യായിൽ മർയം എന്ന് പേരുവിളിച്ചിരിക്കുന്നു. (RK Vol 03, P318).

## ഉമ്മത്തിയും നബിയും എന്നാൽ എന്താണ് ?

എന്നാൽ ഇതിന്റെ പരിപൂർണ്ണ അനുഗാമി നബിയെന്ന് പറയപ്പെടാവതല്ല. അങ്ങനെ പറയുന്നത് സർവ്വ സമ്പൂർണ്ണമായ മുഹമ്മദീനുബുവ്വത്തിനെ നിന്ദിക്കലാകുന്നു. എന്നാൽ ഉമ്മത്തീ, നബീ എന്നീ രണ്ടു പദങ്ങൾ ഒന്നിച്ചു ചേരുന്ന അവസ്ഥ അയാളിൽ സത്യമായി പുലരുന്നതാണ്. (അൽവസിയ്യത്ത്)

## ഉമ്മത്തിയും നബിയും ആയവർ ആരൊക്കെയാണ് ?

ഫനാഫിർറസൂലിൽ (റസൂലിൽ പരിപൂർണ്ണമായും ലയിച്ചു ചേരുന്ന അവസ്ഥയിൽ) പരിപൂർണ്ണ പദവിവരെ എത്തിച്ചേർന്നിട്ടുള്ളതും ഇടയിൽ യാതൊരു മറയുമില്ലാതിരിക്കുന്നതുമായ ചില വ്യക്തികൾക്ക് സമ്പൂർണ്ണവും പരിപൂർണ്ണവും പരിശുദ്ധവും പവിത്രവുമായ ദിവ്യഭാഷണങ്ങളുടെയും സംബോധനകളുടെയും അനുഗ്രഹം അല്ലാഹു നൽകുന്നു. കൂടാതെ ഉമ്മത്തി എന്നതിന്റെ വിവക്ഷയും അനുധാവനത്തിന്റെ അർത്ഥവും സമ്പൂർണ്ണവും സമഗ്രവുമായ നിലയിൽ അവരിൽ കാണപ്പെടുന്നു. അങ്ങനെ അവരുടെ വ്യക്തിത്വം അവരുടേത് അല്ലാതായിത്തീരുകയും മറിച്ച് അവരുടെ സർവ്വാർപ്പിത ദർപ്പണത്തിൽ നബി(സ)യുടെ വ്യക്തിത്വം പ്രതിബിംബിക്കുകയും ചെയ്യുന്നു. മറുഭാഗത്ത് സമ്പൂർണ്ണവും സമഗ്രവുമായ നിലയിൽ ദിവ്യഭാഷണവും സംബോധനയും **നബിമാരെപ്പോലെ** തന്നെ അവർക്കു സിദ്ധിക്കുകയും ചെയ്യുന്നു. (അൽവസിയ്യത്ത്).

ഇതുപോലെ **ചില വ്യക്തികൾ** ഉമ്മത്തിയായിരിക്കെ തന്നെ നബിയെന്ന സ്ഥാനപ്പേരും കരസ്ഥമാക്കി. (അൽവസിയ്യത്ത് പേജ് 19).

ഇവിടെ നബിമാരെപ്പോലെ എന്ന് പറഞ്ഞത് പ്രത്യേകം ശ്രദ്ധേയമാണ്.

## ആരാണ് ഈ ചില വ്യക്തികൾ?

അവർ മുസ്ലിം സമൂഹത്തിൽ വന്ന മുജദ്ദിദുമാരും വലിമാരുമാകുന്നു.

അവർ എത്ര പേർ?

آنحضرت صلی اللہ علیہ وسلم کی امت میں سے ہزارہا انسانوں کو نبوت کا درجہ ملا۔

റസൂൽ(സ)യുടെ സമൂഹത്തിൽ ആയിരത്തിൽപ്പരം പേർക്ക് നുബുവ്വത്തിന്റെ സ്ഥാനം ലഭിച്ചു. (Malfoozat-5Vol-V3, 252).

അപ്പോൾ മസീഹ് മഊദ് (അ) മാത്രമല്ല ഉമ്മത്തിയും നബിയും ആയ വ്യക്തിയെന്നും ഉമ്മത്തിയും നബിയും ആയവർ മുസ്ലിം സമൂഹത്തിൽ അനേകം പേർ ഉണ്ടായിട്ടുണ്ടെന്നും വ്യക്തമാണ്. ഇവരൊക്കെയും ദൈവിക ഖലീഫമാരായിരുന്നു. ഇവർ നബിമാരെപ്പോലെയുള്ളവരാണ്. ഒരാൾ സിംഹത്തെപ്പോലെയെന്നു പറഞ്ഞാൽ അയാൾ സിംഹമായിത്തീരുകയില്ല. സിംഹത്തിന്റെ ഗുണമായ ധൈര്യം, ശൗര്യം എന്നിവ അയാളിൽ

കാണപ്പെടുന്നു എന്നർത്ഥം. علماء أمتي كأنبياء بني إسرائيل എന്റെ സമുദായത്തിലെ ദിവ്യഭാഷികൾ ഇസ്രായീൽ സമൂഹത്തിലെ നബിമാരെപ്പോലെയാണ് എന്ന ഹദീസിന്റെ പുലർച്ചയാണിത്. ഒരു യഥാർത്ഥ സിംഹത്തെ ആരും സിംഹ ത്തെപ്പോലെ എന്നു പറയുകയില്ല. അതിനെ സിംഹം എന്നേ പറയൂ. സിം ഹത്തെപ്പോലെ എന്നു പറഞ്ഞാൽ അത് യതാർത്ഥത്തിലുള്ള സിംഹമല്ല എന്നാണ് അർത്ഥം. മഹ്ദി, മസീഹ് എന്ന നിലയിൽ മസീഹ് മഊദിന് (അ) ഉന്നതമായ സ്ഥാനമുണ്ട്. ഇതുകൊണ്ടാണ് അദ്ദേഹത്തിന്റെ പേരിനോടൊ പ്പം അലൈഹിസ്സലാം (അ) ചേർക്കുന്നത്. റസൂൽ(സ) എന്റെ മഹ്ദിക്ക് എന്റെ സലാം എത്തിക്കണമെന്ന് അരുളിയതുകൊണ്ട്. അതു കൂടാതെ മസീഹ് മൗഊദ് (അ) ഖാതമുൽ ഔലിയാ ആയതുകൊണ്ട് അദ്ദേഹം മറ്റു ള്ള എല്ലാ ഔലിയാക്കളിലും വെച്ച് ശ്രേഷ്ഠനാകുന്നു.

ഞാൻ വിലായത്തിന്റെ അവസാനത്തെ (ഏറ്റവും ഉന്നതമായ) സ്ഥാനത്താ കുന്നു. ഞാൻ വിലായത്ത് പരമ്പരയെ അവസാനിപ്പിക്കുന്ന ആളുമാകുന്നു. റസൂൽ തിരുമേനി(സ) പ്രാവാചക പരമ്പരയെ അവസാനിപ്പിച്ചതുപോലെ. അദ്ദേഹം ഖാതമുൽ അമ്പിയാ ആകുന്നു, ഞാൻ ഖാതമുൽ ഔലിയാ ആകു ന്നു. എനിക്കുശേഷം എന്നെ പിന്തുടർന്നു കൊണ്ടല്ലാതെ ഒരു വലിയും ഉണ്ടാവുകയില്ല. (Khutba Ilhamiyya, p. 35).

രണ്ടാം ഖലീഫ മസീഹ് മഊദി(അ)നെ യഥാർത്ഥ നബിയായി മാറ്റിയതും എന്നിട്ട് മറ്റു മുസ്ലിംകളെ കാഫിറുകളായി പ്രഖ്യാപിച്ചതും അഹ്മദിയ്യത്തിൽ വന്ന വിശ്വാസവൈകല്യമാണ്. അതിന്റെ ദുഷ്ഫലങ്ങളാണ് ഇന്ന് അഹ്മദികൾ അനുഭവിച്ചു കൊണ്ടിരിക്കുന്നത്.

## ഖിലാഫത്തിനുശേഷം ഏകാധിപത്യം വരുമെന്ന പ്രവചനം:

അബ്ദുർറഹ്മാൻ ബിൻ സഹൽ (റ.അ.) നിവേദനം ചെയ്യുന്നു, റസൂൽ (സ) അരുൾ ചെയ്തു:

**عن عبد الرحمن بن سهل قال: قال رسول الله صلاللہ عليه و سلّم ما كانت نبوة قطّ الّا طبعتها خلافة و لا كانت خلافة قطّ الّا طبعها مُلك (كنزل عمال كتاب الفتن)**

അബ്ദുർറാഹ്മാൻ ബിൻ സഹൽ നിവേദനം ചെയ്യുന്നു: റസൂൽ (സ) അരുൾ ചെയ്തു: ഖിലാഫത്ത് തുടർന്നു വരാത്ത നുബുവ്വത്തില്ല. ഏകാധിപത്യം തുടർന്നു വരാത്ത ഖിലാഫത്തുമില്ല. (നുബുവ്വത്തിനു ശേഷം ഖിലാഫത്ത് പിൻതുടർന്നു വരുന്നതാണ്, ഖിലാഫത്ത് പിന്നീട് ഏകാധിപത്യത്തിലേക്ക് നീങ്ങുന്നതാണ്). (കൻസുൽ അമ്മാൽ, കിതാബുൽ ഫതൻ ഹദീസ് നമ്പർ 31447 ).

*********

# 4. പ്രവാചകാഗമനം വിശുദ്ധ ഖുർആനിൽ

പ്രവാചകന്മാരുടെ ആഗമനം നിലച്ചിട്ടില്ല, അവർ വന്നുകൊണ്ടേയിരിക്കും എന്നു തെളിയിക്കാനായി സാധാരണയായി താഴെ പറയുന്ന വിശുദ്ധ ഖുർ ആൻ വാക്യങ്ങൾ ഉദ്ധരിക്കുകയാണ് പതിവ്.

وَمَن يُطِعِ ٱللَّهَ وَٱلرَّسُولَ فَأُوْلَٰٓئِكَ مَعَ ٱلَّذِينَ أَنْعَمَ ٱللَّهُ عَلَيْهِم مِّنَ ٱلنَّبِيِّـۧنَ وَٱلصِّدِّيقِينَ وَٱلشُّهَدَآءِ وَٱلصَّٰلِحِينَ وَحَسُنَ أُولَٰٓئِكَ رَفِيقًا.

4:70. ആർ അല്ലാഹുവിനേയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവർ അല്ലാഹു അനുഗ്രഹിച്ചവരായ പ്രവാചകൻമാർ, സത്യസന്ധൻമാർ, രക്തസാക്ഷികൾ, സച്ചരിതൻമാർ എന്നിവരോടൊപ്പമായിരിക്കും. അവർ എത്ര നല്ല കൂട്ടുകാർ!

ഇവിടെ പറഞ്ഞിരിക്കുന്നത്, അവർ പ്രവാചകന്മാർ ആയിത്തീരുമെന്നല്ല, അവരുടെ കൂടെ ആയിരിക്കുമെന്നാണ്. അവർ എത്ര നല്ല കൂട്ടുകാർ എന്നതിൽ നിന്നും, കൂടെ ആയിരിക്കുമെന്നത് വ്യക്തമായും തെളിയുന്നു. അപ്പോൾ പ്രവാചകന്മാർ ആയിത്തീരുകയില്ലെങ്കിൽ ബാക്കി മൂന്നു പദവികളും ലഭിക്കുകയില്ലല്ലോ എന്ന മറുചോദ്യവും ചോദിക്കാറുണ്ട്. പദവി ലഭിക്കുന്നതിനെ ആരും എതിർക്കുന്നില്ല. എല്ലാ പദവികളും ലഭിക്കും, പ്രവാചകന്മാരെപ്പോലെ ആയിത്തീരുകയും ചെയ്യും. പക്ഷേ അവർ പ്രവാചകത്വവാദം പുറപ്പെടുവിക്കുന്നവരായിരിക്കുകയില്ല. പ്രവാചകാഗമനം വിശുദ്ധ ഖുർ ആൻ കണിശമായും നിഷേധിച്ചതാണ് അതിനു കാരണം. എന്നാൽ പദവിയിലുള്ള ആൾക്കാർ ഉണ്ടാകുന്നതിനെ വിശുദ്ധ ഖുർആൻ നിഷേധിച്ചിട്ടില്ല. പ്രവാചകന്മാർ ഉണ്ടാവുകയില്ലെങ്കിൽ ബാക്കി മൂന്നു പദവിയിലുള്ളവരും ഉണ്ടാവുകയില്ല എന്ന മറുവാദവും ഉണ്ടാകാറുണ്ട്. അതിനുള്ള മറുപടി പ്രവാചകാഗമനം മാത്രമേ വിശുദ്ധ ഖുർആൻ നിഷേധിച്ചിട്ടുള്ളൂ, ബാക്കി മൂന്നു പദവികളും ഉണ്ടാകുന്നതിനെ നിഷേധിച്ചിട്ടില്ല എന്നതാണ്

റസൂലുല്ലായുടെ സഹാബാക്കൾ അദ്ദേഹത്തെ അനുസരിക്കാത്തവരായിരുന്നോ? അങ്ങനെയാണെങ്കിൽ അവരല്ലെ ആദ്യം പ്രവാചകന്മാർ ആയിത്തീരേണ്ടിയിരുന്നത്? علماء أمتي كأنبياء بني إسرائيل എന്റെ സമുദായത്തിലെ ദിവ്യജ്ഞാനികൾ ബനീ ഇസ്രായീലിലെ പ്രവാചകന്മാരെപ്പോലെയാണ് എന്ന നബിവചനം ഈ സമുദായത്തിൽ പ്രവാചകന്മാരുടെ പദവി ലഭിക്കുന്നവർ ഉണ്ടാകുന്നതിനെ തീർച്ചയായും സൂചിപ്പിക്കുന്നു. ഇങ്ങനെ പദവി ലഭിച്ചവർ ധാരാളം പേർ ഉണ്ടായിട്ടുണ്ട്, അവരൊന്നും പ്രവാചകത്വ വാദം പുറപ്പെടുവിച്ചവർ ആയിരുന്നില്ല.

آنحضرت صلی اللہ علیہ وسلم کی امت میں سے ہزارہا انسانوں کو نبوت کا درجہ ملا۔

നബിതിരുമേനി(സ)യുടെ സമുദായത്തിൽ ആയിരത്തിലധികം പേർക്ക് പ്രവാചകത്വ പദവി ലഭിച്ചു. **(Malfoozat-5Vol-V3, 252).**

അല്ലാഹു മസീഹ് മഊദിനും(അ) ഇതേ പദവിയാണ് നല്കിയിരിക്കുന്നത്.

تو مجھے ایسا ہے جیسے انبیاء بنی اسرائیل (یعنی ظلی طور پر ان سے مشابہت رکھتا ہے)

നീ എനിക്ക് ബനീഇസ്രായീലിലെ പ്രവാചകന്മാരെപ്പോലെയാണ് (അവരുമായി പ്രതിഫലനരീതിയിൽ താദാത്മ്യം പ്രാപിച്ചിരിക്കുന്നു). (Announcement of Muslih Mauood 20Feb 1886, Tadhkirah P 112).

قرآن شریف میں ہے فَلاَ يُظْهِرُ عَلَىٰ غَيْبِهِ أَحَداً إِلاَّ مَنِ ٱرْتَضَىٰ مِن رَّسُولٍ یعنی کامل طور پر غیب کا بیان کرنا صرف رسولوں کا کام ہے دوسرے کو یہ مرتبہ عطا نہیں ہوتا۔ رسولوں سے مراد وہ لوگ ہیں جو خدا تعالیٰ کی طرف سے بھیجے جاتے ہوں خواہ وہ نبی ہوں یا رسول یا محدث اور مجدد ہوں۔

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു, അവൻ അദൃശ്യം അറിയുന്നവനാണ്. എന്നാൽ അവൻ തന്റെ അദൃശ്യജ്ഞാനം ഒരാൾക്കും വെളിപ്പെടുത്തി കൊടുക്കുകയില്ല. അവൻ തൃപ്തിപ്പെട്ട ഒരു ദൂതനല്ലാതെ. പൂർണ്ണമായ രീതിയിൽ അദൃശ്യം വെളിപ്പെടുത്തുകയെന്നത് അല്ലാഹുവിന്റെ ദൂതന്മാരുടെ പ്രവൃത്തിയാണ്. മറ്റുള്ളവർക്ക് ഈ പദവി ലഭിക്കുകയില്ല. ഇവിടെ റസൂൽ (ദൂതൻ) എന്നതുകൊണ്ടുദ്ദേശിക്കുന്നത് അല്ലാഹു നിയോഗിച്ചയക്കുന്നവരെക്കുറിച്ചാണ്. അവർ നബിയായാലും റസൂലായാലും മുഹദ്ദസ് ആയാലും മുജദ്ദിദ് ആയാലും ഒന്നുതന്നെയാണ്. (Ayyam as-Sulh, p. 171, footnote; RK, v. 14, p. 419).

اور حدیث لا نبيّ بعدی میں بھی نفی عام ہے یہ کس قدر جرات اور دلیری اور گستاخی ہے کہ خیالات رکیکہ کی پیروی کر کے نصوصِ صریحہ قرآن کو عمداً چھوڑ دیا جائے اور خاتم الانبیاء کے بعد ایک نبی کا آنا مان لیا جائے بعد اس کے جو وحی نبوہ منقطع ہو چکی تھی۔

ഹദീസ് ലാ നബിയ്യ ബഅ്ദീ യിൽ പൂർണ്ണമായ നിഷേധമാണുള്ളത് (യാതൊരു പഴുതുമില്ലാത്ത നിഷേധം) എത്രമാത്രം ധിക്കാരവും അയുക്തിപരവുമായ പ്രവൃത്തിയാണ് തന്റെ **മലിനമായ** ചിന്താഗതികൾക്ക് അടിമപ്പെട്ടുകൊണ്ട് വിശുദ്ധ ഖുർആന്റെ വ്യക്തമായ ഉത്തരവുകളെ മറികടന്നുകൊണ്ട് ഖാതമുന്നബിയ്യീനുശേഷം ഒരു പ്രവാചകന്റെ വരവ് പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയെന്നതും വഹ്‌യ് നുബുവ്വത്ത് നിലച്ചതിനു ശേഷം അത് പുനരാരംഭിക്കുമെന്ന് വിശ്വസിക്കുകയെന്നതും? (Ayyamu Sulh Page 146)

*********

# 5. സൂറാ ഫാതിഹായിലെ പ്രാർത്ഥന.

പ്രവാചകന്മാർ ഇനിയും വരുമെന്ന് തെളിയിക്കുവാൻ എടുത്തു കാണിക്കുന്ന വേറൊരുവാക്യമാണ് സൂറാ ഫാതിഹായിലെ ഈ പ്രാർഥന,

ٱهْدِنَا ٱلصِّرَاطَ ٱلْمُسْتَقِيمَ۔ صِرَاطَ ٱلَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ ٱلْمَغْضُوبِ عَلَيْهِم وَلاَ ٱلضَّآلِّينَ۔ یعنی اے میرے خداوندر حمٰن ور حیم ہمیں ایسی ہدایت بخش کہ ہم آدم صفی اللہ کے مثیل ہو جائیں شیث نبی اللہ کے مثیل بن جائیں حضرت نوح آدم ثانی کے مثیل ہو جائیں۔ ابراہیم خلیل اللہ کے مثیل ہو جائیں موسیٰ کلیم اللہ لے مثیل ہو جائیں۔ عیسیٰ روح اللہ کے مثیل ہو جائیں اور جناب احمد مجتبیٰ محمد مصطفیٰ حبیب اللہ کے مثیل ہو جائیں اور دنیا کے ہر ایک صدیق و شہید کے مثیل ہو جائیں۔

ഞങ്ങളെ നീ നേർമാർഗത്തിൽ നയിക്കേണമേ. നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ, കോപത്തിന്ന് ഇരയായവരുടെ മാർഗത്തിലല്ല. പിഴച്ചു പോയവരുടെ മാർഗത്തിലുമല്ല.

ഈ പ്രാർഥനയിലൂടെ നാം അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നത് അല്ലയോ കാരുണ്യവാനും കരുണാനിധിയുമായ ദൈവമേ നീ ഞങ്ങൾക്ക് ഈ രീതിയിലുള്ള നേർമാർഗം നല്കിയാലും, നീ ഞങ്ങളെ ആദം, ഷീത്, നൂഹ്, ഇബ്രാഹീം, മൂസാ, ഈസാ, നിന്റെ പ്രിയങ്കരനായ അഹ്മദ് മുജ്തബ മുഹമ്മദ് മുസ്തഫാ എന്നിവരെപ്പോലെ ആക്കിയാലും. അതുപോലെ ലോകത്തിലെ ഓരോ സിദ്ധീക്ക്, ശഹീദുമാരെപോലെ ആക്കിയാലും. (*Izala Auham*, p. 257; RK, v. 3, p. 229).

ഇവിടെ മസീഹ് മഊദ് (അ) വളരെ വ്യക്തമായി പറയുന്നത്, പ്രവാചകന്മാർ വരുമെന്നല്ല, നീ ഞങ്ങളെ പ്രവാചകന്മാരുടെ മാതൃകയിലുള്ളവരാക്കി മാറ്റേണമേ എന്നാണ്. പ്രവാചകന്മാർ വരുമായിരുന്നുവെങ്കിൽ 1300 വർഷത്തിനുള്ളിൽ എത്രയോ പ്രവാചകന്മാർ വന്നേനെ. റസൂൽ(സ)യുടെ സഹാബാക്കൾ പോലും ഈ പ്രാർത്ഥന ഉരുവിട്ടവരാണ്. അവർ പോലും ഈ പ്രാർത്ഥനയിലൂടെ പ്രവാചകന്മാർ ആവുകയോ അങ്ങനെയുള്ള വാദം പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല.

یہ بات یادرکھنے کے لائق ہے کہ جبکہ خدا تعالیٰ اپنے فضل عظیم اور کرم عمیم سے کسی شخص کو اپنی خلعتِ ولایت اور رتبہ کرامت سے مشرف اور سرفراز فرماتا ہے تو چار چیزوں میں اس کو جمیع اس کے ابناء جنس اور تمام ہم عصر لوگوں سے امتیاز کلی بخشتا ہے..... سورہ فاتحہ میں مسلمانوں کے لئے یہی دعا مقرر کی ہے کہ وہ اِن ہر چہار کمالات کو طلب کرتے رہیں۔اور وہ دعا یہ ہے۔ٱهْدِنَا ٱلصِّرَاطَ ٱلْمُسْتَقِيمَ۔ صِرَاطَ ٱلَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ ٱلْمَغْضُوبِ عَلَيْهِم۔ اور قرآن شریف کے دوسرے مقام میں اس آیت کی تشریح کی گئی ہے اور ظاہر فرمایا گیا ہے کہ منعم علیھم سے مراد نبی اور صدیق اور شہید اور صالحین ہیں۔اور انسان کامل اِن ہر چہار کمالات کا مجموعہ اپنے اندر رکھتا ہے۔

ഓർമ്മയിൽ വെക്കേണ്ട ഒരു കാര്യം, അല്ലാഹു ഒരാളെ തന്റെ മഹത്തായ അനുഗ്രഹങ്ങൾ മുഖേന  വിലായത്തിന്റെ ഉടയാട ഉടുപ്പിക്കുമ്പോൾ, മറ്റുള്ളവരിൽനിന്നും നാല് കാര്യങ്ങളിൽ ശ്രേഷ്ഠത നൽകുന്നു. ... സൂറാ ഫാതിഹായിൽ അല്ലാഹു ഈ നാല് അനുഗ്രഹങ്ങളും തേടുവാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. (1:5–6). ...  ഈ നാല് അനുഗ്രഹങ്ങൾ മറ്റു സ്ഥലത്ത് കൂടുതൽ വ്യക്തമാക്കിയിരിക്കുന്നു. (4:70). ഈ നാലു പദവികൾ കൊണ്ട് ഉദ്ദേശിക്കുന്നത് നബി, സിദ്ധീഖ്, ശഹീദ്, സാലിഹ് എന്നിവയാണ്. പൂർണ്ണ മനുഷ്യനിൽ ഈ നാല് സവിശേഷതകളും ഒന്നിച്ച് കാണപ്പെടുന്നു. (*Tiryaq-ul-Qulub;* RK, v. 15, p. 417-423).

ഇവിടെ വ്യക്തമായി പറഞ്ഞ കാര്യം അല്ലാഹു ഒരാളെ വലിയായി നിയമിക്കുമ്പോൾ ഈ നാല് ഗുണഗണങ്ങളും നല്കി അനുഗ്രഹിക്കുന്നു എന്നാണ്, അല്ലാതെ അവരെ പ്രവാചകന്മാരാക്കുന്നുവെന്നല്ല.

*************

## 6. സൂറാ ജുമുആയിലെ ഒരു വാക്യം.

പ്രവാചകന്മാർ വീണ്ടും വരുമെന്ന് തെളിയിക്കുവാൻ എടുത്തു കാണിക്കുന്ന വേറൊരുവാക്യമാണ് സൂറാ ജുമുആയിലെ ഈ വചനം:

وَآخَرِينَ مِنْهُمْ لَمَّا يَلْحَقُواْ بِهِمْ (62:4) 'അവരിൽപെട്ട ഇനിയും അവരോടൊപ്പം വന്നുചേർന്നിട്ടില്ലാത്ത മറ്റുള്ളവരിലേക്കും (റസൂൽ(സ)യെ നിയോഗിച്ചിരിക്കുന്നു), എന്ന വചനം അവസാന കാലത്ത് വരുന്ന ഒരു പ്രവാചകനെയാണ് സൂചിപ്പിക്കുന്നത് എന്ന് വരുത്തിത്തീർക്ക രീതിയിൽ വ്യാഖ്യാനിക്കയാണ് മഹ്മൂദികൾ ചെയ്യുന്നത്. എന്നാൽ മസീഹ് മഊദ്(അ) ഏതുരീതിയിലാണ് ഈ വചനത്തെ വ്യാഖ്യാനിച്ചതെന്ന് നോക്കാം.

ھاں یہ ممکن ہے کہ آنحضرت صلی اللہ علیہ وآلہ وسلم نہ ایک دفعہ بلکہ ہزار دفعہ دنیا میں بروزی رنگ میں آجائیں اور بروزی رنگ میں اور کمالات کے ساتھ اپنی نبوت کا بھی اظہار کریں اور یہ بروز خدا تعالیٰ کی طرف سے ایک قرار یافتہ عہد تھا۔ جیسا کہ اللہ تعالیٰ فرماتا ہے وَآخَرِينَ مِنْهُمْ لَمَّا يَلْحَقُواْ بِهِمْ

റസൂൽ(സ), ഒരു തവണയല്ല, ആയിരത്തിലധികം തവണ ഈ ലോകത്ത് പ്രതിച്ഛായാ രീതിയിൽ വരികയും, അങ്ങനെ പ്രതിഫലനരീതിയിൽ തന്റെ ശ്രേഷ്ഠതയോടൊപ്പം തന്റെ നുബുവ്വത്തിനെ വെളിപ്പെടുത്തുകയും ചെയ്യുകയെന്നത് അല്ലാഹുവിൽനിന്ന് രേഖാമൂലമുള്ള ഒരു വാഗ്ദാനമാണ്. അതാണ് വിശുദ്ധ ഖുർആനിലെ (62:4) 'അവരിൽപെട്ട ഇനിയും അവരോടൊപ്പം വന്നുചേർന്നിട്ടില്ലാത്ത മറ്റുള്ളവരിലേക്കും (റസൂൽ(സ)യെ നിയോഗിച്ചിരിക്കുന്നു).' എന്ന വചനത്തിന്റെ പൊരുൾ. (*Ek Ghalati Ka Izala, RK18:215).*

മസീഹ് മഊദ്(അ) ഇവിടെ സൂചിപ്പിക്കുന്നത്, റസൂൽ(സ)യുടെ പ്രവാചകത്വം പ്രതിഫലിപ്പിക്കുന്ന രീതിയിൽ വലിമാരും മുജദ്ദിദുമാരും വരുന്നതിനെയാണ്. അവർ പ്രവാചകന്മാരുടെ പദവിയിലുള്ളവരാണെങ്കിലും, റസൂൽ(സ)യുടെ പ്രതിച്ഛായാ പ്രവാചകത്വമാണ് അവർക്ക് ലഭിക്കുന്നത്. അതുകൊണ്ട് അവർക്ക് സ്വതന്ത്രമായ രീതിയിൽ പ്രവാചകത്വം വാദിക്കാനുള്ള അധികാരമില്ല. യഥാർത്ഥ പ്രവാചകത്വം റസൂൽ(സ)യോടുകൂടി അവസാനിച്ചതാണ് അതിന്റെ കാരണം.

آنحضرت صلی اللہ علیہ وآلہ وسلم کی امت میں سے ہزار ہا انسانوں کو نبوت کا درجہ ملا اور نبوت کے آثار اور برکات ان کے اندر موجزن تھے۔ مگر نبی کا نام صرف شانِ نبوت آنحضرت صلی اللہ علیہ وآلہ وسلم اور سدِّ باب کی نبوت کی خاطر اُن کو اس نام سے ظاہراً ملقب نہ کیا گیا۔

ആയിരക്കണക്കിന് ആളുകൾക്ക് റസൂൽ(സ)യുടെ സമുദായത്തിൽ പ്രവാചകത്വ പദവി ലഭിച്ചു. അവർക്ക് പ്രവാചകത്വത്തിന്റെ അടയാള ങ്ങളും അനുഗ്രഹങ്ങളും ലഭ്യമായിരുന്നു. എന്നാൽ റസൂൽ(സ)യുടെ പ്രവാചകത്വത്തിന്റെ അന്തസ്സ് കാരണമായും പ്രവാചകത്വം അവസാ നിച്ചതുകാരണമായും അവരെ പ്രകടമായ നിലയിൽ നബിയെന്ന സ്ഥാന പ്പേര് നല്കി വിളിച്ചിരുന്നില്ല. (Promised Messiah's talk on evening of 14th April and morning of 15th April 1903. Malfuzat, v. 5, pages 344–345, 349, 350, 351.)

ہمارے سیّد ورسول صلی اللہ علیہ وآلہٖ وسلم خاتم الانبیاء ہیں اور بعد آنحضرت صلی اللہ علیہ وآلہٖ وسلم کوئی نبی نہیں آسکتا اس لئے اس شریعت میں نبی کے قائم مقام محدث رکھے گئے

റസൂൽ(സ) അവസാന പ്രവാചകനായതുകൊണ്ട് വേറൊരു പ്രവാചകന്റെ വരവ് സാദ്ധ്യമല്ലാത്തത് കാരണമായി ഈ ശരീഅത്തിൽ നബിയുടെ സ്ഥാ നത്ത് മുഹദ്ദസിനെ പകരം വെക്കുകയാണ് ചെയ്തത്. (RK6, p. 324)

ایسے لوگوں کو اصطلاحِ اسلام میں نبی اور رسول اور محدث کہتے ہیں اور وہ خدا کے پاک مکالمات اور مخاطبات سے مشرف ہوتے ہیں اور خوارق اُن کے ہاتھ پر ظاہر ہوتے ہیں اور اکثر دعائیں اُن کی قبول ہوتی ہیں اور اپنی دعاوں میں خداتعالیٰ سے بکثرت جواب پاتے ہیں۔

അങ്ങനെയുള്ളവരെ ഇസ്‌ലാമിന്റെ സാങ്കേതികഭാഷയിൽ നബി, റസൂൽ, മുഹദ്ദസ് എന്ന് വിളിക്കുന്നു. അവർക്ക് അല്ലാഹുവിന്റെ പരിശുദ്ധമായ സംഭാഷണങ്ങളും വെളിപാടുകളും ലഭിക്കുന്നു. അവരുടെ കൈകളാൽ അത്ഭുതങ്ങൾ കാണിക്കപ്പെടുന്നു. അവരുടെ പ്രാർത്ഥനകൾ അധികമായി സ്വീകരിക്കപ്പെടുകയും സ്വീകരിച്ചുകൊണ്ടുള്ള മറുപടികൾ ലഭിക്കുകയും ചെയ്യുന്നു. (RK, v. 20, p.225).

ھاں ایسا نبی جو مشکٰوہ نبوت محمدیہ صلی اللہ علیہ وآلہٖ وسلم سے نور حاصل کرتا ہے اور نبوت تامہ نہیں رکھتا جس کو دوسرے لفظوں میں محدّث بھی کہتے ہیں

റസൂൽ(സ)യുടെ പ്രവാചക ദീപത്തിൽനിന്നും പ്രകാശമെടുക്കുന്നയാൾ സമ്പൂർണ്ണ പ്രവാചകനായിത്തീരുന്നില്ല. അയാളെ വേറൊരു രീതിയിൽ മുഹ ദ്ദസ് എന്നു കൂടി പറയുന്നു. (*Izala Auham*, p. 575).

محدث بھی ایک مرسل ہوتا ہے۔ کیا قراءت ولا محدّث کی یاد نہیں رہی۔ پھر یہ کیسی بیہودہ نکتہ چینی ہے کہ مرسل ہونے کا دعویٰ کیا ہے۔ اے نادانوں ! بھلا بتلاو کہ جو بھیجا گیا ہے اس کو عربی میں مرسل یا رسول ہی کہیں کے یا اور کچھ کہیں گے۔ مگر یاد رکھو کہ خدا کے الہام میں اس جگہ حقیقی معنی مراد نہیں جو صاحب شریعت سے تعلق رکھتے ہیں بلکہ جو مامور کیا جاتا ہے وہ مرسل ہی ہوتا ہے۔ یہ سچ ہے کہ وہ الہام جو خدا نے اپنے اس بندہ پر نازل فرمایا اس میں اس

بندہ کی نسبت نبی اور رسول اور مرسل کے لفظ بکثرت موجود ہیں۔ سو یہ حقیقی معنوں پر محمول نہیں ہیں۔ ولکل ان یصطلح سو خدا کی اصطلاح ہے جو اس نے ایسے لفظ استعمال کئے۔

മുഹദ്ദസും ഒരു മുർസൽ (ദൈവദൂതൻ) ആണ്. വലാ മുഹദ്ദസ എന്ന പാരായണ രീതി ഓർമ്മയില്ലേ? പിന്നെ ഇതെന്തൊരു അന്യായമാണ് പ്രവാചകനാണെന്ന വാദം പുറപ്പെടുവിച്ചെന്ന് പറയുന്നത്? ഓ അറിവില്ലാത്തവരെ, നിയോഗിച്ചയക്കുന്നവരെ അറബി ഭാഷയിൽ റസൂൽ അഥവാ മുർസൽ എന്നല്ലേ പറയുക? എന്നാൽ ഓർമ്മിച്ചു കൊള്ളുക, ദൈവത്തിന്റെ വെളിപാടുകളിൽ അതിന്റെ യഥാർത്ഥ അർത്ഥം (ശരീഅത്തിന്റെ ഉടമയുമായി ബന്ധപ്പെട്ടത്) അല്ല വിവക്ഷിക്കുന്നത്. എന്നാൽ നിയോഗിച്ചയക്കപ്പെടുന്നയാൾ ദൂതൻ തന്നെയാകുന്നു. ദൈവത്തിന്റെ വെളിപാടുകളിൽ നബി, റസൂൽ, മുർസൽ എന്നീ പദങ്ങൾ ധാരാളമായി ഉപയോഗിച്ചിരിക്കുന്നു, എന്നാൽ അതൊന്നും അതിന്റെ യഥാർത്ഥ വിവക്ഷയിലല്ല. ഓരോന്നിനും അതിന്റേതായ ഭാഷാ പ്രയോഗ രീതിയുണ്ട്. അല്ലാഹു തന്റെ ഭാഷാ പ്രയോഗത്തിൽ അങ്ങനെയുള്ള പദങ്ങൾ ഉപയോഗിച്ചെന്നു മാത്രം. (*Siraj Munir,* pages 2, 3; RK12, pages 4, 5).

ہاں وحی ولایت اور مکالماتِ الٰہیہ کا دروازہ بند نہیں ہے جس حالت میں مطلب صرف یہ ہے کہ نئے نشانوں کے ساتھ دینِ حق کی تصدیق کی جائے اور سچے دین کی شہادت دی جائے تو جو نشان خدا تعالیٰ کے نشان ہیں خواہ وہ نبی کے ذریعہ سے ظاہر ہوں اور خواہ ولی کے ذریعہ سے وہ سب ایک درجہ کے ہیں کیونکہ بھیجنے والا ایک ہی ہے۔ ایسا خیال کرنا سراسر جہالت اور حمق ہے کہ اگر خدا تعالیٰ نبی کے ہاتھ سے اور نبی کے ذریعہ سے کوئی تائید سماوی کرے تو وہ قوّت اور شوکت میں زیادہ ہے۔ اور اگر ولی کی معرفت وہ تائید ہو تو وہ قوّت اور شوکت میں کم ہے

വലിമാർക്കുള്ള വെളിപാടുകൾ (വഹ്‌യ് വിലായത്ത്) നിലച്ചിട്ടില്ല. ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്, പുതിയ അടയാളങ്ങൾ കാണിച്ചുകൊണ്ട് സത്യമതത്തെ ശക്തിപ്പെടുത്തുക എന്നതാണ്. ഈ ദൈവിക അടയാളങ്ങൾ നബി മുഖേന വെളിപ്പെട്ടാലും വലി മുഖേന വെളിപ്പെട്ടാലും അത് ഒന്നു തന്നെയാണ്, എന്തുകൊണ്ടെന്നാൽ അത് വെളിപ്പെടുത്തുന്നവൻ ദൈവം തന്നെയാകുന്നു. നബി മുഖേന വെളിപ്പെടുന്ന അടയാളങ്ങൾക്ക് കൂടുതൽ ശക്തിയുണ്ടെന്നും എന്നാൽ അതേ അടയാളം വലി മുഖേന വെളിപ്പെട്ടാൽ അതിനു ശക്തി കുറവാണെന്നും കരുതുന്നത് മടയത്തരമാണ്. (*Ayyam-us-Sulh,* p. 74; *RK,* vol. 14, p. 309).

خدا تعالیٰ نے مکالمہ مخاطبہ کاملہ تامہ مطہرہ مقدسہ کا شرف ایسے بعض افراد کو عطا کیا جو فنا فی الرسول کی حالت تک اتم درجہ تک پہنچ گئے اور کوئی حجاب درمیان نہ رہا اور اُمتی ہونے کا مفہوم اور پیروی کے معنے اتم اور اکمل درجہ پر ان میں پائے گئے ایسے طور پر کہ اُن کا وجود اپنا وجود نہ رہا۔ بلکہ اُن کی محویت کہ آئینہ میں آنحضرت ﷺ کے وجود منعکس ہو گیا اور دوسری طرف اتم اور اکمل طور پر مکالمہ مخاطبہ الٰہیہ نبیوں کی طرح اُن کو نصیب ہوا۔

സ്വയം ഇല്ലാതായിക്കൊണ്ട് പൂർണ്ണമായ രീതിയിൽ റസൂൽ(സ)യിൽ ലയിച്ചുചേരുന്ന അവസ്ഥ എത്തിച്ചേരുന്നവരിൽ അവരുടെ അസ്ഥിത്വം അവരുടേതെല്ലാതായിത്തീരുകയും അവരിൽ റസൂൽ(സ)യുടെ അസ്ഥിത്വം പ്രതിഫലിക്കുകയും ചെയ്യുന്നു. ഈ അവസ്ഥയിൽ അല്ലാഹുവിന്റെ പരിപൂർണ്ണമായ വെളിപാടുകൾ കലർപ്പില്ലാത്ത രീതിയിൽ അങ്ങനെയുള്ളവർക്ക് ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. (Wasiyyat-RK20-312).

ഇവിടെ മസീഹ് മഊദ്(അ) അല്ലാഹുവിന്റെ പരിപൂർണ്ണമായ വെളിപാടുകൾ കലർപ്പില്ലാത്ത രീതിയിൽ ലഭിച്ചുകൊണ്ടിരിക്കുന്ന വളരെപ്പേരെക്കുറിച്ചാണ് പറയുന്നത്. അവർ മുസ്‌ലിം സമൂഹത്തിൽ വന്ന മുജദ്ദിദ്മാരും വലിമാരുമാണ്.

صدہا ایسے لوگ گزرے ہیں کہ جن میں حقیقت محمدیہ صلی اللہ علیہ وآلہ وسلم متحقق تھی اور عند اللہ ظلّی طور پر اُن کا نام محمد یا احمد تھا

മുഹമ്മദിന്റെ(സ) ആത്മീയാവസ്ഥയിൽ എത്തിച്ചേരുകയും അല്ലാഹു പ്രതിച്ഛായാ നിലയിൽ മുഹമ്മദ് അല്ലെങ്കിൽ അഹ്മദ് എന്ന് പേരുവെക്കുകയും ചെയ്ത ശതക്കണക്കിന് ആൾക്കാർ കടന്നു കഴിഞ്ഞു പോയിരിക്കുന്നു. (A'inah Kamalat Islam, p. 346; RK, v. 5, p. 346).

یہ ممکن ہے کہ آنحضرت صلی اللہ علیہ وآلہ وسلم نہ ایک دفعہ بلکہ ہزار دفعہ دنیا میں بروزی رنگ میں آجائیں اور بروزی رنگ میں اور کمالات کے ساتھ اپنی نبوت کا بھی اظہار کریں۔

റസൂൽ(സ), ഒരു തവണയല്ല, ആയിരത്തിലധികം തവണ ഈ ലോകത്ത് പ്രതിച്ഛായ രീതിയിൽ വരികയും, അങ്ങനെ പ്രതിഫലനരീതിയിൽ തന്റെ ശ്രേഷ്ഠതയോടൊപ്പം തന്റെ നുബുവ്വത്തിനെ വെളിപ്പെടുത്തുകയും ചെയ്യുകയെന്നത് അല്ലാഹുവിൽനിന്നുള്ള രേഖാമൂലമുള്ള ഒരു വാഗ്ദാനമാണ്. (Ek Ghalati Ka Izala).

اس سے یہی مطلب ہے کہ خدا سے ہم اپنے ترقی ایمان اور بنی نوع کے بھلائی کے لئے چار قسم کے نشان چار کمال کے رنگ میں چاہتے ہیں۔ نبیوں کا کمال۔ صدّیقوں کا کمال۔ شہیدوں کا کمال۔ صلحاء کا کمال۔ سو نبی کا خاص کمال یہ ہے کہ خدا سے ایسا علم غیب پاوے جو بطور نشان کے ہو۔ ...

അല്ലാഹുവിനോട് വിശ്വാസത്തിന്റെ അഭിവൃദ്ധിക്കായും മറ്റുള്ളവരുടെ നന്മയ്ക്കായും നാം നാലു രീതിയിലുള്ള അടയാളങ്ങൾ നാല് ശ്രേഷ്ഠതകളിലായാണ് തേടുന്നത്. നബിമാരുടെ ശ്രേഷ്ഠത, സത്യത്തിനു വേണ്ടി ജീവത്യാഗം ചെയ്തവരുടെ ശ്രേഷ്ഠത, ജീവൻ ബലികഴിച്ചവരുടെ ശ്രേഷ്ഠത, നന്മ നിറഞ്ഞ ജീവിതം നയിച്ചവരുടെ ശ്രേഷ്ഠത. അടയാളമായി എടുത്തു കാണിക്കത്തക്ക രീതിയിലുള്ള അദൃശ്യജ്ഞാനം അല്ലാഹുവിൽനിന്ന് ലഭ്യമാവുക എന്നതാണ് നബിമാരുടെ പ്രത്യേകമായ ശ്രേഷ്ഠത. (Tiryaq-ul-Qulub; RK, v. 15, p. 515)

*************

# 7. റസൂൽമാർ വിശുദ്ധ ഖുർആനിൽ.

ദൈവദൂതന്മാരുടെ ആഗമനം നിലച്ചിട്ടില്ല, അവർ വന്നുകൊണ്ടേയിരിക്കും എന്നു തെളിയിക്കാനായി സാധാരണയായി താഴെ പറയുന്ന വിശുദ്ധ ഖുർആൻ വാക്യങ്ങൾ ഉദ്ധരിക്കുകയാണ് പതിവ്.

مَّا كَانَ ٱللَّهُ لِيَذَرَ ٱلْمُؤْمِنِينَ عَلَىٰ مَآ أَنْتُمْ عَلَيْهِ حَتَّىٰ يَمِيزَ ٱلْخَبِيثَ مِنَ ٱلطَّيِّبِ وَمَا كَانَ ٱللَّهُ لِيُطْلِعَكُمْ عَلَى ٱلْغَيْبِ وَلَٰكِنَّ ٱللَّهَ يَجْتَبِى مِنْ رُّسُلِهِ مَنْ يَشَآءُ فَآمِنُواْ بِٱللَّهِ وَرُسُلِهِ وَإِنْ تُؤْمِنُواْ وَتَتَّقُواْ فَلَكُمْ أَجْرٌ عَظِيمٌ

3:180 നല്ലതിൽ നിന്ന് ദുഷിച്ചതിനെ വേർതിരിച്ചു കാണിക്കാതെ, സത്യവിശ്വാസികളെ നിങ്ങളിന്നുള്ള അവസ്ഥയിൽ അല്ലാഹു വിടാൻ പോകുന്നില്ല . അദൃശ്യജ്ഞാനം അല്ലാഹു നിങ്ങൾക്ക് വെളിപ്പെടുത്തിത്തരാനും പോകുന്നില്ല. എന്നാൽ അല്ലാഹു അവന്റെ ദൂതൻമാരിൽ നിന്ന് അവൻ ഉദ്ദേശിക്കുന്നവരെ (അദൃശ്യജ്ഞാനം അറിയിച്ചുകൊടുക്കുവാനായി) തെരഞ്ഞെടുക്കുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതൻമാരിലും വിശ്വസിക്കുവിൻ. നിങ്ങൾ വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്ന പക്ഷം നിങ്ങൾക്കു മഹത്തായ പ്രതിഫലമുണ്ട് .

يابَنِيٓ آدَمَ إِمَّا يَأْتِيَنَّكُمْ رُسُلٌ مِّنكُمْ يَقُصُّونَ عَلَيْكُمْ آيَاتِى فَمَنِ ٱتَّقَىٰ وَأَصْلَحَ فَلاَ خَوْفٌ عَلَيْهِمْ وَلاَ هُمْ يَحْزَنُونَ

7:35 ആദം സന്തതികളേ, നിങ്ങൾക്ക് എന്റെ ദൃഷ്ടാന്തങ്ങൾ വിവരിച്ചുതന്നു കൊണ്ട് നിങ്ങളിൽ നിന്നു തന്നെയുള്ള ദൂതൻമാർ നിങ്ങളുടെ അടുത്ത് വരുന്നപക്ഷം അപ്പോൾ സൂക്ഷ്മത പാലിക്കുകയും, നിലപാട് നന്നാക്കിത്തീർക്കുകയും ചെയ്യുന്നതാരോ അവർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല . അവർക്ക് ദു:ഖിക്കേണ്ടി വരികയുമില്ല .

يٰأَيُّهَا ٱلرُّسُلُ كُلُواْ مِنَ ٱلطَّيِّبَاتِ وَٱعْمَلُواْ صَالِحاً إِنِّى بِمَا تَعْمَلُونَ عَلِيمٌ

23:52 ഹേ, ദൂതൻമാരേ, വിശിഷ്ടവസ്തുക്കളിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുകയും, സൽകർമ്മം പ്രവർത്തിക്കുകയും ചെയ്യുവിൻ. തീർച്ചയായും ഞാൻ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അറിയുന്നവനാകുന്നു.

മുകളിൽ വിവരിച്ച വാക്യങ്ങളിൽനിന്ന് ഒരു കാര്യം വ്യക്തമാണ്, ദൂതന്മാർ വരികയാണെങ്കിൽ, അവർ ഒരാളല്ല, കൂടുതൽ പേരാണ്. ആ ദൂതന്മാർ ആരൊക്കെയാണെന്ന് മസീഹ് മഊദ്(അ) വ്യക്തമാക്കിയിട്ടുണ്ട്.

قرآن شریف میں ہے فَلاَ يُظْهِرُ عَلَىٰ غَيْبِهِ أَحَداً إِلاَّ مَنِ ٱرْتَضَىٰ مِن رَّسُولٍ یعنی کامل طور پر غیب کا بیان کرنا صرف رسولوں کا کام ہے دوسرے کو یہ مرتبہ عطا نہیں ہوتا۔ رسولوں سے مراد وہ لوگ ہیں جو خدا تعالیٰ کی طرف سے بھیجے جاتے ہوں خواہ وہ نبی ہوں یا رسول یا محدث اور مجدد ہوں۔

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു, അവൻ അദൃശ്യം അറിയുന്നവനാണ്. എന്നാൽ അവൻ തന്റെ അദൃശ്യജ്ഞാനം ഒരാൾക്കും വെളിപ്പെടുത്തി കൊടുക്കുകയില്ല. അവൻ തൃപ്തിപ്പെട്ട ഒരു ദൂതനല്ലാതെ. പൂർണ്ണമായ രീതിയിൽ അദൃശ്യം വെളിപ്പെടുത്തുകയെന്നത് അല്ലാഹുവിന്റെ ദൂതന്മാരുടെ പ്രവൃത്തിയാണ്. മറ്റുള്ളവർക്ക് ഈ പദവി ലഭിക്കുകയില്ല. ഇവിടെ റസൂൽ (ദൂതൻ) എന്നതുകൊണ്ടുദ്ദേശിക്കുന്നത് അല്ലാഹു നിയോഗിച്ചയക്കുന്നവരെക്കുറിച്ചാണ്. അവർ നബിയായാലും റസൂലായാലും മുഹദ്ദസ് ആയാലും മുജദ്ദിദ് ആയാലും ഒന്നുതന്നെയാണ്.
(Ayyam as-Sulh, p. 171, footnote; RK, v. 14, p. 419).

മുജദ്ദിദ്മാരും അല്ലാഹുവിന്റെ ദൂതന്മാർ തന്നെയാണ്, അങ്ങനെയുള്ളവർ വളരെ പേർ മുസ്ലിം സമൂഹത്തിൽ വന്നുകൊണ്ടിരുന്നു. ഇസ്ലാമിന്റെ സത്യതയെ വെളിപ്പെടുത്താനായി അല്ലാഹു അവർക്ക് വെളിപാടുകളും അടയാളങ്ങളും നല്കി. എന്നാൽ അവർക്കൊന്നും പ്രവാചകത്വ വാദം പുറപ്പെടുവിക്കാനുള്ള അനുമതി നല്കിയിരുന്നില്ല. എന്തുകൊണ്ടെന്നാൽ യഥാർത്ഥത്തിൽ അവർ റസൂൽ(സ)യുടെ അനുയായികൾ ആയിരുന്നു. അദ്ദേഹത്തെ പിന്തുടർന്നുകൊണ്ട് സ്വയം ഇല്ലാതായി, അദ്ദേഹത്തിൽ ലയിച്ചതിന്റെ ഫലമായി റസൂൽ(സ)യുടെ പ്രവാചകത്വത്തിന്റെ പ്രതിച്ഛായ എന്ന രീതിയിലാണ് ഈ പദവി അവർക്ക് ലഭിക്കുന്നത്.

*************

# 8. പ്രവാചകന്മാരോട് വാങ്ങിയ കരാർ

സാധാരണയായി, മസീഹ് മഊദിന്റെ (അ) പ്രവാചകത്വം തെളിയിക്കുവാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന വിശുദ്ധ വാക്യം തെറ്റായ രീതിയിൽ വ്യാഖ്യാനിക്കുകയാണ് പതിവ്. എന്നാൽ മസീഹ് മഊദ് (അ) ഈ വാക്യം എങ്ങനെയാണ് വ്യാഖ്യാനിച്ചതെന്ന് മനസ്സിലാക്കുന്നതു വഴി അവർ കാണിക്കുന്ന വഞ്ചന പുറത്തുവരുന്നതാണ്.

وَإِذْ أَخَذَ ٱللَّهُ مِيثَاقَ ٱلنَّبِيِّينَ لَمَآ آتَيْتُكُم مِّنْ كِتَابٍ وَحِكْمَةٍ ثُمَّ جَآءَكُمْ رَسُولٌ مُّصَدِّقٌ لِّمَا مَعَكُمْ لَتُؤْمِنُنَّ بِهِ وَلَتَنْصُرُنَّهُ قَالَ أَأَقْرَرْتُمْ وَأَخَذْتُمْ عَلَىٰ ذٰلِكُمْ إِصْرِى قَالُوٓاْ أَقْرَرْنَا قَالَ فَٱشْهَدُواْ وَأَنَاْ مَعَكُمْ مِّنَ ٱلشَّاهِدِينَ

ترجمہ۔اور یاد کر جب خدانے تمام رسولوں سے عہد لیا کہ جب میں تمہیں کتاب اور حکمت دوں گا۔اور پھر تمہارے پاس آخری زمانے میں میرا رسول آئے گا جو تماری کتابوں کی تصدیق کرے گا۔ تمہیں اُس پر ایمان لانا ہو گا اور اُس کی مدد کرنی ہو گی اور کہا کیا تم نے اقرار کر لیا اور اس عہد پر استوار ہو گئے۔انہوں نے کہا کہ ہم نے اقرار کر لیا۔تب خدا نے فرمایا کہ اب اپنے اقرار کے گواہ رہو اور میں بھی تمارے ساتھ اس بات کا گواہ ہوں۔ اب ظاہر ہے کہ انبیاء تو اپنے اپنے وقت پر فوت ہو گئے تھے یہ حکم ہر نبی کی اُمت کے لئے ہے کہ جب وہ رسول ظاہر ہو تو اس پر ایمان لاو ورنہ مواخذہ ہو گا۔

3:82 അല്ലാഹു എല്ലാ പ്രവാചകൻമാരോടും കരാർ വാങ്ങിയ സന്ദർഭം (ഓർക്കുക): ഞാൻ നിങ്ങൾക്ക് വേദഗ്രന്ഥവും വിജ്ഞാനവും നൽകുകയും, പിന്നീട് നിങ്ങളുടെ ഗ്രന്ഥങ്ങളെ സത്യപ്പെടുത്തുവാനായി അവസാന കാലത്തുള്ള എന്റെ ദൂതൻ നിങ്ങളുടെ അടുത്ത് വരുമ്പോൾ തീർച്ചയായും നിങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും, അദ്ദേഹത്തെ സഹായിക്കുകയും ചെയ്യേണ്ടതാണ് എന്ന്. തുടർന്ന് അവൻ അവരോട് ചോദിച്ചു: നിങ്ങളത് സമ്മതിക്കുകയും അക്കാര്യത്തിൽ എന്നോടുള്ള ബാധ്യത ഏറ്റെടുക്കുകയും ചെയ്തുവോ? അവർ പറഞ്ഞു: അതെ, ഞങ്ങൾ സമ്മതിച്ചിരിക്കു

ന്നു. അവൻ പറഞ്ഞു: എങ്കിൽ നിങ്ങൾ അതിന് സാക്ഷികളായിരിക്കുക, ഞാനും നിങ്ങളോടൊപ്പം സാക്ഷിയാകുന്നു.

ഇതിൽനിന്ന് ഒരു കാര്യം വ്യക്തമാണ്, നബിമാർ അവരുടെ കാലത്ത് മൺ മറഞ്ഞു പോയിരിക്കുന്നു. ഈ കല്പന ഓരോ പ്രവാചകന്മാരുടേയും അനുയായികൾക്കുള്ളതാണ്, ആ പ്രവാചകൻ വരുമ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കണമെന്നത്, അല്ലെങ്കിൽ ശിക്ഷയ്ക്ക് പാത്രീഭവിക്കുന്നതാണെന്ന്. (Haqiqatul Wahy Page 130-131, RK22-P133-134)

ഇവിടെ അവസാന കാലത്തെ പ്രവാചകൻ എന്നത് അറബി മൂല്യത്തിൽ ഇല്ല. പക്ഷേ അറബി വ്യാകരണ പ്രകാരം എല്ലാവരും വന്നു, പിന്നീട് ഒരാൾവന്നു എന്നു പറഞ്ഞാൽ ആ ആൾ അവസാനത്തെ ആളാണ്.

وَإِذْ أَخَذْنَا مِنَ ٱلنَّبِيِّينَ مِيثَاقَهُمْ وَمِنْكَ وَمِن نُّوحٍ وَإِبْرَاهِيمَ وَمُوسَىٰ وَعِيسَى ٱبْنِ مَرْيَمَ وَأَخَذْنَا مِنْهُمْ مِّيثَاقاً غَلِيظاً

33:8 പ്രവാചകൻമാരിൽ നിന്ന് നാം അവരുടെ കരാർ വാങ്ങിയ സന്ദർഭം (ഓർക്കുക): നിന്നിൽനിന്നും നൂഹ്, ഇബ്രാഹീം, മൂസാ, മർയമിന്റെ മകൻ ഈസാ എന്നിവരിൽ നിന്നും നാം ദൃഢമായ കരാർ വാങ്ങിയിരിക്കുന്നു.

ഇവിടെ നിന്നിൽനിന്നും എന്നു പറഞ്ഞതിൽനിന്നും ഒരു സംശയം ഉദിക്കാവുന്നതാണ്, അതിന്റെ അർത്ഥം, റസൂൽ(സ)യുടെ ജനതയിൽനിന്നും അല്ലാഹു കരാർ വാങ്ങിച്ചിരിക്കുന്നു, അദ്ദേഹത്തിൽ വിശ്വസിക്കുകയും, അദ്ദേഹത്തെ സഹായിക്കുകയും ചെയ്യുകയെന്നത് അവരുടെയും ബാദ്ധ്യതയാണെന്ന്. അദ്ദേഹത്തിൽ വിശ്വസിക്കുകയും, അദ്ദേഹത്തെ (സ) സഹായിക്കുകയും ചെയ്യാതെ വെറും അല്ലാഹുവിൽ വിശ്വസിച്ചതുകൊണ്ടു മാത്രം മോക്ഷം ലഭിക്കുകയില്ലെന്ന് സാരം.

ഈസാ നബി (അ) ഗ്രന്ഥമില്ലാത്ത പ്രവാചകനാണെന്ന് ചിലപ്പോൾ സംശയം തോന്നിയേക്കാം. പക്ഷേ അദ്ദേഹം തൗറാത്തിനെ പിന്തുടരുന്ന പ്രവാചകനായിരുന്നു.

قَالَ إِنِّي عَبْدُ ٱللَّهِ آتَانِيَ ٱلْكِتَابَ وَجَعَلَنِي نَبِيّاً

19:31 അദ്ദേഹം പറഞ്ഞു: ഞാൻ അല്ലാഹുവിന്റെ ദാസനാകുന്നു. അവൻ എനിക്ക് വേദഗ്രന്ഥം നല്കുകയും എന്നെ അവൻ പ്രവാചകനാക്കുകയും ചെയ്തിരിക്കുന്നു.

റസൂൽ (സ) തിരുമേനിക്കു ശേഷം പ്രവാചകൻ വരുമെന്ന് തെളിയിക്കുവാൻ മേൽ പറഞ്ഞ വാക്യം എടുത്തുദ്ധരിക്കുന്നത് ഒന്നുകിൽ അജ്ഞതയോ അല്ലെങ്കിൽ അറിഞ്ഞുകൊണ്ട് സത്യത്തെ മറച്ചു വെക്കുകയോ ചെയ്യലാകുന്നു.

*************

# 9. ഉമ്മത്തിയും നബിയും എന്നാൽ മുഹദ്ദസ്

മസീഹ് മൗഊദ് (അ) ഞാൻ ഉമ്മത്തി നബിയാണെന്ന് ഒറ്റ വാക്കിൽ എവിടെയും പറഞ്ഞിട്ടില്ല. ഒരു വശത്തുകൂടി ഞാൻ നബിയാണെന്നും വേറൊരു വശത്തുകൂടി ഞാൻ ഉമ്മത്തിയാണെന്നും, എന്റെ പ്രവാചകത്വം നബി(സ) തിരുമേനിയുടെ പ്രതിച്ഛായ ആണെന്നും അല്ലാതെ യഥാർത്ഥ പ്രവാചകത്വമല്ലെന്നും ആണ് പറഞ്ഞിരിക്കുന്നത്.

اس لیے میں صرف نبی نہیں کہلا سکتا بلکہ ایک پہلو سے نبی اور ایک پہلو سے اُمّتی اور میری نبوت آنحضرت ﷺ کی ظل ہے نہ کہ اصلی نبوت۔

എന്നെ വെറും നബിയെന്ന് പറയാവതല്ല. എന്നാൽ ഒരു വശത്തുകൂടി ഞാൻ നബിയും വേറൊരു വശത്തുകൂടി ഞാൻ ഉമ്മത്തിയും ആകുന്നു, അതോടൊപ്പം എന്റെ പ്രവാചകത്വം നബി(സ) തിരുമേനിയുടെ പ്രതിച്ഛായ ആകുന്നു. അല്ലാതെ യഥാർത്ഥ പ്രവാചകത്വമല്ല. (Haqiqatul Wahy Page 154, RK22-P154)

ایک پیغمبر کو اُمّتی قرار دینے میں کون سی حکمت ہے؟یوں تو قرآن شریف سے ثابت ہے کہ ہر ایک نبی آنحضرت ﷺ کی اُمّت میں داخل ہے جیسا کہ اللہ تعالیٰ فرماتا ہے لَتُؤْمِنُنَّ بِهِ وَلَتَنْصُرُنَّهُ پس اس طرح تمام انبیاء علیہم السلام آنحضرت ﷺ کی اُمّت ہوئے

ഒരു പ്രവാചകൻ ഉമ്മത്തിയാണെന്ന് പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്? എല്ലാ പ്രവാചകന്മാരും റസൂൽ(സ)യുടെ സമുദായത്തിൽ ഉൾപ്പെട്ടവരാണെന്ന് വിശുദ്ധ ഖുർആനിൽനിന്നു തെളിയുന്ന കാര്യമാണ്. നിങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കണമെന്നും അദ്ദേഹത്തെ സഹായിക്കണമെന്നും എല്ലാ പ്രവാചകന്മാരോടും കരാർ വാങ്ങുക വഴി, എല്ലാ പ്രവാചകന്മാരും റസൂൽ(സ)യുടെ ഉമ്മത്തിയായി മാറിയിരിക്കയാണ്. (Zameema Baraheen Ahmadiyya Hissa Pancham P 133, RK21-P 300).

മിഅ്റാജ് രാത്രിയിൽ റസൂൽ(സ)യുടെ പിറകിൽ എല്ലാ പ്രവാചകന്മാരും ഒന്നിച്ചു നമസ്ക്കരിച്ചത്, എല്ലാ പ്രവാചകന്മാരും റസൂൽ(സ)യുടെ ഉമ്മത്തിയായി മാറിയിരിക്കുന്നതിനെ സൂചിപ്പിക്കുന്നു.

മസീഹ് മഊദ് (അ) ഒറ്റ വാക്കിൽ എവിടെയും ഞാൻ ഉമ്മത്തിനബിയാണെന്ന് പറഞ്ഞിട്ടില്ല. എന്നാൽ ചിലയാൾക്കാർ അങ്ങനെ തെളിയിക്കാൻ ശ്രമിക്കാറുണ്ട്. അങ്ങനെ ഒരു അവകാശവാദമുണ്ടെങ്കിൽ തെളിയിക്കേണ്ട ആവശ്യമെന്താണ്? നേരെ അവകാശവാദം ഉന്നയിച്ചത് കാണിക്കുകയല്ലേ വേണ്ടത്? തെളിയിക്കാൻ ശ്രമിക്കുമ്പോൾ അങ്ങനെയൊരു വാദം ഇല്ലന്നല്ലേ തെളിയുക? മസീഹ് മഊദ് (അ) പറഞ്ഞതു പോലെ എല്ലാ നബിമാരും റസൂൽ(സ)യുടെ അനുയായികളാണെന്നു വിശുദ്ധ ഖുർആനിൽനിന്നു തെളിയുമ്പോൾ പിന്നെ ഒരാളെ മാത്രം ഉമ്മത്തിയാക്കുന്നതിൽ എന്ത് മേന്മയാണുള്ളത്?

سو یہ بات کہ اس کو امتی بھی کہا نبی بھی۔اس بات کی طرف اشارہ ہے کہ دونوں شانین امتیت اور نبوت کی اس میں پائی جائیں گی جیسا کہ محدس میں ان دونوں کا پایا جانا ضروری ہے

അദ്ദേഹത്തെ (മസീഹ് മൗഊദിനെ) (അ) ഉമ്മത്തിയെന്നും നബിയെന്നും പറഞ്ഞതിന്റെ വിവക്ഷ, ഉമ്മത്തിയത്, നുബുവ്വത് എന്നീ രണ്ടു ഗുണങ്ങളും അദ്ദേഹത്തിൽ കാണപ്പെടുമെന്നതാണ്, മുഹദ്ദസിൽ ഈ രണ്ടു ഗുണങ്ങളും കാണപ്പെടുകയെന്നത് അത്യാവശ്യമായിരിക്കുന്നതുപോലെ. (Izale Auham RK3-P386)

ഉമ്മത്തിയും നബിയുമാണെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം മുഹദ്ദസാണെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

*************

# 10. ഹദീസ് ഗ്രന്ഥങ്ങളിലെ നബിയുല്ലാഹ്

**ഇ**ബ്നു മർയമിന്റെ രണ്ടാംവരവിനെക്കുറിച്ച് ഹദീസ് ഗ്രന്ഥങ്ങളിൽ നബിയുല്ലാഹ് എന്ന പരാമർശമുള്ളതുകൊണ്ട് അദ്ദേഹം നബിയായിരിക്കണമെന്ന വാദമാണ് വേറൊന്ന്. എന്നാൽ ഹദീസ് ഗ്രന്ഥങ്ങളിൽ എവിടെയും മിർസാ ഗുലാം അഹ്മദ് നബിയുല്ലാഹ് വരുമെന്ന് പറഞ്ഞിട്ടില്ല. ഇബ്നു മർയം നബിയുല്ലാഹ് വരുമെന്നാണ് പറഞ്ഞത്. ഇബ്നു മർയം ഉപമാരൂപത്തിൽ ഗുലാം അഹ്മദ് ആകുമ്പോൾ നബിയുല്ലാഹ് എന്നതും ഉപമാരൂപത്തിൽ എടുക്കേണ്ടിവരും. ഇതുതന്നെയാണ് മസീഹ് മഊദ് (അ) നമ്മെ പഠിപ്പിക്കുന്നത്.

حالانکہ وہ وعدہ کر چکا ہے کہ بعد آنحضرت صلی اللہ علیہ وآلہ وسلم کے کوئی رسول نہیں بھیجا جائے گا۔اور حدیثوں کے پڑھنے والوں نے یقیناً یہ بڑی بھاری غلطی کھائی ہے کہ صرف عیسیٰ یا ابن مریم رخصت ہونا ہے یہ تو اجتماعی عقیدہ ہو چکا۔اور مسلم میں اس بارہ میں حدیث بھی ہے کہ مسیح نبی اللہ ہونے کی حالت میں آئے گا۔اب اگر مثالی طور پر مسیح یا ابن مریم کی لفظ سے کوئی اُمّتی شخص مراد ہو جو محدثیت کا مرتبہ رکھتا ہو تو کوئی بھی خرابی لازم نہیں آتی۔کیونکہ محدّث من وجہٍ نبی بھی ہوتا ہے مگر وہ ایسا نبی ہے جو نبوت محمدیہ کے چراغ سے روشنی حاصل کرتا ہے

റസൂൽ(സ) തിരുമേനിക്കുശേഷം ഒരു പ്രവാചകനേയും അയക്കുകയില്ലെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. ഹദീസ് വ്യഖ്യാതാക്കൾ വലിയ തെറ്റിദ്ധാരണയിലാണ് അകപ്പെട്ടിരിക്കുന്നത്. ഈസാ അല്ലെങ്കിൽ ഇബ്നുമർയം മാത്രമാണ് വരികയെന്ന് പറഞ്ഞുകൊണ്ട് അത് വിശ്വാസത്തിന്റെ ഭാഗമാക്കി വെച്ചിരിക്കയാണ്. സഹീഹ് മുസ്ലിമിലെ ഹദീസിൽ വരാനിരിക്കുന്ന മസീഹിനെക്കുറിച്ച് നബിയുല്ലാഹ് എന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ മസീഹിനെ അല്ലെങ്കിൽ ഇബ്നു മർയമിനെ ഈ ഉമ്മത്തിലെ മുഹദ്ദസ് പദവിയിലുള്ള ഒരാളായി ഗണിക്കുകയാണെങ്കിൽ ഒരു വിഷമവും ഉണ്ടാവുകയില്ല. മുഹദ്ദസും ഒരു രീതിയിൽ പ്രവാചകനാകുന്നു, മുഹമ്മദ് (സ) തിരുമേനിയുടെ പ്രവാചക ദീപത്തിൽനിന്നും പ്രകാശമെടുക്കുന്ന പ്രവാചകൻ. (Izalah Auham, p. 586).

بار بار کہتا ہوں کہ یہ الفاظ رسول اور مرسل اور نبی کے میرے الہام میں میری نسبت خدا تعالیٰ کی طرف سے بے شک ہیں لیکن اپنے حقیقی معنوں پر محمول نہیں ہیں۔اور جیسے یہ محمول نہیں ایسے ہی وہ نبی کر کے پکارنا جو حدیثوں میں مسیح موعود کیلئے آیا ہے وہ بھی اپنے حقیقی معنوں پر اطلاق نہیں پاتا۔یہ وہ علم ہے جو خدا نے مجھے دیا ہے جس نے سمجھنا

ہو سمجھ لے۔ میرے پر یہی کھولا گیا ہے کہ حقیقی نبوت کے دروازے خاتم النبیین ﷺ کے بعد بکلی بند ہیں۔اب نہ کوی جدید نبی حقیقی معنوں کے رو سے آسکتا ہے اور نہ کوی قدیم نبی۔

ഞാൻ വീണ്ടും വീണ്ടും പറയുകയാണ്, റസൂൽ, മുർസൽ, നബി എന്നീ പദങ്ങൾ എന്നെ സംബോധന ചെയ്തുകൊണ്ട് എന്റെ വെളിപാടുകളിൽ അല്ലാഹുവിൽനിന്നും തീർച്ചയായും ഉണ്ട്. അതൊന്നും അതിന്റെ യഥാർത്ഥ അർത്ഥത്തിലുള്ളതല്ല. അതുപോലെ മസീഹ് മഊദിനെ നബിയെന്ന് സംബോധന ചെയ്തുകൊണ്ട് ഹദീസിൽ വന്നിരിക്കുന്നത് അതിന്റെ യഥാർത്ഥ അർത്ഥത്തിലുമല്ല. ഈ അറിവ് അല്ലാഹുവാണ് എനിക്ക് നല്കിയിരിക്കുന്നത്. മനസ്സിലാക്കാൻ സാധിക്കുന്നവർ മനസ്സിലാക്കുക. റസൂൽ(സ) തിരുമേനിക്കു ശേഷം യഥാർത്ഥ പ്രവാചകത്വത്തിന്റെ വാതിൽ പൂർണ്ണമായും അടഞ്ഞിരിക്കയാണെന്ന് അല്ലാഹു എനിക്ക് വെളിപ്പെടുത്തി തന്നിരിക്കയാണ്. ഇനി പുതിയ നബിയോ അല്ലെങ്കിൽ പഴയ നബിയോ അതിന്റെ യഥാർത്ഥ വിവക്ഷയിൽ വരുന്നതല്ല. എന്നാൽ നമ്മുടെ എതിരാളികൾ ഖതമുന്നുബുവ്വത്തിന്റെ വാതിൽ പൂർണ്ണമായ രീതിയിൽ അടഞ്ഞതായി മനസ്സിലാക്കുന്നില്ല. (Siraj-e-Muneer Page 3- RK12-Page 5).

یہ الفاظ بطور استعارہ ہیں جیسا کہ حدیث میں بھی مسیح موعود کے لئے نبی کا لفظ آیا ہے۔ ظاہر ہے کہ جس کو خدا بھیجتا ہے وہ اس کا فرستادہ ہی ہوتا ہے اور فرستادہ کو عربی میں رسول کہتے ہیں۔اور جو غیب کی خبر خدا سے پا کر دیوے اس کو عربی میں نبی کہتے ہیں۔اسلامی اصطلاح کے معنے الگ ہیں۔اس جگہ محض لغوی معنے مراد ہیں۔ان سب مقامات کا مولوی محمد حسین صاحب بٹالوی نے ریویو لکھا ہے اور اس پر کوئی اعتراض نہیں کیا بلکہ بیس برس سے تمام پنجاب اور ہندوستان کے علماء ان الہامات کو براہین احمدیہ میں پڑھتے ہیں اور سب نے قبول کیا۔آج تک کسی نے اعتراض نہیں کیا۔بجز دو تین لدھیانہ کے ناسمجھ مولوی محمد اور عبد العزیز کے۔

ഹദീസിൽ മസീഹ് മഊദിനെ നബിയെന്ന് സംബോധന ചെയ്തത് വെറും ഉപമാരൂപത്തിലാണ്. ആരെയാണോ അല്ലാഹു നിയോഗിച്ചയക്കുന്നത്, അയാൾ അല്ലാഹുവിന്റെ ദൂതനാകുന്നു. അറബിയിൽ ദൂതന് റസൂൽ എന്നാണ് പറയുക. അദൃശ്യവാർത്തകൾ അല്ലാഹുവിൽനിന്ന് ലഭിച്ച് അത് വെളിപ്പെടുത്തുന്നവരെ അറബിയിൽ നബിയെന്ന് പറയുന്നു. ഇസ്ലാമിക സാങ്കേതിക ഭാഷയിൽ അതിന്റെ അർത്ഥം വേറെയാണ്. ഇവിടെ വെറും പദാർത്ഥമാണ് ഉദ്ദേശിക്കപ്പെടുന്നത്. ഇതിനെ സംബന്ധിച്ച് മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവി അവലോകനം എഴുതിയിരുന്നു. ഒരെതിരഭിപ്രായവും പ്രകടിപ്പിച്ചിരുന്നില്ല. മാത്രമല്ല, ഇരുപതു വർഷത്തോളം പഞ്ചാബിലേയും ഇന്ത്യയിലേയും പണ്ഡിതന്മാർ ഈ വെളിപാടുകളെ ബറാഹീനെ അഹ്മദിയ്യായിൽ വായിക്കുകയും എല്ലാവരും സ്വീകരിക്കു

കയും ചെയ്തു. ഇന്നുവരെ ആരും ഒരെതിരഭിപ്രായവും പ്രകടിപ്പിച്ചി രുന്നില്ല. ലുധിയാനയിലെ ഏതാനും മനസ്സിലാകാത്ത മൗലവിമാരായ മുഹമ്മദും അബ്ദുൽഅസീസും ഒഴികെ. (Arba`in no. 2, p. 20, -margin).

لیکن یادر کھنا چاہےء کہ جیسا کہ ابھی ہم نے بیان کیا ہے بعض اوقات خدائے تعالٰی کے الہامات میں ایسے الفاظ استعارہ اور مجاز کے طور پر اس کے بعض اولیاء کی نسبت استعمال ہو جاتے ہیں اور وہ حقیقت پر محمول نہیں ہوتے سارا جھگڑا یہ ہے جس کو نادان متعصب اور طرف کھینچ کر لے گےء ہیں۔ آنے والے مسیح موعود کا نام جو صحیح مسلم وغیرہ میں زبان مقدس حضرت نبوی ﷺ سے نبی اللہ نکلا ہے وہ انہی مجازی معنوں کے رو سے ہے جو صوفیاء کرام کی کتابوں میں مسلم اور ایک معمولی محاورہ مکالمات الہیہ کا ہے۔ ورنہ خاتم الانبیاء کے بعد نبی کیسا۔

ഓർമ്മയിൽ വെക്കേണ്ട ഒരു കാര്യം, ഞാനിപ്പോൾ വിവരിച്ചതുപോലെ യുള്ള പദങ്ങൾ (നബി, റസൂൽ എന്നിവ) ചില ഔലിയാക്കൾക്കുവേണ്ടി ദൈവിക വെളിപാടുകളിൽ ഉപമാരൂപത്തിൽ ഉപയോഗിക്കുന്നത് അതിന്റെ യഥാർത്ഥ അർത്ഥത്തിലല്ല എന്നതാണ്. വിവരമില്ലാത്ത എതിരാളികൾ ഇതിനെ വലിച്ചിഴച്ച് വേറൊരു ദിശയിലേക്ക് കൊണ്ടുപോയിരിക്കയാണ്. വരാനിരിക്കുന്ന വാഗ്ദത്ത മസീഹിനെക്കുറിച്ച് സഹീഹ് മുസ്ലിം മുതലായ ഗ്രന്ഥങ്ങളിൽ നബി(സ)യുടെ പുണ്യനാവിൽനിന്ന് നബിയുല്ലാഹ് എന്നു പുറപ്പെട്ടത്, ഉപമാർത്ഥത്തിലാണ്. ഇങ്ങനെയുള്ള പദങ്ങൾ ബഹുമാന്യ രായ സൂഫിയാക്കളുടെ ഗ്രന്ഥങ്ങളിൽ, ദൈവിക വെളിപാടുകൾക്ക് പകര മായി സാധാരണയായി ഉപയോഗിക്കുന്ന പ്രയോഗങ്ങളാണ്. അല്ലാതെ ഖാതമുന്നബിയ്യീനു ശേഷം വേറൊരു പ്രവാചകൻ എങ്ങനെയാണ് വരിക? (Anjam-e-Atham RK11: P28, Foot Note).

*************

## 11. ആയിഷ സിദ്ധീഖായുടെ (റ.അ.) ഹദീസ്.

മഹ്മൂദികൾ പ്രവാചകൻ വരുമെന്ന് തെളിയിക്കുവാൻ ആയിഷ സിദ്ധീഖായുടെ (റ.അ.) താഴെ പറയുന്ന ഹദീസ് തെളിവായി ഉദ്ധരിക്കാറുണ്ട്. ഇത് ഹദീസല്ല, അവരുടെ അഭിപ്രായ പ്രകടനമാണെന്ന് പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. മസീഹ് മഊദ് (അ) ഇതിനെ സംബന്ധിച്ച് എന്താണ് പറയുന്നതെന്ന് നോക്കാം.

یہ بھی مجھ پر الزام لگایا جاتا ہے کہ میں نبوت کا دعویٰ کرتا ہوں اور کہ میں نے نیا دین بنالیا ہے یا میں کسی الگ قبلہ کی فکر میں ہوں، نماز میں نے الگ بنائی ہے یا قرآن کو منسوخ کر کے اور قرآن بنالیا ہے۔ سو اس تہمت کے جواب میں میں بجز اس کے کہ لَعنَتَ اللهِ عَلَى الكَاذِبِينَ (آل عمران 62) کہوں اور کیا کہوں؟ میرا دعویٰ صرف یہ ہے کہ موجودہ مفاصد کے باعث خدا تعالیٰ نے مجھے بھیجا ہے اور میں اس امر کا اخفاء نہیں کر سکتا کہ مجھے مکالمہ مخاطبہ کا شرف عطا کیا گیا ہے اور خدا تعالیٰ مجھ سے ہمکلام ہوتا ہے اور کثرت سے ہوتا ہے۔ اسی کا نام نبوت ہے مگر حقیقی نبوت نہیں۔ نبأ ایک عربی لفظ ہے جس کے معنی خبر کے ہیں۔ اب جو شخص کوئی خبر خدا تعالیٰ سے پا کر خلق پر ظاہر کرے گا اس کو عربی میں نبی کہیں گے۔ میں آنحضرت ﷺ سے الگ ہو کر کوئی دعویٰ نہیں کرتا۔ یہ تو نزاع لفظی ہے۔ کثرت مکالمہ مخاطبہ کو دوسرے الفاظ میں نبوت کہا جاتا ہے، دیکھو حضرت عائشہؓ کا یہ قول قُولُو ا اِنَّهُ خَاتَمُ النَّبِيّينَ وَ لاَ تَقُولُوا لاَ نَبِيَّ بَعدَهُ اس امر کی صراحت کرتا ہے نبوت اگر اسلام میں موقوف ہو چکی ہے تو یقیناً جانو کہ اسلام بھی مر گیا اور پھر کوئی امتیازی نشان بھی نہیں ہے۔ ایک باغ جس کو اس کے مالی اور باغبان نے چھوڑ دیا، اسے بھلا دیا، اس کی آبپاشی کی اس کو فکر نہیں تو پھر نتیجہ ظاہر ہے کہ چند سال بعد وہ باغ خشک ہو کر بے ثمر ہو جاوے گا اور آخر کار لکڑیاں جلانے کے کام میں لائی جاویں گی۔

എന്നിൽ ഉന്നയിക്കപ്പെടുന്ന മറ്റൊരാരോപണം, ഞാൻ പ്രവാചകത്വം വാദിക്കുന്നുവെന്നും, പുതിയ മതം ഉണ്ടാക്കിയെന്നും, വേറെ ഖിബ്ല ഉണ്ടാക്കാൻ പോകയാണെന്നും, നമസ്കാരം വേറെ ആക്കിയെന്നും ഖുർആൻ അസാധുവാക്കി വേറെ ഖുർആൻ ഉണ്ടാക്കിയെന്നും ഒക്കെയാണ്. ഈ ആരോപണത്തിന് മറുപടിയായി കളവ് പറയുന്നവരിൽ ദൈവ ശാപമുണ്ടാകട്ടെ എന്നല്ലാതെ എന്തു പറയാനാണ്? എന്റെ വാദം ഇതുമാത്രമാണ്, ഇന്നത്തെ സാഹചര്യത്തിനനുസരിച്ച്, അല്ലാഹു എന്നെ അയച്ചിരിക്കയാണ്, അല്ലാഹുമായുള്ള സംഭാഷണത്തിനുള്ള അർഹത എനിക്കു നല്കി

യിരിക്കയാണ് എന്ന കാര്യം എനിക്കു മറച്ചുവെക്കാൻ സാധിക്കുകയില്ല. ഇതിന്റെ പേര് നുബുവ്വത്താണെങ്കിലും യഥാർത്ഥ നുബുവ്വത്തല്ല. നബഅ എന്നുള്ളത് ഒരു അറബി വാക്കാണ്, അതിന്റെ അർത്ഥം വാർത്ത അറിയിക്കുക എന്നതാണ്. ആരെങ്കിലും അല്ലാഹുവിൽനിന്ന് ഒരറിയിപ്പ് കിട്ടി, അത് സൃഷ്ടികളെ അറിയിക്കുകയാണെങ്കിൽ അയാളെ നബിയെന്നു പറയും. ഞാൻ റസൂൽ(സ) യിൽനിന്നും വേർപ്പെട്ടുകൊണ്ട് ഒരു വാദവും ഉന്നയിക്കുന്നില്ല. ഈ വിവാദം വെറും വാക്ക്തർക്കം മാത്രമാണ്. അധികമായുണ്ടാകുന്ന ദൈവിക വെളിപാടുകൾക്ക് വേറൊരു വാക്കിൽ നുബുവ്വത്ത് എന്നു പറയുന്നു. ആയിഷ സിദ്ധീഖായുടെ (റ.അ.) ഈ വാചകം ശ്രദ്ധിക്കുക, അദ്ദേഹം ഖാതമുന്നബിയ്യീനാണെന്ന് നിങ്ങൾ പറഞ്ഞു കൊൾവിൻ, എന്നാൽ അദ്ദേഹത്തിനുശേഷം നബിയില്ല എന്നു നിങ്ങൾ പറയരുത് എന്ന വാക്യം ഈ കാര്യത്തെയാണ് സൂചിപ്പിക്കുന്നത്. നുബുവ്വത്ത് ഇസ്‌ലാമിൽ അവസാനിച്ചിരിക്കയാണെങ്കിൽ മനസ്സിലാക്കുക, ഇസ്‌ലാമും മരിച്ചിരിക്കയാണ്, അതിനെ മഹത്വപ്പെടുത്തുന്ന മറ്റ് അടയാളങ്ങളൊന്നും പിന്നെയില്ല. ഒരു ഉദ്യാനത്തെ അതിന്റെ പാലകനും ഉടമയും ഉപേക്ഷിക്കുകയാണെങ്കിൽ ഏതാനും വർഷങ്ങൾക്കു ശേഷം അത് ഉണങ്ങിപ്പോകുകയും അതിൽനിന്ന് ഫലം ലഭിക്കാതിരിക്കുകയും അവസാനം അത് വെറും വിറക് കത്തിക്കാൻ മാത്രം ഉപകാരപ്പെടുകയും ചെയ്യുന്നതാണ്. (Lecture Lahore, Malfuzat Vol 5: Page 667).

മസീഹ് മഊദ് ഇവിടെ പറയുന്നത് ആയിഷ സിദ്ധീഖായുടെ (റ.അ.) ഉദ്ധരണികൊണ്ടുദ്ദേശിക്കുന്നത് ദൈവിക വെളിപാടുകളുടെ തുടർച്ചയാണ് എന്നാണ്. ഇതിനെ ഭാഷാർത്ഥത്തിൽ നുബുവ്വത്ത് എന്നു പറയുന്നു. എന്നാൽ അത് യഥാർത്ഥത്തിലുള്ള നുബുവ്വത്തല്ല.

ആയിഷ സിദ്ധീഖാ (റ.അ.) പ്രകടിപ്പിച്ച അഭിപ്രായം നബി(സ) പറഞ്ഞ എനിക്കു ശേഷം യാതൊരുവിധ പ്രവാചകത്വവുമില്ല എന്ന ഹദീസിന് എതിരായതാണ്. അതിനാൽ ഈ അഭിപ്രായം അതിന്റെ പ്രത്യക്ഷാർത്ഥത്തിൽ എടുക്കാൻ സാദ്ധ്യമല്ല. അത് അർത്ഥഭേദഗതിയോടെ വിവരിക്കുകയേ നിർവ്വാഹമുള്ളൂ.

************

## 12. റസൂൽ എന്ന പദം ഭാഷാ പ്രയോഗത്തിൽ

താഴെ പറയുന്ന വിശുദ്ധ ഖുർആനിലെ വാക്യത്തിൽനിന്നും റസൂൽ എന്ന പദം അല്ലാഹുവിന്റെ ദൂതന്മാർക്കു മാത്രമല്ല, മറ്റുള്ളവരുടെ ദൂതന്മാർക്കും ഉപയോഗിച്ചതായി മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

وَقَالَ ٱلْمَلِكُ ٱئْتُونِى بِهِۦ فَلَمَّا جَآءَهُ ٱلرَّسُولُ قَالَ ٱرْجِعْ
إِلَىٰ رَبِّكَ فَسْـَٔلْهُ مَا بَالُ ٱلنِّسْوَةِ ٱلَّٰتِى قَطَّعْنَ أَيْدِيَهُنَّ إِنَّ رَبِّى بِكَيْدِهِنَّ عَلِيمٌ

രാജാവ് പറഞ്ഞു: നിങ്ങൾ യൂസുഫിനെ എന്റെ അടുത്ത് കൊണ്ട് വരൂ, അങ്ങനെ തന്റെ അടുത്ത് ദൂതൻ വന്നപ്പോൾ അദ്ദേഹം (യൂസുഫ്) പറഞ്ഞു: നിന്റെ യജമാനന്റെ അടുത്തേക്ക് തിരിച്ചുപോയിട്ട് സ്വന്തം കൈകൾ മുറിപ്പെടുത്തിയ ആ സ്ത്രീകളുടെ നിലപാടെന്താണെന്ന് അദ്ദേഹത്തോട് ചോദിച്ച് നോക്കുക. തീർച്ചയായും എന്റെ രക്ഷിതാവ് അവരുടെ തന്ത്രത്തെപ്പറ്റി നന്നായി അറിയുന്നവനാകുന്നു. (The Holy Qur'an, 12:51).

ഇവിടെ റസൂൽ എന്ന പദം ഉപയോഗിച്ചിരിക്കുന്നത് രാജാവിന്റെ ദൂതനുവേണ്ടിയാണ്. അയാൾ അല്ലാഹുവിന്റെ ദൂതനല്ല. രാജാവിനുവേണ്ടി അല്ലാഹുവിന്റെ നാമമായ റബ്ബ് എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതെല്ലാം ഭാഷാർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്, അല്ലാതെ ശരീഅത്തിലെ സാങ്കേതിക സംജ്ഞയിലല്ല.

وَإِنِّى مُرْسِلَةٌ إِلَيْهِم بِهَدِيَّةٍ فَنَاظِرَةٌۢ بِمَ يَرْجِعُ ٱلْمُرْسَلُونَ

ഞാൻ അവർക്ക് ഒരു പാരിതോഷികം കൊടുത്തയച്ചിട്ട് എന്തൊരു വിവരവും കൊണ്ടാണ് ദൂതൻമാർ മടങ്ങിവരുന്നതെന്ന് നോക്കാൻ പോകുകയാണ്. (The Holy Qur'an, 27:36).

ഇവിടെ മുർസൽ എന്ന പദം ബിൽക്കീസ് രാജ്ഞിയുടെ ദൂതനുവേണ്ടിയാണ് ഉപയോഗിച്ചിരിക്കുന്നത്.

അതുപോലെ സഹീഹ് ബുഖാരിയിലും അബൂദാവൂദിലും رسول رسول الله എന്ന പദം ഉപയോഗിച്ചതായി കാണാം.

അപ്പോൾ റസൂലുല്ലായുടെ റസൂൽ എന്റെയടുക്കൽ വന്നു. (Kitab al-Maghazi, ch. 81).

ഇവിടെ റസൂൽ എന്ന പദം അല്ലാഹുവിന്റെ ദൂതനും അതുപോലെ റസൂലുല്ലായുടെ ദൂതനും ഒരുപോലെ ഉപയോഗിച്ചതായി കാണാം.

സുനൻ അബൂദാവൂദിൽ രേഖപ്പെടുത്തിയിരിക്കുന്നു, അവന്റെ റസൂലിന്റെ റസൂലിന് അവനിഷ്ടപ്പെട്ടതു നല്കിയ അല്ലാഹുവിന് സ്തുതിയായിരിക്കട്ടെ, (Part 27, Ch:71)

മസീഹ് മഊദ്(അ), അല്ലാഹു അദ്ദേഹത്തെ സംബോധന ചെയ്തിരിക്കുന്നത് ഇതേരീതിയിൽ ഭാഷാർത്ഥത്തിലാണെന്നും അല്ലാതെ അതിന്റെ യഥാർത്ഥ വിവക്ഷയിലല്ലെന്നും ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിരിക്കയാണ്.

بار بار کہتا ہوں کہ یہ الفاظ رسول اور مرسل اور نبی کے میرے الہام میں میری نسبت خدا تعالیٰ کی طرف سے بے شک ہیں لیکن اپنے حقیقی معنوں پر محمول نہیں ہیں۔ اور جیسے یہ محمول نہیں ایسے ہی وہ نبی کر کے پکارنا جو حدیثوں میں مسیح موعود کیلئے آیا ہے وہ بھی اپنے حقیقی معنوں پر اطلاق نہیں پاتا۔ یہ وہ علم ہے جو خدا نے مجھے دیا ہے جس نے سمجھنا ہو سمجھ لے۔

ഞാൻ വീണ്ടും വീണ്ടും പറയുകയാണ്, റസൂൽ, മുർസൽ, നബി എന്നീ പദങ്ങൾ എന്നെ സംബോധന ചെയ്തുകൊണ്ട് എന്റെ വെളിപാടുകളിൽ അല്ലാഹുവിൽനിന്നും തീർച്ചയായും ഉണ്ട്. അതൊന്നും അതിന്റെ യഥാർത്ഥ അർത്ഥത്തിലുള്ളതല്ല. അതുപോലെ മസീഹ് മഊദിനെ നബിയെന്ന് സംബോധന ചെയ്തുകൊണ്ട് ഹദീസിൽ വന്നിരിക്കുന്നത് അതിന്റെ യഥാർത്ഥ അർത്ഥത്തിലുമല്ല. ഈ അറിവ് അല്ലാഹുവാണ് എനിക്ക് നല്കിയിരിക്കുന്നത്. മനസ്സിലാക്കാൻ സാധിക്കുന്നവർ മനസ്സിലാക്കുക. (Siraj-e-Muneer Page 3- RK12-Page 5).

*************

# 13. മുജദ്ദിദുർ നബിയും, റസൂലും.

لیکن یادرکھنا چاہیے کہ جیسا کہ ابھی ہم نے بیان کیا ہے بعض اوقات خدائے تعالیٰ کے الہامات میں ایسے الفاظ استعارہ اور مجاز کے طور پر اس کے بعض اولیاء کی نسبت استعمال ہو جاتے ہیں اور وہ حقیقت پر محمول نہیں ہوتے سارا جھگڑا یہ ہے جس کو نادان متعصب اور طرف کھینچ کر لے گئے ہیں۔ آنے والے مسیح موعود کا نام جو صحیح مسلم وغیرہ میں زبان مقدس حضرت نبوی ﷺ سے نبی اللہ نکلا ہے وہ انہی مجازی معنوں کے رو سے ہے جو صوفیاء کرام کی کتابوں میں مسلم اور ایک معمولی محاورہ مکالمات الہیہ کا ہے۔ ورنہ خاتم الانبیاء کے بعد نبی کیسا۔

ഓർമ്മയിൽ വെക്കേണ്ട ഒരു കാര്യം, ഞാനിപ്പോൾ വിവരിച്ചതുപോലെയുള്ള പദങ്ങൾ (നബി, റസൂൽ എന്നിവ) ചില ഔലിയാക്കൾക്കുവേണ്ടി ദൈവിക വെളിപാടുകളിൽ ഉപമാരൂപത്തിൽ ഉപയോഗിക്കുന്നത് അതിന്റെ യഥാർത്ഥ അർത്ഥത്തിലല്ല എന്നതാണ്. വിവരമില്ലാത്ത എതിരാളികൾ ഇതിനെ വലിച്ചിഴച്ച് വേറൊരു ദിശയിലേക്ക് കൊണ്ടുപോയിരിക്കയാണ്. വരാനിരിക്കുന്ന വാഗ്ദത്ത മസീഹിനെക്കുറിച്ച് സഹീഹ് മുസ്‌ലിം മുതലായ ഗ്രന്ഥങ്ങളിൽ നബി (സ)യുടെ പുണ്യനാവിൽനിന്ന് നബിയുല്ലാഹ് എന്നു പുറപ്പെട്ടത്, ഉപമാർത്ഥത്തിലാണ്. ഇങ്ങനെയുള്ള പദങ്ങൾ ബഹുമാന്യരായ സൂഫിയാക്കളുടെ ഗ്രന്ഥങ്ങളിൽ, ദൈവിക വെളിപാടുകൾക്ക് പകരമായി സാധാരണയായി ഉപയോഗിക്കുന്ന പ്രയോഗങ്ങളാണ്. അല്ലാതെ ഖാതമുന്നബിയ്യീനുശേഷം വേറൊരു പ്രവാചകൻ എങ്ങനെയാണ് വരിക? (Anjam-e-Atham RK11: P28, Foot Note).

ചില ഔലിയാക്കൾക്കുവേണ്ടി ദൈവിക വെളിപാടുകളിൽ നബി, റസൂൽ എന്നീ പദങ്ങൾ ഉപയോഗിച്ചതായി മസീഹ് മൗഊദ്(അ) തന്നെ ഇവിടെ സ്ഥിരീകരിച്ചിരിക്കയാണ്. അതിനുള്ള ഏതാനും ഉദാഹരണങ്ങളാണ് താഴെ കൊടുക്കുന്നത്.

16–17 നൂറ്റാണ്ടിലെ ഇന്ത്യയിലെ പേരുകേട്ട മുജദ്ദിദായ മുജദ്ദിദ് അലിഫ് സാനി (രണ്ടാം സഹസ്രാബ്ദത്തിലെ മുജദ്ദിദ്) എഴുതുകയാണ്:

ഹസ്രത്ത് അബൂബക്കറും ഉമറും അവരുടെ ഔന്നത്യവും പ്രതാപവും കാരണം പ്രവാചകന്മാരുടെ വിഭാഗത്തിൽപ്പെട്ടവരും പ്രവാചകന്മാരുടെ ഗുണങ്ങൾ സ്വായത്തമാക്കിയവരുമാണ്. (Maktubat, First Daftar, part 4, letter no. 251, p. 64).

ഇറാഖിലെ വിഖ്യാതനായ മുജദ്ദിദ് സയ്യിദ് അബ്ദുൽഖാദിർ ജീലാനി (d. 1166 C.E.) എഴുതുന്നു,

ഞാൻ മുഹമ്മദിന്റെ പ്രകാശവലയത്തോടൊപ്പം ഉന്നതമായ സ്ഥാനത്താകുന്നു. അല്ലാഹുവിന്റെ അദൃശ്യ ജ്ഞാനത്തോടൊപ്പമാണ് എന്റെ പ്രവാചകത്വമുള്ളത്.

മസ്നവിയുടെ ഗ്രന്ഥകർത്താവായ ലോകപ്രശസ്തനായ ജലാലുദ്ദീൻ റൂമി എഴുതുന്നു: (d. 1273 C.E.)

അല്ലയോ ശിഷ്യഗണങ്ങളെ, അദ്ദേഹം (ആത്മീയ നേതാവ്) തന്റെ കാലത്തെ പ്രവാചകനാണ്, അദ്ദേഹം റസൂൽ തിരുമേനിയുടെ വെളിച്ചമാണ്.

അഹ്ലെ ഹദീസിന്റെ ലാഹോറിലെ പ്രധാനാദ്ധ്യാപകനായ മൗലാനാ അബ്ദുർറഷീദ് എഴുതുന്നു:

ഈ എഴുത്തുകളിൽനിന്ന് സൂഫികൾ കൊടുക്കുന്ന അർത്ഥം വ്യക്തമാണ്, അവർ എല്ലാ പ്രവാചകന്മാരേയും ശരീഅത്തോടുകൂടിയുള്ള പ്രവാചകന്മാരായും ഈ ഉമ്മത്തിലെ ഔലിയാക്കളെ ശരീഅത്തില്ലാത്ത പ്രവാചകന്മാരായും സൂചിപ്പിക്കുന്നു. (Khatm Nubuwwat our Nuzul-i`Isa, p. 74).

മൗലാന മുഫ്തി മുഹമ്മദ് ശാഫി ദിയോബന്തി എഴുതുന്നു:

ഷൈഖ് (മുഹ്യുദ്ദീൻ ഇബ്നു അറബി) വിലായത്തിനെ ശരീഅത്തില്ലാത്ത പ്രവാചകത്വമായി വിവരിച്ചിരിക്കയാണ്. (Khatm Nubuwwah, part 111, p. 31).

മസീഹ് മൗഊദും ശരീഅത്തില്ലാത്ത നബിമാർ വരാം എന്നു പറഞ്ഞത് ഈ അർത്ഥത്തിലാണ്.

شریعت والا نبی نہیں آسکتا۔اور بغیر شریعت کے نبی ہو سکتا ہے

ശരീഅത്തോടു കൂടിയ നബിമാർ വരില്ല. ശരീഅത്തില്ലാത്ത നബിമാർ വരാവുന്നതാണ്. (Thajalliyate ilahiya)

ഇതുതന്നെയാണ് മസീഹ് മൗഊദ്(അ) തന്റെ പ്രവാചകത്വത്തെക്കുറിച്ചും പറഞ്ഞിരിക്കുന്നത്. നബി, റസൂൽ എന്നീ പദങ്ങൾ തന്റെ വെളിപാടുകളിൽ വന്നിരിക്കുന്നത് ഭാഷാർത്ഥത്തിലാണെന്നും അല്ലാതെ അതിന്റെ യഥാർത്ഥ വിവക്ഷയിലല്ലെന്നും അദ്ദേഹം തന്നെ പറയുന്നു.

یہ الفاظ بطور استعارہ ہیں جیسا کہ حدیث میں بھی مسیح موعود کے لئے نبی کا لفظ آیا ہے۔ظاہر ہے کہ جس کو خدا بھیجتا ہے وہ اس کا فرستادہ ہی ہوتا ہے اور فرستادہ کو عربی میں رسول کہتے ہیں۔اور جو غیب کی خبر خدا سے پاکر دیوے اس کو عربی میں نبی کہتے ہیں۔اسلامی اصطلاح کے معنے الگ ہیں۔اس جگہ محض لغوی معنے مراد ہیں۔

ഹദീസിൽ മസീഹ് മഊദിനെ നബിയെന്ന് സംബോധന ചെയ്തത് വെറും ഉപമാരൂപത്തിലാണ്. ആരെയാണൊ അല്ലാഹു നിയോഗിച്ചയക്കുന്നത്, അയാൾ അല്ലാഹുവിന്റെ ദൂതനാകുന്നു. അറബിയിൽ ദൂതന് റസൂൽ എന്നാണ് പറയുക. അദൃശ്യവാർത്തകൾ അല്ലാഹുവിൽനിന്ന് ലഭിച്ച് അത് വെളിപ്പെടുത്തുന്നവരെ അറബിയിൽ നബിയെന്ന് പറയുന്നു. ഇസ്ലാമിക സാങ്കേതിക ഭാഷയിൽ അതിന്റെ അർത്ഥം വേറെയാണ്. ഇവിടെ വെറും പദാർത്ഥമാണ് ഉദ്ദേശിക്കപ്പെടുന്നത്. (RK17 Arba`in no. 2, p. 20, -margin).

# 14. പ്രതിച്ഛായാ പ്രവാചകത്വം

അല്ലാഹു വിശുദ്ധ ഖുർആനിൽ റസൂൽ(സ)യെ പ്രകാശം നല്കുന്ന ഒരു ദീപത്തോട് (33:46) ഉപമിച്ചിരിക്കയാണ്. ആരിലാണോ ഈ പ്രകാശം പതിയുന്നത്, അവർ റസൂൽ(സ)യുടെ പ്രകാശത്തെ (പ്രവാചകത്വത്തെ) പ്രതിഫലിപ്പിക്കുന്നതായിരിക്കും. റസൂൽ(സ)യിൽ ലയിച്ച് ചേർന്ന് സ്വയം ഇല്ലാതായിത്തീരുന്ന അവസ്ഥയിലാണ് ഇങ്ങനെ സംഭവിക്കുന്നത്. അപ്പോൾ അവർക്ക് അല്ലാഹുവിൽനിന്നു വെളിപാടുകൾ ലഭിക്കുകയും അവരെ ഇസ്ലാമിന്റെ പുനരുദ്ധാരണത്തിനായി മുജദ്ദിദായി നിയമിക്കുകയും ചെയ്യുന്നു. ഈ അവസ്ഥയെ ആലങ്കാരികമായി പ്രതിച്ഛായാ പ്രവാചകത്വം എന്നു പറയുന്നു. ഇത് സൂര്യന്റെ പ്രകാശം ചന്ദ്രൻ പ്രതിഫലിപ്പിക്കുന്നതു പോലെയാണ്. എല്ലാ പ്രകാശവും സൂര്യന്റേതാണ്, ചന്ദ്രന്റേതല്ല. ഇതുപോലെ മുജദ്ദിദുമാർ പ്രതിഫലിപ്പിക്കുന്ന പ്രവാചകത്വം അവരുടേതല്ല, റസൂൽ(സ) തിരുമേനിയുടേതാണ്. അവർ പ്രതിഫലിപ്പിക്കുന്നതുകൊണ്ട് അവരെ പ്രതിച്ഛായാ പ്രവാചകന്മാർ എന്നു പറയുന്നു. ഇതു വിലായത്തിന്റെയും മുജദ്ദിദിയത്തിന്റെയും വേറൊരു ഓമനപ്പേരാണ്. ഇതിനെ യഥാർത്ഥ പ്രവാചകത്വമായി എടുക്കുന്നവർ വഴിതെറ്റിപ്പോകുന്നതാണ്.

മസീഹ് മൗഊദ്(അ)ന്റെ വാദം, അദ്ദേഹം പ്രവാചകനാണോ, വലിയാണോ എന്ന് തീരുമാനിക്കുവാൻ, അദ്ദേഹത്തിനു ലഭിക്കുന്ന വെളിപാടുകൾ ഏതു രീതിയിലുള്ളതാണെന്ന് മനസ്സിലാക്കിയാൽ എളുപ്പത്തിൽ സാധിക്കുന്നതാണ്. അദ്ദേഹം വെളിപാടുകളെ രണ്ടു രീതിയിൽ തരം തിരിച്ചിരിക്കയാണ്.

1. വഹ്യ് നുബുവ്വത്ത് (പ്രവാചകന്മാർക്ക് ലഭിക്കുന്ന വെളിപാടുകൾ).
2. വഹ്യ് വിലായത്ത് (വലിമാർക്ക് ലഭിക്കുന്ന വെളിപാടുകൾ).

## വഹ്യ് നുബുവ്വത്ത്

വഹ്യ് നുബുവ്വത്ത് എന്നെന്നേക്കുമായി അടഞ്ഞിരിക്കയാണ്.

یقیناً اللہ نے نبیوں کا سلسلہ ہمارے رسول صلی اللہ علیہ وآلہٖ وسلم کے ساتھ ختم کر دیا ہے اور وحی نبوت منقطع ہو گئی ہے۔ پھر مسیح کیسے آئیں گے جبکہ ہمارے رسول صلی اللہ علیہ وآلہٖ وسلم کے بعد کوئی نبی نہیں۔

തീർച്ചയായും നബിമാരുടെ പരമ്പര നമ്മുടെ റസൂൽ(സ) യോടുകൂടി അവസാനിച്ചിരിക്കയാണ്. വഹ്യ് നുബുവ്വത്ത് നിലയ്ക്കുകയും ചെയ്തിരിക്കുന്നു. നമ്മുടെ റസൂലിനു(സ) ശേഷം വേറെ നബിയില്ലാത്തതിനാൽ പിന്നെ മസീഹ് എങ്ങനെയാണ് വരിക? (Tuhfah Baghdad, p. 7)

کیونکہ وہ خدا کے اس قول کے مخالف ہے کہ مَّا كَانَ مُحَمَّدٌ أَبَآ أَحَدٍ مِّن رِّجَالِكُمْ وَلَٰكِن رَّسُولَ ٱللَّهِ وَخَاتَمَ ٱلنَّبِيِّـۧنَ (یعنی محمد ﷺ تمہارے مردوں میں سے کسی کے باپ نہیں۔ہاں وہ اللہ کے رسول ہر نبیوں کے ختم کرنے والے ہیں)۔ کیا تو نہیں جانتا کہ فضل اور رحم کرنے والے رب نے ہمارے نبی ﷺ کا نام بغیر کسی استثناء کے خاتم الانبیاء رکھا اور آنحضرت ﷺ نے لا نبیّ بعدی سے طالبوں کے لئے بیان واضع سے اس کی تفسیر کی ہے کہ میرے بعد کوئی نبی نہیں اگر ہم آپ ﷺ کے بعد کسی نبی کے ظہور کو جائز قرار دیں تو ہم وحی نبوت کا دروازہ کے بند ہونے کے بعد اس کا کھلنا جائز قرار دیں گے جو بلبدایت باطل ہے جیسا کہ مسلمانوں پر مخفی نہیں اور ہمارے رسول ﷺ کے بعد کوئی نبی کیسے آسکتا ہے جبکہ آپکی وفات کے بعد وحی منقطع ہو گئی ہے اور اللہ نے آپ ﷺ کے ذریعہ نبیوں کا سلسلہ ختم کر دیا۔

"വീണ്ടും ഒരു പ്രവാചകൻ വരികയെന്നത് അല്ലാഹു വെളിപ്പെടുത്തിയ, മുഹമ്മദ് (സ) നിങ്ങളിൽ ഒരാളുടെയും പിതാവല്ല. പക്ഷെ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും നബിമാരെ അവസാനപ്പിക്കുന്ന ആളുമാകുന്നു, എന്ന വചനത്തിന് എതിരാണ്. അല്ലാഹു യാതൊരുവിധ പഴുതുകളുമില്ലാതെ നബി(സ) തിരുമേനിയെ അവസാനത്തെ പ്രവാചകനാണെന്ന് പറഞ്ഞതും, നബി(സ) തിരുമേനി എനിക്കു ശേഷം നബിയേയില്ല എന്ന് തഫ്സീർ നല്കിയതും നിങ്ങൾക്ക് അറിയില്ലേ. നമ്മുടെ നബി(സ)ക്കു ശേഷം ഒരു പ്രവാചകന്റെ ആഗമനം നാം അനുവദിക്കുകയാണെങ്കിൽ അടഞ്ഞുകഴിഞ്ഞ പ്രവാചകത്വ വെളിപാടുകൾ വീണ്ടും തുറക്കുകയായിരിക്കും ചെയ്യുന്നത്. എന്നാൽ ഇങ്ങനെ സംഭവിക്കുകയില്ലയെന്നത് സത്യാന്വേഷികളായ മുസ്ലിംകൾക്ക് അറിയാത്ത കാര്യമല്ല. നമ്മുടെ നബി(സ)യുടെ മരണ ശേഷം പ്രവാചകത്വ വെളിപാടുകൾ അവസാനിക്കുകയും അല്ലാഹു പ്രവാചകത്വം അവസാനിപ്പിക്കുകയും ചെയ്തതിനാൽ ഒരു പ്രവാചകൻ വീണ്ടും എങ്ങിനെയാണ് പ്രത്യക്ഷപ്പെടുക? (Hamamat al-Bushraa p. 20).

ഈ ഉദാഹരണങ്ങളിൽ നിന്ന് വഹ്‌യ് നുബുവ്വത്ത് നിലച്ചിരിക്കയാണെന്നും നമ്മുടെ റസൂൽ(സ)ക്കു ശേഷം വേറെ ഒരു പ്രവാചകനും വരില്ലയെന്നതും വളരെ വ്യക്തമായിരിക്കയാണ്.

അറബി വ്യാകരണ പ്രകാരം لا نبیّ بعدی യുടെ അർത്ഥം ഒരു തരത്തിലുള്ള പ്രവാചകനും ഇല്ല എന്നതാണ്. ലാ ഇലാഹ ഇല്ലല്ലാഹ് എന്നു പറയുന്നതു പൊലെ.

اور حدیث لا نبيّ بعدی میں بھی نفی عام ہے یہ کس قدر جرات اور دلیری اور گستاخی ہے کہ خیالات رکیکہ کی پیروی کرکے نصوصِ صریحہ قرآن کو عمداً چھوڑ دیا جائے اور خاتم الانبیاء کے بعد ایک نبی کا آنا مان لیا جائے بعد اس کے جو وحی نبوہ منقطع ہو چکی تھی۔

ഹദീസ് ലാ നബിയ്യ ബഅ്ദീ യിൽ പൂർണ്ണമായ നിഷേധമാണുള്ളത് (യാതൊരു പഴുതുമില്ലാത്ത നിഷേധം) എത്രമാത്രം ധിക്കാരവും അയുക്തി പരവുമായ പ്രവൃത്തിയാണ് തന്റെ മലിനമായ ചിന്താഗതികൾക്ക് അടിമപ്പെട്ടുകൊണ്ട്, വിശുദ്ധ ഖുർആന്റെ വ്യക്തമായ ഉത്തരവുകളെ മറികടന്നു കൊണ്ട്, ഖാതമുന്നബിയ്യീനുശേഷം ഒരു പ്രവാചകന്റെ വരവ് പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയെന്നതും വഹ്‌യ് നുബുവ്വത്ത് നിലച്ചതിനു ശേഷം അത് പുനരാരംഭിക്കുമെന്ന് വിശ്വസിക്കുകയെന്നതും? (Ayyamu Sulh Page 146)

## വഹ്‌യ് വിലായത്ത്

ഇനി നമുക്ക് വഹ്‌യ് വിലായത്തിനെ (വലിമാർക്ക് ലഭിക്കുന്ന വെളിപാടുകൾ) സംബന്ധിച്ച് മസീഹ് മഊദ്(അ) എന്താണ് പറയുന്നതെന്ന് നോക്കാം.

اور اگر کوئی اور نبی نیا یا پرانا آوے تو ہمارے نبی ﷺ کیونکر خاتم الانبیاء ہیں۔ہاں وحی ولایت اور مکالمات الہیہ کا دروازہ بند نہیں ہے۔

പുതിയതോ പഴയതോ ആയ ഏതെങ്കിലും ഒരു നബി നമ്മുടെ നബി(സ)ക്കു ശേഷം വരികയാണെങ്കിൽ പിന്നെ എങ്ങനെയാണ് അദ്ദേഹം ഖാതമുൽ അമ്പിയാ ആകുന്നത്? ഉവ്വ്, വഹ്‌യ് വിലായത്തിന്റെയും ദൈവിക സന്ദേശത്തിന്റെയും വാതിൽ അടഞ്ഞിട്ടില്ല. Ayyamu Sulh Page 119

## മസീഹ് മഊദ്(അ)ന് ലഭിക്കുന്ന വഹ്‌യ്

പ്രവാചകന്മാർക്ക് ലഭിക്കുന്ന വഹ്‌യ് നുബുവത്ത് അടഞ്ഞു കിടക്കുകയാണെന്നും എന്നാൽ വലിമാർക്ക് ലഭിക്കുന്ന വഹ്‌യ് വിലായത്ത് തുറന്നു കിടക്കുകയാണെന്നും വ്യക്തമായി. മസീഹ് മഊദ്(അ) അദ്ദേഹത്തിന് എന്തു വഹ്‌യ് ലഭിക്കുന്നതായാണ് അവകാശപ്പെടുന്നതെന്ന് നോക്കാം.

کبھی دنیا میں یہ ہوا ہے کہ کاذب کی خدا تعالیٰ نے ایسی مدد کی ہو کہ وہ گیارہ برس سے خدا تعالیٰ پر یہ افتراء کر رہا ہو کہ اس کی وحی ولایت اور وحی محدثیت میرے پر نازل ہوتی ہے اور خدا تعالیٰ اس کی رگ جان نہ کاٹے۔

എപ്പോഴെങ്കിലും ഈ ലോകത്ത് ഇങ്ങനെയൊരു സംഭവം ഉണ്ടായിട്ടുണ്ടോ? പതിനൊന്ന് വർഷത്തോളം അല്ലാഹുവിൽനിന്ന് തനിക്ക് വഹ്‌യ് വിലായത്തും വഹ്‌യ് മുഹദ്ദസിയ്യത്തും ലഭിക്കുകയാണെന്ന് കള്ളം കെട്ടിച്ചമയ്ക്കുന്ന ഒരു അസത്യഭാഷകനെ അല്ലാഹു സഹായിച്ചതായിട്ട്? എന്നിട്ട് അല്ലാഹു അയാളുടെ ജീവനാഡി അറുത്തുകളയാതിരുന്നതായിട്ട്? (Aina Kamalate Islam Page 323)

میں نے دیکھا کہ اس وحی کے وقت جو برنگ وحی ولایت میرے پر نازل ہوتی ہے ایک خارجی اور شدید الاثر تصرّف کا احساس ہوتا ہے اور بعض دفعہ یہ تصرّف ایسا قوی ہوتا ہے کہ مجھ کو آپنے انوار میں ایسا دبا لیتا ہے۔

വഹ്‌യ് വിലായത്ത് എന്നിൽ ഇറങ്ങുന്ന സമയത്ത് ഒരു ബാഹ്യശക്തി എന്നെ ഊക്കോടെ കീഴടക്കുന്നതായി ഞാൻ അനുഭവിച്ചറിഞ്ഞിട്ടുണ്ട്. ചില

സമയത്ത് ഈ ശക്തി തന്റെ പ്രകാശ വലയത്തിൽ എന്നെ പിടിച്ചമർത്തുന്ന തായും ഞാൻ അനുഭവിച്ചിട്ടുണ്ട്. (Barakatu Ddua p.17).

മസീഹ് മഊദ്(അ) അവകാശപ്പെട്ടിരിക്കുന്നത് അദ്ദേഹത്തിന് ലഭിക്കുന്ന വെളിപാടുകൾ വഹ്‌യ് വിലായത്തെന്നാണ്, അല്ലാതെ വഹ്‌യ് നുബുവ്വ ത്തല്ല. അതിനാൽ അദ്ദേഹം വലിമാരുടെ ഗണത്തിലാണ് പെടുക, പ്രവാച കന്മാരുടെ ഗണത്തിലല്ല.

## പ്രതിച്ഛായാ പ്രവാചകത്വം എന്നാൽ വിലായത്ത് മാത്രം.

یہ ولایت کامل طور پر ظل نبوت ہے خدانے نبوت آنحضرت صلی اللہ علیہ وآلہ وسلم کے اثبات کے لئے پیشگوئیاں دکھلائیں۔

ഈ വിലായത്ത് പൂർണ്ണമായ രീതിയിൽ പ്രതിച്ഛായാ പ്രവാചകത്വമാണ്, റസൂൽ(സ)യുടെ പ്രവാചകത്വത്തെ ഉയർത്തിപ്പിടിക്കുവാൻ അല്ലാഹു പ്ര വചനങ്ങൾ (അടയാളങ്ങൾ) കാണിച്ചിരിക്കുന്നു. (Hujjat Allah, p. 14).

اور تمام اہل دل اس بات پر متفق ہیں کہ ولایت نبوت کا ظل ہے۔ پس مختلف کمالات جو اصل میں موجود ہوتے ہیں وہ ان کے ظل کو ظلی طور پر عطا کئے جاتے ہیں۔

വിലായത്ത് പ്രവാചകത്വത്തിന്റെ പ്രതിച്ഛായയയാണെന്നത് എല്ലാ അവാ ന്തര വിഭാഗക്കാരുടേയും ഏകോപിച്ച അഭിപ്രായമാണ്. പല തരത്തിലുള്ള അടയാളങ്ങൾ എന്താണോ അസലിലുള്ളത് അത് അതിന്റെ പ്രതിച്ഛായ യിലും പ്രകടിപ്പിക്കപ്പെടുന്നു. (Lujjat al-Noor pp. 38)

تمام امت کا اس پر اتفاق ہے کہ غیر نبی بروز کہ طور پر قائم مقام نبی ہو جاتا ہے

നബിയല്ലാത്ത ഒരാൾ പ്രതിച്ഛായ എന്ന നിലയിൽ നബിയുടെ സ്ഥാനത്ത് നില്ക്കുന്നുവെന്നത് മുഴുവൻ ഉമ്മത്തിന്റെയും ഏകോപിച്ച അഭിപ്രായ മാണ്. (Ayyamussulh – RK14-P411).

പ്രതിച്ഛായ പ്രവാചകത്വത്തെ ഒന്നുകൂടി വിശദീകരിച്ചുകൊണ്ട് മസീഹ് മൗഊദ്(അ) വീണ്ടും പറയുകയാണ്:

നിങ്ങൾ നിങ്ങളുടെ പ്രതിച്ഛായ, ദർപ്പണത്തിൽ നിരീക്ഷിക്കുമ്പോൾ അവിടെ രണ്ടാളുകളില്ല. രണ്ടായി കാണാമെങ്കിലും ഒന്ന് അസലും മറ്റേത് അതിന്റെ പ്രതിച്ഛായയുമാണ്. വാഗ്ദത്ത മസീഹിന്റെ കാര്യത്തിൽ അല്ലാഹു ഇതാ ണാഗ്രഹിച്ചിരിക്കുന്നത്. *(Kishti Nuh, p.* 15).

അതിനാൽ പ്രതിച്ഛായാ പ്രവാചകത്വം വിലായത്താണെന്നും അല്ലെങ്കിൽ വിലായത്ത് പ്രതിച്ഛായ പ്രവാചകത്വമാണെന്നും ഇതിൽനിന്നും തെളിയു ന്നു.

*************

# 15. യഥാർത്ഥ പ്രവാചകത്വത്തിന്റെ നിഷേധം

താഴെ കൊടുത്ത ഉദ്ധരണികളിൽ നിന്നും മസീഹ് മൗഊദ്(അ) പ്രവാചകത്വത്തെ നിഷേധിക്കുന്നതായി കാണാൻ സാധിക്കുന്നതാണ്.

اگر یہ اعتراض ہے کہ نبوت کا دعویٰ کیا ہے اور وہ کلمہ کفر ہے تو بجز اس کے کیا کہیں کہ **لعنت اللہ علی الکاذبین المفترین۔**

ഞാൻ പ്രവാചകത്വം വാദിച്ചിരിക്കുന്നു എന്നും അത് മതനിന്ദയുമാണെങ്കിൽ കളവു പറയുന്നവരിൽ ദൈവശാപം ഉണ്ടാകട്ടെ എന്നല്ലാതെ മറ്റെന്തു പറയാനാണ്. (*Anwar-ul-Islam*, p. 34. *Ruhani Khaza'in*, vol. 9, p. 35)

**ومن اعتراضات المکفِّرین أنهم قالوا إن هذا الرجل ادعیّ النبوة وقال إنّی من النبیّین. أما الجواب فاعلم یا أخی أنی ما ادّعیتُ النبوة وما قلت لهم إنی نبی، ولکنهم تعجَّلوا وأخطأوا فی فهم قولی،**

എന്നെ കാഫിറെന്ന് വിളിക്കുന്നവരുടെ എതിർപ്പിനുള്ള ഒരു കാരണമായി അവർ പറയുന്നത്, ഈ മനുഷ്യൻ പ്രവാചകത്വം വാദിച്ചിരിക്കുന്നുവെന്നും പ്രവാചകന്മാരിൽ ഒരാളെന്ന് പറയുകയും ചെയ്യുന്നുവെന്നാണ്. ഇതിനുള്ള മറുപടിയെന്തെന്നാൽ അല്ലയോ സഹോദരാ, അറിഞ്ഞുകൊൾക, ഞാൻ പ്രവാചകത്വം വാദിക്കുകയോ, പ്രവാചകനെന്ന് പറയുകയോ ചെയ്തിട്ടില്ല. എന്നാൽ അവർ ധൃതി കാണിക്കുകയും ഞാൻ പറയുന്ന കാര്യം തെറ്റായി മനസ്സിലാക്കുകയും ചെയ്തു. (*Hamamat al-Bushra*, p. 79. *Ruhani Khaza'in*, vol. 7, pp. 296-297)

میرا نبوت کا کوئی دعوی نہیں یہ آپ کی غلطی ہے یا آپ کسی خیال سے کہہ رہے ہیں کیا یہ ضروری ہے کہ جو الہام کا دعویٰ کرتا ہے وہ نبی بھی ہو جائے

എനിക്ക് നുബുവ്വത്തിന്റെ യാതൊരു വാദവുമില്ല. ഇത് താങ്കളുടെ തെറ്റിദ്ധാരണയാണ് അല്ലെങ്കിൽ താങ്കൾ വേറെ ഏതെങ്കിലും ഉദ്ദേശ്യം വെച്ചുകൊണ്ട് പറയുകയാണ്. ദൈവിക വെളിപാടുകൾ ലഭിക്കുന്നു എന്ന് അവകാശപ്പെടുന്നയാൾ നബിയായിരിക്കണമെന്നത് അനിവാര്യമാണോ?
(*Jang Muqaddas*, p. 67. *Ruhani Khaza'in*, vol. 6, p. 156).

سوال۔ رسالہ فتح اسلام میں نبوّت کا دعویٰ کیا ہے۔

انا الجواب۔ نبوّت کا دعویٰ نہیں بلکہ محدثیت کا دعویٰ ہے جو خدائے تعالیٰ کے حکم سے کیا گیا ہے۔ اور اس میں کیا شک ہے کہ محدثیت بھی ایک شعبہ قویہ نبوت کا اپنے اندر رکھتی ہے۔

ചോദ്യം, ഫത്ഹെ ഇസ്ലാം എന്ന ഗ്രന്ഥത്തിൽ പ്രവാചകത്വം വാദിച്ചിരിക്കയാണോ?

ഉത്തരം, ഞാൻ പ്രവാചകത്വം വാദിച്ചിട്ടില്ല. മുഹദ്ദസ് ആണെന്നാണ് വാദിച്ചത്. എനിക്ക് ദൈവിക വെളിപാടുകൾ ലഭിക്കുന്നു എന്നുമാത്രമാണ് ഞാൻ അവകാശപ്പെട്ടത്. അതും ദൈവിക കല്പന പ്രകാരം. മുഹദ്ദസിയ്യത്ത് നിസ്സംശയം പ്രവാചകത്വത്തിന്റെ ശക്തമായൊരു ഘടകം ഉൾക്കൊള്ളുന്നു. (Izale Auham Page. 422-423)

مسیح کیوں کر آ سکتا۔ وہ رسول تھا اور خاتم النبیین کی دیوار روئیں اس کو آنے سے روکتی ہے۔ سو اس کا ہمرنگ آیا وہ رسول نہیں مگر رسولوں کے مشابہ ہے اور امثل ہے۔

മസീഹ് എങ്ങനെയാണ് വരിക? അദ്ദേഹം റസൂലായിരുന്നു. ഖാതമുന്നബിയ്യിന്റെ അപ്രവേശ്യമായ മതിൽ അദ്ദേഹത്തിന്റെ വരവിനെ തടഞ്ഞുനിർത്തുന്നു. എന്നാൽ അദ്ദേഹത്തെ പോലെയുള്ളയാൾ വന്നിരിക്കുന്നു. അയാൾ റസൂലല്ല, റസൂൽമാരുടെ സദൃശ്യനും അവരെപ്പോലെയുള്ളയാളുമാകുന്നു. (Izale Auham p. 522)

ومن قال بعد رسولنا وسيّدنا انّى نبيّ و رَسُول علٰى وجه الحقيقة والافتراء وترك القرآن وإحكام الشريعة الغرّاء فهو كافرٌ كذّابٌ

നമ്മുടെ യജമാനനായ റസൂലിനു ശേഷം (സ) ആരെങ്കിലും ഞാൻ ഒരു നബിയും റസൂലും ആണെന്ന് അതിന്റെ യഥാർത്ഥ വിവക്ഷയിൽ അവകാശപ്പെടുകയാണെങ്കിൽ അതൊരു കള്ളവും ഖുർആനെ ഉപേക്ഷിക്കലും ശരീഅത്തിനെ നിഷേധിക്കലും ആണ്, അങ്ങനെയുള്ളവൻ കാഫിറും വലിയ കള്ളനുമാകുന്നു. (Anjame Atham Page 27-RK11-27).

ഈ വാദം ഉന്നയിക്കലും അല്ലെങ്കിൽ വേറൊരാൾ ഈ വാദം ഉന്നയിച്ചെന്ന് പറയലും ഒന്നു തന്നെയാണ്. അങ്ങനെയുള്ളവൻ കാഫിറും വലിയ കള്ളനുമാണെന്ന് മസീഹ് മൗഊദ് (അ) പറഞ്ഞത് അവർക്കും ബാധകമായിരിക്കും.

മസീഹ് മൗഊദ്(അ) ഒരു യഥാർത്ഥ പ്രവാചകനാണെന്ന് പറയുന്നവർ, അദ്ദേഹത്തിന്റെ വിയോഗത്തിന് മൂന്ന് ദിവസം മുമ്പ് എഴുതുകയും എന്നാൽ ലാഹോറിലെ അഖ്ബാർ ആം എന്ന പത്രത്തിൽ വിയോഗ ദിവസം പ്രസിദ്ധീകരിക്കുകയും ചെയ്ത ലേഖനത്തിൽ തന്റെ പേരിനോടൊപ്പം അദ്ദേഹം ചേർത്തതെന്താണെന്ന് അറിയുന്നത് നന്നായിരിക്കും.

الراقــــــم خاکسار مفخر ولی اللہ الحمد غلام احمد عفی اللہ عنہ ۲۳ مئی ۱۹۰۸ء از شہر لاہور

یہ خط ہند و اخبار عام لاہور مورخہ ۲۶ مئی ۱۹۰۸ء کے صفحہ ۷ کالم اول سے کالم ۳ تک میں شائع کیا گیا ہے (المرتب)

ആ ലേഖനത്തിൽ അദ്ദേഹം തന്റെ പേരിനോടൊപ്പം ചേർത്തെഴുതിയത്, നബിയുല്ലാഹ് എന്നല്ല, വലിയുല്ലാഹ് എന്നാണ്.

*****************

# 16. യഥാർത്ഥ പ്രവാചകവിശ്വാസം കുഫ്ർ

മസീഹ് മഊദിനെ (അ) യഥാർത്ഥ പ്രവാചകനായി ചിത്രീകരിക്കുന്നവർ സാധാരണയായി ചെയ്തുവരുന്ന ഒരു പ്രക്രിയയാണ്, അദ്ദേഹത്തിന്റെ ലിഖിതങ്ങളുടെ ആദ്യവും അവസാനവും വിട്ടുകളഞ്ഞുകൊണ്ട് മറ്റുള്ളവരെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ ഉൾഭാഗം മാത്രം എടുത്ത് അവതരിപ്പിക്കുകയെന്നത്.

ഉദാഹരണമായി,

اور صریح طور پر نبی کا خطاب مجھے دیا گیا

നബിയെന്ന അഭിധാനം (ബഹുമതിനാമം) എനിക്ക് വ്യക്തമായ നിലയിൽ ന്ലകപ്പെട്ടു.

വിട്ടുകളയുന്ന ആദ്യഭാഗം:

اسی طرح اوائل میں میرا یہی عقیدہ تھا کہ مجھ کو مسیح ابن مریم سے کیا نسبت ہے وہ نبی ہے اور خدا کے بزرگ مقربین میں سے ہے۔ اور اگر کوئی امر میری فضیلت کی نسبت ظاہر ہوتا تو میں اُس کو جزئی فضیلت قرار دیتا تھا۔ مگر بعد میں جو خدا تعالیٰ کی وحی بارش کی طرح میرے پر نازل ہوئی اُس نے مجھے اِس عقیدہ پر قائم نہ رہنے دیا اور صریح طور پر نبی کا خطاب مجھے دیا گیا مگر اِس طرح سے کہ ایک پہلو سے نبی اور ایک پہلو سے اُمتی۔

ഇതുപോലെ മുൻകാലങ്ങളിൽ എന്റെ ഒരു വിശ്വാസമായിരുന്നു, മസീഹ് ഇബ്നു മർയമിനെ അപേക്ഷിച്ച് എനിക്ക് എന്ത് ശ്രേഷ്ഠതയാണുള്ളത്, അദ്ദേഹം നബിയായിരുന്നു, അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കിയ മുൻഗാമികളിൽ ഒരാളായിരുന്നു. എന്റെ ഔന്നത്യത്തെക്കുറിച്ച് എന്തെങ്കിലും വെളിപാടുകളിൽ ഉണ്ടായിരുന്നാൽ ഞാൻ അതിനെ ഭാഗികമായ ശ്രേഷ്ഠതയായി കണക്കാക്കിയിരുന്നു. എന്നാൽ പിന്നീട് അല്ലാഹുവിന്റെ വെളിപാടുകൾ മഴ വർഷിക്കുന്നതുപോലെ എന്നിൽ ചൊരിഞ്ഞപ്പോൾ അവൻ എന്നെ ഈ വിശ്വാസത്തിൽ തുടർന്നു പോകാൻ അനുവദിച്ചില്ല, അങ്ങനെ നബിയെന്ന അഭിധാനം (ബഹുമതിനാമം) എനിക്ക് വ്യക്തമായ നിലയിൽ ന്ലകപ്പെട്ടു, പക്ഷേ ഒരു കോണിലൂടെ നബി, ഒരു കോണിലൂടെ ഉമ്മത്തി (അനുയായി).

എന്നാൽ നേരെ അതിനു താഴെയുള്ള അടിക്കുറിപ്പ് വിട്ടുകളയുന്നതാണ് ആ അടിക്കുറിപ്പ് ഇതാണ്:

یاد رہے کہ بہت سے لوگ میرے دعوے میں نبی کا نام سن کر دھوکہ کھاتے ہیں اور خیال کرتے ہیں کہ گویا میں نے اس نبوت کا دعویٰ کیا ہے جو پہلے زمانوں میں براہ راست نبیوں کو ملی ہے لیکن وہ اس خیال میں غلطی پر ہیں میرا ایسا دعویٰ نہیں ہے بلکہ خدا تعالیٰ کی مصلحت اور حکمت نے آنحضرت ﷺ کے افاضہ روحانیہ کا کمال ثابت کرنے کے لیے یہ مرتبہ بخشا ہے کہ آپ کے فیض کی برکت سے مجھے نبوت کے مقام تک پہنچایا۔ اس لیے میں صرف نبی نہیں کہلا سکتا بلکہ ایک پہلو سے نبی اور ایک پہلو سے اُمّتی اور میری نبوت آنحضرت ﷺ کی ظل ہے نہ کہ اصلی نبوت۔ اسی وجہ سے حدیث اور میرے الہام میں جیسا کہ میرا نام نبی رکھا گیا ایسا ہی میرا نام اُمتی بھی رکھا ہے تا معلوم ہو کہ ہر ایک کمال مجھ کو آنحضرت ﷺ کی اتباع اور آپ کے ذریعہ سے ملا ہے۔

ഓർമ്മിക്കേണ്ട ഒരുകാര്യം, എന്റെ വാദത്തിലുള്ള നബിയെന്ന പദം കണ്ടിട്ട് വളരെയധികം പേർ വഞ്ചനയിൽ അകപ്പെട്ട് പോകുകയും, മുൻകാലങ്ങളിൽ അല്ലാഹു നേരിട്ട് പ്രവാചകന്മാർക്ക് ന്ലകിയതുപോലെയുള്ള പ്രവാചകത്വമാണ് ഞാൻ അവകാശപ്പെടുന്നതെന്ന് അവർ ധരിച്ചുപോവുകയും ചെയ്യുന്നു. അവർ തെറ്റിദ്ധാരണയിലാണ്, എനിക്ക് അങ്ങനെയുള്ള വാദമില്ല. എന്നാൽ നബിതിരുമേനിയുടെ (സ) ആത്മീയാനുഗ്രഹങ്ങളുടെ മഹിമ തെളിയിച്ചു കാട്ടുവാൻ അല്ലാഹു എനിക്ക് അവന്റെ ഉദ്ദേശ്യത്തിലും ജ്ഞാനത്തിലും ഈ പദവി നല്കിയിരിക്കയാണ്. അദ്ദേഹത്തിന്റെ അനുഗ്രഹാശിസ്സുകളോടുകൂടി ഞാൻ പ്രവാചകത്വ പദവിവരെ എത്തിയിരിക്കയാണ്. അതിനാൽ എന്നെ വെറും നബിയെന്ന് പറയാവതല്ല. ഒരു കോണിലൂടെ ഞാൻ നബിയും മറ്റൊരു കോണിലൂടെ ഞാൻ അനുയായിയുമാണ്. അതോടൊപ്പം എന്റെ പ്രവാചകത്വം റസൂൽ(സ)യുടെ പ്രതിച്ഛായയയാണ്, യഥാർത്ഥ പ്രവാചകത്വമല്ല. ഇതു കാരണമായി നബി വചനങ്ങളിലും എന്റെ വെളിപാടുകളിലും എന്റെ പേര് നബി എന്ന് വെച്ചതോടൊപ്പം എന്റെ പേര് ഉമ്മത്തി എന്നും വെച്ചിരിക്കയാണ്, എന്റെ ഓരോ പദവികളും നബി (സ)യെ പിന്തുടർന്നതുകൊണ്ടും അദ്ദേഹത്തിൽ കൂടിയും ലഭിച്ചതാണെന്ന് കാണിക്കുവാൻ വേണ്ടി. (Haqiqatul Wahy Page 154, RK22-P154)

മസീഹ് മൗഊദിന്(അ) ഈസാ ഇബ്നു മർയമിനെക്കാൾ മഹത്വമുണ്ടെന്ന കാര്യത്തിൽ എതിർപ്പില്ല. ഇസ്‌ലാമിലെ എല്ലാ ദൈവനിയോഗിതരും നബി (സ) തിരുമേനിയുടെ പ്രതിച്ഛായ ആയതിനാൽ അവരെല്ലാവരും തന്നെ ബനീ ഇസ്രായീൽ പ്രവാചകന്മാരെ അപേക്ഷിച്ച് മഹത്വമുള്ളവരാണ്. മസീഹ് മൗഊദിനെ (അ) ഒരു യഥാർത്ഥ പ്രവാചകനായി അവതരിപ്പിക്കുന്നതിലാണ് എതിർപ്പുള്ളത്.

അതിനാൽ സത്യം അറിഞ്ഞുകൊണ്ട് മറച്ചുവെക്കാതിരിക്കുക, അല്ലാഹു വിശുദ്ധ ഖുർആനിൽ വെളിപ്പെടുത്തുകയും, മസീഹ് മഊദ് വ്യാഖ്യാനിച്ച് ഉറപ്പിക്കുകയും ചെയ്തതിനെതിരെ പ്രവർത്തിക്കാതിരിക്കുക.

مَّا كَانَ مُحَمَّدٌ أَبَآ أَحَدٍ مِّن رِّجَالِكُمْ وَلَكِن رَّسُولَ ٱللَّهِ وَخَاتَمَ ٱلنَّبِيِّينَ.

33:41. മുഹമ്മദ് നിങ്ങളുടെ പുരുഷൻമാരിൽ ഒരാളുടെയും പിതാവല്ല. പക്ഷെ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകൻമാരിൽ അവസാനത്തെ ആളുമാകുന്നു .

മസീഹ് മഊദ് (അ) ഈ ആയത്തിനു കൊടുത്ത വ്യാഖ്യാനം ഇങ്ങനെയാണ്:

" محمد صلی اللہ علیہ وسلم تم میں سے کسی مرد کا باپ نہیں ہے مگر وہ رسول اللہ ہے اور ختم کرنے والا ہے نبیوں کا۔ یہ آیت بھی صاف دلالت کر رہی ہے کہ بعد ہمارے نبی صلی اللہ علیہ وسلم کے کوئی رسول دنیا میں نہیں آئے گا"

(ازالہ اوہام: ۶۱۴، روحانی خزائن جلد ۳: ۴۳۱)

മുഹമ്മദ് (സ) നിങ്ങളിൽ ഒരാളുടെയും പിതാവല്ല. പക്ഷെ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും നബിമാരെ അവസാനിപ്പിക്കുന്ന ആളുമാകുന്നു. ഈ ആയത്ത് വളരെ വ്യക്തമായിത്തന്നെ തെളിയിക്കുകയാണ് നമ്മുടെ നബി(സ)ക്കു ശേഷം ഒരു റസൂലും തന്നെ ഈ ലോകത്ത് വരില്ലായെന്ന്. (Izale Auham 614, Roohani Khazain Vol3:431)

إِنَّ ٱلَّذِينَ يَكْتُمُونَ مَآ أَنزَلْنَا مِنَ ٱلْبَيِّنَاتِ وَٱلْهُدَىٰ مِن بَعْدِ مَا بَيَّنَّاهُ لِلنَّاسِ فِى ٱلْكِتَابِ أُولَـٰئِكَ يَلعَنُـهُمُ ٱللَّهُ وَيَلْعَنُـهُمُ ٱللاَّعِنُونَ

2:160. നാമവതരിപ്പിച്ച തെളിവുകളും മാർഗദർശനവും വേദഗ്രന്ഥത്തിലൂടെ ജനങ്ങൾക്ക് നാം വിശദമാക്കികൊടുത്തതിന് ശേഷം മറച്ചുവെക്കുന്നവരാരോ അവരെ അല്ലാഹു ശപിക്കുന്നതാണ്. ശപിക്കുന്നവരൊക്കെയും അവരെ ശപിക്കുന്നതാണ്.

إِنَّ ٱلَّذِينَ يَكْتُمُونَ مَآ أَنزَلَ ٱللَّهُ مِنَ ٱلْكِتَابِ وَيَشْتَرُونَ بِهِ ثَمَناً قَلِيلاً أُولَـٰئِكَ مَا يَأْكُلُونَ فِى بُطُونِهِمْ إِلاَّ ٱلنَّارَ وَلاَ يُكَلِّمُهُمُ ٱللَّهُ يَوْمَ ٱلْقِيَامَةِ وَلاَ يُزَكِّيهِمْ وَلَهُمْ عَذَابٌ أَلِيمٌ

2:175. അല്ലാഹു അവതരിപ്പിച്ച, വേദഗ്രന്ഥത്തിലുള്ള കാര്യങ്ങൾ മറച്ചുവെക്കുകയും, അതിന് വിലയായി തുച്ഛമായ നേട്ടങ്ങൾ നേടിയെടുക്കുകയും ചെയ്യുന്നവരാരോ അവർ തങ്ങളുടെ വയറുകളിൽ തിന്നു നിറക്കുന്നത് നരകാഗ്നിയല്ലാതെ മറ്റൊന്നുമല്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അല്ലാഹു അവരോട് സംസാരിക്കുകയോ (പാപങ്ങളിൽ നിന്ന്) അവരെ

സംശുദ്ധരാക്കുകയോ ചെയ്യുകയില്ല. അവർക്ക് വേദനയേറിയ ശിക്ഷയു ണ്ടായിരിക്കുകയും ചെയ്യും.

فَلاَ تَخْشَوُاْ ٱلنَّاسَ وَٱخْشَوْنِ وَلاَ تَشْتَرُواْ بِآيَاتِي ثَمَناً قَلِيلاً وَمَن لَّمْ يَحْكُم بِمَآ أَنزَلَ ٱللَّهُ فَأُوْلَـٰئِكَ هُمُ ٱلْكَافِرُونَ

5:45 ... അതിനാൽ നിങ്ങൾ ജനങ്ങളെ പേടിക്കാതെ എന്നെ മാത്രം ഭയ പ്പെടുക. എന്റെ വചനങ്ങൾ നിങ്ങൾ തുച്ഛമായ വിലയ്ക്ക് വിറ്റുകളയാ തിരിക്കുക. അല്ലാഹു അവതരിപ്പിച്ച് തന്നതനുസരിച്ച് ആർ വിധിക്കുന്നി ല്ലയോ അവർ തന്നെയാകുന്നു അവിശ്വാസികൾ.

മഹ്മൂദികൾ വിശുദ്ധ ഖുർആന്റെയും, നബി(സ) തിരുമേനിയുടേയും, മസീ ഹ് മൗഊദിന്റെയും അദ്ധ്യാപനങ്ങളെ പിൻപറ്റുന്നവരാണെന്ന് അവകാശ പ്പെടുകയാണെങ്കിൽ മസീഹ് മൗഊദ്(അ) നല്കിയ അദ്ധ്യാപനങ്ങളെ അവർ പിൻപറ്റട്ടെ. അല്ലെങ്കിൽ മസീഹ് മൗഊദ്(അ) പുറപ്പെടുവിച്ച വിധി പ്രഖ്യാപന പ്രകാരം അവർ കാഫിറായിത്തീരുന്നതാണ്.

وما كان لى أن أدّعى النبوة وأخرج من الأسلام وأَلحق بقوم كافرين

പ്രവാചകത്വം വാദിക്കുകയും, ഇസ്ലാമിൽനിന്ന് പുറത്തു പോകുകയും അവിശ്വാസികളുടെ കൂടെ ചേരുകയെന്നതും എനിക്ക് ചേർന്നതല്ല.
(Hamamtul Bushraa Page 79- RK7-P297).

ومن قال بعد رسولنا وسيّدنا انىّ نبىّ و رَسُول علٰى وجه الحقيقة والافتراء وترك القرآن وإحكام الشريعة الغرّاء فهو كافرٌ كذّابٌ

നമ്മുടെ നേതാവായ റസൂലിനുശേഷം ഞാനും ഒരു പ്രവാചകനാണ്, റസൂലാണ് എന്ന് യഥാർത്ഥ വിവക്ഷയിൽ ആരാണോ അവകാശപ്പെടു ന്നത്, അതൊരു അസത്യം കെട്ടിച്ചമയ്ക്കലും, വിശുദ്ധ ഖുർആനെ ഉപേ ക്ഷിക്കലും, ശരീഅത്ത് കല്പനകളെ നിഷേധിക്കലും ആണ്, അയാൾ ഒരു അവിശ്വാസിയും കൊടും കളവു പറയുന്നവനുമാകുന്നു. (Anjame Atham Page 27-RK11-27)

അല്ലാഹു അവതരിപ്പിച്ച് തന്നതനുസരിച്ച് ആര് വിധികല്പിക്കുന്നില്ലയോ അവർ തന്നെയാകുന്നു അവിശ്വാസികൾ. (Holy Qur'an 5:45).

بار بار کہتا ہوں کہ یہ الفاظ رسول اور مرسل اور نبی کے میرے الہام میں میری نسبت خدا تعالیٰ کی طرف سے بے شک ہیں لیکن اپنے حقیقی معنوں پر محمول نہیں ہیں۔اور جیسے یہ محمول نہیں ایسے ہی وہ نبی کر کے پکارنا جو حدیثوں میں مسیح موعود کیلئے آیا ہے وہ بھی اپنے حقیقی معنوں پر اطلاق نہیں پاتا۔یہ وہ علم ہے جو خدا نے مجھے دیا ہے جس نے سمجھنا ہو سمجھ لے۔

ഞാൻ വീണ്ടും വീണ്ടും പറയുകയാണ്, റസൂൽ, മുർസൽ, നബി എന്നീ പദങ്ങൾ എന്നെ സംബോധന ചെയ്തുകൊണ്ട് എന്റെ വെളിപാടുകളിൽ അല്ലാഹുവിൽനിന്നും തീർച്ചയായും ഉണ്ട്. അതൊന്നും അതിന്റെ യഥാർത്ഥ അർത്ഥത്തിലുള്ളതല്ല. അതുപോലെ മസീഹ് മഊദിനെ നബിയെന്ന് സംബോധന ചെയ്തുകൊണ്ട് ഹദീസിൽ വന്നിരിക്കുന്നത് അതിന്റെ യഥാർത്ഥ അർത്ഥത്തിലുമല്ല. ഈ അറിവ് അല്ലാഹുവാണ് എനിക്ക് നല്കിയിരിക്കുന്നത്. മനസ്സിലാക്കാൻ സാധിക്കുന്നവർ മനസ്സിലാക്കുക. (Siraj-e-Muneer Page 3- RK12-Page 5).

ചുരുക്കത്തിൽ എന്റെ പ്രവാചകത്വവും ദൗത്യവും ഞാൻ മുഹമ്മദും അഹമദും ആണെന്നതും എന്റെ മേന്മ കൊണ്ടല്ല. ഒരു പ്രതിച്ഛായ എന്ന നിലയിൽ ഞാൻ ഖാതമുൽഅമ്പിയാ എന്ന അതേ പ്രവാചകനാണ്. ഇരുപത് വർഷം മുമ്പ് ബറാഹീനെ അഹ്മദിയ്യായിൽ അല്ലാഹു എനിക്ക് മുഹമ്മദ് എന്നും അഹ്മദ് എന്നും പേര് വെക്കുകയും എന്നെ റസൂൽ(സ)യുടെ പ്രതിനിധാനമായി പ്രഖ്യാപിക്കുകയും ചെയ്തു. (Ek Ghalati Ka Izala RK18-P212)

മസീഹ് മൗഊദ്(അ) യഥാർത്ഥ നിലയിലുള്ള പ്രവാചകനായി മാറിയെങ്കിൽ അദ്ദേഹം യഥാർത്ഥ രീതിയിൽ ഖാതമുന്നബിയ്യീൻ കൂടി ആയിത്തീരുന്നതാണ്. ഇങ്ങനെ ഒരു അവകാശവാദമുന്നയിക്കാൻ മഹ്മൂദികൾക്ക് ധൈര്യമുണ്ടോ?

*************

## 17. മസീഹ് മൗഊദ്(അ) വാദം തിരുത്തിയോ?

അല്ലാഹു നിയോഗിച്ച് അയക്കുന്നയാൾക്ക് ഒരിക്കലും തന്നെ തന്റെ പദവിയെ സംബന്ധിച്ച് തെറ്റായ ധാരണ ഉണ്ടാവില്ല. ഒരാളെ ദൈവനിയോഗിതനായി അല്ലാഹു അയക്കുമ്പോൾ തന്നെ അല്ലാഹു അയാളുടെ പദവിയും സ്ഥാനവും വ്യക്തമായി അയാൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നു.

اور بعض کا یہ خیال ہے کہ اگر کسی الہام کے سمجھنے میں غلطی ہو جائے تو امان اٹھ جاتا ہے اور شک پڑ جاتا ہے کہ شاید اس نبی یا رسول یا محدث نے اپنے دعویٰ میں بی دھوکہ کھایا ہو۔ یہ خیال سراسر سفسطہ ہے اور جو لوگ نیم سودائی ہوتے ہیں وہ ایسی ہی باتیں کیا کرتے ہیں

ചിലയാളുകൾക്ക് ഒരു ധാരണയുണ്ട്, ചില വെളിപാടുകൾ മനസ്സിലാക്കുന്നതിൽ തെറ്റുപറ്റുകയാണെങ്കിൽ ഈമാൻ ഉയർന്നു പോവുകയും സംശയം ഉദിക്കുകയും ചെയ്യുന്നു, ഈ നബി, റസൂൽ, അല്ലെങ്കിൽ മുഹദ്ദസ് എന്നയാൾക്ക് തന്റെ വാദത്തിലും വഞ്ചന പറ്റിയേക്കാം എന്ന്. അങ്ങനെയുള്ള ചിന്ത തന്നെ അസംബന്ധമാണ്, മാനസിക നില തെറ്റിയ ആൾക്കാരാണ് ഇങ്ങനെയുള്ള കാര്യങ്ങൾ സംസാരിക്കുക. (Nuzulul Masih RK19-P.132).

حضرت امام مہدی و مسیح موعود علیہ السلام مولوی غلام دستگیر کو مخاطب کر کے اپنے اشتہار میں فرماتے ہیں ": ہم بھی نبوت کے مدعی پر لعنت بھیجتے ہیں اور لا الہ الا اللہ محمد رسول للہ کے قائل ہیں اور آنحضرت صلی للہ علیہ وسلم کے ختم نبوت پر ایمان رکھتے ہیں۔ اور وحیٔ نبوت نہیں وحیٔ ولایت جو زیر سایہ نبوت محمد (ص) یہ اور باتباع آنجناب صلی للہ علیہ وسلم اولیاء للہ کو ملتی ہے اس کے ہم قائل ہیں اور اس سے زیادہ جو شخص ہم پہ الزام لگاوے وہ تقویٰ اور دیانت کو چھوڑتا ہے۔ اور اگر قرآنی الہامات سے کوئی کافر ہو جاتا ہے تو پہلے یہ فتویٰ کفر سید عبد القادر رضی للہ عنہ پر لگانا چاہئے کہ انہوں نے بھی قرآنی الہامات کا دعویٰ کیا ہے۔ غرض جبکہ نبوت کا دعویٰ اس طرف بھی نہیں صرف ولایت اور مجددیت کا دعویٰ ہے ۔اشتہار 155 ۔ مجموعہ اشتہارات جلد دوم صفحہ 297,298

മസീഹ് മൗഊദ്(അ) തന്റെ വിളംബരത്തിൽ മൗലവി ഗുലാം ദസ്തഗീർ സാഹിബിനെ അഭിസംബോധന ചെയ്തുകൊണ്ടു പറയുകയാണ്: നാമും പ്രവാചകവാദിയുടെ മേൽ ശാപം ചൊരിയുന്നു, ലാഇലാഹ ഇല്ലല്ലാഹ് എന്ന കലിമയിലും റസൂൽ തിരുമേനി(സ)യുടെ ഖതമുന്നുബുവ്വത്തിലും വിശ്വസിക്കുന്നു. റസൂൽ തിരുമേനി(സ)യെ പിൻപറ്റുന്നതിലൂടെ അല്ലാഹു

വിന്റെ വലിമാർക്ക് ലഭിക്കുന്ന വഹ്‌യ് വിലായത്താണ് വാദിക്കുന്നത്, വഹ്‌യ് നുബുവ്വത്തല്ല. ഇതിനപ്പുറം ആരെങ്കിലും നമ്മുടെ നേരെ ആക്ഷേപം ഉന്നയിക്കുകയാണെങ്കിൽ അയാൾ ദൈവഭയമില്ലാത്തവനും കപടനും ആകുന്നു. .... നുബുവ്വത്തിന്റെ വാദം ഒരു വശത്തുമില്ല. വെറും വിലായത്തിന്റെയും മുജദ്ദദിയത്തിന്റെയും വാദമാണുള്ളത്.

”یہ یاد رکھنا چاہئے کہ مسیح موعود ہونے کا دعوےٰ ملہم من للہ اور مجدّد من للہ کے دعویٰ سے کچھ بڑا نہیں ہے۔ صاف ظاہر ہے کہ جس کو یہ رُتبہ حاصل ہو کہ وہ خدا تعالےٰ کا ہمکلام ہو اُس کا نام منجانب للہ خواہ مثیل مسیح ہو اور خواہ مثیل موسیٰ ہو۔ یہ تمام نام اُس کے حق میں جائز ہیں۔ مثیل ھونے میں کوئی اصلی فضیلت نہیں۔ اصلی اور حقیقی فضیلت ملہم من للہ اور کلیم للہ ہونے میں ہے۔ پھر جس شخص کو مکالمہ الٰہیہ کی فضیلت حاصل ہو گئی اور کسی خدمت دین کیلئے مامور من للہ ہو گیا تو للہ جلّ شانہ، وقت کے مناسب حال اس کا کوئی نام رکھ سکتا ہے۔ یہ نام رکھنا تو کوئی بڑی بات نہیں۔ اسلام میں موسیٰ۔ عیسیٰ۔ داؤد۔ سلیمان۔ یعقوب وغیرہ بہت سے نام نبیوں کے نام پر لوگ رکھ لیتے ہیں اِس تفاول کی نیت سے کہ اُنکے اخلاق اُنہیں حاصل ہو جائیں پھر اگر خدا تعالیٰ کسی کو اپنے مکالمہ کا شرف دیکر کسی موجودہ مصلحت کے موافق اُس کا کوئی نام بھی رکھ دے تو اس میں کیا استبعاد ہے؟ اور اس زمانہ کے مجدد کا نام مسیح موعود رکھنا اس مصلحت پر مبنی معلوم ہوتا ہے کہ اس مجدد کا عظیم الشان کام عیسائیت کے غلبہ کو توڑنا اور اُن کے حملوں کا دفع کرنا اور اُن کے فلسفہ کو جو مخالف قرآن ہے دلائل قویہ کے ساتھ توڑنا اور اُن پر اسلام کی حجت پوری کرنا ہے۔“ آئینہ کمالات اسلام۔ روحانی خزائن جلد 5 صفحہ 341

ഇത് ഓർമ്മയിൽ വെക്കേണ്ടതാണ്. മസീഹ് മഊദ് ആണെന്ന വാദം അല്ലാഹുവിൽനിന്ന് വെളിപാട് ലഭിക്കുന്നു, അല്ലാഹുവിൽ നിന്നുള്ള മുജദ്ദിദ് ആണ് എന്നതിനെക്കാൾ അല്പം പോലും വലിയതല്ല. ഒരാൾക്ക് ഈ പദവി ലഭിക്കുന്നത് അല്ലാഹു അയാളുമായി സംസാരിക്കുന്നു എന്നതു മൂലമാണ്. അല്ലാഹുവിൽനിന്ന്, മസീഹിന്റെ പ്രതിരൂപമെന്നോ, മൂസായുടെ പ്രതിരൂപമെന്നോ, ഏതു പേരിനും അയാൾ അർഹനാണ്. ഒരാളുടെ പ്രതിരൂപമാണെന്ന് പറയുന്നതിൽ യഥാർത്ഥമായൊരു ശ്രേഷ്ഠതയുമില്ല. യഥാർത്ഥ ശ്രേഷ്ഠത അല്ലാഹു സംസാരിക്കുന്നു എന്നതാണ്. അങ്ങനെ ഒരാൾക്ക് ദൈവിക വെളിപാടുകളുടെ ശ്രേഷ്ഠത ലഭിക്കുകയും അയാൾ മതസേവനത്തിനുവേണ്ടി ദൈവനിയോഗിതനാവുകയും ചെയ്താൽ അത്യുന്നതനായ അല്ലാഹുവിന്, ആ കാലഘട്ടത്തിന്റെ ആവശ്യകതയനുസരിച്ച് അയാൾക്ക് ഏതെങ്കിലും ഒരു പേര് നല്കാവുന്നതാണ്. ഈ പേര് വെക്കുന്നത് വലിയൊരു കാര്യമൊന്നുമല്ല. ഇസ്‌ലാമിൽ മൂസാ, ഈസാ, ദാവൂദ്, സുലൈമാൻ, യാക്കൂബ് മുതലായ നബിമാരുടെ വളരെയധികം പേരുകൾ ആളുകൾ വെക്കുന്നു, ഈ നബിമാരുടെ നല്ല ഗുണങ്ങൾ അവർക്ക് ലഭിക്കട്ടെ എന്ന നല്ല ഉദ്ദേശ്യത്തിൽ. അല്ലാഹു ഒരാൾക്ക് വെളിപാട് നല്കിക്കൊണ്ട്, അന്നത്തെ സാഹചര്യമനുസരിച്ച് അയാൾക്ക് ഏതെങ്കിലും പേര് നല്കു

കയാണെങ്കിൽ അതിലെന്താണ് എതിർക്കാനുള്ളത്? ഈ കാലഘട്ടത്തിലെ മുജദ്ദിദിന്റെ പേര് മസീഹ് മഊദ് എന്നു വെക്കാനുള്ള കാരണം, ഈ മുജദ്ദിദിന്റെ ഏറ്റവും ശ്രേഷ്ഠമായ പ്രവൃത്തി, ക്രിസ്തുമതത്തിന്റെ മുന്നേറ്റത്തെ തകർക്കുകയും അവരുടെ ആക്രമണത്തെ പ്രതിരോധിക്കുകയുമാണ്, വിശുദ്ധ ഖുർആനെതിരായ അവരുടെ തത്വശാസ്ത്രത്തെ ശക്തമായ തെളിവുകളോടുകൂടി തകർത്തുകൊണ്ട് ഇസ്‌ലാമിന്റെ സത്യവാദം അവരിൽ പൂർത്തീകരിക്കുകയെന്നതുമാണ്.

മുകളിൽ കൊടുത്ത ഉദ്ധരണികളിൽകൂടി മസീഹ് മഊദ് (അ) എന്താണ് തന്റെ സ്ഥാനമെന്നത് വളരെ വ്യക്തമായി മനസ്സിലാക്കി തന്നിരിക്കയാണ്. 'ലാഇലാഹ ഇല്ലല്ലാഹ് എന്ന കലിമയിലും റസൂൽ തിരുമേനി(സ)യുടെ ഖതമുന്നുബുവ്വത്തിലും വിശ്വസിക്കുന്നു. റസൂൽ തിരുമേനി(സ)യെ പിൻപറ്റുന്നതിലൂടെ അല്ലാഹുവിന്റെ വലിമാർക്ക് ലഭിക്കുന്ന വഹ്‌യ് വിലായത്താണ് വാദിക്കുന്നത്, വഹ്‌യ് നുബുവ്വത്തല്ല. ഇതിനപ്പുറം ആരെങ്കിലും നമ്മുടെ നേരെ ആക്ഷേപം ഉന്നയിക്കുകയാണെങ്കിൽ അയാൾ ദൈവഭയമില്ലാത്തവനും കപടനും ആകുന്നു. .... നുബുവ്വത്തിന്റെ വാദം ഒരു വശത്തുമില്ല. വെറും വിലായത്തിന്റെയും മുജദ്ദദിയത്തിന്റെയും വാദമാണുള്ളത്'.

ഒരു അനുയായിക്ക് ഒരിക്കലും തന്നെ യഥാർത്ഥത്തിലുള്ള പ്രവാചകനാകാൻ കഴിയുകയില്ല. എന്തെന്നാൽ ഒരു സേവകനു ഒരിക്കലും തന്റെ യജമാനനെ പോലെയാകാൻ കഴിയുകയില്ല. സേവകൻ യജമാനനായി കഴിഞ്ഞാൽ പിന്നെ രണ്ടുപേരും യജമാനന്മാരായി, അതിനുശേഷം സേവകൻ എന്നയാൾ ഇല്ലാതായി. ഒരു സേവകന് തന്റെ യജമാനന്റെ അഭാവത്തിൽ യജമാനന്റെ ചില ഗുണങ്ങൾ പ്രകടിപ്പിക്കാൻ സാധിച്ചെന്നു വരാം. പക്ഷേ യജമാനൻ എപ്പോഴും സേവകനിൽനിന്ന് വേർപ്പെട്ട വ്യക്തി തന്നെയായിരിക്കും.

അദ്ദേഹത്തിന്റെ അവസാനത്തെ വിജ്ഞാപനത്തിൽ തന്റെ പേരോട് ചേർത്തെഴുതിയ വലിയുല്ലാഹ് എന്ന അഭിധാനം തന്നെ അദ്ദേഹം തന്റെ വാദം ഒരിക്കലും മാറ്റിയിട്ടില്ല എന്നതിന് തെളിവാണ്. ഇതിനപ്പുറം വേറെ തെളിവുകളുടെയൊന്നും ആവശ്യമില്ല.

*************

# 18. മസീഹ് മൗഊദ്(അ) വലിയുല്ലാഹ്

മസീഹ് മൗഊദ്(അ) നബിയാണെന്ന് തെളിയിക്കുവാൻ അദ്ദേഹം ജീവിതാവസാനം എഴുതിയ ലേഖനത്തിന്റെ ഉൾഭാഗം എടുത്ത് ഉദ്ധരിച്ചുകൊണ്ട് മഹ്മൂദി ഖലീഫ പോലും സാധാരണക്കാരായ അഹ്മദികളെ കബളിപ്പിക്കാറുണ്ട്. അതിങ്ങനെയാണ്,

ഞാൻ അല്ലാഹുവിന്റെ കല്പന പ്രകാരം നബിയാകുന്നു. ഞാൻ ഇതിനെ നിഷേധിക്കുകയാണെങ്കിൽ കുറ്റക്കാരനായിത്തിരുന്നതാണ്. അല്ലാഹു എന്നെ നബിയെന്ന് വിളിച്ചിരിക്കുന്നത്, ഞാൻ എങ്ങനെയാണ് നിഷേധിക്കുക? അതിനാൽ ഞാൻ ഈ ലോകത്തുനിന്ന് വിടവാങ്ങുന്നതുവരെ ഞാനതിൽ ഉറച്ചുനില്ക്കുന്നതാണ്.

എന്നാൽ മസീഹ് മൗഊദ്(അ) അദ്ദേഹത്തിന്റെ ജീവിതാവസാനം പ്രസിദ്ധീകരിച്ച ലേഖനം വ്യക്തമായി വായിച്ചാൽ ഇങ്ങനെ പറഞ്ഞിരിക്കുന്നത് ഏതു രീതിയിലാണെന്ന് മനസ്സിലാകുന്നതാണ്.

جناب اڈیٹر صاحب اخبار۔پرچہ اخبار عام ۲۳ مئی ۱۹۰۸ اسہ کے پہلے کالم کی دوسری سطر میں میری نسبت یہ خبر درج ہے کہ گویا میں نے جلسہ دعوت میں نبوت سے انکار کیا۔اس کے جواب میں واضح ہو کہ اس جلسہ میں میں نے صرف یہ تقریر کی تھی کہ **میں ہمیشہ اپنی تالیفات کے ذریعہ سے لوگوں کو اطلاع دیتا رہا ہوں۔**

ജനാബ് എഡിറ്റർ സാഹിബ്, അഖ്ബാർ ആം, 23–05–1908ലെ പത്രത്തിൽ ഒന്നാം കോളത്തിൽ രണ്ടാംവരിയിൽ, എന്നെക്കുറിച്ചുള്ള വാർത്തയിൽ ഞാൻ, പ്രചരണ യോഗത്തിൽ നുബുവ്വത്തിനെ നിഷേധിച്ചിരിക്കുന്നു എന്ന വാർത്ത നല്കിയിരിക്കയാണ്. എന്നാൽ ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നത്, ഞാൻ ഇതുവരെയുള്ള എന്റെ എല്ലാ ഗ്രന്ഥങ്ങളിലും എഴുതിവരികയും, ജനങ്ങളെ അറിയിച്ചുകൊണ്ടിരിക്കുകയും ചെയ്തത് എന്താണോ അതുതന്നെയാണ്.

اور اب بھی ظاہر کرتا ہوں کہ یہ الذام جو میرے ذمہ لگایا جاتا ہے کہ گویا میں ایسی نبوت کا دعویٰ کرتا ہوں جس سے مجھے اسلام کچھ تعلق باقی نہیں رہتا اور جس کے یہ معنے ہیں کہ میں مستقل طور پر اپنے تیئں ایسا نبی سمجھتا ہوں کہ قرآن شریف کی پیروی کی کچھ حاجت نہیں رکھتا اور اپنا علیحدہ کلمہ اور قبلہ بناتا ہوں اور شریعت اسلام کو منسوخ کی طرح قرار دیتا ہوں۔اور آنحضرت صلی اللہ علیہ وآلہٖ وسلم کے اقتدار اور متابعت سے باہر جاتا ہوں یہ الزام صحیح نہیں ہے بلکہ **ایسا دعویٰ نبوت**

**کامیرے نزدیک کفر ہے اور نہ آج سے بلکہ اپنی ہر ایک کتاب میں ہمیشہ میں یہی لکھتا آیا ہوں کہ اس قسم کی نبوت کا مجھے کوی دعویٰ نہیں اور یہ سراسر میرے پر تہمت ہے**

എനിക്ക് ഇസ്ലാമിനോട് യാതൊരു ബന്ധവും ബാക്കിയില്ലെന്ന രീതിയിൽ അഥവാ സ്വതന്ത്രമായ രീതിയിൽ ഞാൻ എന്നെക്കുറിച്ച് നബിയാണെന്ന് മനസ്സിലാക്കുകയും, വിശുദ്ധ ഖുർആനെ പിന്തുടരേണ്ട ആവശ്യമില്ലെന്നും, ഞാൻ വേറെ കലിമയും ഖിബ്ലയും ഉണ്ടാക്കുന്നുവെന്നും, ഇസ്ലാമിക ശരീഅത്തിനെ അസാധുവാക്കുന്നുവെന്നും, റസൂൽ തിരുമേനി(സ)യെ പിന്തുടരുന്നതിൽനിന്നും പുറത്തുപോകുന്നുവെന്നും എന്ന രീതിയിൽ എനിക്ക് എതിരെയുള്ള ആരോപണം ശരിയല്ല. മാത്രമല്ല, ഇങ്ങനെയുള്ള പ്രവാചകത്വവാദം എന്റെ ദൃഷ്ടിയിൽ കുഫ്റാണ്. ഇത് ഇന്നല്ല, ഞാൻ എന്റെ എല്ലാ ഗ്രന്ഥങ്ങളിലും എന്നും ഇതു തന്നെയാണ് എഴുതി വന്നിരിക്കുന്നത്. ഈ രീതിയിലുള്ള നുബുവ്വത്തിനോട് എനിക്ക് യതൊരു വാദവുമില്ല. ഇത് എന്റെ നേരെ ഉന്നയിക്കുന്ന വെറും ആരോപണമാണ്.

اور جس بنا پر میں اپنے تیئں نبی کہلاتا ہوں وہ صرف اس قدر ہے کہ میں خدا تعالیٰ کی ہمکلامی سے مشرف ہوں اور میرے ساتھ بکثرت بولتا اور کلام کرتا ہے اور میری باتوں کا جواب دیتا ہے اور بہت سی غیب کی باتیں میرے پر ظاہر کرتا اور آئیندہ کے زمانوں کے وہ راز میرے پر کھولتا ہے کہ جب تک انسان کو اس کے ساتھ خصوصیت کا قرب نہ ہو۔ دوسرے پر وہ اسرار نہیں کھولتا اور انہیں امور کی کثرت کی وجہ سے اس نے میرا نام نبی رکھا ہے۔ سو میں خدا کے حکم کے موافق نبی ہوں۔ اور اگر میں اس سے انکار کروں تو میرا گناہ ہو گا۔ اور جس حالت میں خدا میرا نام نبی رکھتا ہے تو میں کیونکر انکار کر سکتا ہوں میں اس پر قائم ہوں اس وقت تک جو اس دنیا سے گزر جاوں

ഞാൻ എന്നെക്കുറിച്ച് നബിയെന്ന് പറയുന്നത് വെറും ഈ രൂപത്തിലാണ്, അല്ലാഹു എന്നോട് സംസാരിക്കുന്നു. വളരെയധികം സംസാരിക്കുന്നു. എന്റെ വിളികൾക്ക് ഉത്തരം നൽകുന്നു. വളരെയധികം രഹസ്യകാര്യങ്ങൾ എനിക്ക് വെളിപ്പെടുത്തിത്തരുന്നു, വരാനിരിക്കുന്ന കാലത്തെ രഹസ്യങ്ങൾ എന്നോട് പറയുന്നു. അവനുമായി പ്രത്യേകമായ രീതിയിൽ അടുപ്പമുള്ളവരോടല്ലാതെ മറ്റുള്ളവരോട് ഈ രഹസ്യങ്ങൾ തുറക്കാറില്ല. ഈ സവിശേഷതകൾ കാരണമായി അല്ലാഹു എന്റെ പേര് നബിയെന്ന് വെച്ചിരിക്കയാണ്. അതിനാൽ ഞാൻ അല്ലാവിന്റെ കല്പന പ്രകാരം നബിയാകുന്നു. ഞാൻ ഇതിനെ നിഷേധിക്കുകയാണെങ്കിൽ കുറ്റക്കാരനായിത്തീരുന്നതാണ്. അല്ലാഹു ഏതുരീരീതിയിലാണോ എന്നെ നബിയെന്ന് വിളിച്ചിരിക്കുന്നത്, ഞാൻ എങ്ങനെയാണ് അതിനെ നിഷേധിക്കുക. അതിനാൽ ഞാൻ ഈ ലോകത്തുനിന്ന് വിടവാങ്ങുന്നതുവരെ അതിൽ ഉറച്ചുനില്ക്കുന്നതാണ്.

مگر میں ان معنوں سے نبی نہیں ہوں کہ گویا میں اسلام سے اپنے تئیں الگ کرتا ہوں یا اسلام کا کوئی حکم منسوخ کرتا ہوں۔ میری گردن اس جوئے کے نیچے ہے۔ جو قرآن شریف نے پیش کیا اور کسی کو مجال نہیں کہ ایک نقطہ یا ایک شعشہ قرآن شریف کا منسوخ کر سکے

എന്നാൽ ഞാൻ ഈ രീതിയിലുള്ള നബിയല്ല, ഇസ്‌ലാമിൽ നിന്ന് എന്നെ വേർപെടുത്തുകയോ, ഇസ്‌ലാമിലെ ഏതെങ്കിലും കല്പനകളെ ഞാൻ അസാധുവാക്കുകയോ ചെയ്യുന്നില്ല. വിശുദ്ധ ഖുർആൻ എന്താണോ കല്പിക്കുന്നത്, ആ കലപ്പയുടെ താഴെയാണ് എന്റെ ഗളമുള്ളത്. വിശുദ്ധ ഖുർആന്റെ ഒരു വള്ളിയോ, പുള്ളിയോ അസാധുവാക്കുകയെന്നത് ആരെക്കൊണ്ടും സാധിക്കുന്ന കാര്യമല്ല.

سو میں صرف اس وجہ سے نبی کہلاتا ہوں کہ عربی اور عبرانی زبان میں نبی کے یہ معنی ہوتے ہیں کہ خدا سے الہام پا کر پیشگوئی کرنے والا اور بغیر کثرت کے یہ معنی تحقیق نہیں ہو سکتے۔ .......

അതിനാൽ, അറബി, ഇബ്രാനീ ഭാഷകളിൽ നബിയെന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹുവിൽനിന്നും വളരെയധികം വെളിപാടുകൾ ലഭിച്ചുകൊണ്ട് പ്രവചനം നടത്തുന്നയാൾ എന്നാണ്, ഈ അർത്ഥത്തിൽ മാത്രമാണ് ഞാൻ എന്നെ നബിയെന്ന് പറയുന്നത്. വെളിപാടുകളുടെ ആധിക്യമില്ലാതെ ഇത് സാധൂകരിക്കപ്പെടുകയില്ല. .......

അവസാനമായി അദ്ദേഹം എഴുതുകയാണ്,

والسلام على من اتبع الهدى

الراقـــــم

خاکسار مفخر ولی اللہ الحمد غلام احمد عفی اللہ عنہ ۲۳ مئی ۱۹۰۸ء از شہر لاہور

یہ خط ہند واخبار عام لاہور مورخہ ۲۶ مئی ۱۹۰۸ء کے صفحہ ۷ کالم اول سے کالم ۳ تک میں شائع کیا گیا ہے (المرتب)

നേർമാർഗം പിൻപറ്റുന്നവരിൽ അല്ലാഹുവിന്റെ സമാധാനം ഉണ്ടാകട്ടെ, എന്ന് വിനീതൻ, മുഫഖിർ, വലിയുല്ലാഹിൽഹംദ്, അഫിയുല്ലാഹി അൻഹു. ഈ ലേഖനം ലാഹോറിലെ ഹിന്ദു പത്രമായ അഖ്ബാർ ആമിൽ 26 മെയ് 1908ൽ ഏഴാം പേജിൽ ഒന്നുമുതൽ മൂന്ന് വരെയുള്ള കോളത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി.

ഈ ലേഖനം ശ്രദ്ധിച്ചു വായിച്ചാൽ പല കാര്യങ്ങളും മനസ്സിലാവുന്നതാണ്.

1. മസീഹ് മൗഊദ്(അ) എല്ലാ ഗ്രന്ഥങ്ങളിലും എഴുതിവരികയും, ജനങ്ങളെ അറിയിച്ചുകൊണ്ടിരിക്കുകയും ചെയ്തത് തന്നെയാണ് ഇപ്പോഴും പറയുന്നത്. അതായത് തന്റെ വാദത്തിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല.

2. മസീഹ് മൗഊദ്(അ) സ്വതന്ത്രമായ (യഥാർത്ഥമായ) രീതിയിലുള്ള പ്രവാചകനല്ല.

3. ദൈവിക വെളിപാടുകളുടെ ആധിക്യം കാരണം അല്ലാഹു അദ്ദേഹത്തിന് നബിയെന്ന് പേര് വെച്ചിരിക്കയാണ്. ഇത് അറബി, ഇബ്രാനീ ഭാഷയുടെ വാക്കർത്ഥത്തിലാണ്. ഏതാനും ചില വെളിപാടുകൾ മാത്രം ലഭിക്കുന്ന മറ്റുള്ളവരിൽ നിന്ന് വേർതിരിച്ചു കാണിക്കാൻ വേണ്ടി.

4. ഇതെല്ലാമായിട്ടും, അത്യന്തം അദ്ദേഹം വലിയുല്ലാഹ് ആണ്. നബിയുല്ലാഹ് അല്ല.

یہ یادر کھنا چاہئے کہ مسیح موعود ہونے کا دعوے ملہم من للہ اور مجدّد من للہ کے دعویٰ سے کچھ بڑا نہیں ہے۔

آئینہ ءکمالات اسلام۔روحانی خزائن جلد 5 صفحہ 341

ഇത് ഓർമ്മയിൽ വെക്കേണ്ടതാണ്. മസീഹ് മഊദ് ആണെന്ന വാദം അല്ലാഹുവിൽനിന്ന് വെളിപാട് ലഭിക്കുന്നു, അല്ലാഹുവിൽ നിന്നുള്ള മുജദ്ദിദ് ആണ് എന്നതിനെക്കാൾ അല്പം പോലും വലിയതല്ല. ഒരാൾക്ക് ഈ പദവി ലഭിക്കുന്നത് അല്ലാഹു അയാളുമായി സംസാരിക്കുന്നു എന്നതു മൂലമാണ്. (Ayina Kamalat Islam –RK5, Page 341)

*************

# 19. മുഹമ്മദ് നബി(സ) ദൈവതുല്യൻ

മസീഹ് മഊദിനെ (അ) യഥാർത്ഥ പ്രവാചകനായി ചിത്രീകരിക്കുന്നവർ, താഴെ പറയുന്ന ഭാഗം വായിക്കേണ്ടതാണ്, ഉപമാരൂപത്തിൽ പറയുന്ന കാര്യങ്ങൾ യഥാർത്ഥ രീതിയിൽ എടുക്കരുതെന്ന് അപ്പോൾ മനസ്സിലാകുന്നതാണ്.

اس جگہ خدا تعالیٰ کے آنے سے مراد حضرت محمد مصطفیٰ صلی اللہ علیہ وآلہ وسلم کا آنا ہے جو قرب اور محبت کا تیسرا درجہ اپنے لئے حاصل رکھتے ہیں۔اور یہ سب روحانی مراتب ہیں کہ جو استعارہ کے طور پر مناسب حال الفاظ میں بیان کئے گئے ہیں یہ نہیں کے حقیقی اہنیت اس جگہ مراد ہے یا حقیقی الوہیت مراد لی گئی ہے۔

ഇവിടെ (ബൈബിളിൽ) അല്ലാഹുവിന്റെ വരവ് കൊണ്ടുദ്ദേശിച്ചിരിക്കുന്നത് മുഹമ്മദ് നബിയുടെ(സ) വരവാണ്. ഇത് സാമീപ്യത്തിന്റെയും സ്നേഹത്തിന്റെയും മൂന്നാമത്തെ പദവിയാണ്. ഇതൊക്കെ ഉപമാരൂപത്തിൽ അനുയോജ്യമായ വാക്കുകളിൽ വിവരിക്കപ്പെട്ട ആത്മീയ പദവികളാണ്, അല്ലാതെ ഇവിടെ യഥാർത്ഥമായ രീതിയിൽ ദൈവമോ, ദൈവ പുത്രനോ ആയിത്തീർന്നു എന്നല്ല ഉദ്ദേശിക്കുന്നത്. (Tauzih Maram, RK 3, P 65-66).

اور سب سے بڑھ کر ہمارے سید و مولیٰ رسول اللہ صلی اللہ علیہ وآلہ وسلم کی خدائی ثابت ہو سکتی ہے۔کیونکہ آپ کی وحی میں صرف یہی نہیں کہ جس نے تجھ سے بیعت کی اس نے خدا سے بیعت کی اور نہ صرف یہ کہ خدا تعالیٰ نے آپ کے ہاتھ کو اپنا ہاتھ قرار دیا ہے اور آپ کے ہر ایک فعل کو اپنا فعل ٹھہرایا ہے۔اور یہ کہہ کر کہ وَمَا يَنطِقُ عَنِ الهَوٰى اِن هُوَ اِلاَّ وَحیٌ يُّوحٰی۔آپ کی تمام کلام کو اپنی کلام ٹھہرایا ہے بلکہ ایک جگہ اور تمام لوگوں کو آپ کے بندے قرار دیا ہے جیسا کہ فرمایا قُل یٰعِبَادِیَ ۔یعنی کہہ کہ اے میرے بندو۔پس ظاہر ہے کہ جس قدر صراحت اور وضاحت سے ان پاک کلمات سے ہمارے نبی صلی اللہ علیہ وآلہ وسلم کی خدائی ثابت ہو سکتی ہے۔

ആരുടെയെങ്കിലും ദിവ്യത്വം സ്ഥാപിതമാവുമെങ്കിൽ, മറ്റെല്ലാവരെക്കാളും ആദ്യം നമ്മുടെ നേതാവും യജമാനനും ആയ റസൂൽ(സ)യുടെ ദൈവികത്വമാണ് സ്ഥാപിതമായിത്തീരുക. കാരണമെന്തെന്നാൽ അദ്ദേഹത്തിന് ലഭിച്ച വെളിപാടുകളിൽ നിനക്ക് ബൈഅത്ത് (അനുസരണ പ്രതിജ്ഞ) ചെയ്യുന്നവർ അല്ലാഹുവിനോടാണ് ബൈഅത്ത് ചെയ്യുന്നത് എന്നതു

മാത്രമല്ല ഉള്ളത്, അദ്ദേഹത്തിന്റെ കരങ്ങളെ അല്ലാഹുവിന്റെ കരങ്ങളാണെ ന്ന് പറയുകയും, അദ്ദേഹത്തിന്റെ എല്ലാ പ്രവൃത്തികളെയും അല്ലാഹു വിന്റെ പ്രവൃത്തികളാണെന്ന് പറയുകയും, وَمَا يَنطِقُ عَنِ الهَوَى اِن هُوَ اِلاَّ وَحيٌ يُوحَى അദ്ദേഹം സംസാരിക്കുന്നതെല്ലാം അല്ലാഹുവിന്റെ സംസാരമാണെന്ന് പറയുകയും, قُل يٰعِبَادِىَ എന്റെ ദാസരെ പറയുക എന്നു പറഞ്ഞുകൊണ്ട് എല്ലാവരെയും അദ്ദേഹത്തിന്റെ ദാസന്മാരാണെന്ന് പറയുകയും ചെയ്തുകൊണ്ട് വ്യക്ത മായും വിശദമായും നമ്മുടെ നബി(സ) യുടെ ദൈവികത്വം സ്ഥാപിക്കാൻ സാധിക്കുന്നതാണ്. (Kitab-ul-Bariyya, RK 13, P 105-106).

മസീഹ് മൗഊദിന്റെ (അ) ഉപമാ രൂപത്തിലുള്ള പ്രവാചകത്വം യഥാർത്ഥ ത്തിലുള്ള പ്രവാചകത്വമായിത്തീരുമെങ്കിൽ നമ്മുടെ നബി(സ)യുടെ ദൈവി കത്വം യഥാർത്ഥത്തിലുള്ള ദൈവികത്വമായിത്തീരുകയില്ലേ? മഹ്മൂദികൾ ഇതു സമ്മതിക്കുമോ?

يٰبُنَيَّ إِنَّهَآ إِن تَكُ مِثْقَالَ حَبَّةٍ مِّنْ خَرْدَلٍ فَتَكُنْ فِى صَخْرَةٍ أَوْ فِى ٱلسَّمَاوَاتِ أَوْ فِى ٱلأَرْضِ يَأْتِ بِهَا ٱللَّهُ إِنَّ ٱللَّهَ لَطِيفٌ خَبِيرٌ

31:17 എന്റെ കുഞ്ഞുമകനേ, തീർച്ചയായും അത് (നീ മറച്ചുവെക്കുന്നത്) ഒരു കടുക് മണിയുടെ തൂക്കമുള്ളതായിരുന്നാലും, അതൊരു പാറക്കല്ലിനു ള്ളിലോ ആകാശങ്ങളിലോ ഭൂമിയിലോ എവിടെ ആയിരുന്നാലും അല്ലാഹു അത് (വെളിച്ചത്ത്) കൊണ്ടുവരുന്നതാണ്. തീർച്ചയായും അല്ലാഹു സൂ ക്ഷ്മജ്ഞനും അറിയുന്നവനുമാകുന്നു.

*************

## 20. വലിമാർക്കും ദൈവതുല്യരാകാം

ആലങ്കാരികമായി പറഞ്ഞാൽ ഒരു വലിക്ക് പ്രവാചകനെപ്പോലെ മാത്ര മല്ല, അല്ലാഹുവിനെപ്പോലെയും ആയിത്തീരാൻ സാധിക്കുമെന്ന് താഴെ പറയുന്ന ഖുദ്സി ഹദീസ് തെളിയിക്കുന്നു.

عنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: " إِنَّ اللَّهَ عَزَّ وَجَلَّ قَالَ: مَنْ عَادَى لِي وَلِيًّا، فَقَدْ آذَنْتُهُ بِالْحَرْبِ، وَمَا تَقَرَّبَ إِلَيَّ عَبْدِي بِشَيْءٍ أَحَبَّ إِلَيَّ مِمَّا افْتَرَضْتُ عَلَيْهِ، وَمَا يَزَالُ عَبْدِي يَتَقَرَّبُ إِلَيَّ بِالنَّوَافِلِ حَتَّى أُحِبَّهُ، فَإِذَا أَحْبَبْتُهُ، كُنْتُ سَمْعَهُ الَّذِي يَسْمَعُ بِهِ، وَبَصَرَهُ الَّذِي يُبْصِرُ بِهِ، وَيَدَهُ الَّتِي يَبْطِشُ بِهَا، وَرِجْلَهُ الَّتِي يَمْشِي بِهَا، وَإِنْ سَأَلَنِي لَأُعْطِيَنَّهُ، وَلَئِنْ اسْتَعَاذَنِي لَأُعِيذَنَّهُ، وَمَا تَرَدَّدْتُ عَنْ شَيْءٍ أَنَا فَاعِلُهُ تَرَدُّدِي عَنْ نَفْسِ عَبْدِي الْمُؤْمِنِ، يَكْرَهُ الْمَوْتَ وَأَنَا أَكْرَهُ مَسَاءَتَهُ" رواه البخاري

അബൂഹുറൈറ (റ.അ.) നിവേദനം ചെയ്യുന്നു, റസൂൽ തിരുമേനി(സ) അരു ൾ ചെയ്തു: അത്യുന്നതനായ അല്ലാഹു എന്നോട് പറഞ്ഞു: ആരാണൊ എന്റെ വലിയുമായി ശത്രുത കാണിക്കുന്നത്, അയാളുമായി ഞാൻ യുദ്ധം ചെയ്യുന്നതാണ്. എന്റെ ദാസൻ നിർബന്ധ കർമ്മങ്ങൾ ചെയ്തുകൊണ്ടാ ണ് എന്റെ സാമീപ്യം പ്രാപിക്കുന്നത്, അതിനു ശേഷം ഐച്ഛികമായ കർമ്മ ങ്ങൾ ചെയ്തുകൊണ്ട് അവൻ എന്റെ സ്നേഹം പിടിച്ചെടുക്കുന്നു. അങ്ങ നെ ഞാനവനെ സ്നേഹിച്ചു കഴിഞ്ഞാൽ, അവൻ കേൾക്കുന്ന ചെവികൾ എന്റെ ചെവികളും അവൻ കാണുന്ന കണ്ണുകൾ എന്റെ കണ്ണുകളും, അവ ൻ പ്രവർത്തിക്കുന്ന കൈകൾ എന്റെ കൈകളും, അവൻ നടക്കുന്ന കാലു കൾ എന്റെ കാലുകളും ആയിത്തീരുന്നതാണ്. അവൻ ചോദിച്ചാൽ ഞാന വന് നൽകുന്നതാണ്. അവൻ അഭയം ചോദിച്ചാൽ ഞാനഭയം നല്കു ന്നതാണ്, എത്രത്തോളമെന്നാൽ ഞാൻ എന്റെ വിശ്വാസിയായ ദാസന്റെ ആത്മാവ് പിടിച്ചെടുക്കുവാൻ പോലും മടിക്കുന്നതാണ്, അവൻ മരണത്തെ വെറുക്കുമ്പോൾ ഞാനവനെ മുറിവേല്പിക്കുന്നതും വെറുക്കുന്നതാണ്. (ബുഖാരി).

അതിനാൽ ആലങ്കാരിക പ്രവാചകത്വത്തെ യഥാർത്ഥ പ്രവാചകത്വമായി തെറ്റിദ്ധരിപ്പിച്ചുകൊണ്ട് ജനങ്ങളെ വഞ്ചിക്കാതിരിക്കുക.

*************

## 21. ശരീഅത്തില്ലാതെയുള്ള പ്രചാചകത്വം

യഥാർത്ഥ പ്രവാചകത്വം കൊണ്ട് ഉദ്ദേശിക്കുന്നത് ശരീഅത്തുള്ള പ്രവാചകത്വമാണെന്നും എന്നാൽ ശരീഅത്തില്ലാത്ത പ്രചാചകന്മാർക്ക് ഇസ്‌ലാമിൽ വരാമെന്നും വാദിക്കാറുണ്ട്. അതിനു താഴെ പറയുന്ന തെളിവുകളാണ് ഉദ്ധരിക്കാറ്:

لیکن وہ شخص غلطی کرتاہے جو ایسا سمجھتاہے کہ اس نبوت یا رسالت سے مراد حقیقی نبوت یارسالت ہے جس سے انسان خود صاحب شریعت کہلاتاہے (مکتوب حضرت مسیح موعود بنام مولوی محمد علی)

ഈ നുബുവ്വത്ത് കൊണ്ട് ഉദ്ദേശിക്കുന്നത് ശരീഅത്ത് പ്രവാചകത്വമുള്ള യഥാർത്ഥ പ്രവാചകത്വമാണെന്ന് കരുതുന്നയാൾ തെറ്റിദ്ധാരണയിലാണ്. (letter to Maulavi Muhammed Ali)

شریعت والا نبی کوئی آسکتا۔اور بغیر شریعت کے نبی ہو سکتاہے مگر وہی جو پہلے امتی ہو اسی بناء پر میں امتی بھی ہوں اور نبی بھی

ശരീഅത്തുള്ള ഒരു പ്രവാചകനും വരില്ല, എന്നാൽ ശരീഅത്തില്ലാതെയുള്ള പ്രവാചകൻ വരാവുന്നതാണ്, പക്ഷേ അയാൾ ആദ്യം ഉമ്മത്തിയായിരിക്കണം. അതിനാൽ ഞാൻ ഉമ്മത്തിയും നബിയുമാണ്. (Thajalliyath Ilahiyya)

ഇവിടെ ശരീഅത്തില്ലാത്ത പ്രവാചകൻ എന്നത് യഥാർത്ഥത്തിലുള്ളതാണെന്നും ഇതാണ് ഉപമാരൂപത്തിലുള്ള പ്രവാചകത്വം കൊണ്ട് ഉദ്ദേശിക്കുന്നതെന്നും വാദിക്കുന്നു. ഇത് എത്രമാത്രം ശരിയാണെന്ന് നോക്കാം. വാദി പ്രതിയാകുന്ന സങ്കല്പമാണിത്.

اسلام کی اصطلاح میں نبی اور رسول کے یہ معنے ہوتے ہیں کہ وہ کامل شریعت لاتے ہیں یا بعض احکام شریعت سابقہ کو منسوخ کرتے ہیں یا نبی سابق کی امت نہیں کہلاتے اور براہ راست بغیر استفادہ کسی نبی کے خدا سے تعلق رکھتے ہیں

ഇസ്‌ലാമിക സാങ്കേതിക ഭാഷയിൽ നബി, റസൂൽ എന്നതിന്റെ അർത്ഥം, ഒന്നുകിൽ പൂർണ്ണ ശരീഅത്ത് കൊണ്ടുവരികയോ, അല്ലെങ്കിൽ മുമ്പത്തെ ശരീഅത്തിലെ ചില കല്പനകൾ ദുർബലപ്പെടുത്തുകയോ, അല്ലെങ്കിൽ അയാൾ മുമ്പത്തെ പ്രവാചകന്റെ ഉമ്മത്തിയാണെന്ന് അവകാശപ്പെടാതിരി

ക്കുകയോ, ഒരു പ്രവാചകനിൽനിന്നും പ്രയോജനമെടുക്കാതെ നേരിട്ട് ദൈവവുമായി ബന്ധം സ്ഥാപിക്കുകയോ ആണ്. (Maktoob 17 August 1899)

മേൽവിവരണത്തിൽനിന്നും, ഇസ്ലാമിക സാങ്കേതികതയിൽ ശരീഅത്തില്ലാത്ത ഒരു പ്രവാചകനും ഇല്ലയെന്നത് വളരെ വ്യക്തമാണ്. അയാൾ ഒന്നുകിൽ പൂർണ്ണ ശരീഅത്ത് കൊണ്ടുവരികയോ, അല്ലെങ്കിൽ മുമ്പത്തെ ശരീഅത്തിലെ ചില കല്പനകൾ ദുർബലപ്പെടുത്തുകയോ ചെയ്യുന്നു. ശരീഅത്ത് കല്പനകളിൽ മാറ്റം വരുത്താനുള്ള അധികാരമുണ്ടായിരിക്കുമെന്ന് സാരം. ഇസ്ലാമിനു മുമ്പുവന്ന എല്ലാ പ്രവാചകന്മാരും ഈ അധികാരത്തോടുകൂടിയാണ് വന്നതെന്ന് ഇതിൽനിന്ന് തെളിയുന്നു. അതിനാൽ ശരീഅത്തില്ലാതെയുള്ള പ്രവാചകന്മാർ എന്നത് ഇസ്ലാമിക സങ്കല്പമല്ല.

മസീഹ് മഊദ്(അ) വളരെ വ്യക്തമായി പറഞ്ഞിരിക്കയാണ്, നബി, റസൂൽ എന്നീ പദങ്ങൾ അദ്ദേഹത്തിനുവേണ്ടി ഉപയോഗിച്ചിരിക്കുന്നത് ഇസ്ലാമിക സാങ്കേതികതയിലല്ലെന്ന്. അതിനാൽ ശരീഅത്തില്ലാത്ത പ്രവാചകൻ എന്നു പറഞ്ഞാൽ അത് ഇസ്ലാമിക വിവക്ഷയിലുള്ള പ്രവാചകനായിത്തീരുന്നില്ല. അതുപോലെ മുമ്പുവന്ന ചില പ്രവാചകന്മാർ ശരീഅത്തില്ലാത്ത പ്രവാചകന്മാർ ആയിരുന്നുവെന്ന സങ്കല്പവും തെറ്റാണ്.

അഹ്ലെ ഹദീസിന്റെ ലാഹോറിലെ പ്രധാനാദ്ധ്യാപകനായ മൗലാനാ അബ്ദുർറഷീദ് എഴുതുന്നു:

ഈ എഴുത്തുകളിൽനിന്ന് സൂഫികൾ കൊടുക്കുന്ന അർത്ഥം വ്യക്തമാണ്, അവർ എല്ലാ പ്രവാചകന്മാരേയും ശരീഅത്തോടുകൂടിയുള്ള പ്രവാചകന്മാരായും ഈ ഉമ്മത്തിലെ ഔലിയാക്കളെ ശരീഅത്തില്ലാത്ത പ്രവാചകന്മാരായും സൂചിപ്പിക്കുന്നു. (Khatm Nubuwwat our Nuzul-i`Isa, p. 74).

മൗലാന മുഫ്തി മുഹമ്മദ് ശാഫി ദിയോബന്തി എഴുതുന്നു:

ഷൈഖ് (മുഹ്‌യുദ്ദീൻ ഇബ്നു അറബി) വിലായത്തിനെ ശരീഅത്തില്ലാത്ത പ്രവാചകത്വമായി വിവരിച്ചിരിക്കയാണ്. (Khatm Nubuwwah, part 111, p. 31).

ഈ വിവരണങ്ങളിൽനിന്നും ശരീഅത്തില്ലാതെയുള്ള പ്രവാചകത്വം കൊണ്ട് ഉദ്ദേശിക്കുന്നത് വിലായത്താണെന്ന് തെളിഞ്ഞിരിക്കയാണ്. ശരീഅത്തില്ലാതെയുള്ള പ്രവാചകത്വം ഇസ്ലാമികമായി യഥാർത്ഥത്തിലുള്ള പ്രവാചകത്വമാണെന്ന് പ്രചരിപ്പിക്കുന്നവർ യഥാർത്ഥത്തിൽ വഞ്ചനയാണ് കാണിക്കുന്നത്.

മസീഹ് മൗഊദ് (അ) വീണ്ടും പറയുന്നത് ശ്രദ്ധിക്കുക:

'എല്ലാ മുസ്ലിംകളും അറിയുവാനായി, എന്റെ ഗ്രന്ഥങ്ങളായ ഫത്ഹെ ഇസ്ലാം, തൗസീഹ് മറാം, ഇസാലെ ഔഹാം എന്നിവയിൽ എഴുതിയ മുഹദ്ദസ് ഒരർത്ഥത്തിൽ പ്രവാചകനാണെന്നും, ഭാഗികമായ പ്രവാചക

നാണെന്നും, അപൂർണ്ണമായ പ്രവാചകനാണെന്നും എന്നൊക്കെയുള്ള പദങ്ങൾ അതിന്റെ യഥാർത്ഥ വിവക്ഷയിലുള്ളതല്ല. വെറും പദാർത്ഥ ത്തിലാണ് അത് ഉപയോഗിച്ചിരിക്കുന്നത്. ഞാൻ ഒരിക്കലും യഥാർത്ഥ പ്രവാചകത്വം അവകാശപ്പെടുന്നില്ല. നേരെമറിച്ച്, ഞാൻ എന്റെ ഗ്രന്ഥമായ ഇസാല ഔഹാമിൽ (പേജ് 137) എഴുതിയത് പോലെ, എന്റെ വിശ്വാസം നമ്മുടെ നേതാവും യജമാനനുമായ മുഹമ്മദ് മുസ്തഫാ (സ) അവസാന ത്തെ പ്രവാചകനാണെന്നാണ്.

ഞാൻ എല്ലാ മുസ്ലിം സഹോദരന്മാരോടും ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്, അവർക്ക് ഈ വാക്കുകളോട് അതൃപ്തി തോന്നു കയും, ഈ വാക്കുകൾ അവരുടെ വികാരത്തെ മുറിവേല്പിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, അവർ ഈ വാക്കുകളെ തിരുത്തിയതായും അതിനു പകരമായി മുഹദ്ദസ് എന്ന വാക്ക് ഉപയോഗിച്ചതായും മനസ്സിലാക്കട്ടെ. ഞാൻ മുസ്ലിംകൾക്കിടയിൽ ഭിന്നതയും വിരോധവും ഉണ്ടാക്കാൻ ആഗ്ര ഹിക്കുന്നില്ല.

തുടക്കം മുതൽക്കേ എന്താണ് എന്റെ ഉദ്ദേശ്യമെന്ന് അല്ലാഹു നന്നായി അറിയുന്നു. നബിയെന്ന പദം ഉപയോഗിച്ചിരിക്കുന്നത് യഥാർത്ഥത്തിലുള്ള പ്രവാചകത്വം കാണിക്കുവാനല്ല. മുഹദ്ദസ് ആണെന്നു കാണിക്കുവാനാ ണ്. അല്ലാഹു സംസാരിക്കുന്നവരെ എടുത്തു കാണിക്കുവാനായി നബി തിരുമേനി (സ) ഉപയോഗിച്ചിരിക്കുന്നത് ഈ പദമാണ്. നബിതിരുമേനി (സ) പറഞ്ഞതായി ഇങ്ങനെ നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. നിങ്ങൾക്കു മുമ്പു ഇസ്രായീൽ ഗോത്രത്തിൽ അല്ലാഹുവിന്റെ വെളിപാടുകൾ ലഭിച്ചി രുന്ന വ്യക്തികൾ ഉണ്ടായിരുന്നു. അവർ പ്രവാചകന്മാർ ആയിരുന്നില്ല. എന്റെ അനുയായികളിൽ അങ്ങനെയുള്ള ഒരാൾ ഉണ്ടെങ്കിൽ അത് ഉമർ ആകുന്നു.

അതിനാൽ നമ്മുടെ മുസ്ലിം സഹോദരന്മാരുടെ അനുരഞ്ജനത്തിനായി വേറൊരു രീതിയിലുള്ള അർത്ഥം നൽകുന്നതിൽ എനിക്ക് അല്പം പോ ലും മടിയില്ല. അതിനാൽ നബിയെന്ന പദം ഉപയോഗിച്ച എല്ലാ സ്ഥലത്തും മുഹദ്ദസ് എന്ന വാക്ക് പകരം വെക്കുകയും നബിയെന്ന പദം മായ്ച്ചു കളഞ്ഞതായും മനസ്സിലാക്കട്ടെ.' (*Majmu'a Ishtiharat,* vol. 1, p. 313, announcement dated 3 February 1892, issued in Lahore.)

അല്ലാഹു ഏകനും മുഹമ്മദ്(സ) അവന്റെ പ്രവാചകനും ഖാതമുന്നബിയ്യീ നും എല്ലാ പ്രവാചകന്മാരെക്കാളും ഉന്നതനും ആകുന്നു. അദ്ദേഹത്തിനു ശേഷം വേറെ പ്രവാചകനില്ല, പ്രതിച്ഛായ എന്ന നിലയിൽ അദ്ദേഹത്തിന്റെ മേലങ്കി ധരിച്ചു കൊണ്ടല്ലാതെ. ഒരു സേവകന് തന്റെ യജമാനനിൽനിന്ന് വ്യത്യസ്തമായൊരു സാരൂപ്യമില്ല, ശാഖ അതിന്റെ തടിമരത്തിൽനിന്ന് വേർ പെട്ടതുമല്ല. തന്റെ യജമാനനിൽ പൂർണ്ണമായി ലയിച്ചതിന്റെ ഫലമായി പ്രവാചകസ്ഥാനം ലഭിക്കുന്നതിന്റെ ഫലമായി അത് ഖാതമുന്നബിയ്യീന്റെ ലംഘനമായിത്തീരുന്നില്ല. നിങ്ങൾ നിങ്ങളുടെ പ്രതിച്ഛായ, ദർപ്പണത്തിൽ നിരീക്ഷിക്കുമ്പോൾ അവിടെ രണ്ടാളുകളില്ല. രണ്ടായി കാണാമെങ്കിലും ഒന്ന്

അസലും മറ്റേത് അതിന്റെ പ്രതിച്ഛായയുമാണ്. വാഗ്ദത്ത മസീഹിന്റെ കാര്യത്തിൽ അല്ലാഹു ഇതാണാഗ്രഹിച്ചിരിക്കുന്നത്. *(Kishti Nuh, p.* 15).

സാഹചര്യമനുസരിച്ച് മുമ്പ് ഒരു പ്രവാചകനു ശേഷം വേറൊരു പ്രവാചകൻ വന്നുകൊണ്ടിരുന്നു. അങ്ങനെ ഈ ലോകത്ത് റസൂൽ തിരുമേനി(സ) ആവിർഭവിച്ചപ്പോൾ ഉന്നതനായ അല്ലാഹു അദ്ദേഹത്തെ (ഖാതമുൽ അമ്പിയാ) അവസാനത്തെ പ്രവാചകനായി പ്രഖ്യാപിച്ചു. പ്രവാചകത്വം അവസാനിച്ചെന്ന് അറിഞ്ഞപ്പോൾ റസൂൽ തിരുമേനി(സ) ആകാംക്ഷകനാകുകയും ദു:ഖവും വ്യസനവുംകൊണ്ട് നിറയുകയും ചെയ്തു. ഇതിനുമ്പ് ആയിരക്കണക്കിന് പ്രവാചകന്മാർ വേണ്ടിയിരുന്നു, ജനങ്ങളെ നേർവഴിയിൽ നിലനിർത്തുവാൻ. ഇനി പ്രവാചകന്മാർ വരില്ലായെങ്കിൽ ഇനി ആരാണ് എന്റെ സമുദായത്തിന് വഴികാട്ടിയായി ഉണ്ടാവുക, എന്റെ സമുദായം വഴികേടിലായി പോകുമെന്ന വ്യാകുലതയോടെ റസൂൽ തിരുമേനി(സ) ഇടതടവില്ലാതെ പ്രാർത്ഥിക്കുകയും അപ്പോൾ അല്ലാഹു അദ്ദേഹത്തിന് ഓരോ നൂറ്റാണ്ടിന്റെയും തലക്കൽ തുടർച്ചയായി മുജദ്ദിദുമാരെ അയക്കുമെന്നും അങ്ങനെ ദീനിന്റെ പരിഷ്കരണം നടക്കുമെന്നും സന്തോഷവാർത്ത അറിയിക്കുകയുണ്ടായി. (Al Hakm 31 May 1901).

ശരീഅത്തില്ലാതെയുള്ള പ്രവാചകന്മാർ വരുമായിരുന്നുവെങ്കിൽ ഇങ്ങനെ വ്യാകുലപ്പെടുകയൊ വ്യസനിക്കുകയൊ പ്രാർത്ഥിക്കുകയൊ ചെയ്യുമായിരുന്നില്ല.

************

# 22. തെറ്റിദ്ധരിപ്പിക്കുന്ന ചില കുതർക്കങ്ങൾ

മസീഹ് മൗഊദിനെ (അ) യഥാർത്ഥ പ്രവാചകനായി ചിത്രീകരിക്കുന്നവർ എപ്പോഴും ചെയ്യാറുള്ളൊരു പ്രവൃത്തിയാണ്, അദ്ദേഹത്തിന്റെ ലിഖിതങ്ങളിൽനിന്ന് ചില ഭാഗങ്ങൾ അടർത്തിയെടുത്ത് മറ്റുള്ളവരെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ അവതരിപ്പിക്കുകയെന്നത്.

എവിടെയൊക്കെ ഞാൻ നബിയല്ലെന്നും റസൂലല്ലെന്നും നിഷേധിച്ചു പറഞ്ഞിട്ടുണ്ടോ, അതൊക്കെ ഞാൻ സ്വതന്ത്രമായ ശരീഅത്ത് കൊണ്ടുവന്നിട്ടില്ലെന്നും സ്വതന്ത്രനായ പ്രവാചകനല്ലെന്നുമുള്ള അർത്ഥത്തിലാണ്. ഞാൻ പിന്തുടരുന്ന പ്രവാചകനിൽനിന്ന് ലഭിച്ച ആത്മീയാനുഗ്രഹങ്ങളിലൂടെയും എനിക്ക് അദ്ദേഹത്തിന്റെ പേര് ലഭിക്കുക വഴിയും അദ്ദേഹത്തിൽ കൂടിയും ഞാനൊരു പ്രവാചകനാണ്. അദൃശ്യ കാര്യങ്ങൾ എനിക്ക് അല്ലാഹു വെളിപ്പെടുത്തി തന്നിരിക്കയാണ്. പക്ഷേ ഞാനൊരു പുതിയ നിയമവുമായി വന്നിട്ടില്ല, ഈ അർത്ഥത്തിൽ എന്നെ നബിയെന്ന് വിളിക്കുന്നതിനെ ഞാൻ നിഷേധിച്ചിട്ടില്ല. നിശ്ചയമായും ഈ അർത്ഥത്തിലാണ് അല്ലാഹു എന്നെ നബിയെന്നും റസൂലെന്നും വിളിച്ചിരിക്കുന്നത്, ഈ അർത്ഥത്തിൽ തന്നെയാണ് നബിയെന്നും റസൂലെന്നും എന്നെ വിളിക്കുന്നത് ഞാൻ നിഷേധിക്കാത്തത്. (Ek Ghalati ka Izala)

ഒരു തെറ്റിദ്ധാരണ നീക്കൽ (Ek Ghalati ka Izala) എന്ന ഗ്രന്ഥത്തിലെ പത്താം പേജിലുള്ള ഈ ഭാഗം എടുത്തുകൊണ്ട് മസീഹ് മൗഊദ്(അ) ശരീഅത്തില്ലാത്ത പ്രവാചകനാണെന്നും ഈ അർത്ഥത്തിൽ പ്രവാചകനെന്ന് വിളിക്കുന്നത് അദ്ദേഹം നിഷേധിച്ചിട്ടില്ലെന്നുമാണ് സമർത്ഥിക്കാൻ ശ്രമിക്കുന്നത്.

എന്നാൽ ഇതിനു തൊട്ടുമുമ്പ് എട്ടാം പേജിൽ അദ്ദേഹം എഴുതുകയാണ്, ആർക്കും തന്നെ പ്രതിച്ഛായ എന്ന നിലയിൽ പോലും പ്രവാചകനും ദൂതനും ആകുവാൻ സാധിക്കുകയില്ലെങ്കിൽ പിന്നെ ഈ പ്രാർത്ഥനയുടെ അർത്ഥമെന്താണ്?

ٱهْدِنَا ٱلصِّرَاطَ ٱلْمُسْتَقِيمَ• صِرَاطَ ٱلَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ ٱلْمَغْضُوبِ عَلَيْهِم وَلَا ٱلضَّآلِّينَ•

ഓർത്താലും, ഈ അർത്ഥത്തിൽ നബിയും റസൂലും എന്ന് വിളിക്കപ്പെടുന്നതിനെ ഞാൻ നിഷേധിക്കുന്നില്ല. ഇതേ അർത്ഥത്തിലാണ് വാഗ്ദത്ത മസീഹിനെ നബിയെന്ന് സഹീഹ് മുസ്‌ലിമിൽ രേഖപ്പെടുത്തിയിട്ടുള്ളത്. (Ek Ghalati ka Izala)

പത്താം പേജിലുള്ള ഭാഗത്തിനു ശേഷം വീണ്ടും എഴുതുകയാണ്,

എപ്പോഴും ഓർക്കേണ്ടതും ഒരിക്കൽ പോലും മറക്കാൻ പാടില്ലാത്തതുമായ ഒരു കാര്യം നബിയെന്നും റസൂലെന്നും ഞാൻ വിളിക്കപ്പെട്ടുവെങ്കിലും എനിക്ക് ഈ അനുഗ്രഹം നേരിട്ട് ലഭിച്ചതല്ലെന്ന് അല്ലാഹു എന്നെ അറിയിച്ചിരിക്കയാണ്. സ്വർഗത്തിൽ ഒരു മഹദ് വ്യക്തിത്വമുണ്ട്, അദ്ദേഹത്തിന്റെ ആത്മീയാനുഗ്രഹമാണ് എന്റെ കൂടെയുള്ളത്, അദ്ദേഹമാണ് മുഹമ്മദ്, ദൈവപ്രിയൻ. ഈ ബന്ധത്തിന്റെ അടിസ്ഥാനത്തിലും, ഞാൻ അദ്ദേഹത്തിൽ ലയിച്ചതിന്റെ ഫലമായും, മുഹമ്മദെന്നും അഹ്മദെന്നും ഉള്ള അദ്ദേഹത്തിന്റെ പേര് എനിക്ക് ലഭിച്ചതിന്റെ ഫലമായും ഞാൻ നബിയും റസൂലുമാണ്, വേറൊരർത്ഥത്തിൽ പറഞ്ഞാൽ ഞാൻ ദൈവ നിയോഗിതനും അവനിൽ നിന്ന് അദൃശ്യജ്ഞാനം ലഭിക്കുന്നവനുമാണ്. അങ്ങനെ ഖാതമുന്നബിയ്യീന്റെ മുദ്രയ്ക്ക് പോറലൊന്നും ഏല്ക്കുന്നില്ല, എന്തുകൊണ്ടെന്നാൽ സ്നേഹമാകുന്ന ദർപ്പണത്തിലൂടെ  പ്രതിഫലനത്തിലൂടെയും പ്രതിച്ഛായയിലൂടെയും ആണ് എനിക്ക് അദ്ദേഹത്തിന്റെ പേര് ലഭിച്ചിരിക്കുന്നത്. (Ek Ghalati ka Izala)

അതിനാൽ ശരീഅത്തില്ലാത്ത നബി വരാം എന്നു പറഞ്ഞാൽ പ്രതിച്ഛായ നിലയിൽ വരാം എന്നല്ലാതെ യഥാർത്ഥ നിലയിൽ വരാം എന്ന് അതിന് അർത്ഥമില്ല.

മസീഹ് മഊദ്(അ) ഈ ഗ്രന്ഥം എങ്ങിനെയാണ് അവസാനിപ്പിച്ചതെന്ന് നോക്കുക:

اب اس تمام تحریر سے مطلب میرا یہ ہے کہ جاہل مخالف میری نسبت الزام لگاتے ہیں کہ یہ شخص نبی یا رسول ہونے کا دعویٰ کرتا ہے۔ مجھے ایسا کوئی دعویٰ نہیں۔ میں اس طور سے جو وہ خیال کرتے ہیں نہ نبی ہوں نہ رسول ہوں۔ ہاں میں اس طور سے نبی اور رسول ہوں جس طور سے ابھی میں نے بیان کیا ہے۔ پس جو شخص میرے پر شرارت سے یہ الزام لگاتا ہے جو دعویٰ نبوت اور رسالت کا کرتے ہیں وہ جھوٹا اور ناپاک خیال ہے۔ مجھے بروزی صورت نے نبی اور رسول بنایا ہے اور اسی بنا پر خدا نے بار بار میرا نام نبی اللہ اور رسول اللہ رکھا مگر بروزی صورت میں۔ میرا نفس درمیان نہیں

ہے بلکہ محمد مصطفیٰ صلی اللہ علیہ وآلہٖ وسلم ہے اسی لحاظ سے میرا نام محمد اور احمد ہوا۔ پس نبوت اور رسالت کسی دوسرے کے پاس نہیں گئی محمد کی چیز محمد کے پاس ہی رہی علیہ السلام

ഇതുവരെ പറഞ്ഞുവന്നതിൽനിന്നും ഞാൻ ഉദ്ദേശിക്കുന്നത് അറിവില്ലാത്ത എതിരാളികൾ ഞാൻ നബിയാണെന്നും റസൂലാണെന്നുമുള്ള വാദമുന്നയി യിക്കുന്നുവെന്ന ആരൊപണത്തെക്കുറിച്ചാണ്. എനിക്ക് അങ്ങനെയുള്ള യാതൊരു വാദവുമില്ല. അവർ വിചാരിക്കുന്ന രീതിയിൽ ഞാൻ നബിയുമല്ല, റസൂലുമല്ല. എന്നാൽ ഞാൻ ഇപ്പോൾ വിവരിച്ച രീതിയിൽ നബിയും റസൂലു മാണ്. ആരാണോ എന്നോട് അതിക്രമം കാണിച്ചുകൊണ്ട് ഞാൻ നബി യും റസൂലുമാണെന്ന വാദമുന്നയിക്കുന്നുവെന്ന് ആരോപിക്കുന്നത് അത് കളവും അശുദ്ധമായ ചിന്താഗതിയുമാണ്. പ്രതിച്ഛായയുടെ രൂപത്തിലാ ണ് ഞാൻ നബിയും റസൂലും ആയിട്ടുള്ളത്. ഇതേ കാരണത്താൽ അല്ലാ ഹു വളരെയധികം തവണ എന്റെ പേര് നബിയെന്നും റസൂലെന്നും വെച്ചി രിക്കയാണ്. പക്ഷേ പ്രതിച്ഛായയുടെ രൂപത്തിൽ. ഞാനെന്ന വ്യക്തി അതി നിടയിലില്ല, മുഹമ്മദ് മുസ്തഫയാണുള്ളത് (സ). ഇതു കാരണം എന്റെ പേര് മുഹമ്മദ് അഹ്മദ് എന്നായി മാറി. അതിനാൽ നുബുവ്വത്തും റിസാല ത്തും വേറെ ആരുടെ അടുക്കലും പോയില്ല. മുഹമ്മദിന്റേത് മുഹമ്മദിന്റെ അടുക്കൽ തന്നെ അവശേഷിച്ചു (സ). (*Ek Ghalati Ka Izala, RK18:216).*

البدر میں ہے:۔ "محی الدین ابن عربی نے لکھا ہے کہ نبوت تشریعی جائز نہیں دوسری جائز ہے۔ مگر میرا اپنا مذہب یہ ہے کہ ہر قسم کی نبوت کا دروازہ بند ہے صرف آنحضرت صلی اللہ علیہ وسلم کے انعکاس سے جب نبوت ہو وہ جائز ہے۔" (البدر جلد ۲ نمبر ۱۳ صفحہ ۱۰۲ مورخہ ۔ ا اپریل ۱۹۰۳ء)

മുഹ്യുദ്ദീൻ ഇബ്നു അറബി എഴുതിയിരിക്കയാണ്, നുബുവ്വത്തോടു കൂടിയുള്ള പ്രവാചകത്വം അനുവദനീയമല്ല. അല്ലാതെയുള്ളത് അനുവദനീ യമാണ്. എന്നാൽ എന്റെ മതം എല്ലാ രീതിയിലുള്ള പ്രവാചകത്വവും അവ സാനിച്ചിരിക്കുന്നുവെന്നും റസൂൽ തിരുമേനി(സ)യുടെ പ്രതിച്ഛായ എന്ന നിലയിലുള്ള നുബുവ്വത്ത് മാത്രം അനുവദനീയമാണെന്നുമാണ്. (Malfoo-zat- 5Vol-V3 Page 254)

ശരീഅത്തില്ലാത്ത നബിമാർ വരാമെങ്കിൽ, മസീഹ് മൗഊദ്(അ) ഇങ്ങനെ യല്ല പറയേണ്ടിയിരുന്നത്. മുഹ്യുദ്ദീൻ ഇബ്നു അറബി എഴുതിയതു ശരിയാണെന്നും എന്റെ അഭിപ്രായവും അതാണെന്നും അദ്ദേഹം പറഞ്ഞ തുപോലെ ഞാനും ഒരു ശരീഅത്ത് ഇല്ലാത്ത നബിയാണെന്നും ആയിരു ന്നു പറയേണ്ടിയിരുന്നത്

മസീഹ് മഊദ് പ്രതിച്ഛായ പ്രവാചകനാണെന്നതുപോലെ മറ്റു മുജദ്ദിദുമാരും പ്രതിച്ഛായ പ്രവാചകന്മാർ തന്നെയാണ്. പക്ഷേ അദ്ദേഹം മഹ്ദിയാണ്, മസീഹാണ്, ഖാതമുൽ ഔലിയാ ആണ്. ഇതാണ് മസീഹ് മൗഊദിന്റെ(അ) ശ്രേഷ്ഠത.

یادرہے کہ اسلام کا بارھواں خلیفہ جو تیرھویں صدی کے سرپر ہونا چاہئے وہ یحییٰ نبی کے مقابل پر ہے جس کا ایک پلید قوم کے لئے سر کاٹا یحییٰ اسرائیلی ہیں۔ ... لیکن اسلام کا تیرھواں خلیفہ جو چودھویں صدی کے سرپر ہونا چاہئے جس کا نام مسیح موعود ہے

ഓർക്കുക, പതിമൂന്നാം നൂറ്റാണ്ടിന്റെ തലയ്ക്കലുള്ള ഇസ്ലാമിലെ പന്ത്രണ്ടാം ഖലീഫ യ്ഹ്യാ നബിക്ക് സമാനനാണ്,.... പക്ഷേ പതിനാലാം നൂറ്റാണ്ടിന്റെ തലയ്ക്കൽ വരേണ്ട ഇസ്ലാമിലെ പതിമൂന്നാം ഖലീഫയുടെ പേര് വാഗ്ദത്ത മസീഹ് എന്നാണ്. (Roohani Khazain, Volume 17, Page 193).

മുകളിൽ കൊടുത്ത ഉദാഹരണങ്ങളിൽ നിന്ന് ഒരു കാര്യം വ്യക്തമാണ്, രണ്ടുപേരും ഖലീഫമാരാണ്, രണ്ടുപേരും നബിമാർക്ക് സമാനരാണ്. അതായത് നബിമാരെപ്പോലെയുള്ളവരാണ്.

അല്ലാഹു മസീഹ് മഊദിനെ നബി എന്ന് സംബോധന ചെയ്തതു പോലെ വലിയെന്നും സംബോധന ചെയ്തിട്ടുണ്ട്.

21اکتوبر1907ء مَن عَادٰی وَلِیًّا لِّی فَکَاَنَّمَا خَرَّ مِنَ السَّمَاءِ

جس نے میرے ولی کے ساتھ دشمنی کی۔ گویا آسمان سے گرا

ആരാണോ എന്റെ വലിയുമായി ശത്രുത വെച്ചുപുലർത്തുന്നത് അയാൾ ആകാശത്തുനിന്ന് വീണവനെപ്പോലെയാണ്. (അവൻ ആത്മീയാനുഗ്രഹങ്ങൾ നഷ്ടമായവനാണെന്ന് സാരം). (Tadhkirah Page 622)

വേറൊരു വാദം, മസീഹ് മൗഊദ്(അ) തന്നെക്കുറിച്ച് ഞാൻ ചിലപ്പോൾ ആദമാണെന്നും ചിലപ്പോൾ നൂഹാണെന്നും ചിലപ്പോൾ യാക്കൂബാണെന്നും ചിലപ്പോൾ ഇബ്രാഹീമാണെന്നും ഒക്കെ പറഞ്ഞതിനെക്കുറിച്ചാണ്. അദ്ദേഹം പ്രവാചകനല്ലെങ്കിൽ പിന്നെ എങ്ങനെയാണ് ഇങ്ങനെയൊക്കെ പറയുക എന്ന ചോദ്യമാണ് ഉന്നയിക്കുന്നത്. ഇതിനുള്ള ഉത്തരമെന്തെന്നാൽ, ഒരാൾക്ക് എങ്ങനെയാണ് ഈ പ്രവാചകന്മാരെപ്പോലെയെല്ലാം യഥാർത്ഥത്തിൽ ആവാൻ സാധിക്കുക? ഇവിടെ ഉപയോഗിച്ച ചിലപ്പോൾ എന്ന വാക്കു തന്നെ ഇതൊരു ആലങ്കാരിക പ്രയോഗമെന്ന് കാണിക്കുന്നു. മസീഹ് മൗഊദിനു (അ) ലഭിച്ച ഒരു വെളിപാട് ഈ കാര്യം വ്യക്തമായി തെളിയിക്കുന്നു:

تومجھے ایسا ہے جیسے انبیاء بنی اسرائیل (یعنی ظلی طور پر ان سے مشابہت رکھتا ہے)

നീ എനിക്ക് ബനീ ഇസ്രായീലിലെ പ്രവാചകന്മാരെപ്പോലെയാണ്. (അവരുമായി പ്രതിച്ഛായാരൂപത്തിൽ സാദൃശ്യം പുലർത്തുന്നു). (Announcement of Muslih Mauood 20Feb 1886, Tadhkirah P 112).

ഇവിടെ പ്രവാചകനെപ്പോലെ എന്നല്ല പറഞ്ഞിരിക്കുന്നത്, പ്രവാചകന്മാരെപ്പോലെയെന്നാണ് പറഞ്ഞത്. അവരുമായി പ്രതിച്ഛായാരൂപത്തിൽ സാദൃശ്യം പുലർത്തുന്നു എന്ന് മസീഹ് മൗഊദ് തന്നെ കൊടുത്ത വ്യഖ്യാനമാണ്. അപ്പോൾ പ്രതിച്ഛായാരൂപത്തിൽ അല്ലാതെ യഥാർത്ഥ രൂപത്തിൽ എങ്ങനെയാണ് ആയിത്തീരുക?

غرض اس حصہ کثیر وحی الٰہی اور امور غیبیہ میں اس امت میں سے میں ہی ایک فرد مخصوص ہوں۔اور جس قدر مجھ سے پہلے اولیاء اور اقطاب اس امت میں سے گذر چکے ہیں۔ان کو یہ حصہ کثیر اس نعمت کا نہیں دیا گیا۔پس اس وجہ سے نبی کا نام پانے کے لئے میں ہی خصوص کیا گیا۔اور دوسرے تمام لوگ اس نام کے مستحق نہیں۔کیونکہ کثرت وحی اور کثرت امور غیبیہ اس میں شرط ہے۔اور وہ شرط ان میں پائی نہیں جاتی

ചുരുക്കത്തിൽ, ദൈവിക വെളിപാടുകളിലും രഹസ്യ കാര്യങ്ങൾ വെളിപ്പെടുത്തുന്നതിലും സമുദായത്തിൽ ഞാനെന്ന വ്യക്തിയെ മാത്രമാണ് പ്രത്യേകമാക്കിയിട്ടുള്ളത്, എനിക്ക് മുമ്പു കഴിഞ്ഞുപോയ ഔലിയാക്കൾക്കും മറ്റും ഈ അനുഗ്രഹം ഇത്രമാത്രം നല്കപ്പെട്ടിട്ടില്ല, അതിനാൽ നബിയെന്ന പേര് ലഭിക്കാൻ, ഞാൻ മാത്രമാണ് പ്രത്യേകമാക്കപ്പെട്ടിട്ടുള്ളത്, ബാക്കിയുള്ള മുഴുവൻ ആൾക്കാരും ഈ പേരിന് അർഹരല്ല, എന്തെന്നാൽ വെളിപാടുകളുടെയും രഹസ്യ കാര്യങ്ങൾ വെളിപ്പെടുത്തുന്നതിന്റെയും ആധിക്യം അതിന്റെ ഒരു നിബന്ധനയാണ്. ഈ നിബന്ധന അവരിൽ കാണപ്പെടുന്നില്ല. (Haqeeqathul Wahyi page 391)

മേൽ പറഞ്ഞ ഭാഗം ഉദ്ധരിച്ചുകൊണ്ട്, മസീഹ് മൗഊദ്(അ) മാത്രമാണ് നബിയെന്ന പേര് ലഭിക്കാൻ അർഹനായിട്ടുള്ളത് അതുകൊണ്ട് അദ്ദേഹം യഥാർത്ഥത്തിലുള്ള നബിയെന്നാണ് സമർത്ഥിക്കാറ്. എന്നാൽ ഈ ഭാഗം അതിന്റെ പശ്ചാത്തലത്തിൽനിന്ന് അടർത്തിയെടുത്താണ് ഉദ്ധരിക്കുന്നത്. ആ ഭാഗം കാണിക്കുന്നതിനു മുമ്പായി ഓർക്കേണ്ട ഒരു കാര്യം, ഒരു കാര്യത്തിന് ഒരു അടിക്കുറിപ്പ് എഴുതിയിട്ടാൽ അതെല്ലാ സ്ഥലത്തും ബാധകമാണ്, അതാവർത്തിച്ചാവർത്തിച്ച് നബി എന്ന് എഴുതുന്ന എല്ലാ സ്ഥലത്തും എഴുതേണ്ട ആവശ്യമില്ല. ആ അടിക്കുറിപ്പിന്റെ കാതലായ വശം ഇതാണ് :

അതിനാൽ എന്നെ വെറും നബിയെന്ന് പറയാവതല്ല. ഒരു കോണിലൂടെ ഞാൻ നബിയും മറ്റൊരു കോണിലൂടെ ഞാൻ അനുയായിയുമാണ്. അ

തോടൊപ്പം എന്റെ പ്രവാചകത്വം റസൂൽ(സ)യുടെ പ്രതിച്ഛായയാണ്, യഥാർത്ഥ പ്രവാചകത്വമല്ല. (Haqiqatul Wahy Page 154, RK22-P154 )

മസീഹ് മൗഊദ്(അ) എവിടെയൊക്കെ നബിയെന്ന വാക്ക് ഉപയോഗിക്കുന്നുണ്ടോ അവിടെയൊക്കെ ഈ അടിക്കുറിപ്പും ബാധകമാണ്.

നബിയെന്ന് സ്ഥാപിക്കാൻ വേണ്ടിയുന്നയിക്കുന്ന വേറൊരു ഉദ്ധരണി ഇതാണ് :

اس امت میں آنحضرت ﷺ کی پیروی کی برکت سے ہزار ہا اولیاء ہوئے ہیں۔ اور ایک وہ بھی ہوا جو امتی بھی نبی بھی

ഈ ഉമ്മത്തിൽ റസൂൽ(സ)യെ പിന്തുടർന്ന അനുഗ്രഹത്താൽ ആയിരക്കണക്കിന് ഔലിയാക്കളും ഉണ്ടായി അതോടൊപ്പം ഒരു ഉമ്മത്തിയും നബിയുമായ വ്യക്തിയുമുണ്ടായി . (Haqeeqathul Wahyi page 28).

എന്നാൽ അതേ പേജിൽതന്നെ പറയുകയാണ്,

مستقل نبوت آنحضرت ﷺ پر ختم ہو گئی ہے مگر ظلی نبوت جس کے معنی ہیں کہ محض فیض محمدی سے وحی پانا وہ قیامت باقی رہے گی

സ്വതന്ത്ര പ്രവാചകത്വം റസൂൽ(സ)യോടു കൂടി അവസാനിച്ചു, എന്നാൽ മുഹമ്മദിനെ പിന്തുടർന്നുകൊണ്ട് വഹ്‌യ് ലഭിക്കുകയെന്ന പ്രതിച്ഛായാ പ്രവാചകത്വം ഖിയാമത്ത് നാൾവരെ തുടരുന്നതാണ്. (Haqiqatul Wahy-P28, RK22-P30)

അപ്പോൾ ഇവിടെയും ഉദ്ദേശിക്കുന്നത് പ്രതിച്ഛായാ പ്രവാചകത്വം തന്നെയാണ്.

ഇനി മുകളിൽ പറഞ്ഞ, നബിയെന്ന പേര് ലഭിക്കാൻ, ഞാൻ മാത്രമാണ് പ്രത്യേകമാക്കപ്പെട്ടിട്ടുള്ളത് എന്നതിന്റെ പാശ്ചാത്തലം വിവരിക്കാം.

അതിന്റെ തുടക്കം ഇങ്ങനെയാണ് :

റസൂൽ തിരുമേനി(സ)യുടെ നിവേദനങ്ങളിൽ ഒരു പ്രവചനമുണ്ട്. റസൂൽ തിരുമേനി(സ)യുടെ ഉമ്മത്തിൽ ഒരു വ്യക്തി ജനിക്കുന്നതാണ്, അദ്ദേഹത്തിന്റെ പേര് ഈസാ എന്നും ഇബ്നു മർയം എന്നുമായിരിക്കും. അദ്ദേഹം നബിയെന്ന പേരോടു കൂടി വിളിക്കപ്പെടുന്നതാണ്, അഥവാ അദ്ദേഹത്തിന് ദൈവിക വെളിപാടുകളും രഹസ്യങ്ങളും ഒരു നബിക്ക് ലഭിക്കുന്നത്രയധികം ലഭിക്കുന്നതാണ്. (Haqiqatul Wahy RK22-406).

ഇവിടെ മസീഹ് മൗഊദ്(അ) ഹദീസിലുള്ള ഇബ്നു മർയം എന്ന പ്രവചനത്തെക്കുറിച്ചാണ് സംസാരിക്കുന്നതെന്ന് വ്യക്തമാണ്.

മേൽകൊടുത്ത ഭാഗം ഇതിനു ശേഷമാണ് (മദ്ധ്യത്തിലാണ്) വരുന്നത്. അതിനു ശേഷം താഴെ കൊടുക്കുന്ന ഭാഗം വരുന്നു.

ഇതിനു മുമ്പ് കഴിഞ്ഞു കടന്നവരും ഇതേ അളവിൽ വെളിപാടുകളും രഹസ്യങ്ങളും ആർജ്ജിച്ചിട്ടുണ്ടെങ്കിൽ അവരും നബിയെന്ന പേരിൽ വിളിക്കപ്പെടാൻ അർഹരാകുമായിരുന്നു. അങ്ങനെയായാൽ റസൂൽ(സ)യുടെ പ്രവചനത്തിന് ഒരു കുറവ് വരുമായിരുന്നു. അതിനാൽ അല്ലാവിന്റെ നടപടിക്രമത്തിൽ ഈ അനുഗ്രഹം പൂർണ്ണമായ രീതിയിൽ ആർജ്ജിക്കുവാൻ അവർക്ക് സാധിച്ചില്ല. എന്തുകൊണ്ടെന്നാൽ സഹീഹായ ഹദീസിൽ അങ്ങനെയുള്ളയാൾ ഒരാൾ മാത്രമാണെന്നാണ് പ്രവിചക്കപ്പെട്ടിരിക്കുന്നത്. (Haqiqatul Wahy RK22-407).

ഈ വിവരണങ്ങളിൽനിന്ന് വളരെ വ്യക്തമാണ് ഇവിടെ ഹദീസിൽ പ്രവചിക്കപ്പെട്ട ഇബ്നു മർയമിനെക്കുറിച്ചാണ് പ്രതിപാദിക്കുന്നതെന്ന്. അങ്ങനെയുള്ള ആൾ ഒരാൾ മത്രമായിരിക്കുമെന്ന്. ആ രീതിയിൽ മസീഹ് മൗഊദ് ആകുന്ന വ്യക്തി ഒരാൾ മാത്രമാണ്.

മസീഹ് മൗഊദ്(അ) ഇതേ വിഷയം മറ്റൊരു സ്ഥലത്ത് കൂടുതൽ വ്യക്തമാക്കിയിരിക്കയാണ്.

വരാനിരിക്കുന്നവരിൽ ഒരു നബിയുണ്ടാകുമെന്നും, അദ്ദേഹം റസൂൽ തിരുമേനി(സ)യുടെ പ്രതിച്ഛായ ആയിരിക്കുമെന്നും, അദ്ദേഹത്തിന്റെ അനുയായികൾ റസൂൽ തിരുമേനി(സ)യുടെ അനുയായികളെന്ന് പറയപ്പെടുകയും സഹാബാക്കൾ (റ.അ.) അല്ലാഹുവിന്റെ മർഗത്തിൽ ദീനിനുവേണ്ടി സേവനങ്ങൾ അനുഷ്ഠിച്ചതുപോലെ അവരും അനുഷ്ഠിക്കുമെന്നും വ്യക്തമായിരിക്കയാണ്. അതിനാൽ ഈ ആയത്ത് (സൂറ ജുമുആയിലെ വ ആഖരീനമിൻ ഹും) അവസാനനാളിൽ പ്രത്യക്ഷപ്പെടുന്ന ഒരു നബിയെക്കുറിച്ചുള്ള പ്രവചനമാണ്. (Haqiqatul Wahy RK22-506).

ഇവിടെ മസീഹ് മൗഊദ്(അ), വരാനിരിക്കുന്ന നബി റസൂൽ തിരുമേനി(സ)യുടെ പ്രതിച്ഛായ ആയിരിക്കുമെന്ന് വളരെ വ്യക്തമാക്കിയിരിക്കയാണ്. മസീഹ് മൗഊദ്(അ) യഥാർത്ഥ രീതിയിലുള്ള പ്രവാചകനായിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ അനുയായികൾ റസൂൽ തിരുമേനി(സ)യുടെ അനുയായികൾ ആകുമായിരുന്നില്ല. ഈസാനബിയുടെ അനുയായികൾ, ഈസാനബിയുടെ അനുയായികൾ തന്നെയാണ്, അല്ലാതെ മൂസാനബിയുടെ അനുയായികളല്ല.

പ്രതിച്ഛായ പ്രവാചകത്വം യഥാർത്ഥത്തിലുള്ള പ്രവാചകത്വമല്ല. അത് വെറും വിലായത്ത് മാത്രമാണ്. അതിനെ യഥാർത്ഥത്തിലുള്ള പ്രവാചക ത്വമാക്കാൻ ശ്രമിക്കുന്നത് വെറും പാഴ്‌വേലയാണ്.

تمام امت کا اس پر اتفاق ہے کہ غیر نبی بروز کہ طور پر قائم مقام نبی ہو جاتا ہے

നബിയല്ലാത്ത ഒരാൾ പ്രതിച്ഛായ എന്ന നിലയിൽ നബിയുടെ സ്ഥാനത്ത് നില്ക്കുന്നുവെന്നത് മഴുവൻ ഉമ്മത്തിന്റെയും ഏകോപിച്ച അഭിപ്രായ മാണ്. (Ayyamussulh – RK14-P411).

مستقل نبوت آنحضرت ﷺ پر ختم ہو گئی ہے مگر ظلی نبوت جس کے معنی ہیں کہ محض فیض محمدی سے وحی پانا وہ قیامت باقی رہے گی

സ്വതന്ത്ര പ്രവാചകത്വം റസൂൽ(സ)യോടു കൂടി അവസാനിച്ചു, എന്നാൽ മുഹമ്മദിനെ പിന്തുടർന്നുകൊണ്ട് വഹ്‌യ് ലഭിക്കുകയെന്ന പ്രതിച്ഛായാ പ്രവാചകത്വം ഖിയാമത്ത് നാൾവരെ തുടരുന്നതാണ്. (Haqiqatul Wahy-RK22-P30)

یہ ولایت کامل طور پر ظل نبوت ہے خدا نے نبوت آنحضرت ﷺ کے اثبات کے لئے پیشگوئیاں دکھلائیں۔

ഈ വിലായത്ത് പൂർണ്ണമായ രീതിയിൽ പ്രതിച്ഛായാ പ്രവാചകത്വമാണ്, റസൂൽ(സ)യുടെ പ്രവാചകത്വത്തെ ഉയർത്തിപ്പിടിക്കുവാൻ അല്ലാഹു പ്ര വചനങ്ങൾ (അടയാളങ്ങൾ) കാണിച്ചിരിക്കുന്നു. (Hujjat Allah, p. 14).

اور تمام اہل دل اس بات پر متفق ہیں کہ ولایت نبوت کا ظل ہے۔ پس مختلف کمالات جو اصل میں موجود ہوتے ہیں وہ ان کے ظل کو ظلی طور پر عطا کئے جاتے ہیں۔

വിലായത്ത് പ്രവാചകത്വത്തിന്റെ പ്രതിച്ഛായയയാണെന്നത് എല്ലാ അവാ ന്തര വിഭാഗക്കാരുടേയും ഏകോപിച്ച അഭിപ്രായമാണ്. പല തരത്തിലുള്ള അടയാളങ്ങൾ എന്താണോ അസലിലുള്ളത് അത് അതിന്റെ പ്രതിച്ഛായ യിലും പ്രകടിപ്പിക്കപ്പെടുന്നു. (Lujjat al-Noor pp. 38)

میں نے قرآن شریف میں ایک زبردست طاقت پائی ہے۔ میں نے آنحضرت ﷺ کی پیروی میں ایک عجیب خاصیت دیکھی ہے جو کسی مذہب میں وہ خاصیت اور طاقت نہیں اور وہ یہ کہ سچا پیرو اس کا مقام ولایت تک پہنچ جاتا ہے۔

ഞാൻ വിശുദ്ധ ഖുർആനിൽ ഒരു ഗാംഭീര്യമേറിയ ശക്തിവിശേഷം കണ്ടെ ത്തിയിരിക്കുന്നു. റസൂൽ(സ)യുടെ അനുധാവനത്തിൽ ആശ്ചര്യജനകമാ

യൊരു പ്രത്യേകത കണ്ടെത്തിയിരിക്കുന്നു, ഇത് മറ്റു മതങ്ങളിലൊന്നും കാണാൻ സാധിക്കുകയില്ല, ഒരു യഥാർത്ഥ അനുഗാമിയെ വിലായത്തിന്റെ പദവി വരെ എത്തിക്കുന്നു എന്നതാണത്. (Chashme Ma'rifat, p.60).

പ്രതിച്ഛായായാ പ്രവാചകത്വത്തെ ഒന്നുകൂടി വിശദീകരിച്ചുകൊണ്ട് മസീഹ് മൗഊദ്(അ) വീണ്ടും പറയുകയാണ്:

നിങ്ങൾ നിങ്ങളുടെ പ്രതിച്ഛായ, ദർപ്പണത്തിൽ നിരീക്ഷിക്കുമ്പോൾ അവിടെ രണ്ടാളുകളില്ല. രണ്ടായി കാണാമെങ്കിലും ഒന്ന് അസലും മറ്റേത് അതിന്റെ പ്രതിച്ഛായയുമാണ്. വാഗ്ദത്ത മസീഹിന്റെ കാര്യത്തിൽ അല്ലാഹു ഇതാണാഗ്രഹിച്ചിരിക്കുന്നത്. *(Kishti Nuh, p.* 15).

അതിനാൽ പ്രതിച്ഛായാ പ്രവാചകത്വം വിലായത്താണെന്നും അല്ലെങ്കിൽ വിലായത്ത് പ്രതിച്ഛായാ പ്രവാചകത്വമാണെന്നും ഇതിൽനിന്നും തെളിയുന്നു.

لیکن یادر کھنا چاہیے کہ جیسا کہ ابھی ہم نے بیان کیا ہے بعض اوقات خدائے تعالیٰ کے الہامات میں ایسے الفاظ استعارہ اور مجاز کے طور پر اس کے بعض اولیاء کی نسبت استعمال ہو جاتے ہیں اور وہ حقیقت پر محمول نہیں ہوتے سارا جھگڑا یہ ہے جس کو نادان متعصب اور طرف کھینچ کر لے گئے ہیں۔ آنے والے مسیح موعود کا نام جو صحیح مسلم وغیرہ میں زبان مقدس حضرت نبوی ﷺ سے نبی اللہ نکلا ہے وہ انہی مجازی معنوں کے رو سے ہے جو صوفیاء کرام کی کتابوں میں مسلّم اور ایک معمولی محاورہ مکالمات الہیہ کا ہے۔ ورنہ خاتم الانبیاء کے بعد نبی کیسا۔

ഓർമ്മയിൽ വെക്കേണ്ട ഒരു കാര്യം, ഞാനിപ്പോൾ വിവരിച്ചതുപോലെയുള്ള പദങ്ങൾ (നബി, റസൂൽ എന്നിവ) ചില ഔലിയാക്കൾക്കുവേണ്ടി ദൈവിക വെളിപാടുകളിൽ ഉപമാരൂപത്തിൽ ഉപയോഗിക്കുന്നത് അതിന്റെ യഥാർത്ഥ അർത്ഥത്തിലല്ല എന്നതാണ്. വിവരമില്ലാത്ത എതിരാളികൾ ഇതിനെ വലിച്ചിഴച്ച് വേറൊരു ദിശയിലേക്ക് കൊണ്ടുപോയിരിക്കയാണ്. വരാനിരിക്കുന്ന വാഗ്ദത്ത മസീഹിനെക്കുറിച്ച് സഹീഹ് മുസ്‌ലിം മുതലായ ഗ്രന്ഥങ്ങളിൽ നബി (സ)യുടെ പുണ്യനാവിൽനിന്ന് നബിയുല്ലാഹ് എന്നു പുറപ്പെട്ടത്, ഉപമാരൂപത്തിലാണ്. ഇങ്ങനെയുള്ള പദങ്ങൾ ബഹുമാന്യരായ സൂഫിയാക്കളുടെ ഗ്രന്ഥങ്ങളിൽ, ദൈവിക വെളിപാടുകൾക്ക് പകരമായി സാധാരണയായി ഉപയോഗിക്കുന്ന പ്രയോഗങ്ങളാണ്. അല്ലാതെ ഖാതമുന്നബിയ്യീനു ശേഷം വേറൊരു പ്രവാചകൻ എങ്ങനെയാണ് വരിക? (Anjam-e-Atham RK11: P28, Foot Note).

യഥാർത്ഥ നബിയാണെന്ന് തെളിയിക്കുവാൻ വേണ്ടി ഉപയോഗിക്കുന്ന മറ്റു ചില ഉദ്ധരണികൾ :

یہ لوگ اسلام کے دشمن ہے۔ ختم نبوت کے ایسے معنے کرتے ہیں جس سے نبوت ہی باطل ہو جاتی ہے۔

നുബുവ്വത്ത് പോലും അസാധുവാകുന്ന രീതിയിൽ ഖതമുന്നുബുവ്വത്തിന് അർത്ഥം കൊടുക്കുന്നവർ ഇസ്‌ലാമിന്റെ ശത്രുക്കളാകുന്നു.

ഇനി മുതൽ പ്രവാചകന്മാർ വരില്ല എന്നതല്ല ഖതമുന്നുബുവ്വത്തിന്റെ അർത്ഥം എന്ന് തെറ്റിദ്ധരിപ്പിക്കാൻ വേണ്ടിയാണ് ഇതെടുത്ത് ഉദ്ധരിക്കുന്നത്. എന്നാൽ ഇതിന്റെ പൂർണ്ണ രൂപം ഇങ്ങനെയാണ്:

یہ لوگ اسلام کے دشمن ہے۔ ختم نبوت کے ایسے معنے کرتے ہیں جس سے نبوت ہی باطل ہو جاتی ہے۔ کیا ہم ختم نبوت کے یہ معنے کر سکتے ہیں کہ وہ تمام برکات جو آنحضرت ﷺ کی پیروی سے ملنی چاہئیں تھے وہ سب بند ہو گئے۔ اور اب خدا تعالی کے مکالمہ مخاطبہ کی خواہش کرنا لاحاصل ہے (چشمہ مسیحی ص ۶۷)

നുബുവ്വത്ത് പോലും അസാധുവാകുന്ന രീതിയിൽ ഖതമുന്നുബുവ്വത്തിന് അർത്ഥം കൊടുക്കുന്നവർ ഇസ്‌ലാമിന്റെ ശത്രുക്കളാകുന്നു. റസൂൽ തിരുമേനി(സ)യെ പിന്തുടരുക വഴി ലഭിക്കേണ്ടിയിരുന്ന എല്ലാ അനുഗ്രഹങ്ങളും നിർത്തലാക്കപ്പെട്ടു എന്ന രീതിയിൽ നമുക്ക് ഖതമുന്നുബുവ്വത്തിന് അർത്ഥം കൊടുക്കുവാൻ സാധിക്കുമോ? ഇനി മുതൽ അല്ലാഹുവിൽനിന്നുള്ള സംഭാഷണങ്ങളും വെളിപാടുകളും ലഭിക്കുകയെന്നതു പോലും അസാദ്ധ്യമായിരിക്കയാണോ? (Chashmaye Maseehi page 67).

ഇവിടെ പ്രവാചകന്മാർ വരുന്നതിനെക്കുറിച്ചല്ല, റസൂൽ തിരുമേനി(സ)യെ പിന്തുടരുക വഴി വെളിപാടുകൾ ലഭിക്കുന്നതിനെക്കുറിച്ചാണ് മസീഹ് മൗഊദ്(അ) സംസാരിക്കുന്നതെന്ന് വ്യക്തമാണ്.

صریح طور پر نبی کا خطاب مجھے دیا گیا ہے (حقیقۃ الوحی ۱۵۰)

വ്യക്തമായ നിലയിൽ എനിക്ക് നബിയെന്ന അഭിധാനം നല്കപ്പെട്ടു. (Haqeeqathul Wahyi 150)

میں اس خدا کی قسم کھا کر کہتا ہوں جس کے ہاتھ میں میری جان ہے کہ اسی نے مجھے بھیجا ہے اور اسی نے میرا نام نبی رکھا ہے (تتمہ حقیقۃ الوحی ۲۸)

ആരുടെ കൈയിലാണോ എന്റെ ജീവനുള്ളത്, ആ അല്ലാഹുവിനാണെ സത്യം, അവനാണ് എന്നെ അയച്ചിരിക്കുന്നത്, അവനാണ് എന്നെ നബിയെന്ന് വിളിച്ചിരിക്കുന്നത്. (Thathima Haqeeqathul Wahy)

മസീഹ് മൗഊദ്(അ) നബി എന്ന വാക്കിന് എഴുതിയ അടിക്കുറിപ്പ് ഇവിടെയും ബാധകമാണ്. അല്ലെങ്കിൽ നബിയെന്ന വാക്ക്കൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് യഥാർത്ഥ വിവക്ഷയിലുള്ള നബിയാണെന്ന് മസീഹ് മൗഊദ് (അ) പുതിയ വിശദീകരണം നൽകുമായിരുന്നു.

خدانے اس امت میں سے مسیح موعود بھیجا جو اس پہلے مسیح سے اپنی تمام شان میں بہت بڑھ کر ہیں (حقیقۃالوحی ۱۴۸)

അല്ലാഹു ഈ ഉമ്മത്തിൽ അയച്ച വാഗ്ദത്ത മസീഹ് മുമ്പത്തെ മസീഹിനെക്കാളും എല്ലാവിധ മഹിമയിലും വളരെ മുമ്പിലാണ്.

മസീഹ് മൗഊദ്(അ), റസൂൽ തിരുമേനി(സ)യുടെ പ്രതിച്ഛായ ആയതുകൊണ്ട്, മുമ്പത്തെ എല്ലാ ബനീ ഇസ്രായീൽ പ്രവാചകന്മാരേക്കാളും ഉന്നതനാണെന്ന കാര്യത്തിൽ തർക്കമില്ല. പക്ഷേ ഈ ശ്രേഷ്ഠത എല്ലാകാര്യത്തിലും ശരിയല്ല. ഉദാഹരണമായി ഈസാ (അ) സ്വതന്ത്ര പ്രവാചകനാണ്, ആരെയെങ്കിലും പിൻതുടർന്നതു കൊണ്ടല്ല അദ്ദേഹത്തിന് പ്രവാചകത്വം ലഭിച്ചത്. അദ്ദേഹം പ്രതിച്ഛായാ പ്രവാചകനുമല്ല.

ഈ സമുദായത്തിലുള്ള അവന്റെ ഔലിയാക്കളുമായി അല്ലാഹു സംസാരിക്കുകയും സന്ദേശ വിനിമയം നടത്തുകയും ചെയ്യുന്നു. അവർക്ക് പ്രവാചകന്മാരുടെ നിറം നല്കിയിരിക്കയാണ്. എന്നാൽ അവർ യഥാർത്ഥത്തിലുള്ള പ്രവാചകന്മാരല്ല. എന്തെന്നാൽ വിശുദ്ധ ഖുർആൻ എല്ലാ രീതിയിലും ശരീഅത്ത് പൂർത്തിയാക്കിയിരിക്കയാണ്. അവർക്ക് വിശുദ്ധ ഖുർആന്റെ ജ്ഞാനമല്ലാതെ മറ്റൊന്നും നല്കപ്പെടുന്നില്ല. അവർ ഖുർആനിൽ എന്തെങ്കിലും കൂട്ടിച്ചേർക്കുകയോ അതിൽനിന്ന് എന്തെങ്കിലും കുറക്കുകയോ ചെയ്യുന്നില്ല. (Mawahib-ur-Rahman, January 1903, p. 66).

ഇവിടെ മസീഹ് മഊദ് പറയുന്നത് വിശുദ്ധ ഖുർആൻ എല്ലാ രീതിയിലും ശരീഅത്ത് പൂർത്തിയാക്കിയതു കാരണം ഔലിയാക്കൾ ആരും പ്രവാചകന്മാരാകുന്നില്ല എന്നാണ്. അവർക്ക് ലഭിക്കുന്നത് അല്ലാഹുവിന്റെ വെളിപാടുകൾ മാത്രമാണെന്നാണ്.

یہ نکتہ یاد رکھنے کے لائق ہے کہ اپنے دعوے کے انکار کرنے والے کو کافر کہنا یہ صرف ان نبیوں کی شان ہے جو خدا تعالیٰ کی طرف سے شریعت اور احکام جدیدہ لاتے ہیں۔ لیکن صاحب الشریعت کے ماسوا جس قدر ملہم اور محدث ہیں گو وہ کیسی ہی جناب الٰہی میں اعلیٰ شان رکھتے ہیں اور خلعتِ مکالمہ الہیہ سے سرفراز ہوں ان کے انکار سے کوئی کافر نہیں بن جاتا۔

ഓർക്കേണ്ട ഒരു കാര്യം, നിഷേധിയായ ഒരാളെ കാഫിറെന്ന് വിളിക്കാനുള്ള അധികാരം ശരീഅത്ത് കൊണ്ടുവരികയും അല്ലാഹുവിൽനിന്ന് പുതിയ കല്പനകൾ കൊണ്ടുവരികയും ചെയ്യുന്നവരുടെ പ്രത്യേകാധികാരമാണെന്നാണ്. എന്നാൽ ശരീഅത്തുമായി വരാത്ത മറ്റുള്ള മുൽഹംമാരും മുഹദ്ദസുമാരും, അവരുടെ പദവി എത്ര തന്നെ അല്ലാഹുവിന്റെയടുക്കൽ ഉന്നതമായിരുന്നാലും, അവരുടെ വെളിപാടുകൾ എത്രമാത്രം ഉയർന്ന നിലയിലുള്ളതായിരുന്നാലും, അവരെ നിഷേധിക്കുന്നതുകൊണ്ട് ആരും തന്നെ കാഫിറായിത്തീരുന്നില്ല. (Tiryaq-ul-Qulub, October 1902, p. 130, footnote)

ഈ ഉദ്ധരണിയനുസരിച്ച് ശരീഅത്തുകൊണ്ടുവരാത്ത മറ്റുള്ളവരെല്ലാം മുഹദ്ദസ് അല്ലെങ്കിൽ മുൽഹംമാരാണ്.

മസീഹ് മൗഊദ്(അ) ശരീഅത്തില്ലാതെയുള്ള നബിമാർക്ക് വരാം എന്നു പറയുമ്പോൾ പ്രതിച്ഛായാരീതിയിൽ വരാം എന്നാണ് പറയുന്നത്, അല്ലാതെ യഥാർത്ഥമായ നിലയിൽ വരാം എന്നല്ല,

യഥാർത്ഥ നുബുവ്വത്ത് അവസാനിച്ചെന്ന് അല്ലാഹു മസീഹ് മൗഊദിനെ (അ) അറിയിച്ചു കഴിഞ്ഞാൽ പിന്നെ എങ്ങനെയാണ് അദ്ദേഹത്തിനത് മാറ്റിപ്പറയുവാൻ സാധിക്കുക? ബുദ്ധിശക്തി നഷ്ടപ്പെട്ടവർക്കു മാത്രമേ ആ രീതിയിൽ ചിന്തിക്കാൻ സാധിക്കുകയുള്ളൂ.

ഇതൊന്നും കൂടാതെ ഉന്നയിക്കുന്ന വേറൊരു കുതർക്കം ഇതാണ്.

شریعت والا نبی کوئی نہیں آسکتا اور بغیر شریعت کے نبی ہو سکتا ہے مگر وہی جو پہلے امتی ہو۔

ശരീഅത്തില്ലാതെയുള്ള നബിമാർക്ക് വരാവുന്നതാണ്. പക്ഷേ അദ്ദേഹം ആദ്യം ഉമ്മത്തിയായിരിക്കണം.

ഇതും മുകളിൽ പറഞ്ഞതുപോലെ ഇടയിൽനിന്ന് വെട്ടിയെടുത്താണ് ഉപയോഗിച്ചിരിക്കുന്നത്. അതിന്റെ പൂർണ്ണരൂപം ഇതാണ് :

تمام پہاڑوں کے برابر میرے اعمال ہوتے تو پھر بھی میں کبھی یہ شرف مکالمہ مخاطبہ ہر گز نہ پاتا کیونکہ اب بجز محمدی نبوت کے سب نبوتیں بند ہیں شریعت والا نبی کوئی نہیں آسکتا اور بغیر شریعت کے نبی ہو سکتا ہے مگر وہی جو پہلے امتی ہو۔ اور میری نبوت یعنی مکالمہ الہیہ آنحضرت ﷺ کی نبوت کا ایک ظل ہے اور بجز اس کے میری نبوت کچھ بھی نہیں وہی نبوت محمدیہ ﷺ ہے جو مجھ میں ظاہر ہوئی ہے۔ اور چونکہ میں محض ظل ہوں اور امتی ہوں اس لئے آنجناب ﷺ کی اس سے کچھ کسر شان نہیں۔

എന്റെ കർമ്മങ്ങൾ, മുഴുവൻ പർവ്വതങ്ങൾക്ക് തുല്യമായിരുന്നാലും, ദൈവിക സന്ദേശങ്ങളുടേയും സംഭാഷണങ്ങളുടേയും അനുഗ്രഹം എനിക്ക് ഒരിക്കലും ലഭിക്കുമായിരുന്നില്ല, എന്തുകൊണ്ടെന്നാൽ മുഹമ്മദീ നുബുവ്വത്ത് ഒഴികെ മറ്റെല്ലാ നുബുവ്വത്തുകളും അടഞ്ഞിരിക്കയാണ്. ശരീഅത്തുമായുള്ള ഒരു നബിയും വരില്ല, ശരീഅത്തില്ലാതെയുള്ള നബിമാർക്ക് വരാവുന്നതാണ്. പക്ഷേ അദ്ദേഹം ആദ്യം ഉമ്മത്തിയായിരിക്കണം. എന്റെ നുബു

വ്വത്ത് അഥവാ ദൈവിക സന്ദേശങ്ങളും സംഭാഷണങ്ങളും റസൂൽ തിരുമേനി(സ)യുടെ ഒരു പ്രതിച്ഛായയാണ്. അദ്ദേഹത്തിന്റേതല്ലാതെ എന്റെ നുബുവ്വത്ത് ഒന്നുമല്ല, റസൂൽ തിരുമേനി(സ)യുടെ അതേ നുബുവ്വത്ത് തന്നെയാണ് എന്നിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നത്. ഞാൻ വെറും പ്രതിച്ഛായയും ഉമ്മത്തിയും ആയതുകാരണം റസൂൽ തിരുമേനി(സ)യുടെ നുബുവ്വത്തിന് യാതൊരുവിധ പോറലും ഏല്ക്കുന്നില്ല. (Tajalliat-e-Ilahiya RK20 P412.)

بجز محمدی نبوت کے سب نبوتیں بند ہیں

മുഹമ്മദീ നുബുവ്വത്ത് ഒഴികെ മറ്റെല്ലാ നുബുവ്വത്തുകളും അടഞ്ഞിരിക്കയാണ്.

مستقل نبوت آنحضرت صلی اللہ علیہ وآلہ وسلم پر ختم ہو گئی ہے مگر ظلی نبوت جس کے معنی ہیں کہ محض فیض محمدی سے وحی پانا وہ قیامت باقی رہے گی

സ്വതന്ത്ര പ്രവാചകത്വം റസൂൽ(സ)യോടു കൂടി അവസാനിച്ചു, എന്നാൽ മുഹമ്മദിനെ പിന്തുടർന്നുകൊണ്ട് വഹ്‌യ് ലഭിക്കുകയെന്ന പ്രതിച്ഛായാ പ്രവാചകത്വം ഖിയാമത്ത് നാൾവരെ തുടരുന്നതാണ്.

മസീഹ് മൗഊദ്(അ) യഥാർത്ഥത്തിലുള്ള നബിയായിരുന്നുവെങ്കിൽ മറ്റെല്ലാ നുബുവ്വത്തുകളും അവസാനിക്കുകയും അദ്ദേഹത്തിന്റെ നുബുവ്വത്ത് ആരംഭിക്കുകയും ചെയ്യുമായിരുന്നു.

മസീഹ് മൗഊദ്(അ) എവിടെയൊക്കെ നബി എന്ന പദം ഉപയോഗിച്ചിട്ടുണ്ടോ, അതൊക്കെ മുഹദ്ദസ് എന്ന അർത്ഥത്തിലാണെന്ന് അദ്ദേഹം പലതവണ വ്യക്തമാക്കി എഴുതിയതാണ്. ഇത് മുൻകഴിഞ്ഞ അദ്ധ്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

അതിനാൽ നമ്മുടെ മുസ്‌ലിം സഹോദരന്മാരുടെ അനുരഞ്ജനത്തിനായി വേറൊരു രീതിയിലുള്ള അർത്ഥം നൽകുന്നതിൽ എനിക്ക് അല്പം പോലും മടിയില്ല. അതിനാൽ നബിയെന്ന പദം ഉപയോഗിച്ച എല്ലാ സ്ഥലത്തും മുഹദ്ദസ് എന്ന വാക്ക് പകരം വെക്കുകയും നബിയെന്ന പദം മായ്ച്ചുകളഞ്ഞതായും മനസ്സിലാക്കട്ടെ.' (*Majmu'a Ishtiharat,* vol. 1, p. 313, announcement dated 3 February 1892, issued in Lahore.)

ദൈവനിയോഗിതനായ ഒരു വ്യക്തി, മറ്റുള്ളവരുടെ സൗകര്യാർത്ഥം തന്റെ വാദഗതി മാറ്റിപറയുമെന്ന് സങ്കല്പിക്കാൻ സാധിക്കുന്നതാണൊ? ഹദീസിൽ റസൂൽ(സ) വരാനിരിക്കുന്ന മസീഹിനുവേണ്ടി ആലങ്കാരികമായി നബിയെന്ന പദം ഉപയോഗിച്ചതു കാരണം അദ്ദേഹവും നബിയെന്ന പദം ആലങ്കാരികമായിട്ടാണ് ഉപയോഗിച്ചതെന്ന് പലതവണ വ്യക്തമാക്കിയതാണ്.

വേറൊരു ഉദാഹരണമാണ്, ഹസ്രത്ത് മുജദ്ദിദ് അലിഫ് സാനി എന്ന് അറിയപ്പെടുന്ന സർ ഹിന്ദി അദ്ദേഹത്തിന്റെ ഗ്രന്ഥമായ മക്തൂബാതിൽ അല്ലാഹു

വളരെയധികം സംസാരിക്കുന്ന ആളെ മുഹദ്ദസ് ആണെന്നാണ് പറയുക എന്ന് അദ്ദേഹം എഴുതിയ ഭാഗം മസീഹ് മൗഊദ്(അ) ഉദ്ധരിച്ച് എഴുതുകയുണ്ടായി. ഇത് ഒരിടത്ത് മുഹദ്ദസ് ആണെന്ന് എഴുതുകയും (Izale Auham P914, RK3-600) എന്നാൽ അതേ ഭാഗം വേറൊരിടത്ത് ഉദ്ധരിച്ച് എഴുതിയപ്പോൾ (Haqiqatul Wahy P390, RK22-406) അവിടെ നബിയെന്ന് എഴുതുകയും ചെയ്തു. എന്നാൽ മുജദ്ദിദ് അലിഫ് സാനി എവിടെയും നബിയെന്ന് എഴുതിയിട്ടില്ല. ഇതുകാരണമായി, മസീഹ് മൗഊദ്(അ) കളവു പറഞ്ഞുവെന്ന് ചിലർ ആരോപിക്കാറുണ്ട്. യഥാർത്ഥത്തിൽ മസീഹ് മൗദിന്റെ (അ) മനസ്സിൽ നബിയെന്നതും മുഹദ്ദസ് എന്നതും സമാനമായ പദങ്ങളാണെന്നാണ് ഇത് കാണിക്കുന്നത്.

ശത്രുക്കൾ പറയും, നീ ദൈവനിയോഗിതനല്ലെന്ന്. നാം അവന്റെ മോന്തയ്ക്ക് പിടിക്കുന്നതാണ്. [Arba'in, no. 2, pp. 31–36, Ruhani Khaza'in, vol. 17, pp. 379–385, Tazkira P. 479]

മസീഹ് മൗഊദ് (അ) ദൈവനിയോഗിതനല്ല എന്ന് ഈ ഗ്രന്ഥത്തിൽ എവിടെയും പറഞ്ഞിട്ടില്ല. അദ്ദേഹം യഥാർത്ഥവിവക്ഷയിലുള്ള പ്രവാചകത്വം വാദിച്ചിട്ടില്ല എന്നാണ് പറയുന്നത്.

رسولوں سے مراد وہ لوگ ہیں جو خدا تعالیٰ کی طرف سے بھیجے جاتے ہوں خواہ وہ نبی ہوں یا رسول یا محدث اور مجدد ہوں۔

റസൂൽ (ദൂതൻ) എന്നതുകൊണ്ടുദ്ദേശിക്കുന്നത് അല്ലാഹു നിയോഗിച്ചയക്കുന്നവരെക്കുറിച്ചാണ്. അവർ നബിയായാലും റസൂലായാലും മുഹദ്ദസ് ആയാലും മുജദ്ദിദ് ആയാലും ഒന്നുതന്നെയാണ്. (Ayyam as-Sulh, p. 171, footnote; RK, v. 14, p. 419).

മസീഹ് മൗഊദ് (അ) യഥാർത്ഥത്തിൽ പ്രവാചകനാണെന്ന് അവകാശപ്പെടുന്നവരോട് ഒരേയൊരു ചോദ്യം ചോദിച്ചാൽ അവരുടെ വഞ്ചന പുറത്തുവരുന്നതാണ്. മസീഹ് മൗഊദ് (അ) തന്റെ പ്രവാചകത്വം യഥാർത്ഥ വിവക്ഷയിലുള്ളതല്ലെന്ന് പറഞ്ഞത് ധാരാളമായി ഉദ്ധരിച്ചു കഴിഞ്ഞു. താൻ യഥാർത്ഥ വിവക്ഷയിൽ പ്രവാചകനാണെന്ന് മസീഹ് മൗഊദ് (അ) എവിടെയെങ്കിലും പറഞ്ഞിട്ടുണ്ടോ എന്ന് ചോദിച്ചാൽ അവർക്ക് ഒരുദ്ധരണിയും എടുത്തു കാണിക്കാനില്ലന്നെതാണ് സത്യം.

അതുപോലെ ഖാതമുന്നബിയ്യീൻ എന്ന വാക്കിന്റെ അർത്ഥമായി നബി(സ), അവസാനത്തെ പ്രവാചകനല്ല, ശ്രേഷ്ഠ പ്രവാചകനാണ്, അതുകൊണ്ട് ഇനിയും പ്രവാചകന്മാർ വരാം എന്ന രീതിയിൽ മസീഹ് മൗഊദ് (അ) എവിടെയെങ്കിലും വ്യാഖ്യാനം കൊടുത്തിട്ടുണ്ടോ എന്നു ചോദിച്ചാൽ ഒരുത്തരവും അവർക്ക് എടുത്തു കാണിക്കാനില്ലന്നെതാണ് സത്യം. ഇങ്ങനെ അവരുടെ പരാജയം വളരെ വ്യക്തമായി പുറത്തുവരുന്നതാണ്.

*************

# 23. ഹിദായത്ത് നല്കുന്നവൻ അല്ലാഹു.

അല്ലാഹു മസീഹ് മൗഊദിന്(അ) വെളിപാടായി നല്കിയ വാക്കുകൾ പോലും വിശ്വസിക്കാൻ ഒരാൾ തയ്യാറാവുന്നില്ലെങ്കിൽ പിന്നെ അയാൾക്ക് നേർമാർഗം കാണിച്ചുകൊടുക്കുവാൻ ആരെക്കൊണ്ടും സാധിക്കുകയില്ല, അല്ലാഹുവിനല്ലാതെ. മനുഷ്യന് സൂചന നല്കാൻ മാത്രമേ സാധിക്കുകയുള്ളൂ. അന്തിമ തീരുമാനം അല്ലാഹുവിന്റെ കൈയിലാണ്. ഹൃദയരഹസ്യം അറിയുന്നവൻ അല്ലാഹു മാത്രമാണ്. പൂർവ്വ പിതാക്കളുടെ പാത പിൻതുടർന്നു പോകുവാൻ ആഗ്രഹിക്കുന്നവർക്ക് നേർമാർഗം ലഭിക്കുകയില്ലെന്ന് വിശുദ്ധ ഖുർആനിൽനിന്ന് മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

وَإِذَا قِيلَ لَهُمُ ٱتَّبِعُوا مَآ أَنزَلَ ٱللَّهُ قَالُواْ بَلْ نَتَّبِعُ مَآ أَلْفَيْنَا عَلَيْهِ آبَآءَنَآ أَوَلَوْ كَانَ آبَاؤُهُمْ لاَ يَعْقِلُونَ شَيْئاً وَلاَ يَهْتَدُونَ

അല്ലാഹു അവതരിപ്പിച്ചത് നിങ്ങൾ പിൻപറ്റി ജീവിക്കുക എന്ന് അവരോട് ആരെങ്കിലും പറഞ്ഞാൽ, അല്ല, ഞങ്ങളുടെ പിതാക്കൾ സ്വീകരിച്ചതായി കണ്ടതേ ഞങ്ങൾ പിൻപറ്റുകയുള്ളൂ എന്നായിരിക്കും അവർ പറയുന്നത്. അവരുടെ പിതാക്കൾ യാതൊന്നും ചിന്തിച്ച് മനസ്സിലാക്കാത്തവരും നേർവഴി കണ്ടെത്താത്തവരുമായിരുന്നെങ്കിൽ പോലും. (വി.ഖു. 2:171)

വിശ്വാസം മാറ്റിയെടുക്കാമെന്നത് എളുപ്പമുള്ള കാര്യമല്ല. അതിന് കനത്ത വില നല്കേണ്ടതായി വരും. മാതാപിതാക്കളുടെയും, കുടുംബാംഗങ്ങളുടെയും സ്നേഹിതന്മാരുടെയും ജമാഅത്തംഗങ്ങളുടെയും എതിർപ്പുകൾ നേരിടേണ്ടിവരും. അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി എല്ലാം ത്യജിക്കുവാൻ തയ്യാറാകുന്നവർക്കു മാത്രമേ അതിനൊക്കെ സാധിക്കുകയുള്ളൂ. ഏതായാലും സത്യത്തിനുവേണ്ടി ജീവിക്കുവാൻ ആഗ്രഹിക്കുന്നവർക്കു വേണ്ടി ഏതാനും തെളിവുകൾ കൂടി നല്കുകയാണ്.

بار بار کہتا ہوں کہ یہ الفاظ رسول اور مرسل اور نبی کے میرے الہام میں میری نسبت خدا تعالیٰ کی طرف سے بے شک ہیں لیکن اپنے حقیقی معنوں پر محمول نہیں ہیں۔ اور جیسے یہ محمول نہیں ایسے ہی وہ نبی کر کے پکارنا جو حدیثوں میں مسیح موعود کیلئے آیا ہے وہ بھی اپنے حقیقی معنوں پر اطلاق نہیں پاتا۔ یہ وہ علم ہے جو خدا نے مجھے دیا ہے جس نے سمجھنا ہو سمجھ لے۔

ഞാൻ വീണ്ടും വീണ്ടും പറയുകയാണ്, റസൂൽ, മുർസൽ, നബി എന്നീ പദങ്ങൾ എന്നെ സംബോധന ചെയ്തുകൊണ്ട് എന്റെ വെളിപാടുകളിൽ അല്ലാഹുവിൽനിന്നും തീർച്ചയായും ഉണ്ട്. അതൊന്നും അതിന്റെ യഥാർത്ഥ അർത്ഥത്തിലുള്ളതല്ല. അതുപോലെ മസീഹ് മഊദിനെ നബിയെന്ന്

സംബോധന ചെയ്തുകൊണ്ട് ഹദീസിൽ വന്നിരിക്കുന്നത് അതിന്റെ യഥാർത്ഥ അർത്ഥത്തിലുമല്ല. ഈ അറിവ് അല്ലാഹുവാണ് എനിക്ക് നല്കിയിരിക്കുന്നത്. മനസ്സിലാക്കാൻ സാധിക്കുന്നവർ മനസ്സിലാക്കുക. (Siraj-e-Muneer Page 3- RK12-Page 5).

അദ്ദേഹത്തിന്റെ അവസാന ഗ്രന്ഥങ്ങളിൽ ഒന്നായ ഹഖീഖത്തുൽ വഹ്‌യിൽ മസീഹ് മൗഊദ്(അ) പറയുന്നത് ശ്രദ്ധിക്കുക :

اور پھر ایک اور نادانی یہ ہے کہ جاہل لوگوں کو بھڑکانے کے لئے کہتے ہیں کہ اس شخص نے نبوت کا دعویٰ کیا ہے حالانکہ یہ ان کا سراسر افترا ہے بلکہ جس نبوت کا دعویٰ کرنا قرآن شریف کے رو سے منع معلوم ہوتا ہے ایسا کوئی دعویٰ نہیں کیا گیا صرف یہ دعویٰ ہے کہ ایک پہلو سے میں امتی ہوں اور ایک پہلو سے میں آنحضرت ﷺ کے فیض نبوت کی وجہ سے نبی ہوں اور نبی سے مراد صرف اس قدر ہے کہ خدا تعالیٰ سے بکثرت شرف مکالمہ و مخاطبہ پاتا ہوں

പിന്നെ വേറൊരു അജ്ഞത, അറിവില്ലാത്ത ജനങ്ങളെ പ്രകോപിപ്പിക്കാൻ വേണ്ടി പറയുകയാണ് ഈ വ്യക്തി നുബുവ്വത്ത് വാദം ഉന്നയിക്കുകയാണെന്ന്. എന്നാലിത് അവരുടെ വ്യക്തമായ കള്ള പ്രചരണമാണ്. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനമനുസരിച്ച് ഏതൊരു നുബുവ്വത്ത് വാദമാണോ വിലക്കപ്പെട്ടിട്ടുള്ളത് അങ്ങനെയുള്ള ഒരു വാദവും ഉന്നയിച്ചിട്ടില്ല. എന്റെ വാദം ഇതുമാത്രമാണ്, ഒരു കോണിലൂടെ ഞാൻ അനുയായിയും മറ്റൊരു കോണിലൂടെ ഞാൻ റസൂൽ തിരുമേനി(സ)യുടെ നുബുവ്വത്തിന്റെ അനുഗ്രഹത്താൽ നബിയുമാണ്, നബിയെന്നതുകൊണ്ട് വളരെയധികം ദൈവിക സംഭാഷണങ്ങളും സംബോധനകളും മാത്രമാണ് ഉദ്ദേശിക്കുന്നത്. (Haqiatul Wahy P.390, RK 22 P.406)

ദൈവിക സംഭാഷണങ്ങളും സംബോധനകളും ലഭിക്കുകയെന്നത് വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളാണ്.

إِنَّ ٱلَّذِينَ قَالُواْ رَبُّنَا ٱللَّهُ ثُمَّ ٱسْتَقَامُواْ تَتَنَزَّلُ عَلَيْهِمُ ٱلْمَلاَئِكَةُ أَلاَّ تَخَافُواْ وَلاَ تَحْزَنُواْ وَأَبْشِرُواْ بِٱلْجَنَّةِ ٱلَّتِى كُنتُمْ تُوعَدُونَ نَحْنُ أَوْلِيَآؤُكُمْ فِى ٱلْحَيَاةِ ٱلدُّنْيَا وَفِى ٱلآخِرَةِ وَلَكُمْ فِيهَا مَا تَشْتَهِيۤ أَنفُسُكُمْ وَلَكُمْ فِيهَا مَا تَدَّعُونَ نُزُلاً مِّنْ غَفُورٍ رَّحِيمٍ

ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണെന്ന് പറയുകയും, എന്നിട്ട് സ്ഥിരചിത്തതയിൽ നിലകൊള്ളുകയും ചെയ്തിട്ടുള്ളവരുടെ അടുക്കൽ മലക്കുകൾ ഇറങ്ങിവന്നുകൊണ്ട് ഇപ്രകാരം പറയുന്നതാണ്: നിങ്ങൾ ഭയപ്പെടുകയോ ദു:ഖിക്കുകയോ വേണ്ട നിങ്ങൾക്ക് വാഗ്ദാനം നല്കപ്പെട്ടിരുന്ന സ്വർഗത്തെക്കുറിച്ചുള്ള സന്തോഷവാർത്ത കേട്ടുകൊള്ളുക. ഐഹിക ജീവിതത്തിലും പരലോകത്തിലും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാകുന്നു.

നിങ്ങൾക്കതിൽ നിങ്ങളുടെ മനസ്സുകൾ ആഗ്രഹിക്കുന്നതെല്ലാമുണ്ടായിരിക്കും. നിങ്ങൾക്കതിൽ നിങ്ങൾ ആവശ്യപ്പെടുന്നതെല്ലാമുണ്ടായിരിക്കും. ഏറെ പൊറുക്കുന്നവനും കരുണാനിധിയുമായ അല്ലാഹുവിൽ നിന്നുള്ള സൽക്കാരമെന്ന നിലയിൽ. ( വി.ഖു. 41−30−32)

പരലോകത്ത് വെച്ച് മാത്രമാണ് ഈ വെളിപാടുകൾ ലഭിക്കുകയെന്നൊരു വിശ്വാസം അനഹ്മദി മുസ്ലിംകൾക്കുണ്ട്. എന്നാൽ ഈ ലോകത്തുവച്ചും അത് ലഭിക്കുന്നതാണെന്ന് മേൽവചനം വ്യക്തമാക്കുന്നു.

یہ الفاظ بطور استعارہ ہیں جیسا کہ حدیث میں بھی مسیح موعود کے لئے نبی کا لفظ آیا ہے۔ ظاہر ہے کہ جس کو خدا بھیجتا ہے وہ اس کا فرستادہ ہی ہوتا ہے اور فرستادہ کو عربی میں رسول کہتے ہیں۔ اور جو غیب کی خبر خدا سے پا کر دیوے اس کو عربی میں نبی کہتے ہیں۔ اسلامی اصطلاح کے معنے الگ ہیں۔ اس جگہ محض لغوی معنے مراد ہیں۔ ان سب مقامات کا مولوی محمد حسین صاحب بٹالوی نے ریویو لکھا ہے اور اس پر کوئی اعتراض نہیں کیا بلکہ بیس برس سے تمام پنجاب اور ہندوستان کے علماء ان الہامات کو براہین احمدیہ میں پڑھتے ہیں اور سب نے قبول کیا۔ آج تک کسی نے اعتراض نہیں کیا۔ بجز دو تین لدھیانہ کے ناسمجھ مولوی محمد اور عبدالعزیز کے۔

ഹദീസിൽ മസീഹ് മഊദിനെ നബിയെന്ന് സംബോധന ചെയ്തത് വെറും ഉപമാരൂപത്തിലാണ്. ആരെയാണൊ അല്ലാഹു നിയോഗിച്ചയക്കുന്നത്, അയാൾ അല്ലാഹുവിന്റെ ദൂതനാകുന്നു. അറബിയിൽ ദൂതന് റസൂൽ എന്നാണ് പറയുക. അദൃശ്യവാർത്തകൾ അല്ലാഹുവിൽനിന്ന് ലഭിച്ച് അത് വെളിപ്പെടുത്തുന്നവരെ അറബിയിൽ നബിയെന്ന് പറയുന്നു. ഇസ്ലാമിക സാങ്കേതിക ഭാഷയിൽ അതിന്റെ അർത്ഥം വേറെയാണ്. ഇവിടെ വെറും പദാർത്ഥമാണ് ഉദ്ദേശിക്കപ്പെടുന്നത്. ഇതിനെ സംബന്ധിച്ച് മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവി അവലോകനം എഴുതിയിരുന്നു. ഒരെതിരഭിപ്രായവും പ്രകടിപ്പിച്ചിരുന്നില്ല. മാത്രമല്ല, ഇരുപതു വർഷത്തോളം പഞ്ചാബിലേയും ഇന്ത്യയിലേയും പണ്ഡിതന്മാർ ഈ വെളിപാടുകളെ ബറാഹീനെ അഹ്മദിയ്യായിൽ വായിക്കുകയും എല്ലാവരും സ്വീകരിക്കുകയും ചെയ്തു. ഇന്നുവരെ ആരും ഒരെതിരഭിപ്രായവും പ്രകടിപ്പിച്ചിരുന്നില്ല. ലുധിയാനയിലെ ഏതാനും മനസ്സിലാകാത്ത മൗലവിമാരായ മുഹമ്മദും അബ്ദുൽഅസീസും ഒഴികെ. (Arba`in no. 2, p. 20, -margin).

യാതൊരുവിധ സംശയത്തിനുമവകാശമില്ലാത്ത രീതിയിൽ മസീഹ് മൗഊദ്(അ) ഉറച്ച രീതിയിൽ തന്റെ നിലപാട് വ്യക്തമാക്കിയത് കാണുക : ഇത് അൻജാമെ ആഥം എന്ന ഗ്രന്ഥത്തിൽ നിന്ന് എടുത്തതാണ്. ( പേജ് 27).

کیاایسابد بخت مفتری جو خود رسالت اور نبوت کادعویٰ کرتاہے قرآن شریف پر ایمان رکھ سکتاہے اور کیاایساوہ شخص جو قرآن شریف پر ایمان رکھتاہے۔اور آیت وَلَٰكِن رَّسُولَ ٱللَّهِ وَخَاتَمَ ٱلنَّبِيِّـۧنَ کو خداکاکلام یقین رکھتاہے وہ کہہ سکتاہے کہ میں بھی آنحصرت ﷺ کے بعد رسول اور نبی ہوں۔

എന്ത്? ദുർഭഗനും അസത്യവാദിയുമായ ഒരു പ്രവാചകവാദിക്ക് പറയാൻ സാധിക്കുമോ, ഞാൻ വിശുദ്ധ ഖുർആനിൽ വിശ്വസിക്കുന്നുവെന്ന്? വിശുദ്ധഖുർആനിലും رَّسُولَ ٱللَّهِ وَخَاتَمَ ٱلنَّبِيِّـۧنَ എന്ന വചനത്തിലും വിശ്വസിക്കുന്നുവെന്ന് പറയുകയും ചെയ്യുന്ന ഒരാൾക്ക് പറയാൻ സാധിക്കുമോ റസൂൽ തിരുമേനി(സ)ക്കു ശേഷം ഞാനും ഒരു പ്രവാചകനാണെന്ന്?

صاحب انصاف طلب کو یاد رکھنا چاہئے کہ اس عاجز نے کبھی اور کسی وقت حقیقی طور پر نبوت یار سالت کادعویٰ نہیں کیااور غیر حقیقی طور پر کسی لفظ کواستعمال کرنااور لغت کے عام معنوں کے لحاظ سے اس کو بول چال میں لانا مستلزم کفر نہیں۔

നീതിമാന്മാരായവർ ഓർമ്മിക്കേണ്ട ഒരു കാര്യം, ഈ വിനയാന്വിതൻ ഒരിക്കലും തന്നെ യഥാർത്ഥമായ നിലയിൽ നുബുവ്വത്തൊ റിസാലത്തൊ വാദിച്ചിട്ടില്ല എന്നതാണ്. എന്നാൽ അയഥാർത്ഥമായ നിലയിൽ ഒരു വാക്ക് ഭാഷാർത്ഥത്തിൽ ഉപയോഗത്തിൽ കൊണ്ടുവരുന്നത് കുഫ്ർ ആരോപിക്കുന്നതിന് കാരണമായിത്തീരുന്നില്ല.

مگر میں اس کو بھی پسند نہیں کرتا کہ اس میں عام مسلمانوں کو دھوکہ لگ جانے کااحتمال ہے۔

എന്നാൽ ഇതും ഞാൻ ആഗ്രഹിക്കുന്നില്ല, സാധാരണ മുസ്ലിംകൾ വഞ്ചനയിൽ അകപ്പെടുവാനുള്ള സാദ്ധ്യതയുള്ളതുകൊണ്ട്.

لیکن وہ مکالمات اور مخاطبات جو اللہ جل شانہ کی طرف سے مجھ کو ملے ہیں جن میں یہ لفظ نبوت اور رسالت کا بکثرت آیاہے ان کو میں بوجہ مامور ہونے کے مخفی نہیں رکھ سکتا۔

എന്നാൽ അല്ലാഹുവിൽനിന്നും ലഭിച്ച ദൈവിക സന്ദേശങ്ങളിലും സംഭാഷണങ്ങളിലും നബി, റസൂൽ എന്നീ വാക്കുകൾ ധാരാളമായി വന്നതിനാൽ, ദൈവനിയോഗിതനെന്ന കാരണത്താൽ എനിക്കത് ഗോപ്യമാക്കിവെക്കാൻ സാധിക്കുകയില്ല.

لیکن بار بار کہتاہوں کہ ان الہامات میں جو لفظ مرسل یار سول یانبی کامیری نسبت آیاہے۔وہ اپنے حقیقی معنوں پر مستعمل نہیں ہے۔اور اصل حقیقت جس کی میں علی روس الاشہاد گواہی دیتاہوں یہی ہے جو ہمارے نبی ﷺ خاتم الانبیاء ہیں۔اور آپ ﷺ کے بعد کوئی نبی نہیں آئے گانہ کوئی پرانااور نہ کوئی نیا۔

എന്നാൽ ഞാൻ വീണ്ടും വീണ്ടും പറയുകയാണ്, ഈ വെളിപാടുകളിൽ വന്ന നബി, റസൂൽ എന്നീ പദങ്ങൾ അതിന്റെ യഥാർത്ഥ അർത്ഥത്തിലുള്ള തല്ല. ഞാൻ ഏറ്റവും ഉന്നതമായ നിലയിൽ സാക്ഷ്യപ്പെടുത്തിക്കൊണ്ട് ഊന്നിപ്പറയുന്ന സത്യമെന്തെന്നാൽ നമ്മുടെ നബി(സ) ഖാതമുൽ അമ്പിയാ ആകുന്നു. അദ്ദേഹത്തിനുശേഷം (സ) ഒരു നബിയും വരില്ല, പഴയതും വരില്ല, പുതിയതും വരില്ല. (Anjame Atham Page 27, footnote Roohani Khazain 11-P.27).

അവസാനമായി, അദ്ദേഹത്തിന്റെ വിയോഗത്തിനു ആറു ദിവസം മുമ്പുള്ള ലാഹോർ പ്രഭാഷണത്തിൽ മുകളിൽ പറഞ്ഞ അതേ വിശ്വാസമാണ് ഏറ്റു പറഞ്ഞിരിക്കുന്നത്. അദ്ദേഹം ഒരിക്കലും തന്നെ തന്റെ വിശ്വാസത്തിന് മാറ്റം വരുത്തിയിട്ടില്ല എന്നതിന് ഏറ്റവും വലിയ തെളിവാണിത്.

میرا دعویٰ صرف یہ ہے کہ موجودہ مفاصد کے باعث خدا تعالیٰ نے مجھے بھیجا ہے اور میں اس امر کا اخفاء نہیں کر سکتا کہ مجھے مکالمہ مخاظبہ کا شرف عطا کیا گیا ہے اور خدا تعالیٰ مجھ سے ہمکلام ہوتا ہے اور کثرت سے ہوتا ہے۔اسی کا نام نبوت ہے مگر حقیقی نبوت نہیں۔

എന്റെ വാദം ഇതുമാത്രമാണ്, ഇപ്പോഴത്തെ സാഹചര്യമനുസരിച്ച് അല്ലാഹു എന്നെ അയച്ചിരിക്കയാണ്. എനിക്ക് അല്ലാഹു ദൈവിക സന്ദേശങ്ങളുടേയും സംഭാഷണങ്ങളുടേയും ബഹുമതി നല്കിയിരിക്കയാണെന്ന കാര്യം മറച്ചുവെക്കാൻ സാധിക്കുകയില്ല, അല്ലാഹു എന്നോട് വളരെയധികം സംസാരിക്കുന്നു. ഇതിന്റെ പേര് നുബുവ്വത്ത് എന്നാണ്, എന്നാൽ യഥാർത്ഥ നുബുവ്വത്തല്ല. (Lecture Lahore, Malfuzat Vol 5: Page 667, 6 days before the demise of Masih Mauood(as).

****************

# 24. വിശുദ്ധ ഖുർആനിലെ അഹ്മദ്

വിശുദ്ധ ഖുർആനിലെ സൂറത്തുസ്സഫ്ഫിലെ, ഇസ്മുഹു അഹ്മദ്, എന്ന വാക്യം എടുത്തുകൊണ്ട്, അത് മിർസാ ഗുലാം അഹ്മദിനെ സൂചിപ്പിക്കുന്നതാണെന്ന് സാധാരണയായി മഹ്മൂദികൾ പറഞ്ഞു പരത്താറുണ്ട്. എന്നാൽ എന്താണ് അതിന്റെ യാഥാർത്ഥ്യം എന്ന് പരിശോധിക്കാം.

**وَإِذْ قَالَ عِيسَى ٱبْنُ مَرْيَمَ يٰبَنِي إِسْرَائِيلَ إِنِّي رَسُولُ ٱللَّهِ إِلَيْكُم مُّصَدِّقاً لِّمَا بَيْنَ يَدَيَّ مِنَ ٱلتَّوْرَاةِ وَمُبَشِّراً بِرَسُولٍ يَأْتِي مِن بَعْدِي ٱسْمُهُ أَحْمَدُ فَلَمَّا جَاءَهُم بِٱلْبَيِّنَاتِ قَالُواْ هَٰذَا سِحْرٌ مُّبِينٌ**

മർയമിന്റെ മകൻ ഈസാ പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) ഇസ്രായീൽ സന്തതികളേ, എനിക്കു മുമ്പുള്ള തൗറാത്തിനെ സത്യപ്പെടുത്തുന്നവനായിക്കൊണ്ടും, എനിക്ക് ശേഷം വരുന്ന അഹ്മദ് എന്നുപേരുള്ള ഒരു ദൂതനെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നവനായിക്കൊണ്ടും നിങ്ങളിലേക്ക് അല്ലാഹുവിന്റെ ദൂതനായി നിയോഗിക്കപ്പെട്ടവനാകുന്നു ഞാൻ. അങ്ങനെ അദ്ദേഹം വ്യക്തമായ തെളിവുകളും കൊണ്ട് അവരുടെ അടുത്ത് ചെന്നപ്പോൾ അവർ പറഞ്ഞു: ഇത് വ്യക്തമായ ജാലവിദ്യയാകുന്നു. (വി.ഖു. 61:7)

മസീഹ് മൗഊദ് (അ) ആയിന കമാലാത്ത് ഇസ്‌ലാം എന്ന ഗ്രന്ഥത്തിൽ വിവരിക്കുകയാണ്:

*مسیح کی گواہی قرآن کریم میں اس طرح پر لکھی ہے کہ مُبَشِّرًا بِرَسُولٍ یَّاْتِی مِن بَعدِی اسمُهُ اَحمدُ یعنی میں ایک رسول کی بشارت دیتا ہوں جو میرے بعد یعنی میرے مرنے کے بعد آئیگا اور نام اس کا احمد ہو گا۔ پس اگر مسیح اب تک اس عالم جسمانی سے گزر نہیں گیا تو اس سے لازم آتا ہے کہ ہمارے نبی ﷺ بھی اب تک اس عالم میں تشریف فرما نہیں ہوئے.*

മസീഹ് നല്കിയ തെളിവ് വിശുദ്ധ ഖുർആനിൽ ഇങ്ങനെ രേഖപ്പെട്ട് കിടക്കുകയാണ്: مُبَشِّرًا بِرَسُولٍ يَّأتِي مِن بَعدِى اسمُهُ اَحمَدُ (എനിക്ക് ശേഷം വരുന്ന അഹ്മദ് എന്നു പേരുള്ള ഒരു ദൂതനെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നവനായിക്കൊണ്ടും) അദ്ദേഹം (സ) എനിക്കു ശേഷം അഥവാ എന്റെ മരണ ശേഷം വരുന്നതാണ്. അദ്ദേഹത്തിന്റെ പേര് അഹ്മദ് എന്നായിരിക്കും. മസീഹ് ഈ ശാരീരിക ലോകത്ത് നിന്ന് കഴിഞ്ഞു പോയിട്ടില്ലെങ്കിൽ നമ്മുടെ നബി(സ) ഇതുവരെ ഈ ലോകത്ത് പ്രത്യക്ഷപ്പെട്ടിട്ടില്ല എന്ന് പറയേണ്ടി വരുന്നതാ

ണ്. മസീഹിന്റെ മരണശേഷമാണ് റസൂൽ(സ) ഈ ലോകത്ത് വരികയെന്ന് ഇത് വളരെ വ്യക്തമായി പ്രഖ്യാപിക്കുന്നു. (Aina-i-Kamalat-i-Islam P. 42).

اوراس کے رسول امی پر درود و سلام ہو جس کا نام محمد اور احمد ہے۔ یہ دونوں نام اس کے وہ ہیں کہ جب حضرت آدم
کہ سامنے تمام چیزوں کے نام پیش کئے گئے تھے تو سب سے اول یہی دو نام پیش ہوئے تھے

മുഹമ്മദും അഹ്മദും ആയ നിരക്ഷരനായ ആ പ്രവാചകന്റെ മേൽ അല്ലാഹുവിൽനിന്നുള്ള ശാന്തിയും അനുഗ്രഹവും ഉണ്ടായിരിക്കട്ടെ, ഹദ്രത്ത് ആദമിന്റെ മുമ്പിൽ എല്ലാ വസ്തുക്കളുടെയും പേരുകൾ സമർപ്പിച്ചപ്പോൾ, ഏറ്റവും ആദ്യം ഈ രണ്ടു പേരുകളാണ് സമർപ്പിച്ചത്. (Najmul Huda Page 2, RK14 Page3).

**فوهب له اسم محمد و احمد** (അല്ലാഹു) അദ്ദേഹത്തിന് മുഹമ്മദ് എന്നും അഹ്മദ് എന്നുമുള്ള പേരുകൾ നല്കി. (Ijazul Masih Page 119, RK18-123).

മസീഹ് മൗഊദ് (അ), വിശുദ്ധ ഖുർആനിൽ പറഞ്ഞ 'അഹ്മ്ദ്' എന്ന പേര് റസൂൽ (സ) യുടേതാണെന്ന് പ്രഖ്യാപിക്കുമ്പോൾ രണ്ടാം ഖലീഫ പറയുന്നത് അത് മിർസാ ഗുലാം അഹ്മദിനെ സൂചിപ്പിക്കുന്നുവെന്ന്. അദ്ദേഹത്തിന്റെ 'ആയിനെ സദാഖത്' എന്ന ഗ്രന്ഥവും (പേജ് 110) അതിന്റെ ഇംഗ്ലീഷ് തർജമ 'The Truth about the Split' (പേജ് 56) ഉം കാണുക.

اول یہ کہ میں نے حضرت مسیح موعود کے متعلق یہ خیال پھیلایا ہے کہ آپ فی الواقع نبی ہیں۔ دوم یہ کہ آپ علیہ السلام ہی آیت اِسمُہٗ احمدُ کی پیشگوئی مذکورہ قرآن کریم (الصف:7) کے مصادق ہیں۔ سوم یہ کہ کل مسلمان جو حضرت مسیح موعود علیہ السلام کے بیت میں شامل نہیں ہوئے خواہ انہوں نے حضرت مسیح موعود علیہ السلام کا نام بھی نہیں سنا۔ وہ کافر اور دائرہ اسلام سے خارج ہیں۔ میں تسلیم کرتا ہوں کہ میرے یہ عقائد ہیں۔

(1) The belief that Hadrat Mirza Ghulam Ahmad was actually a *Nabi*; (2) The belief that he was 'the Ahmad' spoken of in the prophecy of Jesus as referred to in the Holy Quran in Al-Saff 61:7; (3) The belief that all those so-called Muslims who have not entered into his *Bai'at* formally, wherever they may be, are *kuffar* and outside the pale of Islam, even though they may not have heard the name of the Promised Messiah. I admit that the above beliefs are mine. 'The Truth about the Split' (പേജ് 56)

1. ഹദ്രത്ത് മിർസാ ഗുലാം അഹ്മദ് യഥാർത്ഥത്തിൽ നബിയാണെന്ന വിശ്വാസം, 2. വിശുദ്ധ ഖുർആനിൽ സൂറത്തുസ്സഫ്ഫിൽ (61:7) ഈസാനബിയുടെ (അ) പ്രവചനത്തിൽ പറഞ്ഞ അഹ്മദ് അദ്ദേഹമാണെന്ന വിശ്വാസം, 3. അദ്ദേഹത്തിന് ബൈഅത്ത് ചെയ്യാത്ത എല്ലാ മുസ്‌ലിംകളും, അവർ എവിടെ ആയിരുന്നാലും ശരി, അദ്ദേഹത്തിന്റെ പേര് പോലും കേട്ടിട്ടില്ലെങ്കിലും ശരി,

അവർ കാഫിറുകളും ഇസ്‌ലാമിക വൃത്തത്തിൽനിന്ന് പുറത്താണെന്നുമുള്ള വിശ്വാസം, ഈ വിശ്വാസങ്ങളെല്ലാം എന്റേതാണെന്ന് ഞാൻ അംഗീകരിക്കുന്നു. 'The Truth about the Split' (പേജ് 56)

റസൂൽ (സ) യുടെ പ്രതിച്ഛായ (ഖലീഫ) എന്ന നിലയിൽ മുഹമ്മദ് എന്നും അഹ്മദ് എന്നും ആലങ്കാരികമായി പേര് ലഭിച്ച എത്രയോ പേർ കടന്നു കഴിഞ്ഞു പോയിരിക്കുന്നുവെന്നും ഈ രീതിയിൽ അല്ലാഹു അദ്ദേഹത്തെയും മുഹമ്മദ് എന്നും അഹ്മദ് എന്നും സംബോധന ചെയ്തിരിക്കുന്നതായും മസീഹ് മൗഊദ് (അ) അവകാശപ്പെട്ടിരുന്നു എന്നത് ശരി തന്നെയാണ്.

صدہا ایسے لوگ گزرے ہیں کہ جن میں حقیقت محمدیہ صلی اللہ علیہ وآلہٖ وسلم متحقق تھی اور عنداللہ ظلّی طور پر اُن کا نام محمد یا احمد تھا

മുഹമ്മദിന്റെ(സ) ആത്മീയാവസ്ഥയിൽ എത്തിച്ചേരുകയും അല്ലാഹു പ്രതിച്ഛായ എന്ന നിലയിൽ മുഹമ്മദ് അല്ലെങ്കിൽ അഹ്മദ് എന്ന് പേരുവെക്കുകയും ചെയ്ത ശതക്കണക്കിന് ആൾക്കാർ കടന്നു കഴിഞ്ഞു പോയിരിക്കുന്നു. (A’inah Kamalat Islam, p. 346; RK, v. 5, p. 346).

اَهْدِنَا ٱلصِّرَاطَ ٱلْمُسْتَقِيمَ۔ صِرَاطَ ٱلَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ ٱلْمَغْضُوبِ عَلَيْهِم وَلاَ ٱلضَّآلِّينَ۔ یعنی

اے میرے خداوند رحمٰن ورحیم ہمیں ایسی ہدایت بخش کہ ہم آدم صفی اللہ کے مثیل ہو جائیں شیث نبی اللہ کے مثیل بن جائیں حضرت نوح آدم ثانی کے مثیل ہو جائیں۔ ابراہیم خلیل اللہ کے مثیل ہو جائیں موسیٰ کلیم اللہ لے مثیل ہو جائیں۔ عیسٰی روح اللہ کے مثیل ہو جائیں اور جناب احمد مجتبٰی محمد مصطفٰی حبیب اللہ کے مثیل ہو جائیں اور دنیا کے ہر ایک صدیق وشہید کے مثیل ہو جائیں۔

'ഞങ്ങളെ നീ നേർമാർഗത്തിൽ നയിക്കേണമേ. നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ, കോപത്തിന്ന് ഇരയായവരുടെ മാർഗത്തിലല്ല. പിഴച്ചു പോയവരുടെ മാർഗത്തിലുമല്ല.' ഈ പ്രാർഥനയിലൂടെ നാം അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നത് അല്ലയോ കാരുണ്യവാനും കരുണാനിധിയുമായ ദൈവമേ നീ ഞങ്ങൾക്ക് ഈ രീതിയിലുള്ള നേർമാർഗം നല്കിയാലും, നീ ഞങ്ങളെ ആദം, ഷീത്, നൂഹ്, ഇബ്രാഹീം, മൂസാ, ഈസാ, നിന്റെ പ്രിയങ്കരനായ അഹ്മദ് മുജ്തബ മുഹമ്മദ് മുസ്തഫാ എന്നിവരെപ്പോലെ ആക്കിയാലും. അതുപോലെ ലോകത്തിലെ ഓരോ സിദ്ധീക്ക്, ശഹീദുമാരെപോലെ ആക്കിയാലും. (Izala Auham, p. 257; RK, v. 3, p. 229).

ചുരുക്കത്തിൽ എന്റെ പ്രവാചകത്വവും ദൗത്യവും ഞാൻ മുഹമ്മദും അഹമദും ആണെന്നതും എന്റെ മേന്മ കൊണ്ടല്ല. ഒരു പ്രതിച്ഛായ എന്ന നിലയിൽ ഞാൻ ഖാതമുൽഅമ്പിയാ എന്ന അതേ പ്രവാചകനാണ്. ഇരുപത് വർഷം മുമ്പ് ബറാഹീനെ അഹ്മദിയ്യായിൽ അല്ലാഹു എനിക്ക് മുഹമ്മദ് എന്നും അഹ്മദ് എന്നും പേര് വെക്കുകയും എന്നെ റസൂൽ(സ)യുടെ പ്രതിനിധാനമായി പ്രഖ്യാപിക്കുകയും ചെയ്തു. (RK, v. 18, p. 208 and p. 212).

*****************

# 25. ഭീഷണിയുടെ സ്വരങ്ങൾ

അഹ്മദിയ്യാ ഖിലാഫത്ത് ദൈവികമാണെന്നും അതിനെ തൊട്ടുകളിക്കുന്നവരുടെയും, ഖലീഫയുടെ തെറ്റായ തീരുമാനങ്ങളെ വിമർശിക്കുകയോ, എതിർക്കുകയോ ചെയ്യുന്നവരുടേയും പര്യവസാനം ദയനീയമായിരിക്കുമെന്നും അവരുടെ കുടുംബം തകരുമെന്നും, സാമ്പത്തിക നില അവതാളത്തിലാകുമെന്നും ഒക്കെ പറഞ്ഞ് ഭീഷണിപ്പെടുത്തുന്ന സ്വരങ്ങൾ സാധാരണയായി കേട്ടുവരാറുണ്ട്. എന്നാൽ നുബുവ്വത്തിൽ വെള്ളം ചേർത്ത രണ്ടാം ഖലീഫയുടെ പര്യവസാനം എത്രമാത്രം ദയനീയമായിരുന്നുവെന്ന് അറിയുന്നത് വളരെ കൗതുകമായിരിക്കും.

ദൈവിക ഖിലാഫത്ത് എന്താണെന്ന് മൂന്നാം അദ്ധ്യായത്തിൽ വിവരിച്ചതിനാൽ അത് വീണ്ടും ഇവിടെ വിവരിക്കുന്നില്ല.

അത് (പര്യവസാനം) വിവരിക്കുന്നതിനു മുമ്പായി, നമ്മുടെ കൺമുമ്പിൽ കാണുന്ന ചില കാര്യങ്ങൾ വിവരിക്കാം. ദൈവമില്ല എന്ന് പറയുന്ന നിരീശ്വരവാദികളും ദൈവത്തെ കുറ്റം പറയുന്നവരും പ്രവാചകന്മാരെ വിമർശിക്കുന്നവരും ഒക്കെ നമ്മുടെ സമൂഹത്തിൽ യാതൊരു പോറലും ഏല്ക്കാതെ ജീവിക്കുന്നതായി നമുക്ക് കാണാം. അതുപോലെ അഹ്മദിയ്യാ ജമാഅത്തിനെയും ജമാഅത്ത് സ്ഥാപകരേയും എതിർക്കുന്നവരും പുലഭ്യം പറയുന്നവരും നമ്മുടെ ഇടയിൽ തന്നെ ജീവിക്കുന്നു. അഹ്മദികളെ പാകിസ്ഥാനിൽ അമുസ്‌ലിംകളായി പ്രഖ്യാപിക്കുന്നതിൽ വലിയ പങ്കു വഹിച്ച വ്യക്തിയാണ് ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപകനായ മൗലാനാ മൗദൂദി. അദ്ദേഹം അഹ്മദികൾക്കെതിരെ പ്രക്ഷോഭം സംഘടിപ്പിക്കുകയും ജയിലിലാവുകയും തൂക്കിക്കൊല്ലുവാൻ വിധിക്കപ്പെടുകയും ചെയ്ത വ്യക്തിയാണ്. എന്നാൽ അന്താരാഷ്ട്ര നേതാക്കളുടെ സ്വാധീന ഫലമായി അദ്ദേഹം ജയിൽ മോചിതനാവുകയും പിന്നീട് ദീർഘ കാലത്തിനുശേഷം സ്വാഭാവിക രീതിയിൽ മരിക്കുകയുമാണ് ചെയ്തത്.

അതുപോലെ ലാഹോർ അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകനായ മൗലാനാ മുഹമ്മദലി(റ.അ.) രണ്ടാം ഖലീഫയുടെ വിശ്വാസങ്ങളേയും വാദങ്ങളേയും എതിർത്ത വ്യക്തിയാണ്. അദ്ദേഹത്തിന്റെ പ്രസ്ഥാനം ഇന്നും പല രാഷ്ട്രങ്ങളിലായി നിലകൊള്ളുന്നു. അവരുടെയൊന്നും സാമ്പത്തിക നില തകരുകയോ അവരൊന്നും രണ്ടാം ഖലീഫയെപ്പോലെ ദയനീയമായ രീതിയിൽ മരണപ്പെടുകയൊയോ ചെയ്തിട്ടില്ല.

ഇന്ന് അഹ്മദിയ്യാ ജമാഅത്തിൽ മുജദ്ദിദുമാരുടെ ഒരു കാലഘട്ടമാണ്. എല്ലാ മുജദ്ദിദുമാരും അഹ്മദിയ്യാ ഖിലാഫത്തിനെ നിശിതമായി വിമർശിക്കുന്നവരാണ്. അവരുടെ പ്രസ്ഥാനങ്ങളും നിലനിന്നുപോരുകയാണ്. ഇവർക്കാർക്കും തന്നെ ഇതെഴുതുന്നതുവരെ രണ്ടാം ഖലീഫയുടേതു പോലുള്ള ദയനീയമായ പര്യവസാനം ഉണ്ടായിട്ടില്ല.

രണ്ടാം ഖലീഫ, മുസ്‌ലിഹ് മഊദെന്ന വാദം പുറപ്പെടുവിച്ച്, ജമാഅത്തിൽ വലിയ പരിപാവനത്വം നേടിയെടുത്ത വ്യക്തിയാണ്. അതിനാൽ ഇദ്ദേഹത്തിന്റെ എല്ലാ ആശയങ്ങളും വാക്കുകളും പ്രവൃത്തികളും ലിഖിതങ്ങളും ദൈവഹിതമായിട്ടാണ് ജമാഅത്ത് കാണുന്നത്. ഇദ്ദേഹത്തിന്റെ വാക്കുകൾക്കാണ് ഒന്നാം സ്ഥാനം. മസീഹ് മഊദിനെപ്പോലും കവച്ചുവെച്ചാണ് ഈ പ്രാധാന്യം നല്കുന്നത്. ജനാധിപത്യ മാതൃകയിലല്ലാതെ തെരഞ്ഞെടുക്കപ്പെടുന്ന ഖിലാഫത്ത് പോലും ദൈവികമാണെന്ന അന്ധവിശ്വാസവും, എതിരഭിപ്രായം പറഞ്ഞാൽ പുറത്താക്കപ്പെടുമെന്ന ഭയവും, ഖലീഫയുടെ എന്തു കൊള്ളരുതായ്മയും ഏറ്റു പാടാൻ ജമാഅത്തിനെ നിർബന്ധിതമാക്കുന്നു. ഇദ്ദേഹമാണ് മസീഹ് മഊദിനെ യഥാർത്ഥ പ്രവാചകനാക്കുകയും അദ്ദേഹത്തിന്റെ പേര് കേൾക്കാത്തവരെപ്പോലും കാഫിറായും ഇസ്‌ലാമിക വൃത്തത്തിൽനിന്ന് പുറത്തുള്ളവരായും പ്രഖ്യാപിച്ചത്. വിശുദ്ധ ഖുർആനിലെ ആയത്തുകളെ തെറ്റായി വ്യാഖ്യാനിച്ച് കൊണ്ട് പ്രവാചകന്മാർ വരാമെന്ന് സമർത്ഥിക്കാൻ ശ്രമിച്ചതും ഇദ്ദേഹം തന്നെയാണ്. എന്നാൽ എന്തായിരുന്നു ഇദ്ദേഹത്തിന്റെ പര്യവസാനം?

ഞാനാണ് യഥാർത്ഥ മുസ്‌ലിഹ് മഊദെന്ന് വാദിക്കുന്ന അബ്ദുൽ ഗഫ്ഫാർ ജംബാ സാഹിബിന്റെ വാദപ്രകാരം രണ്ടാം ഖലീഫയുടെ വാദം വ്യാജമായിരുന്നു. അതിനാൽ വിശുദ്ധ ഖുർആനിൽ പറഞ്ഞ പ്രകാരമുള്ള ദൈവിക ശിക്ഷ ഏറ്റുവാങ്ങിയെന്നാണ് ജംബാ സാഹിബ് പറയുന്നത്.

وَلَوْ تَقَوَّلَ عَلَيْنَا بَعْضَ ٱلْأَقَاوِيلِ ‎ لَأَخَذْنَا مِنْهُ بِٱلْيَمِينِ ‎ ثُمَّ لَقَطَعْنَا مِنْهُ ٱلْوَتِينَ ‎ فَمَا مِنكُم مِّنْ أَحَدٍ عَنْهُ حَاجِزِينَ

നമ്മുടെ പേരിൽ അദ്ദേഹം (പ്രവാചകൻ) വല്ല വാക്കും വ്യാജമായി പറഞ്ഞിരുന്നെങ്കിൽ അദ്ദേഹത്തെ നാം വലതുകൈ കൊണ്ട് പിടികൂടുകയും എന്നിട്ട് അദ്ദേഹത്തിന്റെ ജീവനാഡി നാം മുറിച്ചുകളയുകയും ചെയ്യുമായിരുന്നു. അപ്പോൾ നിങ്ങളിൽ ആർക്കും അതിൽനിന്ന് നമ്മെ തടയാനാവില്ല. ( വി.ഖു. 69:45–47 )

എങ്ങനെയാണ് ജീവനാഡി മുറിക്കപ്പെട്ടതെന്ന് അറിയുവാൻ സഫറുല്ലാ ഖാൻ സാഹിബിന്റെ അഹ്മ്ദിയ്യത്ത് ഇസ്‌ലാമിന്റെ പുനരുത്ഥാനം എന്ന ഗ്രന്ഥത്തിൽനിന്നുള്ള പ്രസക്ത ഭാഗം വായിച്ചാൽ മതിയാകുന്നതാണ്.
(Ahmadiyyat, the Renaissance of Islam, Page 331-334)

1954 മാർച്ച് മാസത്തിൽ ഒരു ദിവസം, ഒരു യുവാവ്.... മാരകമായ ശക്തിയോടെ കൂർത്ത മുനയുള്ള നീളം കൂടിയ കത്തിയുടെ വായ്ത്തല അദ്ദേഹത്തിന്റെ കഴുത്തിൽ കുത്തിക്കയറ്റി. മുറിവിൽനിന്നും രക്തം ധാരയായി ഒഴുകി... ശസ്ത്രക്രിയാ വിദഗ്ദ്ധന്മാർ അദ്ദേഹത്തിന്റെ ജീവൻ രക്ഷപ്പെട്ടതിൽ അത്ഭുതപ്പെട്ടു. കത്തിയുടെ വായ്ത്തലയുടെ മുന അദ്ദേഹത്തിന്റെ കഴുത്തിന്റെ നാലിഞ്ച് അകത്തേക്ക് കണ്ഠ നാഡിയുടെ തൊട്ടടുത്തു വരെ എത്തിയിരുന്നു. സർജന്മാരുടെ പരിശോധനകളും എക്സ്റേയും നാഡിക്ക് എന്തെങ്കിലും സംഭവിച്ചതായി കാണിക്കുന്നതിൽ പരാജയപ്പെട്ടു. മുറിവ് പൂർണ്ണമായും ഉണങ്ങിയതായി കാണപ്പെട്ടുവെങ്കിലും രോഗിക്ക് തുടർച്ചയായുള്ള അസ്വസ്ഥതകളും ബലഹീനതകളും അനുഭവപ്പെട്ടു. എല്ലാം നല്ല സുഖമായി എന്ന നിർണ്ണയത്തിൽ അദ്ദേഹം തൃപ്തനായില്ല. എന്നാൽ തുടരെയുള്ള സർജന്മാരുടെ പരിശോധനകൾക്ക് അസ്വസ്ഥതകൾക്കുള്ള കാരണങ്ങളൊന്നും കണ്ടെത്തുവാൻ സാധിച്ചില്ല. കുറച്ചു സമയമെടുത്തുകൊണ്ട് ക്രമേ ണയായി അകത്തുള്ള മുറിവുകളൊക്കെ ഉണങ്ങി എല്ലാം നേരെയാകുമെ ന്നായിരുന്നു കരുതിയിരുന്നത്. എന്നാൽ ഈ ശുഭാപ്തി വിശ്വാസം നിറവേ റിയില്ല. അങ്ങനെ 1955–ൽ വിദഗ്ദ്ധ ചികിൽസക്കും പരിശോധനക്കുമായി ഖലീഫത്തുൽ മസീഹ് യൂറോപ്പിലേക്ക് തിരിച്ചു.

സൂറിച്ചിലും, ഹംബർഗിലും, ലണ്ടനിലുമുള്ള വിദഗ്ദ്ധരുടെ എക്സ്റേ പരിശോധനയിൽ നിന്നും ലഭിച്ച ഏകോപിത അഭിപ്രായം, കത്തിയുടെ മുന കണ്ഠ നാഡിയിൽ വെച്ച് പൊട്ടുകയും അതിന്നകത്താകുകയും ചെയ്തിരിക്കുന്നു എന്നതാണ്. അത് പുറത്തേക്കെടുക്കാനുള്ള ഏത് ശ്രമവും ജീവൻ അപകടത്തിലാക്കുമെന്ന കാരണത്താൽ ഓപ്പറേഷനുവേണ്ടി ശ്രമിക്കരുതെന്നായിരുന്നു വിദഗ്ദാഭിപ്രായം. നാഡിയിലുള്ള സമ്മർദ്ദം ക്രമേണയായി കുറയുമെന്നും സാധാരണ നില കൈവരുമെന്നും ആശിച്ചു. വിശ്രമരീതിയിലുള്ള ജീവിതം സ്വീകരിക്കുവാനും ദീർഘസമയ ജോലികളും കഠിനാദ്ധ്വാനവും ഒഴിവാക്കുവാനും അദ്ദേഹം ഉപദേശിക്കപ്പെട്ടു. ... ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ ജീവിതം അങ്ങനെ ദൈർഘ്യമേറിയതും വേഗത കുറഞ്ഞതുമായ പ്രക്രിയയിലൂടെ മോശമായി വരികയും 1965 നവമ്പർ 8ന് അവസാനിക്കുകയും ചെയ്തു. (Ahmadiyyat the Renaissance of Islam by Zafarullah Khan).

അങ്ങനെ 11 വർഷവും 8 മാസവും വേദന സഹിച്ചുകൊണ്ടാണ് അദ്ദേഹം ജീവിച്ചത്. അവസാന ഘട്ടത്തിൽ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാൻ പോലും പരസഹായം വേണ്ടി വന്നു. ജമാഅത്തിന്റെ ചുമതലകൾ നിർവ്വഹിക്കാൻ പോലും സാധിക്കാതെയായി.

ഒരു സത്യവാദിയുടെ ജീവിതത്തിൽ ഇങ്ങനെയുള്ള ഉദാഹരണങ്ങൾ എടുത്തു കാണിക്കുവാൻ സാധിക്കുമോ? കൊല്ലപ്പെടുകയോ, മരണപ്പെടുകയോ ചെയ്യാം, പക്ഷെ ഇതുപോലുള്ള ശിക്ഷ ലഭിച്ചതായുള്ള ഉദാഹരണ

ങ്ങൾ കാണുകയില്ല. സത്യവാദികളെ അല്ലാഹു മറ്റുള്ളവരിൽനിന്ന് രക്ഷിക്കുമെന്ന വാഗ്ദാനമാണ് നല്കിയിരിക്കുന്നത്. രണ്ടാം ഖലീഫയുടെ ജീവൻ രക്ഷിക്കപ്പെട്ടിട്ടില്ലെങ്കിൽ അദ്ദേഹത്തിന്റെ ജീവനാഡി ഛേദിക്കപ്പെട്ടുവെന്ന് പിന്നീട് ജനങ്ങൾ എങ്ങനെ അറിയാനാണ്?

لَهُ مُعَقِّبَاتٌ مِّن بَيْنِ يَدَيْهِ وَمِنْ خَلْفِهِ يَحْفَظُونَهُ مِنْ أَمْرِ ٱللَّهِ

അവന്റെ (ദൂതന്റെ) മുമ്പിലും പിന്നിലും തുടരെ വന്നുകൊണ്ട് അല്ലാഹുവിന്റെ കൽപനപ്രകാരം അവനെ കാത്തുസൂക്ഷിക്കുന്ന (മലക്കുകൾ) ഉണ്ട്. (വി.ഖു. 13:12)

മസീഹ് മൗഊദിന്റെ(അ) കുടുംബം പഴയരീതിയിലേക്ക് മടങ്ങുമെന്ന പ്രവചനം:

**وما قلت الا بعد ما أُنبِئتُ من ربى وان عشيرتى سيرجعون مرة اخرى الى الفساد و يتزائدون فى الخبث و العناد۔ فينزل يومئذ الأمرالمقدر من رب العباد لا رادّ لما قضٰى۔ ولأ مانع لما اعطى وانى اراهم انهم قد ما لوا الى سِيَرِهم الأولى۔ وقست قلوبهم كما هى عادة النَّوكَى۔ ونسوا ايام الفزع و عادوا الى التكزيب والطغوىٰ۔ فسينزل امر الله اذا رأى انهم يتزائدون، وما كان الله ان يعذّب قوما وهم يخافون۔**

എന്റെ രക്ഷിതാവ് എന്നെ അറിയിച്ചതിനു ശേഷമല്ലാതെ ഞാനിത് പറയുന്നില്ല. എന്റെ ബന്ധുക്കൾ ഒരിക്കൽ കൂടി അഴിമതിയിലേക്ക് മടങ്ങിച്ചെല്ലുമെന്നും അവർ തെറ്റായ പ്രവൃത്തികളിലും അനുസരണക്കേടിലും തുടർന്നുകൊണ്ടിരിക്കുമെന്നും, അങ്ങനെ ആ ദിവസം, അടിയാറുകളുടെ ദൈവം അവർക്ക് വിധിച്ചത് പ്രഖ്യാപിക്കുമെന്നും ആരെക്കൊണ്ടും അത് തടയാൻ സാധിക്കുകയില്ലെന്നും എന്നെ അറിയിച്ചിരിക്കയാണ്. അവരുടെ പഴയ തെറ്റായ പ്രവൃത്തികളിലേക്ക് അവർ ചാഞ്ഞിരിക്കയാണെന്നും അവരുടെ ഹൃദയം അക്ഷരജ്ഞാനമില്ലാത്തവരെപ്പോലെ കഠിനമായിരിക്കയാണെന്നും ഞാൻ കാണുന്നു. ദൈവഭയത്തിന്റെ ആ ദിവസത്തെ അവർ മറന്നു കളഞ്ഞു. അസത്യത്തിലും പെരുപ്പിച്ച് കാണിക്കുന്നതിലും അവർ മുന്നേറി. ആരെങ്കിലും അവനെ ഭയപ്പെടുന്ന സമയത്ത് അവരെ ശിക്ഷിക്കുന്നവനല്ല അല്ലാഹു. (Anjame Atham, RK11:223-224)

രണ്ടാം ഖലീഫയുടെ പ്രവർത്തനഫലമായി അദ്ദേഹത്തിന് ലഭിച്ചതും മുകളിലെ വെളിപാടിൽ പറഞ്ഞതും ആയ കാര്യങ്ങൾ കൂട്ടി വായിച്ചാൽ എല്ലാം വ്യക്തമായി മനസ്സിലാക്കാവുന്നതാണ്.

മുജദ്ദിദ് വാദം പുറപ്പെടുവിച്ച മറ്റൊരു വ്യക്തിയായ നാസിർ അഹ്മദ് സുൽത്താനി സാഹിബ് അവകാശപ്പെടുന്നത്, മറ്റു മുസ്ലിംകളെ കാഫിറായി പ്രഖ്യാപിച്ചതുകൊണ്ട് രണ്ടാം ഖലീഫ സ്വയം കാഫിറായതിനാൽ അല്ലാഹു അദ്ദേഹത്തെ മുസ്ലിം ഉമ്മത്തിൽ കൂടി പെടാത്ത വ്യക്തിയായി കണക്കാക്കി

യിരിക്കയാണെന്ന് അല്ലാഹു അദ്ദേഹത്തെ അറിയിച്ചിരിക്കുന്നു എന്നാണ്. രണ്ടാം ഖലീഫയുടെ ജഡം പോലും സംരക്ഷിക്കപ്പെട്ടിട്ടില്ല എന്നും അദ്ദേഹം അവകാശപ്പെടുന്നു.

ഇങ്ങനെ ദയനീയമായ രീതിയിൽ അവസാനകാല ജീവിതം നയിച്ച ഖലീഫ യുടെ അനുയായികളാണ് കുടുംബം തകരുമെന്നും സാമ്പത്തിക നില അവതാളത്തിലാകുമെന്നും ഒക്കെ പറഞ്ഞ് മറ്റുള്ളവരുടെ മാനസിക നില തകർക്കാൻ ശ്രമിക്കുന്നത്. ഇതിനു പകരം രണ്ടാം ഖലീഫയുടെ പരലോക ജീവിതം നന്നായിത്തീരാൻ പ്രാർത്ഥിക്കുകയാണ് അവർ ചെയ്യേണ്ടത്. *

നേർമാർഗത്തിൽ നിലകൊള്ളുന്നവർക്ക് അല്ലാഹു അനുഗ്രഹമാണ് വാ ഗ്ദാനം ചെയ്തിരിക്കുന്നത്.

وَأَلَّوِ ٱسْتَقَامُواْ عَلَى ٱلطَّرِيقَةِ لَأَسْقَيْنَاهُم مَّآءً غَدَقاً

72:17 അവർ നേർമാർഗത്തിൽ നിലകൊണ്ടാൽ നാം അവർക്ക് സമൃദ്ധമായ നിലയിൽ ജലം കുടിക്കുവാൻ നല്കുന്നതാണ്. (വിശുദ്ധ ഖുർആൻ)

*അഹ്മദിയ്യാ ഖിലാഫത്തിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് വേറൊരു ഗ്രന്ഥത്തി ൽ വിശദമായി വിവരിച്ചിട്ടുണ്ട്. ഇംഗ്ളീഷിൽ വായിക്കാൻ ആഗ്രഹിക്കുന്ന വർക്ക് അത് www.therealholyquran.com ൽനിന്ന് വായിക്കാം. (The reality of Ahmadiyya Khilafat). ഇൻശാ അല്ലാഹ് ഉടനെ തന്നെ അത് മലയാളത്തിൽ പുറത്തിറങ്ങുന്നതാണ്.

****************

# 26. മുസ്ലിഹ് മഊദ്  എന്ന വ്യാജവാദം.

മസീഹ് മൗഊദ് (അ) മറ്റുള്ളവരിൽനിന്ന് വേർപ്പെട്ടുകൊണ്ട് ഹോഷിയാർപൂരിൽ ധ്യാനനിരതനായി നാളുകൾ  ചിലവഴിച്ചതിന്റെ ഫലമായി ലഭിച്ച വെളിപാടുകളെയാണ് മുസ്ലിഹ് മൗഊദിനെക്കുറിച്ചുള്ള പ്രവചനം എന്ന പേരിൽ അറിയപ്പെടുന്നത്. ഇത് മുഖ്യമായും മുസ്ലിഹ് മൗഊദിനെക്കുറിച്ചുള്ള പ്രവചനമാണെങ്കിലും അതിൽ മറ്റുള്ള പ്രവചനങ്ങളും അടങ്ങിയിരുന്നു. അതിൽ പ്രധാനമായും രണ്ട് വാഗ്ദത്ത പുത്രന്മാർ ജനിക്കുന്നതിനെക്കുറിച്ചായിരുന്നു. ഒരു ശാരീരിക സന്താനവും മറ്റൊരു ആത്മീയ സന്താനവും. ധാരണ പിശക് മൂലം മസീഹ് മൗഊദ് (അ) ഈ പ്രവചനങ്ങൾ ഒരു പുത്രൻ മാത്രം ജനിക്കുന്നതിനെ കുറിച്ചാണെന്നായിരുന്നു മനസ്സിലാക്കിയിരുന്നത്. എന്നാൽ അല്ലാഹു പിന്നീട് ഈ ധാരണ തിരുത്തുകയാണ് ചെയ്തത്. മുസ്ലിഹ് മൗഊദിന്റെ ഒരു ഗുണമായി പറഞ്ഞത് അവൻ മൂന്നിനെ നാലാക്കുമെന്നായിരുന്നു.

അങ്ങനെ ആദ്യത്തെ കുട്ടിയായ ബഷീർ ഒന്നാമൻ ജനിച്ചപ്പോൾ  ഈ കുട്ടി മുസ്ലിഹ് മൗഊദ് ആയിരിക്കുമെന്ന് പ്രതീക്ഷിച്ചു. എന്നാൽ ബഷീർ ഒന്നാമൻ ചെറുപ്പത്തിൽ തന്നെ മരണം വരിച്ചു. ശത്രുക്കൾ മുറവിളി കൂട്ടിയപ്പോൾ, വെളിപാടുകളിൽ ഈ കുട്ടിയാണ് മുസ്ലിഹ് മൗഊദ് എന്ന് എവിടെയും പറഞ്ഞിട്ടില്ലെന്ന് മറുപടി കൊടുത്തു. ബഷീർ ഒന്നാമനു പകരമായാണ് ബഷീറുദ്ദീൻ മഹമൂദ് അഹ്മദ് ജനിക്കുന്നത്. പക്ഷേ ഈ കുട്ടി മുസ്ലിഹ് മൗഊദ് ആയിരിക്കുമെന്ന് മസീഹ് മൗഊദ് (അ) വിളംബരപ്പെടുത്തിയില്ല. അല്ലാഹു അറിയിക്കുകയാണെങ്കിൽ പിന്നീട് വിളംബരം ചെയ്യുന്നതാണെന്ന് പറഞ്ഞു. ശേഷം രണ്ടാമത്തെ മകനായ ബഷീർ അഹ്മദും, മൂന്നാമത്തെ മകനായ ശരീഫ് അഹ്മദും, നാലാമത്തെ മകനായ മുബാറക് അഹ്മദും ജനിച്ചു. നാലാമത്തെ പുത്രൻ ജനിക്കുന്നതിനു മുമ്പേ, മൂന്നിനെ നാലാക്കുന്നവൻ ഇതാ വരുന്നൂ എന്ന വെളിപാടും ഉണ്ടായി. അതിനാൽ മുബാറക് അഹ്മദ് മുസ്ലിഹ് മൗഊദ് ആയിരിക്കുമെന്ന് പ്രതീക്ഷിച്ചു. എന്നാൽ മസീഹ് മൗഊദ് (അ) കണ്ട ഒരു സ്വപ്നത്തിൽ ഈ കുട്ടി വെള്ളം നിറഞ്ഞൊരു കുഴിയിൽ പ്രവേശിക്കുന്നതായും അതിൽ മുങ്ങിപ്പോകുന്നതായും കണ്ടു. കുറെ തിരഞ്ഞെങ്കിലും ഒരു വിവരവും ലഭിച്ചില്ല. പിന്നീട് മുബാറക് അഹ്മദിനു പകരമായി വേറൊരു കുട്ടി ഇരിക്കുന്നതായാണ് കണ്ടത്. ശേഷം മുബാറക് അഹ്മദ് മരിച്ചപ്പോൾ ആ പ്രതീക്ഷയും ഇല്ലാതായി. പക്ഷേ മുസ്ലിഹ് മൗഊദിനെക്കുറിച്ചുള്ള വെളിപാടുകൾ തുടർന്നു കൊണ്ടേയിരുന്നു. തുടർച്ചയായുള്ള ഈ വെളിപാടുകളിൽ നിന്നും മനസ്സിലാകുന്ന ഒരു കാര്യം ഇതുവരെ ജനിച്ച കുട്ടികളിൽ ആരും തന്നെ മുസ്ലിഹ്

മൗഊദ് അല്ലെന്നാണ്. ആ കുട്ടി ജനിക്കാൻ പോകുന്നുവെന്നേയുള്ളൂ എന്നാണ്.

ഇതിനു ശേഷം മസീഹ് മൗഊദിന് (അ) ആൺ കുട്ടികൾ ആരും ജനിച്ചിട്ടില്ല. അങ്ങനെ മുസ്‌ലിഹ് മൗഊദ് ഒരു പക്ഷേ പൗത്രന്മാരിൽ നിന്നായിരിക്കും ജനിക്കുകയെന്ന് പ്രതീക്ഷിച്ചുകൊണ്ട് ജീവിച്ചിരിക്കുന്ന ആദ്യത്തെ മകന് ഒരു പേരക്കുട്ടി (നസീർ അഹ്മദ്) ജനിച്ചപ്പോൾ ആ കുട്ടി മുസ്‌ലിഹ് മൗഊദ് ആയിരിക്കുമെന്ന് പ്രതീക്ഷിച്ചു. പക്ഷേ ആ കുട്ടിയും മരണപ്പെട്ടുപോയി. ഏതൊക്കെ കുട്ടികളെ മസീഹ് മൗഊദ് (അ) മുസ്‌ലിഹ് മൗഊദ് എന്ന് കരുതിയോ, ആ കുട്ടികളെല്ലാം മരണപ്പെടുകയുണ്ടായി എന്നത് ഒരു അത്ഭുത അടയാളമായി അവശേഷിക്കുന്നു. ഇതിൽ നിന്നും മനസ്സിലാകുന്നത് മുസ്‌ലിഹ് മൗഊദിന്റെ ആവിർഭാവം വലിയൊരു പരീക്ഷണമായിരിക്കുമെന്നാണ്. വീണ്ടും ഒരു വിവാഹം കൂടി നടക്കാൻ പോകുകയാണെന്നും ഒരു പക്ഷേ മുസ്‌ലിഹ് മൗഊദ് ആ പത്നിയിൽ കൂടിയായിരിക്കും ജനിക്കുകയെന്നും പ്രതീക്ഷിക്കുകയുണ്ടായി. (തദ്കിറ പേജ് 113). പക്ഷേ ആ വിവാഹവും നടന്നില്ല. അങ്ങനെ മുസ്‌ലിഹ് മൗഊദിന്റെ ജനനം മസീഹ് മൗഊദിന്റെ (അ) ജീവിത കാലത്ത് സംഭവിച്ചിട്ടില്ലെന്ന് പൂർണ്ണമായും തെളിയുന്നു. ഈ സത്യത്തെ തെളിയിക്കുന്ന വെളിപാടുകളാണ് താഴെ കൊടുത്തിരിക്കുന്നത്.

മസീഹ് മൗഊദിന് (അ) തെറ്റുപറ്റി എന്ന് പറയുന്നത് മസീഹ് മൗഊദിനെ ആക്ഷേപിക്കലാണ് എന്ന് പറയുന്നവരുണ്ട്. എന്നാൽ മസീഹ് മൗഊദ് (അ) സ്വയം തന്നെ അദ്ദേഹത്തിന് ഈ കാര്യത്തിൽ തെറ്റ് പിണഞ്ഞതായി സമ്മതിച്ചിട്ടുണ്ട്.

The prophecy of February 20…consisted of two prophecies, which were mistaken as one. Thereafter…this mistake was corrected by the subsequent revelation. [Maktubat-e-Ahmadiyyah, vol. 5, pp. 43–44, dated December 4, 1888, addressed to Hadrat Khalifatul Masih 1 (ra)]. Tadhkirah English Translation, Page 176.

ഫെബ്രുവരി 20–ന്റെ പ്രവചനം രണ്ട് പ്രവചനങ്ങൾ അടങ്ങുന്നതായിരുന്നു. അത് ഒന്നാണെന്ന് തെറ്റിദ്ധരിച്ചു. പിന്നീട് വന്ന വെളിപാടുകൾ ഈ തെറ്റിനെ തിരുത്തുകയുണ്ടായി. [മക്തൂബാത് അഹ്മദിയ്യ വാല്യം 5, പേജ് 43–44, 4/12/1888, ഹദ്രത്ത് ഖലീഫതുൽ മസീഹ് ഒന്നാമന് (റ) എഴുതിയത്. തദ്കിറ ഇംഗ്ലീഷ് തർജമ പേജ് 176 കാണുക ]

## മുസ്ലിഹ് മഊദിനെക്കുറിച്ചും മസീഹ് മഊദിന്റെ സന്താനങ്ങളെക്കുറിച്ചുമുള്ള പ്രവചനങ്ങൾ.

| വിജ്ഞാപനങ്ങൾ | സൂചനകൾ |
|---|---|
| 1. 20/02/1886 **പ്രവചനം.** | |
| میں تجھے ایک رحمت کا نشان سو تجھے بشارت ہو کہ ایک وجیہ اور پاک لڑکا تجھے دیا جائے گا۔ ایک زکی غلام (لڑکا) تجھے ملے گا۔ وہ لڑکا تیرے ہی تخم سے تیری ہی ذریت و نسل ہوگا۔ خوبصورت پاک لڑکا تمارا مہمان آتا ہے اس کا نام عنموائیل اور بشیر بھی ہے اس کو مقدس روح دی گئی ہے اور وہ رجس سے پاک ہے اور وہ نور اللہ ہے مبارک وہ جو آسمان سے آتا ہے۔<br><br>اس کے ساتھ فضل ہے جو اس کے آنے کے ساتھ آئے گا وہ صاحب شکوہ اور عظمت اور دولت ہوگا۔ وہ دنیا میں آئے گا اور آپنے مسیحی نفس اور روح الحق کی برکت سے بہتوں کو بیماریوں سے صاف کرے گا۔ وہ کلمۃ اللہ ہے کیونکہ خدا کی رحمت و غیوری نے اسے اپنے کلمہ تمجید سے بھیجا ہے۔ وہ سخت ذہین و فہیم ہوگا اور دل کا حلیم ہور علوم ظاہری و باطنی سے پر کیا جائے گا اور وہ تین کو چار کرنے والا ہوگا (اس کے معنی سمجھ میں نہیں آئے) دوشنبہ ہے مبارک دوشنبہ۔ فرزند دلبند گرامی ارجمند مظھر الحق والعلاء کأنّ اللہ نزل من السماء جس کا نزول بات مبارک اور جلال الٰہی کا کے ظہور کا موجب ہوگا۔ نور آتا ہے نور جس کو خدا نے اپنی رضامندی کے عطر سے ممسوح کیا ہم اس میں اپنی روح ڈالیں گے اور خدا کا سایہ اس کے سر پر ہوگا۔ وہ جلد جلد بڑے گا اور اسیروں کی رستگاری کا موجب ہوگا اور زمین کے کناروں تک شہرت پائے گا اور قومیں اس سے برکت پائیں گی تب اپنے نفسی نقطہ آسمان کی طرف اٹھایا جائے گا۔ وکان امرًا مقضیًّا۔ | രണ്ട് ആൺകുട്ടികൾ. ആദ്യത്തേത് സ്വന്തം ബീജത്തിൽനിന്നും ജനിക്കുന്നത്.<br><br>വാഗ്ദത്ത പരിഷ്കർത്താവിനെ കുറിച്ചുള്ള പ്രവചനം, അവന്റെ കൂടെ അനുഗ്രഹമാണുള്ളത്, എന്ന വാക്കുകളോടു കൂടി ആരംഭിക്കുന്നു. (റുഹാനി ഖസായിൻ വാല്യം 2, പേജ് 467, അടിക്കുറിപ്പ്). |
| ഞാൻ നിനക്ക് കാരുണ്യത്തിന്റെ അടയാളത്തെക്കുറിച്ച് സന്തോഷ വാർത്ത നൽകുന്നു. ഒരു സുന്ദരനും പരിശുദ്ധനും അയ ആൺകുട്ടി നിനക്ക് നല്കപ്പെടുന്നതാണ്. ഒരു പരിശുദ്ധനായ ദാസൻ (ആൺകുട്ടി) നിനക്ക് ലഭിക്കുന്നതാണ്. ആ ആൺകുട്ടി നിന്റെ ബീജത്തിൽനിന്നുള്ളതും സന്താന പരമ്പരയിൽനിന്നുള്ളതുമായിരിക്കും. സുന്ദരനായ മകൻ നിന്റെ അതിഥിയായി വരുന്നു. അവന്റെ പേര് ഇമ്മാനുവേൽ എന്നും ബഷീർ എന്നും ആയിരിക്കും. അവന് പരിശുദ്ധമായ ആത്മാവ് നൽകപ്പെട്ടിരിക്കുന്നു. അവൻ മാലിന്യത്തിൽനിന്ന് വിമുക്തനായിരിക്കും. അവൻ ദൈവിക പ്രകാശമായിരിക്കും. ആരാണോ ആകാശത്തുനിന്നും വരുന്നത് അവനാണ് അനുഗ്രഹീതനായിരിക്കുന്നത്. | രണ്ട് ആൺകുട്ടികൾ. ആദ്യത്തേത് ശാരീരിക സന്താനം, സ്വന്തം ബീജത്തിൽനിന്നും ജനിക്കുന്നത്. |

| | |
|---|---|
| അവന്റെ കൂടെ അനുഗ്രഹമാണുള്ളത്. അതവന്റെ വരവോടുകൂടെ ആയിരിക്കും വരുന്നത്. അവൻ മഹത്വമേറിയവനും പ്രതാപവാനും സമ്പത്തും ആയിരിക്കും. അവൻ ലോകത്ത് വരികയും തന്റെ മസീഹിഗുണങ്ങളോടുകൂടി സത്യാത്മാവോടുകൂടി വളരെയധികം പേരെ രോഗങ്ങളിൽനിന്നും വിമുക്തമാക്കുന്നതാണ്. അവൻ ദൈവവചനമായിരിക്കും. എന്തുകൊണ്ടെന്നാൽ ദൈവികകാരുണ്യവും മഹിമയും മഹത്വമേറിയ വചനവുമായി അവനെ അയച്ചിരിക്കുന്നു. അവൻ വളരെ ബുദ്ധിമാനും വിവേകമുള്ളവനും മനസ്സലിവുള്ളവനും ആത്മീയവും ഭൗതികവുമായ ജ്ഞാനത്താൽ നിറക്കപ്പെട്ടവനും ആയിരിക്കും. അവൻ മൂന്നിനെ നാലാക്കുന്നവനായിരിക്കും. (ഇതിന്റെ അർത്ഥം മനസ്സിലായില്ല). തിങ്കളാഴ്ച മഹത്വമേറിയ തിങ്കളാഴ്ച. സുതൻ, ഹൃദയാനന്ദം, ഉന്നതൻ, പ്രതാപവാൻ. <u>സത്യത്തിന്റെയും ഔന്നത്യത്തിന്റെയും പ്രത്യക്ഷഭാവം, അല്ലാഹു ആകാശത്തുനിന്ന് ഇറങ്ങി വന്നതുപോലെ.</u> അവന്റെ ആഗമനം അനുഗ്രഹീതവും ദിവ്യപ്രതാപത്തിന്റെ വെളിപ്പെടലിന് കാരണമായിത്തീരുന്നതുമാണ്. പ്രകാശം വരുന്നു പ്രകാശം. ദൈവം അവനെ തന്റെ സംതൃപ്തിയുടെ സുഗന്ധം പൂശിയിരിക്കുന്നു. ദൈവം അവനിൽ തന്റെ വെളിപാട് ഇറക്കുന്നതാണ്. അവൻ വളരെ വേഗത്തിൽ അഭിവൃദ്ധി പ്രാപിക്കുന്നതാണ്. തടവുകാരുടെ മോചനത്തിന് കാരണമായിത്തീരുന്നതാണ്. ഭൂമിയുടെ അറ്റം വരെ കീർത്തി നേടുന്നതാണ്. ജനം അവനിൽനിന്നും അനുഗ്രഹമെടുക്കുന്നതാണ്. അതിനുശേഷം അവന്റെ ആത്മാവ് ആകാശത്തേക്ക് ഉയർത്തപ്പെടുന്നതായിരിക്കും. ഇത് വിധിക്കപ്പെട്ട കാര്യമാണ്. | വാഗ്ദത്ത പരിഷ്കർത്താവിനെ കുറിച്ചുള്ള പ്രവചനം, അവന്റെ കൂടെ അനുഗ്രഹമാണുള്ളത്, എന്ന വാക്കുക ളോടുകൂടി ആരംഭിക്കുന്നു. (റൂഹാനി ഖസായിൻ വാല്യം 2, പേജ് 467, അടിക്കുറിപ്പ്). <br><br> ഈ കുട്ടി സ്വന്തം ബീജത്തിൽനിന്ന് ജനിക്കുന്നതാണ് എന്ന് പറയാതെ വേർപെടുത്തി പറഞ്ഞതിനാൽ മുസ്‌ലിഹ് മൗഊദ് (സക്കീ ഗുലാം) സ്വന്തം പുത്രന്മാരിൽ നിന്നായിരിക്കുകയില്ല എന്ന് വ്യക്തമാകുന്നു. |
| 2. തെറ്റ് തിരുത്തൽ ( 7. നോക്കുക) | |
| سبز اشتہار(یکم دسمبر1888ء)میں حضرت مسیح موعودنے واضح فرمایاکہ یہ پیشگوئی دو سعید لڑکوں کے پیداہونے پر مشتمل تھی۔ <br><br> See Tadhkirah Page 109. Also Ruhani Khazain Vol. 2: Page 467 foot-note. <br><br> 1/12/1888–ൽ ചെയ്ത ഹരിതവിജ്ഞാപനത്തിൽ ഈ പ്രവചനം രണ്ട് കുട്ടികളെ സംബന്ധിച്ചാണെന്ന് വ്യക്തമാക്കുകയുണ്ടായി. (മുകളിൽ കാണിച്ചതുപോലെ ഒന്നാമൻ ഒന്നാമത്തെ ഖണ്ഡികയിൽ പറഞ്ഞതു പ്രകാ | പ്രവചനത്തിൽ രണ്ട് ആൺകുട്ടികൾ. ആദ്യത്തേത് ശാരീരിക സന്താനം. രണ്ടാമത്തെ കുട്ടി, ആത്മീയസന്താനം, (സക്കീ ഗുലാം, |

| | |
|---|---|
| രവും രണ്ടാമൻ രണ്ടാമത്തെ ഖണ്ഡികയിൽ പറഞ്ഞതു പ്രകാരവും). (തദ്കിറ പേജ് 109), (റൂഹാനി ഖസായിൻ വാല്യം 2, പേജ് 467, അടിക്കുറിപ്പ്). | വാഗ്ദത്ത പരിഷ്കർത്താവ്). (തദ്കിറ പേജ് 109). |
| 3. 22/03/1886 വിജ്ഞാപനം. | |
| اشتہار کہ ایسا لڑکا بموجب وعدہ الٰہی نو برس کے عرصہ تک ضرور پیدا ہوگا۔(تبلیغ رسالت)<br>വാഗ്ദത്ത പുത്രൻ ദൈവിക വാഗ്ദാന പ്രകാരം 9 വർഷത്തിനുള്ളിൽ ജനിക്കുന്നതാണ്. (തബ്‌ലീഗ് റിസാലത്ത്). | ആദ്യത്തെ ശാരീരിക സന്താനം ജനിക്കുമെന്ന പ്രവചനം. |
| 4. 07/08/1887, 10/08/1887 വിജ്ഞാപനങ്ങൾ. | |
| بشیر اول کی پیدائش۔ جن کو مولود مسعود (اشتہار 7 اگست 1887) اور دین کا چراغ فرمایا (تتمہ اشتہار 10 جولائی 1888ء)<br>ബഷീർ ഒന്നാമന്റെ ജനനം. ധന്യസന്താനം, ദീനിന്റെ വിളക്ക് എന്നീ വിശേഷണങ്ങൾ നൽകുകയുണ്ടായി. | ആദ്യത്തെ ശാരീരിക സന്താനത്തിന്റെ ജനനം. |
| 5. 10/07/1888 വിജ്ഞാപനം | |
| 10 جولائی 1888ء اشتہار کہ ایک اور لڑکا ہونے کا قریب مدت تک وعدہ دیا جس کا نام محمود احمد ہوگا اور اپنے کاموں میں اولوالعزم نکلے گا۔<br>അടുത്തു തന്നെ മറ്റൊരു കുട്ടി ജനിക്കുമെന്ന വാഗ്ദാനം. അവന്റെ പേര് മഹ്മൂദ് അഹ്മദ് എന്നായിരിക്കും. തന്റെ പ്രവൃത്തികളിൽ ഉറച്ച നിലപാടെടുക്കുന്നവനും ആയിരിക്കും. | മറ്റൊരു ശാരീരിക സന്താനം ജനിക്കുമെന്ന വാഗ്ദാനം. |
| 6. 04/11/1888 പ്രവചനം | |
| 4 نومبر 1888ء۔ بشیر اول کی وفات 1888ء۔ پیشگوئی۔ ہم محض اپنے فضل اور احسان سے وہ تجھے واپس دیں گے۔<br>ബഷീർ ഒന്നാമന്റെ മരണം. പ്രവചനം: നമ്മുടെ അനുഗ്രഹത്താൽ നാം നിനക്കവനെ പകരം നല്കുന്നതാണ്. | ആദ്യത്തെ കുട്ടിയുടെ മരണം. |
| 7. 01/12/1888 ഹരിതവിജ്ഞാപനം | |
| خدا تعالیٰ دوسرا بشیر بھیجے گا جیسا کہ بشیر اول کی موت سے پہلے 10 جولائی 1888ء کے اشتہار میں اس کے بارے میں پیشگوئی کی گئی ہے اور خدا تعالیٰ نے اس عاجز پر ظاہر کیا کہ | |

| | |
|---|---|
| ایک دوسرا بشیر تمہیں دیا جائے گا جس کا نام محمود بھی ہے وہ اپنے کاموں میں اولوالعزمہو گا۔یخلق اللہ ما یشاء اور خدا تعالیٰ نے مجھ پر یہ بھی ظاہر کیا کہ 20فروری1886ء کی پیشگوئی حقیقت میں دو سعید لڑکوں کے پیدا ہونے پر مشتمل تھی اور اس عبارت تک کہ مبارک وہ جو آسمان سے آتا ہے پہلے بشیر کی نسبت پیشگوئی ہے کہ جو روحانی طور نزول رحمت کا موجب ہو اور اس کے بعد کی عبارت دوسرے بشیر کی نسبت ہے۔<br>ഉന്നതനായ ദൈവം രണ്ടാമത്തെ ബഷീറിനെ അയക്കുന്നതാണെന്ന് ബഷീർ ഒന്നാമന്റെ മരണത്തിനു മുമ്പു തന്നെ 10 ജൂലായ് 1888–ലെ വിജ്ഞാപനത്തിൽ പ്രവചിച്ചിരുന്നു. ഉന്നതനായ ദൈവം ഈ വിനീതന് വെളിപ്പെടുത്തി തന്നിരിക്കയാണ്, രണ്ടാമതൊരു ബഷീർ നിനക്ക് നല്കുന്നതാണെന്ന്, അവന്റെ പേര് മഹ്മൂദ് എന്നുകൂടി ആയിരിക്കും. അവൻ തന്റെ പ്രവൃത്തികളിൽ ഉറച്ച നിലപാടെടുക്കുന്നവനും ആയിരിക്കും. അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുന്നു. ഉന്നതനായ ദൈവം ഈ വിനീതന് വെളിപ്പെടുത്തി തന്നിരിക്കയാണ്, 20 ഫെബ്രുവരി 1886–ലെ വിജ്ഞാപനം, യഥാർത്ഥത്തിൽ രണ്ട് സൽസന്താനങ്ങളുടെ ജനനത്തെക്കുറിച്ചുള്ള സൂചനകൾ അടങ്ങുന്നതാണെന്ന്. ആരാണോ ആകാശത്തുനിന്നും വരുന്നത് അവനാണ് അനുഗ്രഹീതനായിരിക്കുന്നത് എന്നതുവരെ ആദ്യത്തെ ബഷീറിനെ കുറിച്ചുള്ള പ്രവചനമാണ്, അത് ആത്മീയമായ നിലയിൽ അനുഗ്രഹത്തിന് കാരണമായിത്തീരുന്നതാണ്. അതിനു ശേഷമുള്ള വെളിപാടുകൾ രണ്ടാമത്തെ ബഷീറിനെ സംബന്ധിച്ചുമാണ്. | ഉന്നതനായ ദൈവം ഈ വിനീതന് വെളിപ്പെടുത്തി തന്നിരിക്കയാണ്, 20 ഫെബ്രുവരി 1886–ലെ വിജ്ഞാപനം, യഥാർത്ഥത്തിൽ രണ്ട് സൽസന്താനങ്ങളുടെ ജനനത്തെക്കുറിച്ചുള്ള സൂചനകൾ അടങ്ങുന്നതാണെന്ന്. ബഷീർ രണ്ടാമൻ എന്നത് മുസ്‌ലിഹ് മഊദി ന്റെ വേറൊരു പേരാണ്. (റൂഹാനി ഖസായിൻ വാല്യം 2, പേജ് 467, അടിക്കുറിപ്പ്). |
| 8. 12/01/1889 വിജ്ഞാപനം – തക്‌മീലെ തബ്‌ലീഗ് (Takmil-e-Tabligh) | |
| جنوری 1889ء۔ مرزا بشیرادین محمود احمد کی پیدائش جن کی پیدائش کو حضرت مسیح موعود نے اشتہار دہم جولائی 1888ء اور یکم دسمبر 1888ء کے مطابق فرمایا اور یہ کہ جس کا نام بلفعل محض تفاول کے طور پر بشیر اور محمود بھی رکھا ہے اور کامل انکشاف کے بعد پھر اطلاع دی جائے گی مگر ابھی تک مجھ پر یہ نہیں کھلا کہ یہی لڑکا مصلح موعود اور عمر پانے والا ہے۔<br>മിർസാ ബഷീറുദ്ദീൻ മഹ്മൂദ് അഹ്മദിന്റെ ജനനം. 10/7/88–ലെയും 1/12/88–ലെയും വിജ്ഞാപനത്തിലെ പ്രവചന പ്രകാരം ബഷീർ എന്നും മഹ്മൂദ് എന്നും സദുദ്ദേശ്യത്തോടുകൂടി പേര് വെച്ചിരിക്കയാണ്. പൂർണ്ണ വെളിപാ | ആദ്യത്തെ മകനു പകരമായി മിർസാ ബഷീറുദ്ദീൻ മഹ്മൂദ് അഹ്മദിന്റെ ജനനം. |

<table>
<tr><td>ടുകൾ ലഭിച്ചതിനു ശേഷം കൂടുതൽ വിവരങ്ങൾ അറിയിക്കുന്നതാണ്. എന്നാൽ ഇതുവരെയും ഈ കുട്ടി മുസ്‌ലിഹ് മഊദാണെന്നും ദീർഘായുഷ്മാനാണെന്നും എനിക്ക് വെളിപ്പെടുത്തി തന്നിട്ടില്ല.<br>[Prophecied in Aaina Kamalat Islam].</td><td>പക്ഷേ മുസ്‌ലിഹ് മൗഊദാണെന്ന് വിളംബരം ചെയ്തില്ല.</td></tr>
<tr><td colspan="2">9. 20/04/1893.</td></tr>
<tr><td>20اپریل 1893ء۔آئنہ کمالات اسلام میں پیشگوئی کے مطابق مرزا بشیر احمد کی پیدائش<br>ആയിനെ കമാലാത്തെ ഇസ്‌ലാമിലെ പ്രവചന പ്രകാരം മിർസാ ബഷീർ അഹ്മദിന്റെ ജനനം</td><td>രണ്ടാമത്തെ മകന്റെ ജനനം.</td></tr>
<tr><td colspan="2">10. 24/05/1895</td></tr>
<tr><td>24مئی 1895ء۔انوارالعلوم اور نورالحق میں پیشگوئی کے مطابق مرزاشریف احمد کی پیدائش<br>അൻവാറുൽ ഉലൂമിലും നൂറുൽ ഹഖിലുമുള്ള പ്രവചന പ്രകാരം മിർസാ ഷരീഫ് അഹ്മദിന്റെ ജനനം</td><td>മൂന്നാമത്തെ മകന്റെ ജനനം.</td></tr>
<tr><td colspan="2">11. 1896–ലെ പ്രവചനം ( തദ്കിറ പേജ് 238)</td></tr>
<tr><td>1896ء۔پیشگوئی۔ اِنَّانُبَشِّرُكَ بِغُلَمٍ حَلِيمٍ مظهر الحق والعلاء كأنّ الله نزل من السماء ہم تجھے ایک حلیم غلام کی خوشخبری دیتے ہیں جو حق اور بلندی کا مظہر ہو گا گویا خدا آسمان سے اترا نام اس کا عما نوایل ہے جس کا ترجمہ یہ ہے کہ خدا ہمارے ساتھ ہے۔تجھے لڑکا دیا جائے گا اور خدا کا فضل تجھ سے نزدیک ہو گا۔میرا نور قریب ہے۔</td><td>ആത്മീയ സന്താനമായ മുസ്‌ലിഹ് മഊദിന്റെ ( സക്കീ ഗുലാമിന്റെ) പ്രവചനത്തിന്റെ തുടർച്ച.</td></tr>
<tr><td>اِنَّانُبَشِّرُكَ بِغُلَمٍ حَلِيمٍ مظهر الحق والعلاء كأنّ الله نزل من السماء<br>നാം നിനക്ക് ഒരു സൗമ്യദാസനെ നല്കുന്നതാണെന്ന സന്തോഷ വാർത്ത അറിയിക്കുന്നു, അവൻ സത്യത്തിന്റെയും ഔന്നത്യത്തിന്റെയും പ്രത്യക്ഷഭാവമായിരിക്കും, അല്ലാഹു ആകാശത്തുനിന്ന് ഇറങ്ങിവന്നതുപോലെ. അവന്റെ പേര് ഇമ്മാനുവേൽ ആകുന്നു. അതിന്റെ അർത്ഥം അല്ലാഹു നമ്മുടെ കൂടെയാകുന്നു എന്നതാണ്. നിനക്ക് ആൺകുട്ടി ലഭിക്കുന്നതാണ്, അല്ലാഹുവിന്റെ അനുഗ്രഹം നിന്റെ സമീപത്തായിരിക്കും. എന്റെ പ്രകാശം സമീപത്താണ്.</td><td>നിലവിലുള്ള മൂന്ന് കുട്ടികളും മുസ്‌ലിഹ് മഊദ് ( സക്കീ ഗുലാം) അല്ലെന്ന് ഇത് സൂചിപ്പിക്കുന്നു.</td></tr>
</table>

| | |
|---|---|
| 12. 01/01/1987 ( **അൻജാമെ ആഥം**). | |
| یکم جنوری 1897ء۔اور میرے رب نے مجھے اپنی رحمت سے ایک چوتھے کی بشارت دی ہے اور فرمایا وہ تین کو چار کردے گا۔<br>എന്റെ രക്ഷിതാവ് എനിക്ക് നാലാമത്തവനെ നല്കുന്ന താണെന്ന സുവാർത്ത നല്കിക്കൊണ്ട് പറഞ്ഞു, അവ ൻ മൂന്നിനെ നാലാക്കുന്നതാണെന്ന്. | നാലാമത്തെ മകനെക്കുറിച്ചുള്ള സുവാർത്ത. |
| 13. 13/04/1899 | |
| 13اپریل 1899ء۔ اِصْبِرْ مَلِيًّا سَاَهَبُ لَكَ غُلاما زَكِيًّا کچھ تھوڑا عرصہ صبر کر میں تجھے ایک ذکی غلام عنقریب عطا کروں گا۔<br>Tadhkirah P 277, (RK15:P216-217)<br>അല്പനേരം ക്ഷമിക്കൂ. ഞാൻ നിനക്ക് വേഗം തന്നെ ഒരു പരിശുദ്ധ ദാസനെ നല്കുന്നതാണ്. (തദ്കിറ പേജ് 277, തർയാഖുൽ ഖുലൂബ്, റൂഹാനി ഖസായിൻ വാല്യം 15, പേജ് 216–217). | ഈ പ്രവചനം മുബാറക് അഹ്മദിനെക്കുറിച്ചാണെന്ന് പറഞ്ഞു. |
| 14. 14/06/1899 | |
| 14جون 1899ء۔ مبارک احمد کی پیدائش۔اور میرا چوتھا لڑکا جس کا نام مبارک احمد ہے اسکی نسبت پیشگوئی اشتہار 20فروری 1886ءمیں کی گئی اور پھر انجام آتھم میں یہ پیشگوئی کی گئی۔<br>മുബാറക് അഹ്മദിന്റെ ജനനം. എന്റെ നാലാമത്തെ സന്താനം, അവന്റെ പേര് മുബാറക് അഹമദ് എന്നാണ്. അവനെക്കുറിച്ച് 20/2/1886–ലെ വിജ്ഞാപനത്തിലും അതിനു ശേഷം അൻജാമെ ആഥത്തിലും പ്രവചിച്ചിരുന്നു. | നാലാമത്തെ കുട്ടിയുടെ ജനനം. (മുസ്ലിഹ് മൗഊദ് ആണെന്ന പ്രതീക്ഷ.) |
| 15. 1906 ( **തദ്കിറ പേജ്** 554) | |
| اِنَّانُبَشِّرُكَ بِغُلَمٍ مظهر الحق والعلاء كأنّ الله نزل من السماء<br>ہم ایک غلام کی تجھے بشارت دیتے ہیں جس کے ساتھ حق کا ظہور ہو گا گویا آسمان سے خدا اترے گا<br>Haqiqtul Wahy P95, RK22:P98-99, see Tadhkira Page554.<br>നാം നിനക്ക് ഒരു ദാസനെ നല്കുന്നതാണെന്ന സന്തോഷ വാർത്ത അറിയിക്കുന്നു, അവൻ സത്യത്തിന്റേയും ഔന്നത്യത്തിന്റേയും പ്രത്യക്ഷഭാവമായിരി | ആത്മീയ സന്താനമായ മുസ്ലിഹ് മഊദിനെ സംബന്ധിച്ച പ്രവചനത്തിന്റെ തുടർച്ച. നിലവിലുള്ള എല്ലാ കുട്ടികളും |

| | |
|---|---|
| ക്കും, അല്ലാഹു ആകാശത്തുനിന്ന് ഇറങ്ങിവന്നതുപോലെ. (ഹഖീഖത്തുൽ വഹ്‌യ് പേജ് 95, റൂഹാനി ഖസായിൻ വാല്യം 22, പേജ് 98–99, തദ്കിറ പേജ് 554). | മുസ്‌ലിഹ് മഊദല്ലെന്ന് ഇത് സൂചിപ്പിക്കുന്നു. |
| 16. സെപ്തമ്പർ 1907 (തദ്കിറ പേജ് 618) | |
| ستمبر 1907ء۔ خواب میں دیکھا کہ ایک پانی کا گڑھا ہے۔ مبارک احمد اس میں داخل ہوا اور غرق ہو گیا۔ بہت تلاش کیا گیا مگر کچھ پتہ نہیں ملا۔ پھر آگے چلے گئے تو اس کے بجائے ایک اور لڑکا بیٹھا ہے۔(بدر جلد 6 نمبر 38 مورخہ 19 ستمبر 1907ء صفحہ 5، بحوالہ تذکرہ 618)<br>വെള്ളം നിറഞ്ഞ ഒരു കുഴിയിൽ മുബാറക് അഹ്മദ് ഇറങ്ങുന്നതായും അതിൽ മുങ്ങിപ്പോകുന്നതായും സ്വപ്നത്തിൽ കണ്ടു. വളരെയധികം തിരച്ചിൽ നടത്തി, പക്ഷേ ഒരു വിവരവും ലഭിച്ചില്ല. കുറച്ചു കൂടി മുന്നോട്ട് പോയപ്പോൾ അവനു പകരമായി വേറൊരു കുട്ടി അവിടെ ഇരിക്കുന്നതായി കണ്ടു. (തദ്കിറ പേജ് 618). | മുബാറക് അഹ്മദിന്റെ മരണത്തെക്കുറിച്ചുള്ള സ്വപ്നം. മുബാറക് അഹ്മദിനു പകരം വേറൊരു കുട്ടി മുസ്‌ലിഹ് മഊദായി വരുമെന്ന് ഇത് സൂചിപ്പിക്കുന്നു |
| 17. 16/09/1907 | |
| 16 ستمبر 1907ء۔ مبارک احمد کی وفات۔<br>മുബാറക് അഹ്മദിന്റെ മരണം. (പ്രായം 8 വർഷം 3 മാസം). | നാലാമത്തെ മകന്റെ മരണം. |
| 18. ഒക്ടോബർ 1907 (തദ്കിറ പേജ് 622). | |
| اکتوبر 1907ء۔ اِنَّانُبَشِّرُكَ بِغُلَمٍ حَلِيمٍ يَنْزِلُ مَنْزِلَ الْمُبَارَكِ ۔ ۔(ہم تجھے ایک حلیم غلام کی خوشخبری دیتے ہیں وہ مبارک کی شبیہ ہوگا)<br>See Tadhkirah Page 622.<br>നാം നിനക്ക് ഒരു സൗമ്യദാസനെ നല്കുന്നതാണെന്ന സന്തോഷ വാർത്ത അറിയിക്കുന്നു, അവൻ മുബാറകിന്റെ സ്ഥാനത്തേക്ക് ഇറങ്ങി വരുന്നതാണ്. | മുസ്‌ലിഹ് മഊദിനെ സംബന്ധിച്ച പ്രവചനത്തിന്റെ തുടർച്ച. |
| 19. 6–7/11/1907 (തദ്കിറ പേജ് 626). | |
| 6-7 نومبر 1907ء۔ اِنَّانُبَشِّرُكَ بِغُلَمٍ... میں ایک ذکی غلام کی خوشخبری دیتا ہوں<br>Tadhkirah Page 626.<br>നാം നിനക്ക് ഒരു പരിശുദ്ധ ദാസനെ നല്കുന്നതാണെന്ന സന്തോഷ വാർത്ത അറിയിക്കുന്നു........ | മുസ്‌ലിഹ് മഊദിനെ സംബന്ധിച്ച പ്രവചനത്തിന്റെ തുടർച്ച. |

മുകളിൽ കൊടുത്ത വെളിപാടുകളിൽനിന്ന് ഒരു കാര്യം വ്യക്തമാണ്. മുസ്ലിഹ് മഊദും (വാഗ്ദത്ത പരിഷ്കർത്താവും) പരിശുദ്ധ ദാസനും (ذکی غلام) ഒരാൾ തന്നെയാണ്. കാരണം രണ്ടുപേർക്കും നല്കിയ വിശേഷണ ഗുണങ്ങൾ اِنَّانُبَشِّرُكَ بِغُلَمٍ مظهر الحق والعلاء كأنّ الله نزل من السماء ( നാം നിനക്ക് ഒരു ദാസനെ നല്കുന്നതാണെന്ന സന്തോഷ വാർത്ത അറിയിക്കുന്നു, അവൻ സത്യത്തിന്റെയും ഔന്നത്യത്തിന്റെയും പ്രത്യക്ഷഭാവമായിരിക്കും, അല്ലാഹു ആകാശത്തുനിന്ന് ഇറങ്ങിവന്നതുപോലെ) ഒന്നു തന്നെയാണ്. അതുപോലെ വാഗ്ദത്ത പുത്രൻ (ആത്മീയ സന്താനം) 7/11/1907 വരെ ജനിച്ചിട്ടില്ല എന്നതും മസീഹ് മഊദിന്റെ (അ) പുത്രന്മാരാരും മുസ്ലിഹ് മഊദ് അല്ലെന്നതും സത്യമാണ്. രണ്ടാം ഖലീഫയുടെ മുസ്ലിഹ് മഊദ് വാദം വ്യാജമാണെന്ന് ഇത് തെളിയിക്കുന്നു. രണ്ടാം ഖലീഫ വാഗ്ദത്തം ചെയ്യപ്പെട്ട പുത്രന്മാരിൽ ഒരാൾ മാത്രമാണ്. അല്ലാതെ മുസ്ലിഹ് മഊദ് അല്ല.

അല്ലാഹു നിയോഗിച്ചയക്കുന്ന ഒരാളെ യാതൊരുവിധ എതിർപ്പുകളുമില്ലാതെ ജനം സ്വീകരിക്കാറില്ല. റസൂൽമാരുടെ ചരിത്രം വിശുദ്ധ ഖുർആനിൽ വിവരിച്ചിരിക്കുന്നത് ഈ രീതിയിലാണ്. എന്നാൽ രണ്ടാം ഖലീഫയ്ക്ക് അങ്ങനെ യാതൊരുവിധ എതിർപ്പുകളും നേരിടേണ്ടി വന്നില്ല. അദ്ദേഹം വാദം പുറപ്പെടുവിച്ചു, ജമാഅത്തിലെ എല്ലാ അംഗങ്ങളും സ്വീകരിച്ചു. അദ്ദേഹത്തെ സ്വീകരിച്ചവർക്കും എതിർപ്പുകളൊന്നും നേരിടേണ്ടി വന്നില്ല.

അല്ലാഹു നിയോഗിച്ചയക്കുന്നവരുടെ ജീവിതം പരിശുദ്ധമായിരിക്കുന്നതാണ്. അവരെക്കുറിച്ച് അപവാദ പ്രചരണങ്ങളൊന്നും ഉണ്ടായിരിക്കുകയില്ല. എന്നാൽ മസീഹ് മൗഊദിന്റെ (അ) കാലത്തുതന്നെ, ഖലീഫയാകുന്നതിനു മുമ്പ് അദ്ദേഹത്തെക്കുറിച്ച് ആരോപണങ്ങൾ ഉണ്ടായിരുന്നു. അതിനു പിറകെ ഖലീഫ ആയതിനു ശേഷവും അദ്ദേഹത്തിന്റെ ജീവിതകാലത്തുതന്നെ കൂടെ പ്രവർത്തിച്ചവരും അടുത്ത ബന്ധുക്കളും അദ്ദേഹത്തിനെതിരിൽ അപവാദങ്ങൾ ഉന്നയിക്കുകയുണ്ടായി. അതിൽ ചിലർ ഗ്രന്ഥങ്ങൾ എഴുതി പ്രസിദ്ധീകരിച്ചുകൊണ്ട് അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തുകൊണ്ടും, വിശുദ്ധ ഖുർആന്റെ മേൽ കൈവെച്ചുകൊണ്ടും, സ്വന്തം കുട്ടികളുടെ തലയിൽ കൈവെച്ചുകൊണ്ടും അപവാദങ്ങൾ ആണയിട്ട് പറഞ്ഞുകൊണ്ട് അവർ പറയുന്നത് കള്ളമാണെങ്കിൽ അവരുടെ മേൽ ദൈവശാപം ഉണ്ടാകാൻ വേണ്ടി പ്രാർത്ഥിക്കുകയുണ്ടായി. ഇവയാണ് മുഖ്യമായ ഗ്രന്ഥങ്ങൾ: 1. Rabwa Ka Mazhabi Amir by Rahat Malik. 2. Tariqe Ahmadiyyat Ka Poshida Auraq by Mazharuddin Multani. 3. Shehr-e- Sadoom by Shafiq Mirza. 4. Rabwa Ka Rasputin by Chaudhary Ghulam Rasool. ചില ഗ്രന്ഥങ്ങൾ ഇന്റർനെറ്റിൽ ഇപ്പോഴും ലഭ്യമാണ്. എന്നാൽ രണ്ടാം ഖലീഫ എതിർ പ്രാർത്ഥന നടത്തിക്കൊണ്ട്, തബ്ലീഗ് റിസാലത്ത് വാല്യം 2, പേജ് രണ്ടിലുള്ള മസീഹ് മഊദിന്റെ (അ) നിർദ്ദേശ പ്രകാരമുള്ള മറുപടി കൊടുക്കാൻ തയാറായില്ല. ഇതു പോലെയുള്ള ആരോപണങ്ങളും അദ്ദേഹത്തിന്റെ താഴെ കൊടുത്ത മറ്റു പ്രവൃത്തികളും അദ്ദേഹത്തിന്റെ വാദത്തിനെതിരായി നില്ക്കുന്നു.

01. മസീഹ് മൗഊദിനെ (അ) യഥാർത്ഥ പ്രവാചകനാക്കി, മറ്റു മുസ്ലിംകളെ കാഫിറാക്കി പ്രഖ്യാപിച്ചതിനാൽ റസൂൽ(സ)യുടെ ഹദീസ് പ്രകാരം അദ്ദേഹം സ്വയം തന്നെ കാഫിറായി മാറി.

02. ആദ്യ ഖിലാഫത്തിന്റെ കാലത്തു തന്നെ മജ്ലിസ് അൻസാറുല്ലാഹ് എന്ന സമാന്തര സംഘടന രൂപീകരിക്കുകയും അതിന്റെ നേതാവാകുകയും ചെയ്തു. ഇത് ഭരണകൂടത്തിനുള്ളിൽ വേറൊരു ഭരണകൂടം ഉണ്ടാക്കുന്നതുപോലെയായിരുന്നു.

03. ആദ്യ ഖലീഫയുടെ വിയോഗ ശേഷം മസീഹ് മൗഊദ് (അ) നിയോഗിച്ച അഞ്ചുമൻ അഹ്മദിയ്യ ആയിരുന്നു പുതിയ ഖലീഫയെ തിരഞ്ഞെടുക്കേണ്ടിയിരുന്നത്. എന്നാൽ അതിനു അവസരം കൊടുക്കാതെ താൻ രൂപീകരിച്ച സംഘടന മുഖേനയും ജനങ്ങൾ മുഖേനയും ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടു.

04. ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട അതേ ഖലീഫ തന്നെ, ഖലീഫയെ തെരഞ്ഞെടുക്കാനുള്ള അവരുടെ അവകാശം കവർന്നെടുത്തു. കുടുംബാംഗങ്ങൾ ഭൂരിപക്ഷമുള്ള തെരഞ്ഞെടുപ്പു സമിതി ഉണ്ടാക്കിക്കൊണ്ട് ഖിലാഫത്തിനെ കുടുംബ സ്വത്താക്കി മാറ്റി.

05. മസീഹ് മൗഊദിന്റെ (അ) നിർദ്ദേശത്തിന് കടകവിരുദ്ധമായി, ചന്തയിലും (മാസവരിപ്പണം) വസിയ്യത്തിലും (മരണ സമയത്തുള്ള സ്വത്തിന്റെ പത്തിലൊന്നു മുതൽ മൂന്നിലൊന്നുവരെ നൽകൽ ) ഭേദഗതിവരുത്തിക്കൊണ്ട് ജനങ്ങളിൽ അധിക ഭാരം ചുമത്തി.

06. മസീഹ് മൗഊദ് (അ) നിയോഗിച്ച അഞ്ചുമൻ അഹ്മദിയ്യയെ പിരിച്ചുവിട്ടു.

07. സ്വന്തമായ നിലയിൽ വേറൊരു അഞ്ചുമൻ അഹ്മദിയ്യ ഉണ്ടാക്കി.

08. അഭിപ്രായസ്വാതന്ത്ര്യം ഇല്ലാതാക്കിക്കൊണ്ടും പേടിപ്പെടുത്തുന്ന പുറത്താക്കൽ നടപടിയെടുത്തുകൊണ്ടും ജമാഅത്തിലെ അംഗങ്ങളെ അത്മീയ തടവുകാരാക്കി മാറ്റി.

09. ഏകപക്ഷീയമായ റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി അംഗങ്ങൾക്കെതിരെ നടപടിയെടുത്തുകൊണ്ട് പരിപൂർണ്ണവും സ്വതന്ത്രവുമായ നീതിവ്യവസ്ഥ നിഷേധിച്ചു.

10. പുറത്താക്കപ്പെടുന്ന അംഗങ്ങളിൽനിന്നും ചന്തയും സക്കാത്തും വാങ്ങിക്കരുതെന്ന് വിലക്കിക്കൊണ്ട് അവരെ സൽക്കർമ്മങ്ങൾ ചെയ്യുന്നതിൽനിന്നും തടഞ്ഞുനിർത്തി. അവരുടെ വസിയ്യത്ത് അവകാശങ്ങളെ നിഷേധിച്ചു.

11. ശരീഅത്തിനെതിരായ നിയമങ്ങൾ ഉണ്ടാക്കി. മുസ്ലിം പെൺകുട്ടികളെ വിവാഹം കഴിക്കുന്നതിൽ വിലക്കേർപ്പെടുത്തി. ഇങ്ങനെയുള്ള പ്രവൃത്തികൾ മുഖേനെ ദൈവത്തേക്കാൾ വലിയവനാണെന്ന ഭാവം പ്രകടിപ്പിച്ചു.

12. പുറത്താക്കപ്പെടുന്ന അംഗങ്ങൾക്കെതിരെയുള്ള റിപ്പോർട്ടുകൾ ജുമുഅ നമസ്കാരത്തിനു ശേഷം പരസ്യമായി വായിപ്പിച്ചുകൊണ്ട് അവരുടെ പച്ച മാംസം ഭുജിക്കുന്നതിൽ ആസ്വാദനം കണ്ടെത്തി.

13. എല്ലാ അധികാരങ്ങളും സ്വന്തം കൈയിൽ പിടിച്ചടക്കിക്കൊണ്ട് ഖിലാഫത്തിനെ ഏകാധിപത്യമാക്കി മാറ്റി.

14. മുസ്ലിംകളുടെ ഏകോപനത്തിനു വേണ്ടി ഖിലാഫത്തിൽ നിന്ന് രാജിവെച്ചൊഴിഞ്ഞ ഇമാം ഹസനെ (റ.അ.) അധിക്ഷേപിച്ചുകൊണ്ട് അദ്ദേഹത്തിന്റെ പ്രവൃത്തികളെ തെറ്റായി ചിത്രീകരിച്ചു.

15. മറ്റു മുസ്ലിംകളെ കാഫിറായി പ്രഖ്യാപിച്ചതിനാൽ, മുസ്ലിംകളും അഹ്മദികളെ കാഫിറായി പ്രഖ്യാപിച്ചുകൊണ്ട് നിയമനടപടികൾ സ്വീകരിച്ചു. ഇതിന്റെ ഫലമായി ധാരാളം അഹ്മദികൾ വധിക്കപ്പെട്ടു കൊണ്ടിരിക്കുന്നതിനാൽ ജമാഅത്തിൽ വിധവകളുടെയും അനാഥകളുടെയും എണ്ണം ദിനം പ്രതി വർദ്ധിച്ചു വരുന്നു.

16. ആദ്യ ഖിലാഫത്തിന്റെ കാലത്ത്, ഖുദ്റത്തെസാനിയ (രണ്ടാം ശക്തി പ്രഭാവം) എന്ന ദൈവ നിയോഗിതൻ പ്രത്യക്ഷപ്പെടാൻ വേണ്ടി പ്രാർത്ഥിച്ച അതേ വ്യക്തി തന്നെ, ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടതിനു ശേഷം, ഖിലാഫത്തിനെ ഖുദ്റത്തെസാനിയയായി പ്രഖ്യാപിച്ചുകൊണ്ട് ഒന്നാം ഖലീഫയെ തെരഞ്ഞെടുത്ത സ്ഥലത്ത് ഖുദ്റത്തെസാനിയയുടെ ഉത്ഭവം എന്ന ഫലകം സ്ഥാപിച്ചുകൊണ്ട് എല്ലാ ജമാഅത്തംഗങ്ങളെയും വഴികേടിലാക്കി.

17. സ്വന്തം ബന്ധുക്കളും സഹപ്രവർത്തകരും ആരോപണങ്ങൾ ചുമത്തിക്കൊണ്ട് ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. അതിലവർ ആരോപണങ്ങൾ ആണയിട്ട് പറഞ്ഞുകൊണ്ട് അല്ലാഹുവിന്റെ പേരിൽ ശപഥങ്ങൾ ചെയ്തു. എന്നാൽ മസീഹ് മൗഊദിന്റെ (അ) നിർദ്ദേശപ്രകാരമുള്ള എതിർ ശപഥത്തിന് തയ്യാറായില്ല.

18. മുസ്ലിഹ് മൗഊദാണെന്ന് വ്യാജമായി വാദിച്ചു.

19. മുസ്ലിഹ് മൗഊദ് എന്ന വ്യാജവാദത്തെ ശരിവെച്ചുകൊണ്ട് വിശുദ്ധ ഖുർആനിൽ പറഞ്ഞ പ്രകാരമുള്ള ശിക്ഷാവിധിക്ക് പാത്രമായി, ജീവനാഡി ഛേദിക്കപ്പെട്ടു. ക്രമേണയായി ശാരീരിക ശക്തികൾ ഓരോന്നായി നഷ്ടമായി. ബുദ്ധിശക്തിയും നഷ്ടമായി. അവസാനം അവശനായിക്കൊണ്ട് ഈ ലോകത്തോട് വിടപറഞ്ഞു.

## രണ്ടാം ഖലീഫയുടെ ലേഖനത്തിൽനിന്ന്

پس صاف ظاہر ہے کہ وہ الہامات کسی آئندہ نسل کے لڑکے کی نسبت تھے خواہ پوتا ہو یا پڑپوتا ہو یا کچھ مدت بعد ہو۔(رسالہ تشحیذ الاذہان ولیم۔3 نمبر۔6۔7 صفحات 301تا303۔ مورخہ جون، جولائی 1908ء)

രണ്ടാം ഖലീഫ അദ്ദേഹത്തിന്റെ മാസികയായ തശ്ഹീദുൽ ആദാൻ വാല്യം 3, ലക്കം 6–7 (ജൂൺ–ജൂലായ് 1908)–ൽ എഴുതുകയാണ്: ആ വെളിപാടുകൾ (മുസ്‌ലിഹ് മഊദിനെ സംബന്ധിച്ചത്) വരാനിരിക്കുന്ന തലമുറയിലെ ഏതെങ്കിലും കുട്ടിയെ സംബന്ധിച്ചാണെന്ന് വ്യക്തമാണ്, അത് പൗത്രനായാലും, പൗത്രപുത്രനായാലും അല്ലെങ്കിൽ കുറച്ചുകാലത്തിനു ശേഷമായാലും ശരി.

മുകളിൽ കൊടുത്ത അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽനിന്ന് ഒരു കാര്യം വ്യക്തമാണ്. ഖലീഫയാകുന്നതിന്നു മുമ്പ് അദ്ദേഹം തന്നെയും വിശ്വസിച്ചിരുന്നത്, മുസ്‌ലിഹ് മഊദ് ജനിക്കാനിരിക്കുന്നുവെന്നേയുള്ളു എന്നാണ്. അതേ വ്യക്തി തന്നെ മുസ്‌ലിഹ് മഊദായി വേഷമിട്ടുവന്നത് ഒരു അഭിനയമായിരുന്നുവെന്ന് ഇത് തെളിയിക്കുന്നു.

## വിശുദ്ധ ഖുർആൻ തഫ്സീറിന്റെ പ്രസിദ്ധീകരണം.

ചിലയാളുകൾ പറയാറുണ്ട്, ഇത്ര വലിയ തഫ്സീർ പ്രസിദ്ധീകരിച്ച വ്യക്തി എങ്ങനെയാണ് വ്യാജവാദിയാവുകയെന്ന്? തഫ്സീർ കബീറിനെക്കാളും വലിയ തഫ്സീറുകൾ പ്രസിദ്ധീകരിച്ച വ്യക്തികളുണ്ട്. ഉദാഹരണമായി അല്ലാമ ഫക്രുദ്ദീൻ റാസി. കൂടാതെ തഫ്സീർ കബീർ രണ്ടാം ഖലീഫ എഴുതിയതല്ലെന്നും അദ്ദേഹത്തിന്റെ കീഴിലുള്ള ഏതാനും പണ്ഡിതന്മാർ ചേർന്ന് എഴുതിയതാണെന്നും സാമൂഹ്യ മാധ്യമത്തിൽ (ഇന്റർനെറ്റ്) വായിക്കാം. സത്യം ഏതായാലും തഫ്സീർ കബീർ ഒരു പൂർണ്ണമായ തഫ്സീറല്ല. മൂന്നു മുതൽ ഒമ്പത് വരെയുള്ള അദ്ധ്യായങ്ങൾ അതിലില്ല. മസീഹ് മഊദ് (അ) പോലും വിശുദ്ധ ഖുർആന് ഒരു പൂർണ്ണമായ തഫ്സീർ എഴുതുയിട്ടില്ലെന്നത് ശ്രദ്ധേയമാണ്.

### മസീഹ് മഊദ് (അ) തഫ്സീർ പ്രസിദ്ധീകരിക്കുന്നതിനെക്കുറിച്ച്:

വിശുദ്ധ ഖുർആന്റെ തഫ്സീർ (വ്യാഖ്യാനം) പ്രസിദ്ധീകരിക്കുകയെന്നതും അതുപോലെ മത ഗ്രന്ഥങ്ങളുടെ ഉർദൂ, പേർഷ്യൻ തർജമ പ്രസിദ്ധീകരിക്കയെന്നതും ഒരു ആചാരമായി മാറിയിരിക്കയാണ്. ഇതൊരു ജീവനില്ലാത്ത ഏർപ്പാടാണ്. ഇത് മതത്തെ പുനരുജ്ജീവിപ്പിക്കുന്ന ഒരു പ്രക്രിയ അല്ല. ... വിശുദ്ധ ഖുർആനും  ഹദീസും പ്രസിദ്ധീകരിക്കയെന്നത് നിസ്സംശയം പ്രശംസനീയം തന്നെയാണ്. ഇത് വളരെ ജാഗ്രതയോടും ശ്രദ്ധയോടും കൂടി ചെയ്യേണ്ട ഒരു കാര്യമാണ്. എന്നാലും ഇതൊരു യഥാർത്ഥ സേവനമായി മാറുന്നതിൽ പരാജയപ്പെടുന്നു.  യഥാർത്ഥ സേവനം, ഖുർആന്റെയും ഹദീസിന്റെയും സ്വാധീനം സ്വീകരിക്കുന്ന ഹൃദയത്തിൽനിന്നാണ് ആരംഭിക്കുന്നത്. അതില്ലാതെ  ഖുർആന്റെയും ഹദീസിന്റെയും സേവനം ജീവനില്ലാത്തതും അർത്ഥമില്ലാത്തതും ആയിത്തീരുന്നു. അതിന് യഥാർത്ഥ പുനരുജ്ജീവനുമായി യാതൊരു ബന്ധവുമില്ല. അല്ലാഹുവിന്റെ ദൃഷ്ടിയിൽ അത് ദ്രവിച്ചതും ഉണങ്ങിയതുമായ എല്ലുകളുടെ ക്രയവിക്രയം പോലെയാണ്. അല്ലാഹു പറയുന്നു: നിങ്ങൾ ചെയ്യാത്തത് നിങ്ങൾ പറയുക എന്നത്

അല്ലാഹുവിന്റെയടുക്കൽ വലിയ വിരോധത്തിന് കാരണമായിത്തീരുന്നു. (വി.ഖു 61:3–4).

സത്യവിശ്വാസികളേ, നിങ്ങൾ നിങ്ങളെക്കുറിച്ച് ശ്രദ്ധിച്ച് കൊള്ളുക. നിങ്ങൾ സൻമാർഗം പ്രാപിച്ചിട്ടുണ്ടെങ്കിൽ വഴിപിഴച്ചവർ നിങ്ങൾക്കൊരു ദ്രോഹവും വരുത്തുകയില്ല. (വി.ഖു 5:106). ഒരു കുരുടന് മറ്റൊരു കുരുടന് നേർവഴി കാണിച്ചുകൊടുക്കുവാൻ സാധിക്കുകയില്ല, ഒരു കുഷ്ഠ രോഗിക്ക് മറ്റൊരാളുടെ രോഗം ഏറ്റെടുക്കുവാൻ സാധിക്കുകയില്ല. പുനരുജ്ജീവനം ആരംഭിക്കുന്നത് ദൈവിക വെളിപാടുകൾ ലഭിക്കുന്ന വ്യക്തിയുടെ ഹൃദയത്തിന്റെ പരിശുദ്ധാവസ്ഥയിൽനിന്നാണ്. അത് അയാളിൽനിന്ന് മറ്റുള്ളവർക്ക് പകർന്ന് ലഭിക്കുന്നു. ദൈവത്തിൽനിന്ന് പുനർജീവൻ ലഭിക്കുന്നയാൾ ദ്രവിച്ച എല്ലുകളുടെ വ്യാപാരിയല്ല. നേരെമറിച്ച് അവർ റസൂൽ (സ)യുടെ പ്രാതിനിധ്യം വഹിക്കുന്നവരും ആത്മീയമായ നിലയിൽ അദ്ദേഹത്തിന്റെ (സ) ഖലീഫമാരുമാകുന്നു. (Roohani Khazain, Vol. 3, P. 6-7).

മുകളിൽ കൊടുത്ത വിവരണങ്ങളിൽനിന്ന് ഒരു കാര്യം വ്യക്തമാണ്. വിശുദ്ധഖുർആന്റെ തഫ്സീർ (വ്യാഖ്യാനം) പ്രസിദ്ധീകരിച്ചു എന്നതുകൊണ്ടുമാത്രം ആരും തന്നെ മുസ്‌ലിഹ് മഊദ് ആയിത്തീരുകയില്ല.

# മുസ്‌ലിഹ് മഊദിന്റെ കാലഘട്ടം:

സാഹിബ്സാദാ പീർ സിറാജുൽ–ഹഖ്റ നിവേദനം ചെയ്യുന്നു: മസീഹ് മഊദ് (അ) ഒരിക്കൽ പറഞ്ഞു:

അല്ലാഹു എന്നെ അറിയിച്ചു, വലിയൊരു പിളരൽ എന്റെ പ്രസ്ഥാനത്തിലും സംഭവിക്കുന്നതാണ്, കുഴപ്പക്കാരും, സ്വേച്ഛയ്ക്ക് അടിമപ്പെട്ടവരും വേർപെട്ട് പോകുന്നതാണ്. പിന്നീട് സർവ്വശക്തനായ ദൈവം ഈ പിളർച്ചയെ ഏകോപിപ്പിക്കുന്നതാണ്. പക്ഷേ ഛേദിക്കപ്പെടാൻ അർഹതപ്പെട്ടവരും സത്യവുമായി ബന്ധമില്ലാത്തവരും കുഴപ്പക്കാരും ഛേദിക്കപ്പെടുന്നതാണ്. അപ്പോൾ ലോകത്ത് വലിയൊരു പ്രക്ഷോഭം നടക്കുന്നതാണ്. അത് ആദ്യത്തേതായിരിക്കും. രാജാക്കന്മാർ രാജാക്കന്മാരെ ആക്രമിക്കുന്നതായിരിക്കും. അത്യധികമായി രക്തച്ചൊരിച്ചിൽ ഉണ്ടാവുകയും ഭൂമി രക്തം കൊണ്ട് നിറയുകയും ചെയ്യും. രാജാക്കന്മാരുടെ അധീനതയിലുള്ളവരും അന്യോന്യം യുദ്ധം ചെയ്യുന്നതാണ്. സർവ്വലോക നാശം സംഭവിക്കുന്നതാണ്. ഇതിന്റെയെല്ലാം കേന്ദ്രം സിറിയ ആയിരിക്കും.

സാഹിബ്സാദാ പീർ സിറാജുൽ–ഹഖ്റയെ നേരിട്ടഭിമുഖമാക്കിക്കൊണ്ട് മസീഹ് മഊദ് (അ) തുടർന്നു പറഞ്ഞു:

ഇതായിരിക്കും വാഗ്ദത്ത പുത്രന്റെ കാലഘട്ടം. ഈ സംഭവവികാസങ്ങൾ അവനുമായി ബന്ധിച്ചുകൊണ്ടാണ് ദൈവം വിധിച്ചിരിക്കുന്നത്. അതിനുശേഷം നമ്മുടെ പ്രസ്ഥാനം വ്യാപിക്കുയും രാജാക്കന്മാർ പ്രസ്ഥാനത്തിൽ അംഗങ്ങളായിത്തീരുകയും ചെയ്യും. വാഗ്ദത്ത പുത്രനെ തിരിച്ചറിയുമെന്ന് ഉറപ്പു വരുത്തുക. (Tadhkirah English Page 1065-1066).

മുകളിൽ വിവരിച്ച കാര്യങ്ങളിൽനിന്നും ചില പ്രധാന സംഗതികൾ മനസ്സിലാക്കാവുന്നതാണ്:

1. പ്രസ്ഥാനത്തിൽ വലിയൊരു വിഭാഗീയത സംഭവിക്കുന്നതായിരിക്കും.
2. അല്ലാഹു പിന്നീട് ഈ വിഭാഗീയതയെ അവസാനിപ്പിക്കുന്നതായിരിക്കും.
3. സർവ്വലോക നാശം സംഭവിക്കുന്നതായിരിക്കും. അതിന്റെ കേന്ദ്രം സിറിയ ആയിരിക്കും.
4. ഇതായിരിക്കും വാഗ്ദത്ത പുത്രന്റെ കാലഘട്ടം.
5. ഇതിനു ശേഷം പ്രസ്ഥാനം വ്യാപിക്കുന്നതും രാജാക്കന്മാർ അംഗങ്ങളായിച്ചേരുന്നതുമായിരിക്കും.

പ്രസ്ഥാനത്തിൽ വലിയൊരു വിഭാഗീയത സംഭവിച്ചുവെന്നത് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. പക്ഷേ പ്രവചനത്തിന്റെ ബാക്കി ഭാഗങ്ങൾ പൂർത്തിയായിട്ടില്ല.

പിളർന്ന രണ്ടു വിഭാഗത്തെയും അല്ലാഹു ഒന്നാക്കിയിട്ടില്ല. മാത്രമല്ല, കൂടുതൽ വിഭാഗങ്ങൾ ഉണ്ടാവുകയാണ് ചെയ്തത്. സിറിയ കേന്ദ്രമായുള്ള സർവ്വ ലോകനാശം ഇതുവരെ നടന്നിട്ടില്ല. ആദ്യത്തെ രണ്ട് ലോകമഹായുദ്ധങ്ങളുടെയും കേന്ദ്രം സിറിയ ആയിരുന്നില്ല. രാജാക്കന്മാർ ഇതുവരെയും പ്രസ്ഥാനത്തിൽ ചേർന്നുകൊണ്ട് അംഗത്വം സ്വീകരിച്ചിട്ടില്ല. ഞാനിവിടെ ഉദ്ദേശിക്കുന്നത് ഗോത്രത്തലവന്മാരെയും ഗ്രാമത്തലവന്മാരെയും അല്ല. ഭരണാധികാരമുള്ള രാജ്യത്തലവന്മാരെയാണ്.

രണ്ടാം ഖലീഫ മുസ്‌ലിഹ് മൗഊദ് ആയിരുന്നുവെങ്കിൽ ഇതായിരിക്കും വാഗ്ദത്ത പുത്രന്റെ കാലഘട്ടം... വാഗ്ദത്ത പുത്രനെ തിരിച്ചറിയുമെന്ന് ഉറപ്പു വരുത്തുക എന്ന് മസീഹ് മൗഊദ് (അ) പറയുമായിരുന്നില്ല. ഇതാ, എന്റെ പുത്രനായ മുസ്‌ലിഹ് മൗഊദ് ഇവന്റെ കാലത്ത് ഇന്നയിന്ന കാര്യങ്ങൾ സംഭവവിക്കുന്നതായിരിക്കും എന്നാണ് പറയുക.

മുസ്‌ലിഹ് മൗഊദിന്റെ കാലത്ത് സംഭവിക്കുമെന്ന് പറഞ്ഞ കാര്യങ്ങൾ ഇതുവരെ സംഭവിച്ചിട്ടില്ല എന്ന് വ്യക്തമാണ്. അങ്ങനെ ഏത് രീതിയിൽ നോക്കിയാലും രണ്ടാം ഖലീഫ മുസ്‌ലിഹ് മൗഊദ് അല്ലെന്ന് വളരെ വ്യക്തമായിതന്നെ തെളിയുന്നു.

കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നവർ www.therealholyquran.com –ൽനിന്ന് The reality of Ahmadiyya Khilafat വായിക്കുക. ഇൻശാ അല്ലാഹ് ഉടനെ മലയാളത്തിൽ പുറത്തിറങ്ങുന്നതാണ്.

****************

# 27. അഹ്മദിയ്യത്തിലെ മുജദ്ദിദ് പ്രസ്ഥാനങ്ങൾ (അനുബന്ധം)

വായനക്കാരുടെ അറിവിലേക്കായി അഹ്മദിയ്യാ ജമാഅത്തിലെ ഈ നൂറ്റാണ്ടിലെ സ്ഥിരത കാണുന്ന മുജദ്ദിദ് പ്രസ്ഥാനങ്ങളെ ഹ്രസ്വമായ നിലയിൽ പരിചയപ്പെടുത്തുകയാണ്:

1. മുനീർ അഹ്മദ് ആസം സാഹിബിന്റെ ജമാഅത്ത് സഹീഹുൽ ഇസ്‌ലാം.

ഇദ്ദേഹം നാലാം ഖലീഫയുടെ കാലത്ത് വെളിപാട് ലഭിക്കുന്നു എന്ന അവകാശവാദവുമായി രംഗത്ത് വരികയും അതേ കാരണത്താൽ മുഖ്യ ധാരാ ജമാഅത്തിൽനിന്ന് പുറത്താക്കപ്പെട്ടതായും ഇദ്ദേഹം പറയുന്നു. ആദ്യത്തെ മൂന്ന് ഖലീഫമാരെയും അംഗീകരിക്കുന്നു. പിന്നീടുള്ള ഖലീഫ മാരെ നിശിതമായി വിമർശിക്കുന്നു. ഖലീഫത്തുല്ലാഹ്, ഉമ്മത്തിനബി, മുഹ്‌യുദ്ദീൻ എന്നീ അവകാശ വാദങ്ങൾ ഉന്നയിക്കുന്നു. ആദ്യം ജമാഅത്ത് അഹ്മദിയ്യ അൽമുസ്‌ലിമീൻ എന്ന ജമാഅത്ത് രൂപീകരിക്കുകയും അതിന്റെ ഭരണച്ചുമതല തന്റെ വലം കൈയായ സഫറുല്ലാഹ് ഡോമുൻ സാഹിബിനെ ഏല്പിക്കുകയും ചെയ്തു. പിന്നീട് രണ്ടുപേരും തമ്മിൽ അഭിപ്രായ വ്യത്യാസം ഉടലെടുക്കുകയും തെറ്റിപിരിയുകയും ജമാഅത്ത് അഹ്മദിയ്യ അൽമുസ്‌ലിമീൻ, സഫറുല്ലാഹ് ഡോമുൻ സാഹിബിന്റെ പേരിൽ റജിസ്റ്റർ ചെയ്തതു കാരണം, അദ്ദേഹം തന്നെ അത് സ്വന്തമാക്കിയെടുക്കുകയും ചെയ്തു. പിന്നീടാണ് ജമാഅത്ത് സഹീഹുൽ ഇസ്‌ലാം രൂപീകരിച്ചത്.

രണ്ടാം ഖലീഫയെ സത്യവാനായി അംഗീകരിക്കുന്നു. എന്നാൽ രണ്ടാം ഖലീഫ വ്യാജനാണെന്ന ജംബാ സാഹിബിന്റെ തെളിവുകൾക്ക് മുമ്പിൽ മൗനം പാലിക്കുന്നു. പിന്നീട് വന്ന എല്ലാ ഖലീഫമാരും രണ്ടാം ഖലീഫയുടെ പോളിസിയാണ് തുടർന്നു പോരുന്നത്. രണ്ടാം ഖലീഫയെ സത്യവാനായി അംഗീകരിച്ചുകൊണ്ട് നാലുമുതലുള്ള ഖലീഫമാരെ തിരസ്കരിക്കുന്നതിന്റെ ഔചിത്യം മനസ്സിലാകുന്നില്ല. ദൈവനിയോഗിതനെന്ന് വാദിക്കുന്ന വ്യക്തിക്ക് എന്തുകൊണ്ട് സഫറുല്ലാഹ് ഡോമുൻ സാഹിബിനെ ആദ്യമെ മനസ്സിലാക്കാൻ സാധിച്ചില്ല എന്ന ചോദ്യവും അവശേഷിക്കുന്നു. ഇദ്ദേഹത്തിന്റെ ആസ്ഥാനം മൊറീഷ്യസ് ആണ്.

Website: http://www.jamaat-ul-sahih-al-islam.com/

സഫറുല്ലാഹ് ഡോമുൻ http://www.jaam-international.org/

സഫറുല്ലാഹ് ഡോമുൻ സാഹിബ് വെളിപാടുകൾ മാത്രം അവകാശപ്പെടുന്ന വ്യക്തി യാണ്. മുജദ്ദിദ് വാദം ഉള്ളതായി അറിവില്ല.

2. അബ്ദുൽ ഗഫ്ഫാർ ജംബ സാഹിബിന്റെ ജമാഅത്ത് അഹ്മദിയ്യാ ഇസ്ലാഹ് പസന്ദ്

ഇദ്ദേഹം താനാണ് യഥാർത്ഥ മുസ്ലിഹ് മഊദ് എന്നും ഈ നൂറ്റാണ്ടിലെ മുജദ്ദിദ് എന്നും അവകാശപ്പെടുന്നു. ആരെക്കൊണ്ടും മറുപടി പറയാൻ സാധിക്കാത്ത രീതിയിൽ മസീഹ് മൗഊദിനു(അ) ലഭിച്ച വെളിപാടുകളിലൂടെ രണ്ടാം ഖലീഫയുടെ മുസ്ലിഹ് വാദം തെറ്റാണെന്ന് സമർത്ഥിക്കുന്നു. രണ്ടാം ഖലീഫയുടെ മിക്ക നടപടികളും വഞ്ചനാത്മകമെന്ന് എടുത്തു കാണിക്കുന്നു. മസീഹ് മൗഊദിന്റെ(അ) പ്രതിച്ഛായ പ്രവാചകത്വത്തിന് ഊന്നൽ നല്കിക്കൊണ്ട് പ്രതിച്ഛായ പ്രവാചകന്മാർ വരാമെന്ന് സ്ഥാപിക്കുന്നു. മസീഹ് മൗഊദ് ബനീ ഇസ്രായിലിലെ എല്ലാ പ്രവാചകന്മരെക്കാളും ശ്രേഷ്ഠനാണെന്ന് പ്രസ്താവിക്കുന്നു. മസീഹ് മൗഊദ് ഈസാ രണ്ടാമതും വരുമെന്ന് പ്രവചിച്ച പ്രകാരമുള്ള ഈസബ്നുമർയം താനാണെന്നും വാദിക്കുന്നു. നേക്കീ ഖുദാഹെ (Virtue is God) (ദൈവമാണ് നല്ല കർമ്മങ്ങളുടെ അന്തിമ ലക്ഷ്യം) എന്ന വെളിപാടിലൂടെ സോക്രട്ടീസിന്റെ (Virtue is Knowledge) എന്ന തിയറിയെ തകർത്തുകൊണ്ട് ഇസ്ലാമിന്റെ വിജയം സഫലീകരിക്കുമെന്ന വാദം ഉന്നയിക്കുന്നു. ആക്ഷേപാർഹമായി ഒന്നും കാണുന്നില്ലെങ്കിലും ദൈവിക വെളിപാടുകളുടെ ആധിക്യം കാണാൻ സാധിക്കുന്നില്ല. മസീഹ് മൗഊദിനു വെളിപാടായി ലഭിച്ച ഈസാനബിയുടെ മരണം പോലെയുള്ള അടയാളമാണ് Virtue is God. മറ്റു മുജദ്ദിദ്മാർക്കൊന്നും ഇതുപോലെ പുതിയതായി ഒന്നും അവതരിപ്പിക്കാനില്ല. പ്രവാചകനാണെന്ന വാദം ഉന്നയിക്കുന്നില്ല. ആലങ്കാരിക പ്രവാചകത്വം എതിർക്കുന്നുമില്ല. പാക്കിസ്ഥാനിലെ പഞ്ചാബ് സ്വദേശിയായ ഇദ്ദേഹത്തിന്റെ ആസ്ഥാനം ജർമനിയാണ്. അവസാന കാലത്ത് സൂര്യൻ പടിഞ്ഞാറ്നിന്ന് ഉദിക്കുമെന്ന പ്രവചനം ഇദ്ദേഹത്തിൽ പൂർത്തിയാകുന്നതായി മനസ്സിലാക്കാം. എല്ലാ ലക്ഷ്യവും പൂർത്തീകരിച്ചുകൊണ്ട് 2028–ൽ ഇഹലോകവാസം വെടിയുമെന്ന് പ്രവചിച്ചിരിക്കുന്നു. തന്റെ വാദം അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. എല്ലാവർക്കും സ്വാതന്ത്ര്യം, ആർക്കും അടിമത്തമില്ല എന്നതാണ് മുദ്രാവാക്യം. ഇദ്ദേഹത്തിനു ശേഷവും ഖലീഫത്തുൽ മസീഹ് എന്ന പേരിൽ ഖിലാഫത്ത് നിലവിൽ വരുമെന്ന് പ്രവചിച്ചിരിക്കയാണ്. ജമാഅത്തിലെ എല്ലാവിധ ഏകാധിപത്യ പ്രവണതകളെയും തകർത്തുകൊണ്ട്, അഭിപ്രായ സ്വാതന്ത്ര്യത്തിലും നീതിയിലും അധിഷ്ഠിതമായ ജമാഅത്താണ് വിഭാവനം ചെയ്യുന്നത്. മുനീർ ആസിമുമായി മുബാഹല നടത്തിയെങ്കിലും പറയത്തക്ക വിജയമോ പരാജയമോ രണ്ടുപേർക്കും ലഭിച്ചിട്ടില്ല. യൂട്യൂബിൽ ഖുത്ബ പ്രക്ഷേപണം ചെയ്യാൻ തുടങ്ങിയെന്ന വിജയം മാത്രമാണ് അവകാശപ്പെട്ടത്.

Website: http://alghulam.com/

3. നാസിർ അഹ്മദ് സുൽത്താനി സാഹിബിന്റെ ജമാഅത്ത് അഹ്മദിയ്യാ ഹഖീഖി.

ഇദ്ദേഹം തനിക്ക് ലഭിക്കുന്ന വെളിപാടുകളും സ്വപ്നങ്ങളും വളരെയധികം പരസ്യപ്പെടുത്തുന്നുണ്ട്. തന്റെ മേന്മയായി ഇതാണദ്ദേഹം അവകാശപ്പെടുന്നത്. ഈ മേന്മ മറ്റാർക്കും അവകാശപ്പെടാനാകില്ലെന്ന് അദ്ദേഹം വാദിക്കുന്നു. ഇത് ഒരു പരിധിവരെ ശരിയാണ്. രണ്ടാം ഖലീഫ മുസ്ലിഹ് മഊദല്ലെന്ന് സ്ഥാപിക്കുന്നു. എന്നാൽ ജംബയെ പോലെ ശക്തമായ തെളിവുകൾ നിരത്താൻ സാധിച്ചിട്ടില്ല. താൻ മുസ്ലിഹ് മഊദാണെന്ന വാദമില്ല. മുസ്ലിഹ് മഊദ് വരാനിരിക്കുന്നേയുള്ളൂ എന്നു പറയുന്നു. റസൂൽ (സ) –ക്കുശേഷം പ്രവാചകന്മാരില്ല, മുജദ്ദിദുമാർ മാത്രമേയുള്ളൂ. എന്നാൽ ബനീ ഇസ്രായിലിലെ നാല് പ്രവാചകന്മാരെക്കാളും താൻ ശ്രേഷ്ഠനാണെന്ന് അല്ലാഹു അറിയിച്ചതായി അവകാശപ്പെടുന്നു. ജംബ ഒരു കളയാണെന്നും അല്ലാഹു അദ്ദേഹത്തെ ഒരു കളപോലെ പിഴുതെറിയുമെന്നും പ്രവചനം ചെയ്തിട്ടുണ്ട്. ജംബയുമായി ഈ വർഷം ഒരു മുബാഹല നടത്തിയിട്ടുണ്ട്, ഒരു വർഷത്തെ കാലാവധിവെച്ച്. കാലാവധി കഴിഞ്ഞിട്ടില്ല. തന്റെ വാദം അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. ഇദ്ദേഹം പാകിസ്ഥാൻ റബ്വാ സ്വദേശിയാണ്. ശ്രീലങ്കയിലേക്ക് ഹിജ്റ പോയി അവിടെ അഭയം തേടിയിരിക്കയാണ്.

Website: http://alahmadiyyah.org/

ഓരൊ മുജദ്ദിദിലും വിശ്വസിച്ചവർ പറയുന്നത് ഓരോരുത്തർക്കും അവരവരുടെ മുജദ്ദിദ് സത്യവാനാണെന്ന് അടയാളങ്ങൾ കിട്ടിയെന്നാണ്. ഇതാണ് ആകെ കുഴക്കുന്ന പ്രശ്നം. മസീഹ് മഊദിന്റെ കാലത്തും 16 മുജദ്ദിദ്മാരുണ്ടായിരുന്നു. പക്ഷേ മസീഹ് മഊദിനു മാത്രമേ വിജയം ലഭിച്ചുള്ളൂ. അതിനാൽ ഇവരിൽ ആർക്കാണ് അല്ലാഹു വിജയം നല്കുന്നതെന്ന് നോക്കി മാത്രമേ നൂറ് ശതമാനവും ശരിയായ തീരുമാനത്തിലെത്താൻ സാധിക്കുകയുള്ളൂ.

മുജദ്ദിദ് വാദവുമായി രംഗത്തുവന്ന വേറെയും ആൾക്കാരുണ്ട്. മസീഹ് മൗഊദിന്റെ കുടുംബത്തിലെ തന്നെ മിർസാ റഫീ അഹ്മദ് സാഹിബിന്റെ ഗ്രീൻ അഹ്മദിയ്യത്ത് പോലുള്ളവ. താല്പര്യമുള്ളവർക്ക് ഇന്റർനെറ്റിൽനിന്ന് കൂടുതൽ വിവരങ്ങൾ ശേഖരിക്കാൻ സാധിക്കുന്നതാണ്.

ഒരു കാര്യം ഉറപ്പാണ്, മുജദ്ദിദിയത്തിന്റെ വിജയം ഏകാധിപത്യരീതിയിലുള്ള മഹ്മൂദിയ്യാ ഖിലാഫത്തിന്റെ തകർച്ചയായിരിക്കും.

ഈ ഗ്രന്ഥം ഇവിടെ പൂർത്തിയാകുന്നു.

*****************